
# ഗുരുമൊഴികൾ

ഡോ. മൈക്കിൾ കാരിമറ്റം



MEDIA HOUSE DELHI

# ഗുരുമൊഴികൾ

സുവിശേഷങ്ങളിലെ യേശുവിന്റെ തനതു വചനങ്ങളെ ഒന്നൊന്നായി ബൈബിൾ വിജ്ഞാനീയത്തിന്റെ പശ്ചാത്തലപ്രഭയിൽ ധ്യാനിക്കുന്നുണ്ട് ഈ ഗ്രന്ഥം. നാളിതുവരെ മലയാളത്തിൽ ഇത്തരമൊരു സംരംഭം ഇതാദ്യമാണ്. വചനപഠിതാക്കൾക്കും ബൈബിളിന്റെ ഉൾപ്പൊരുൾ തേടുന്നവർക്കും സാർവ്വത്രികഗുരുവായ യേശുവിന്റെ വചനങ്ങളെ ധ്യാനിക്കുന്നവർക്കും തീർച്ചയായും ഒരു മുതൽക്കൂട്ടാകും ഈ ഗ്രന്ഥം.



## ഡോ. മൈക്കിൾ കാരിമറ്റം

തലശ്ശേരി അതിരൂപതാംഗമായ ഡോ. മൈക്കിൾ കാരിമറ്റം റോമിലെ പോന്റിഫിക്കൽ ഊർബൻ യൂണിവേഴ്സിറ്റിയിൽനിന്ന് ദൈവവിജ്ഞാനീയത്തിൽ ലൈസൻഷ്യേറ്റും, റോമിലെ പോന്റിഫിക്കൽ ബിബ്ലിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് ബൈബിൾ പഠനത്തിൽ ഡോക്ടറേറ്റും സമ്പാദിച്ചു. മലയാളത്തിലെ പി.ഒ.സി. ബൈബിളിന്റെ ചീഫ് എഡിറ്റർമാരിൽ ഒരാളായിരുന്നു. പതിനഞ്ചുവർഷക്കാലം തലശ്ശേരി അതിരൂപതയുടെ ബൈബിൾ അപ്പോസ്തലേറ്റിന്റെ ഡയറക്ടറായും നാലുവർഷം മുരിങ്ങൂർ ഡിവൈൻ ബൈബിൾ കോളജിന്റെ പ്രിൻസിപ്പലായും പ്രവർത്തിച്ച ഡോ. കാരിമറ്റം 2002 മുതൽ തൃശ്ശൂർ മേരി മാതാ മേജർ സെമിനാരിയിൽ അദ്ധ്യാപകനായി സേവനം ചെയ്തുവരുന്നു.

MEDIA HOUSE
375-A, Pocket - 2 Mayur Vihar Phase 1,
Delhi 110 091
Ph: 011- 43042096, 09971407120
Email : mediahousedelhi@gmail.com,
mediahousedelhi@hotmail.com
www.mediahousedelhi.com

Price Rs. 100.00

978-81-7495-212-7

# ഗുരുമൊഴികൾ

# ഗുരുമൊഴികൾ

**മൈക്കിൾ കാരിമറ്റം**

**GURUMOZHIKAL**
(Malayalam)


| | | |
|---|---|---|
| Author | : | Michael Karimattam |
| DTP | : | Our Lady's Centre, Thrissur |
| Printed at | : | |
| First Publisher | : | March 2009 |
| Published by | : | Media House, Delhi |


| | | |
|---|---|---|
| Copy right | : | The author |


| | | |
|---|---|---|
| Price | : | |


## ഉള്ളടക്കം


**അവതാരിക** 7

**ആമുഖം** 9

1. എന്തിനാണ് നിങ്ങൾ എന്നെ അന്വേഷിച്ചത്? 11
2. അപ്പംകൊണ്ടു മാത്രമല്ല 14
3. കർത്താവിനെ പരീക്ഷിക്കരുത് 18
4. ദൈവത്തെമാത്രം 21
5. സമയമായി 25
6. ദൈവരാജ്യം സമീപിച്ചിരിക്കുന്നു 28
7. അനുതപിക്കുവിൻ *മർക്കോസ്* 31
8. നിങ്ങൾ എന്തന്വേഷിക്കുന്നു? 34
9. വന്നു കാണുക 37
10. സ്ത്രീയേ 40
11. എനിക്കും നിനക്കും എന്ത്? 43
12. എന്റെ സമയം 46
13. ഭരണികളിൽ വെള്ളം നിറയ്ക്കുവിൻ 49
14. മിണ്ടരുത്! 53
15. നിനക്കു ശുദ്ധിയുണ്ടാകട്ടെ 56
16. വീണ്ടും ജനിക്കണം 60
17. ഭൂമിയുടെ ഉപ്പ് 64
18. ലോകത്തിന്റെ പ്രകാശം 68
19. ശത്രുക്കളെ സ്നേഹിക്കുവിൻ 72
20. പരിപൂർണ്ണരാകുവിൻ 76
21. വാതിലും വഴിയും 79
22. വ്യാജപ്രവാചകന്മാരെ സൂക്ഷിക്കുക 83
23. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം 87
24. എന്റെ നുകം വഹിക്കുവാൻ 90

25. എനിക്ക് അനുകമ്പ തോന്നുന്നു 94
26. നിങ്ങൾ തന്നെ കൊടുക്കുവിൻ 98
27. ഭയപ്പെടേണ്ടാ! 101
28. നിനക്കാഗ്രഹമുണ്ടോ? 104
29. നീയും പോയി അതുപോലെ ചെയ്യുക 107
30. അഗ്നിയും സ്നാനവും 110
31. ആരാണ് എന്റെ അമ്മ 114
32. എഴുന്നേല്ക്കൂ ! 118
33. ഭോഷാ, ഈ രാത്രി 121
34. സ്നേഹിതരെ സമ്പാദിക്കുവിൻ 125
35. മകനേ, ഓർമ്മിക്കുക 128
36. ഇറങ്ങി വരൂ! 132
37. കെട്ടുകളഴിക്കുവിൻ 134
38. ദേവാലയം ചന്തയാക്കരുത് 138
39. ഞാൻ നിന്നെ കഴുകുന്നില്ലെങ്കിൽ 141
40. നിങ്ങളുടെ പക്കൽ മീനുണ്ടോ? 145
41. വന്ന് പ്രാതൽ കഴിക്കുവിൻ 148
42. നീ എന്നെ സ്നേഹിക്കുന്നുവോ? 151


# അവതാരിക

***"അങ്ങയുടെ വചനം എന്റെ പാദത്തിനു വിളക്കും പാതയിൽ പ്രകാശവുമാണ്"*.** (സങ്കീ 119.105) എന്ന സങ്കീർത്തകന്റെ ആഹ്ലാദത്തോടെയുള്ള ഏറ്റുപറച്ചിൽ ഒരു ശപഥത്തിലേക്ക് എത്തി നില്ക്കുന്നു. ***"അങ്ങയുടെ നീതിയുക്തമായ കല്പനകൾ പാലിക്കുമെന്ന് ഞാൻ ശപഥപൂർവ്വം നിശ്ചയിച്ചു"*.** (സങ്കീ 119.106) ദൈവാന്വേഷിയാണ് മനുഷ്യൻ സ്വഭാവത്താലേ കാരണം ദൈവത്തിലാണ് ജീവിതത്തിന്റെ നിറവ് എന്ന് പക്വമായ പ്രായത്തിലെങ്കിലും മനുഷ്യൻ തിരിച്ചറിയും. ഈ തിരിച്ചറിവ് ഒരു അന്വേഷണത്തിന്റെ തുടക്കമാണ്, എങ്ങിനെ ദൈവത്തിന്റ തിരുവുള്ളം തിരിഞ്ഞു കിട്ടും എന്ന്. അപ്പോഴാണ് മനുഷ്യൻ ദൈവവചനത്തിന്റെ പ്രകാശത്തിലേക്കു വരിക- ദൈവം മനസ്സു തുറന്നതാണല്ലോ വചനം.

വചനം വായിക്കാനും വചനത്തിലൂടെ ദൈവേഷ്ടം അറിയാനും ശ്രമിക്കുന്ന അന്വേഷകന്റെ മുമ്പിൽ ഒരു പ്രതിബന്ധമു്. എഴുതപ്പെട്ട വാക്യങ്ങളുടെ പിന്നിലുള്ള വെളിപാടു സന്ദേശം എങ്ങിനെ തെളിഞ്ഞു കിട്ടും? ദൈവം വെളിപ്പെടുത്തിയ വചനം മാംസം ധരിച്ചിരിക്കുന്നത് ഏതെങ്കിലും ഒരു ഭാഷയിലെ ശൈലികളിലും വാചകങ്ങളിലുമാണ്. എഴുതപ്പെടുന്നതെല്ലാം ഒരു കാലഘട്ടത്തിന്റെ ചിന്താഗതികളുടെയും സംസ്കാരത്തിന്റേയും പശ്ചാത്തല സ്വാധീനത്തിലാണ്. മറ്റൊരു ഭാഷയിലും സംസ്കാര പശ്ചാത്തലത്തിലും അതു വായിക്കുമ്പോൾ ഉൾപ്പൊരുൾ മുഴുവൻ മനസ്സിലാക്കാൻ ബുദ്ധിമുട്ടു വരും.

അതുകൊാവണം അപ്പസ്തോലപ്രവർത്തനങ്ങൾ 8-ാം അദ്ധ്യായത്തിൽ ഏശയ്യായുടെ പ്രവചനം വായിച്ചിരുന്ന എത്യോപ്യൻ മന്ത്രിയോട് യേശുശിഷ്യനായ ഫിലിപ്പോസ് ചോദിച്ചത്, "നീ വായിക്കുന്നത് നിനക്കു മനസ്സിലാകുന്നുവോ?" അതിനു ലഭിച്ച മറുപടി, "ആരെങ്കിലും വ്യാഖ്യാനിച്ചു തരാതെ എങ്ങിനെയാണ് എനിക്കു മനസ്സിലാകുക. വേദപുസ്തകത്തിൽ ദൈവവെളിപാടിന്റെ പൊരുൾ അന്വേഷിക്കുന്ന എല്ലാവരുടെയും ഹൃദയത്തേങ്ങലാണിത്.

മറ്റൊന്നു കൂടെയു്. വി. പത്രോസിന്റെ ഒരു മുന്നറിയിപ്പാണത്: ***"ആദ്യം നിങ്ങൾ ഇതു മനസ്സിലാക്കുവിൻ. വിശുദ്ധ ലിഖിതത്തിലെ പ്രവചനങ്ങൾ ഒന്നും തന്നെ ആരുടെയും സ്വന്തമായ വ്യാഖ്യാനത്തിനുള്ളതല്ല. എന്തുകൊന്നൊൽ പ്രവചനങ്ങൾ ഒരിക്കലും മാനുഷിക ചോദനയാൽ രൂപം കൊതല്ല. പരിശുദ്ധാത്മാവിനാൽ പ്രചോദിതരായി ദൈവത്തിന്റെ മനുഷ്യർ സംസാരിച്ചവയാണ്"*.** (2 പത്രോ 1.20-21) വചന

ത്തിന് സ്വന്തമായ വ്യഖ്യാനങ്ങൾ ഒരുപാട് നിലവിലുള്ള കാലമാണിത്. ദൈവവചനത്തിൽ താല്പര്യം ഏറി വന്നിരിക്കുന്നതുകൊ് പ്രഘോഷണ രംഗത്ത് വളരെപ്പേർ സജീവമായി പ്രവർത്തിക്കു്. പരിമിതമായ അവരുടെ അറിവ് വച്ച് അവർ വചന ഭാഗങ്ങൾ വിശദീകരിക്കുന്നു. അതുകൊ് വികലമായ പഠനങ്ങൾ ഇന്ന് വളരെയു് എന്നത് ഒരു ദുഃഖ സത്യമാണ്. തൻനിമത്തം തെറ്റായ ആദ്ധ്യാത്മിക സമീപനങ്ങളും സംരഭങ്ങളും ഉടലെടുത്തിട്ടു്. **"അജ്ഞതനിമിത്തം എന്റെ ജനം നശിക്കുന്നു."** (ഹോസി 4.6) എന്ന ഹോസിയാ പ്രവാചകന്റെ വിലാപം ഇവിടെയും പ്രസക്തമാണ് എന്ന തോന്നൽ. പരിശുദ്ധാത്മാവിന്റെ പ്രചോദനത്തിൽ രചിക്കപ്പെട്ട വേദപുസ്തകം വ്യഖ്യാനിക്കാനുള്ള ചുമതലയും അവകാശവും ഈശോ സ്ഥാപിച്ച സഭയ്ക്കാണ്. ആദിമ സഭാ പണ്ഡിതനായ തെർത്തുലിയെന്റെ പ്രസ്താവന ഓർക്കേ തു്. "വി. ഗ്രന്ഥം സഭയുടെ പുസ്തകമാണ്. അതു പഠിപ്പിക്കുവാനുള്ള അധികാരം സഭയ്ക്കു മാത്രമാണ് ". സഭാധികാരം വ്യഖ്യാനിക്കുന്നതനുസരിച്ച് വചനം മനസ്സിലാക്കാനും സഭയോടൊപ്പം നിന്ന് പഠിപ്പിക്കാനും എല്ലാവർക്കും കടമയു്.

ഒരു വേദപുസ്ക പണ്ഡിതന്റെ വിജ്ഞാനത്തിന്റെ ആഴവും ഒരു ആത്മീയാചാര്യന്റെ ദൈവാനുഭവത്തിന്റെ പക്വതയും ഒരു അജപാലകന്റെ പ്രായോഗിക പരിജ്ഞാനവും സമഞ്ജസമായി സമ്മേളിച്ചിരിക്കുന്നു, റവ. ഡോ. മൈക്കിൾ കാരിമറ്റത്തിന്റെ **'ഗുരുമൊഴികൾ'** എന്ന പുസ്തകത്തിൽ **"നിങ്ങളോട് ഞാൻ പറഞ്ഞ വാക്കുകൾ ആത്മാവും ജീവനുമാണ് ".** (യോഹ. 6.63) എന്ന് ഈശോ അരുളി ചെയ്തു. ദൈവജനത്തിന് ആത്മാവും ജീവനുമായി മാറേ യേശുവിന്റെ വചനങ്ങൾ ദൈവികമായ ആദരവോടും പണ്ഡിതോചിതമായ ഗൗരവത്തോടും കൂടെ കാരിമറ്റത്തിലച്ചൻ വ്യാഖ്യാനിച്ചു തരുന്നു. വചനം പഠിക്കാനും പഠിപ്പിക്കാനും ആഗ്രഹിക്കുന്ന എല്ലാവർക്കും ഈ ഗ്രന്ഥം ഒരു മുതൽക്കൂട്ടാണ്. വചന ധ്യാനത്തിനും വചന പ്രഘോഷണത്തിനും വളരെയേറെ താല്പര്യം ജനിച്ചിരിക്കുന്ന ഈ കാലഘട്ടത്തിന് ഒരു അനുഗ്രഹവും വഴികാട്ടിയുമാണ് വിലയേറിയ ഈ ഗ്രന്ഥം.

റവ. ഫാ. അഗസ്ററിൻ വല്ലൂരാൻ വി.സി..



# ആമുഖം

*അന്ധകാരമകറ്റുന്നവനാണ് ഗുരു. ഗുരുമൊഴികൾ ശിഷ്യന്റെ ജീവിതവഴിയിൽ വിളക്കും പാദങ്ങൾക്കു പ്രകാശവുമാകുന്നു. "തമസോമ ജ്യോതിർഗമയാ" എന്ന നിരന്തരമായ പ്രാർത്ഥനയ്ക്ക് ദൈവം നല്കിയ മറുപടിയാണ് "ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു" എന്നു സ്വയം വിശേഷിപ്പിച്ച യേശുക്രിസ്തു. ലോകം മുഴുവൻ കാത്തിരുന്ന പൂർണ്ണനായ ഗുരുവാണ് യേശു. അവന്റെ പക്കൽ നിത്യജീവന്റെ വചനങ്ങളുണ്ട്. അവനെ അനുഗമിക്കുന്നവർ അന്ധകാരത്തിൽ നടക്കുന്നില്ല. അവന്റെ വചനത്തിൽ നിലനിൽക്കുന്നവർ സത്യം അറിയും, സ്വതന്ത്രരാകും.*

*യേശുവിന്റെ അനേകം വചനങ്ങൾ സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആ തിരുവചനങ്ങൾ ക്ലേശിതരെ ആശ്വസിപ്പിക്കുന്നു; ജീവിതഭാരത്താൽ തളരുന്നവരെ ശക്തിപ്പെടുത്തുന്നു; സകലരെയും മാനസാന്തരത്തിനു ക്ഷണിക്കുന്നു; ദൈവരാജ്യത്തിന്റെ സാക്ഷാൽക്കാരത്തിനായി എല്ലാം ഉപേക്ഷിച്ച്, കുരിശുമെടുത്ത് ഗുരുവിനെ അനുഗമിക്കുവാൻ വെല്ലുവിളിക്കുന്നു.*

*യേശുവിന്റെ വചനങ്ങൾക്ക് തേൻപോലെ മധുരമുണ്ട്. അതേസമയം പാറയെ തകർക്കുന്ന കുടംപോലെ, ദഹിപ്പിക്കുന്ന അഗ്നിപോലെ ശക്തിയുമുണ്ട്. മൂർച്ചയുള്ള ഈ വായ്ത്തല വാൾപോലെ അതു ഹൃദയങ്ങളെ പിളർക്കും; മനുഷ്യന്റെ നിഗൂഢ വിചാരങ്ങളെയും ഉദ്ദേശ്യലക്ഷ്യങ്ങളെയും അനാവരണം ചെയ്യും. ഗുരുമൊഴിയുടെ ശക്തി അറിയാനും അതുവഴി ആത്മനവീകരണവും രൂപാന്തരീകരണവും പ്രാപിക്കാനും ശ്രദ്ധാപൂർവ്വം, ഹൃദയംകൊണ്ട് ശ്രവിക്കണം.*

*ഈ ഒരു ലക്ഷ്യത്തെ മുൻനിർത്തി 42 ഗുരുമൊഴികൾ പഠനത്തിനും ധ്യാനത്തിനുമായി തിരഞ്ഞെടുത്തിരിക്കുന്നു. മകനെ കാണാതെ പരിഭ്രാന്തരായി, കണ്ണീരോടെ മൂന്നുദിവസം തിരഞ്ഞ മാതാപിതാക്കന്മാരോടു ദേവാലയത്തിൽവച്ച് ചോദിച്ച ചോദ്യമാണ് സുവിശേഷങ്ങൾ രേഖപ്പെടുത്തിയിരിക്കുന്ന ആദ്യത്തെ ഗുരുമൊഴി: "നിങ്ങൾ എന്തിനാണ് എന്നെ അന്വേഷിച്ചത്?" യേശുവിന്റേതായി സുവിശേഷകന്മാർ രേഖപ്പെടുത്തിയിരിക്കുന്ന അവസാനത്തേതും, ഒരുപക്ഷേ ഏറ്റം പ്രധാനപ്പെട്ടതുമായ ചോദ്യമാണ്: "നീ എന്നെ സ്നേഹിക്കു*

*ന്നുവോ?' ഈ രണ്ടു ചോദ്യങ്ങൾക്കുമദ്ധ്യേ അവതരിപ്പിച്ചിരിക്കുന്ന ഗുരുമൊഴികൾ യേശുവിന്റെ വ്യക്തിത്വത്തിന്റെയും പ്രബോധനത്തിന്റെയും വിവിധ മേഖലകളിലേക്ക് വെളിച്ചം വീശുന്നു.*

*ഓരോ തിരുവചനവും സുവിശേഷങ്ങളിൽ അവതരിപ്പിച്ചിരിക്കുന്ന സാഹചര്യത്തിൽ വിശദമായി വിശകലനം ചെയ്തു പഠിക്കാനാണ് ആദ്യമേ ശ്രമിക്കുന്നത്. അതിനുശേഷം ഈ ഗുരുമൊഴി ഇന്ന് എന്നോട് എന്താണ് പറയുന്നതെന്ന് അന്വേഷിക്കുന്നു. പഠനവും പരിചിന്തനവും, ഗവേഷണവും ധ്യാനവും സമന്വയിപ്പിക്കുന്ന ഒരവതരണ രീതിയാണ് ഇവിടെ അവലംബിച്ചിട്ടുള്ളത്. അങ്ങനെ എഴുതപ്പെട്ട ദൈവവചനം എന്റെ ജീവിതത്തിൽ വെളിച്ചമായി, പരിവർത്തനത്തിന്റെ ശക്തിയായി, ദൈവികജീവന്റെ ഉറവിടമായി പ്രവർത്തിക്കാൻ വഴിയൊരുക്കുന്നു.*

*വചനോത്സവം എന്ന ആദ്ധ്യാത്മികമാസികയിലൂടെ പ്രസിദ്ധീകരിച്ചുകൊണ്ടിരുന്ന ലേഖനങ്ങളാണ്, അനേകം വായനക്കാരുടെ അഭ്യർത്ഥനയെ മാനിച്ച്, ഇപ്പോൾ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുന്നത്. പുനഃപ്രസാധനത്തിന് അനുവാദം നല്കിയ വചനോത്സവത്തിന്റെ ഭാരവാഹികൾക്കു നന്ദി. പ്രസിദ്ധീകരണത്തിനുവേണ്ടി കയ്യെഴുത്തുപ്രതി തയ്യാറാകാൻ സഹായിച്ച ശ്രീമതി ലീല ഫ്രാൻസിസ്, സി. ഗ്ലോറിസ്റ്റ, SABS എന്നിവരെ പ്രത്യേകം നന്ദിയോടെ സ്മരിക്കുന്നു. പ്രൗഢഗംഭീരമായ ഒരവതാരിക എഴുതി, പുസ്തകത്തെ പരിചയപ്പെടുത്താൻ സഹായിച്ച ആദ്ധ്യാത്മികാചാര്യനും സുവിശേഷപ്രഘോഷകനുമായ റവ. ഡോ. അഗസ്റ്റിൻ പല്ലുരാൻ വി.സി. യ്ക്ക് ഹൃദയംഗമമായ കൃതജ്ഞത. ഈ പുസ്തകത്തിന്റെ രചനയുടെ വിവിധ ഘട്ടങ്ങളിൽ പല വിധത്തിൽ സഹായിച്ച തൃശൂർ മേരിമാതാ മേജർ സെമിനാരി കുടുംബാംഗങ്ങളെ സവിശേഷമായി നന്ദിയോടെ ഓർക്കുന്നു. പുസ്തകത്തിന്റെ പ്രസാധനം ഏറ്റെടുത്ത മീഡിയാ ഹൗസിന്റെ ഭാരവാഹികൾക്ക് കൃതജ്ഞത. പ്രാർത്ഥനാപൂർവ്വം തിരുവചനം വായിച്ചു ധ്യാനിച്ച്, ഗുരുമൊഴികളിൽ നിന്നു പ്രകാശവും പ്രചോദനവും സ്വീകരിക്കാൻ ഈ വിചിന്തനങ്ങൾ സഹായകമാകും എന്നു പ്രതീക്ഷിക്കുന്നു.*



# 1 എന്തിനാണ് നിങ്ങൾ എന്നെ അന്വേഷിച്ചത്

**ലൂക്കാ 2,49**

സുവിശേഷകന്മാർ രേഖപ്പെടുത്തിയിട്ടുള്ള യേശുവിന്റെ ആദ്യത്തെ വാക്കുകളാണിവ. പന്ത്രണ്ടാം വയസ്സിൽ, പെസഹാത്തിരുനാളിന് മാതാപിതാക്കന്മാരോടൊപ്പം ജറുസലെമിലേക്കുപോയ യേശു തിരുനാൾ കഴിഞ്ഞിട്ടും ദേവാലയത്തിൽതങ്ങി. തിരിച്ചുപോന്ന മാതാപിതാക്കന്മാർ ഒരു ദിവസത്തെ യാത്രയ്ക്കുശേഷം വൈകുന്നേരം വിശ്രമത്താവളത്തിൽ എത്തിയപ്പോഴാണ് ബാലനായ യേശു കൂടെയില്ല എന്നു മനസ്സിലാക്കിയത്.

ജറുസലെം ദേവാലയത്തിൽ സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകം സ്ഥലങ്ങളുണ്ടായിരുന്നു. പന്ത്രണ്ടു വയസ്സിൽ താഴെയുള്ള ആൺകുട്ടികൾ സ്ത്രീകളുടെ കൂടെയാണ് നില്ക്കുക. ഈ സാഹചര്യത്തിൽ യേശു മാതാവിന്റെ കൂടെ ഉണ്ടാകും എന്നു പിതാവും പിതാവിന്റെ കൂടെ ആയിരിക്കുമെന്നു മാതാവും കരുതിയിരിക്കാം. ഏതായാലും മകനെ കാണാതെ ദുഃഖാർത്തരായ മാതാപിതാക്കൾ തിരിച്ചു നടന്നു. ഒരു ദിവസം കൊണ്ടു പിന്നിട്ട വഴിയിൽ മൂന്നു ദിവസം തിരഞ്ഞതിനുശേഷമാണ് ദേവാലയത്തിൽ എത്തിയത്. മൂന്നു ദിനരാത്രങ്ങൾ നീ തിന്ന അമ്മയുടെ ചോദ്യം തികച്ചും സ്വാഭാവികമാണ്: "മകനേ, നീ ഞങ്ങളോട് ഇങ്ങനെ ചെയ്തതെന്ത്? നിന്റെ പിതാവും ഞാനും ഉത്കണ്ഠയോടെ നിന്നെ അന്വേഷിക്കുകയായിരുന്നു" (ലൂക്കാ 2,48).

ഏതൊരമ്മയും ചോദിക്കുന്ന, തികച്ചും ന്യായമായ ഒരു ചോദ്യമാണിത്. ഒരുപാടു ദുഃഖം ഉള്ളിലൊതുക്കിയ ചോദ്യം. അതിനു യേശു നല്കുന്ന മറുപടി പ്രത്യക്ഷത്തിൽ പരുഷമായിത്തോന്നാം. "എന്തിനാണ് നിങ്ങൾ എന്നെ അന്വേഷിച്ചത്?" (ലൂക്കാ 2:49). എന്തേ ഇങ്ങനെ ഒരു മറുചോദ്യം? അവർ അന്വേഷിച്ചതു തെറ്റായോ? അവരല്ലാതെ പിന്നെ ആരാണ് അന്വേഷിക്കുക? ഉണ്ണിയെ നഷ്ടപ്പെട്ടതിലുള്ള ദുഃഖത്താൽ കരഞ്ഞുവീർത്ത, മൂന്നു ദിനരാത്രങ്ങളുടെ ഉറക്കച്ചടവുള്ള, ആ സാധുമാതാപിതാക്കളുടെ മുഖത്തുനോക്കി ആ ദിവ്യബാലന് എങ്ങനെ കഴിഞ്ഞു ഈ ചോദ്യം ചോദിക്കാൻ?

നമുക്ക് ഈ ചോദ്യം വേറൊരു തരത്തിൽ ചോദിച്ചുനോക്കാം "നിങ്ങൾ എവിടെയാണ് എന്നെ അന്വേഷിച്ചത്" എന്നാക്കിയാലോ? ദേവാലയത്തിലേക്കു ബാലനെകൊണ്ടുവന്നത് മാതാപിതാക്കളാണ്. ബാലൻ കൂടെ ഉണ്ടോ എന്നു നോക്കാതെ ദേവാലയം വിട്ടുപോയതും അവർ തന്നെയാണ്. ദേവാലയത്തിൽ

വിട്ട ബാലനെ തേടി മറ്റെല്ലായിടത്തും അവർ അലഞ്ഞതെന്തിന്? നേരെ ദേവാലയത്തിലേക്കു ചെന്നാൽ പോരായിരുന്നോ? ഇതാണോ ചോദ്യത്തിന്റെ യഥാർത്ഥ അർത്ഥം എന്ന് നിശ്ചയമില്ല; എന്നാലും ഇതൊരു സാധ്യതയാണ്. പക്ഷേ, ഈ സംഭവും ചോദ്യങ്ങളും എല്ലാം കൂടുതൽ ആഴമേറിയ അർത്ഥതലങ്ങൾ ഉൾക്കൊള്ളുന്നുണ്ട്.

പന്ത്രണ്ടാം വയസ്സിൽ പെസഹാത്തിരുനാളിൽ ദേവാലയത്തിലേക്കു വരുകയും അവിടെ വച്ചു യേശുവിനെ നഷ്ടപ്പെടുകയും മൂന്നാം ദിവസം കണ്ടെത്തുകയും ചെയ്തത് വരാനിരുന്ന മരണത്തിന്റെയും ഉത്ഥാനത്തിന്റെയും പ്രതീകാത്മകമായ ഒരു മുന്നവതരണമാണ്. യേശുവിന്റെ മരണം മാതാവിനും ശിഷ്യഗണത്തിനും വലിയ ദുഃഖത്തിനു കാരണമാകും. ഇപ്പോൾ മറിയവും യൗസേപ്പും ചെയ്തതുപോലെ അന്ന് ശിഷ്യഗണം കണ്ണീരുമായി കഴിയും. കബറിടത്തിൽ അന്വേഷിക്കും. മൂന്നാം ദിവസം ഉത്ഥിതനെ അവർ കാണും. അപ്പോൾ ദുഃഖം  സന്തോഷമായി മാറും. അതിന്റെ ഒരു മുന്നാസ്വാദനമാണ് സുവിശേഷകൻ ഇവിടെ അവതരിപ്പിക്കുന്നത്.

യേശുവിന്റെ ജനനവും ബാല്യകാലവും വിവരിക്കുന്ന സുവിശേഷഭാഗത്തിലെ അവസാനത്തെ സംഭവമാണിത്. പെസഹാത്തിരുനാളിന്റെ പശ്ചാത്തലത്തിൽ നടക്കുന്ന ഈ സംഭവത്തിന് വി.ലൂക്കായുടെ സുവിശേഷത്തിൽ പ്രതീകാത്മകമായ പ്രാധാന്യമുണ്ട്. പന്ത്രണ്ടു വയസ്സാകുന്നതോടെ ഒരു യഹൂദബാലൻ പൂർണ്ണ അവകാശമുള്ള പൗരനായിത്തീരുന്നു. ഇങ്ങനെ പക്വതയിലെത്തിയ യേശുവിന്റെ ആദ്യത്തെ പ്രവൃത്തിയും അതിന്റെ വിശദീകരണവുമാണ് ഇവിടെ രേഖപ്പെടുത്തുന്നത്.

മാതാപിതാക്കന്മാരുടെ അനുഭവവും യേശുവിന്റെ മറുചോദ്യവും വിലപ്പെട്ട ചില പാഠങ്ങൾ നല്കുന്നുണ്ട്. യേശുകൂടെയില്ല എന്നറിയാതെയാണ് അവർ ഒരു ദിവസം യാത്ര ചെയ്തത്. കൂടെ ഉണ്ടായിരിക്കും എന്നു കരുതി. പക്ഷേ, ഉണ്ടോ എന്നന്വേഷിച്ചില്ല. നമുക്കും ഇതു സംഭവിക്കാം. പ്രാർത്ഥനയും ഭക്താനുഷ്ഠാനങ്ങളുമെല്ലാം ഒരുപതിവായിത്തീരുമ്പോൾ യേശുവിന്റെ സാന്നിധ്യം തന്നെ വിസ്മരിക്കപ്പെടാം. എല്ലാം അവന്റെ നാമത്തിലും അവന്റെ മഹത്ത്വത്തിനും വേണ്ടി എന്നു പറഞ്ഞുചെയ്യുമ്പോഴും ഹൃദയത്തിൽ അവൻ ഇല്ലാത്ത അവസ്ഥ സംജാതമായെന്നു വരാം.

മകൻ കൂടെയില്ല എന്നറിഞ്ഞ മാതാപിതാക്കൾ കണ്ണീരോടെ ഒരു മടക്കയാത്രയ്ക്കു തയ്യാറായി. നഷ്ടപ്പെട്ടവനെ കണ്ടെത്തുന്നതുവരെ അവർക്കു പിന്നെ വിശ്രമമില്ല, സമാധാനവുമില്ല. ജീവിതയാത്രയിൽ എവിടെയോ വച്ചു നഷ്ടപ്പെട്ട യേശുവിനെ വീണ്ടും തേടിപ്പോകണമെങ്കിൽ അവൻ കൂടെയില്ല എന്ന അവബോധം ആദ്യമേ ഉണ്ടാകണം; അതോടൊപ്പം അവന്റെ കൂടെ ആയിരിക്കുന്നതാണ് ജീവിതസാഫല്യം എന്ന വിശ്വാസവും. ഒരുപക്ഷേ എന്റെ പല





ചെയ്തികളും മനോഭാവങ്ങളും രഹസ്യതാൽപര്യങ്ങളും നിഗൂഢ ലക്ഷ്യങ്ങളും യേശുവിനു സ്വീകാര്യമല്ലാത്തതാണെന്ന് എനിക്കു തോന്നുന്നുണ്ടെങ്കിൽ അവൻ കൂടെയില്ലാതിരിക്കുന്നതുതന്നെയാവും നല്ലത് എന്ന് ഉള്ളിന്റെയുള്ളിൽ ഞാൻ കരുതുന്നുണ്ടാവാം. യേശുവിനെ കൂടാതെയാണോ അവന്റെ നാമം വഹിക്കുന്നവർ പോലും യാത്രചെയ്യുന്നത്? എങ്കിൽ, ഒരു മടക്കയാത്രയ്ക്കു നേരമായി.

എന്തിനാണ് എല്ലായിടത്തും അന്വേഷിച്ചത്? അവനെ കണ്ടെത്താൻ മടങ്ങേണ്ടത് നഷ്ടപ്പെട്ടിടത്തേക്കു തന്നെയാണ്. അപ്പോൾ എവിടെവെച്ചാണ് നഷ്ടപ്പെട്ടത് എന്ന് ആലോചിച്ചുനോക്കുക. കർത്താവ് അരുളിച്ചെയ്യുന്നു "വഴിക്കവലകളിൽ നിന്നു ശ്രദ്ധിച്ചുനോക്കുക. പഴയപാതകൾ അന്വേഷിക്കുക. നേരായ മാർഗ്ഗം തേടി അതിൽ ചരിക്കുക" (ജറെ 6:16). നഷ്ടപ്പെട്ടത് വഴിയിലല്ല, ഹൃദയത്തിലാണ്. അവൻ അകന്നുപോയതല്ല, അവനിൽ നിന്ന് അകന്നുപോയതാണ്. കണ്ടെത്താൻ മാർഗ്ഗം ഒന്നേയുള്ളൂ. ഉള്ളിലേക്കു തിരിയുക; കണ്ണീരോടെ തെറ്റുകൾ ഏറ്റുപറഞ്ഞ് ധൂർത്തപുത്രനെപ്പോലെ പിതൃഗൃഹത്തിലേക്ക്, ഹൃദയമാകുന്ന ദേവാലയത്തിലേകു മടങ്ങുക. അവിടെ അവൻ ഇരുന്ന് പഠിപ്പിക്കും.

പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനായിരിക്കേണ്ടവനാണ് താൻ എന്ന അവബോധം യേശുവിനുണ്ടായിരുന്നു. അതിനു വിലങ്ങുതടിയായി നില്ക്കാൻ ആരെയും അവിടുന്ന് അനുവദിച്ചില്ല. മാതാപിതാക്കന്മാരുടെ സ്നേഹവും സുഹൃത്തുക്കളുടെ സമ്മർദ്ദവും അനുയായികളുടെ അപേക്ഷയും അധികാരികളുടെ ഭീഷണിയും ശത്രുക്കളുടെ എതിർപ്പുമൊന്നും തന്റെ ദൈവനിശ്ചിതമായ പാതയിൽ നിന്ന് യേശുവിനെ വ്യതിചലിപ്പിച്ചില്ല. എന്നെയോ......?

അവന്റെ അമ്മ ഇക്കാര്യങ്ങളെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചു (ലൂക്കാ 2:51). ബുദ്ധികൊണ്ട് ഗ്രഹിക്കാൻ കഴിയാത്ത സംഭവങ്ങളും വാക്കുകളും ഹൃദയത്തിൽ സൂക്ഷിച്ച് നിരന്തരം ധ്യാനവിഷയമാക്കിയ അമ്മ മകന്റെ വഴിയേ നീങ്ങി. ഗുരുമൊഴികൾ ബുദ്ധികൊണ്ടു ഗ്രഹിക്കാൻ ശ്രമിക്കുന്നതിനേക്കാൾ അധികമായി ഹൃദയത്തിൽ സൂക്ഷിച്ച് ധ്യാനിക്കാൻ തയ്യാറാകണം എന്ന പാഠമാണ് അമ്മയും മകനും നല്കുന്നത്. പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനാകേണ്ട ഞാൻ എന്തിനൊക്കെയാണ് എന്റെ ജീവിതത്തിൽ പ്രമുഖ സ്ഥാനം നല്കുന്നത്? വീണ്ടുവിചാരത്തിനും ആത്മശോധനയ്ക്കും പ്രേരിപ്പിക്കുന്നതാണ് യേശുവിന്റെ ചോദ്യം.

U U U U U U

# 2 അപ്പം കൊണ്ടു മാത്രമല്ല.....

## *മത്തായി 4,4*

സുവിശേഷകന്മാർ രേഖപ്പെടുത്തിയിരിക്കുന്ന യേശുവിന്റെ രണ്ടാമത്തെ വാക്യമാണിത് “അപ്പം കൊണ്ടു മാത്രമല്ല, ദൈവത്തിന്റെ നാവിൽനിന്നു പുറപ്പെടുന്ന ഓരോ വാക്കുകൊണ്ടുമാണ് മനുഷ്യൻ ജീവിക്കുന്നത്” (മത്താ 4,4).

ജോർദ്ദാൻ നദിയിൽവച്ച് യോഹന്നാനിൽ നിന്നു സ്നാനം സ്വീകരിച്ച യേശുവിനു മുകളിൽ സ്വർഗം തുറന്നു, പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ ഇറങ്ങിവന്നു, അവന്റെമേൽ ആവസിച്ചു; തുറന്ന സ്വർഗ്ഗത്തിൽ നിന്നു പിതാവിന്റെ സ്വരം മുഴങ്ങി: “നീ എന്റെ പ്രിയ പുത്രൻ; നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു” (മർക്കോ 1,11). ആത്മാഭിഷേകവും പിതാവിൽ നിന്ന് അംഗീകാരമുദ്രയും ദൗത്യവും സ്വീകരിച്ച യേശു തന്റെ ദൗത്യം ആരംഭിക്കുന്നതിനുമുമ്പ് നാല്പ്പതുദിവസം മരുഭൂമിയിൽ ഉപവസിച്ചു. ഭക്ഷണപാനീയങ്ങൾ ഉപേക്ഷിച്ച് കഠിനമായ തപസ്സിൽ ചിലവഴിച്ച ആ ദിനരാത്രങ്ങൾ തയ്യാറെടുപ്പിന്റെ അവസരമായിരുന്നു. ഇസ്രായേൽജനം വാഗ്ദത്തഭൂമിയിലേക്കുള്ള യാത്രാമധ്യേ മരുഭൂമിയിൽ ചിലവഴിച്ച നാല്പതു വർഷങ്ങളെ അനുസ്മരിപ്പിക്കുന്നതാണ് നാല്പതുദിവസം. ഇസ്രായേൽ ജനം മരുഭൂമിയിൽ പരീക്ഷിക്കപ്പെട്ടു; അവർ പരാജിതരായി. ദൈവജനത്തിന്റെ ചരിത്രം തിരുത്തിക്കുറിക്കാനായി കടന്നുവന്ന ദൈവപുത്രൻ ജനം നേരിട്ടതുപോലെ പരീക്ഷണങ്ങൾ നേരിട്ടു പക്ഷേ അവയിൽ വിജയം വരിച്ചു. ദൈവവും ദൈവജനവും തമ്മിലുള്ള ബന്ധത്തെ നിർണ്ണയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന നിയമങ്ങൾ ദൈവത്തിൽ നിന്നു തന്നെ സ്വീകരിക്കാനായി നാല്പതു ദിനരാത്രങ്ങൾ മലമുകളിൽ ഉപവസിച്ച മോശയുടെ ചിത്രവും ഉപവസിക്കുന്ന യേശുവിന്റെ പിന്നണിയിൽ തെളിയുന്നുണ്ട്.

ഉപവാസത്തിന്റെ നാല്പതു ദിവസങ്ങൾ പരീക്ഷയുടെ ദിവസങ്ങളായിരുന്നു എന്ന് സുവിശേഷകന്മാർ എടുത്തുപറയുന്നുണ്ട് (മർക്കോ 1,13; ലൂക്കാ 4,2). മനുഷ്യനെ ദൈവത്തിൽ നിന്ന് അകറ്റുകയും ദൈവിക പദ്ധതിയ്ക്കു തരങ്കം വക്കുകയുമാണ് തിന്മയുടെ ശക്തിയായ സാത്താന്റെ ലക്ഷ്യം. പറുദീസായിൽ ആദിമാതാപിതാക്കളുടെമേൽ പരീക്ഷകൻ വിജയം വരിച്ചു (ഉൽപ 3,1-7). തുടർന്നു മനുഷ്യസമൂഹത്തിൻമേൽ തിന്മ ഭരണം നടത്തി. പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട ഇസ്രായേൽ ജനവും പ്രലോഭകന്റെ കെണിയിൽ വീണു. ഈ ആധിപത്യത്തിൽ നിന്നു മനുഷ്യനെ മോചിപ്പിക്കുക എന്ന ലക്ഷ്യത്തോടെ അയ്ക്കപ്പെട്ട ദൈവപുത്രൻ സാത്താന്റെ അധിവാസകേന്ദ്രമെന്നു കരുതപ്പെട്ടിരുന്ന മരുഭൂമിയിലേക്ക് ദൈവത്മാവിനാൽ നയിക്കപ്പെട്ടത് സാത്താനെ എതിർത്ത് തോല്പിക്കുന്നതിനുവേണ്ടിയാണ്.





യേശുവിന്റെ ജീവിതം മുഴുവൻ സാത്താനുമായുള്ള ഒരു സന്ധിയല്ലാ സമരമായിരുന്നു. അനേകം തവണ യേശു പരീക്ഷിക്കപ്പെട്ടതായി സുവിശേഷകന്മാർ രേഖപ്പെടുത്തുന്നുണ്ട്. അടയാളം ചോദിച്ചു വന്ന യഹൂദ നേതാക്കളും (മത്താ 16,1) അപ്പം ചോദിച്ചുവന്ന ജനങ്ങളും (യോഹ 6.31) കുരിശൊഴിവാക്കാൻ കുറുക്കുവഴി നിർദ്ദേശിച്ച ശിഷ്യനും (മത്താ 16,22-23) എല്ലാം ഈ പ്രലോഭനങ്ങളുടെ വിവിധ രൂപങ്ങളായിരുന്നു. പിതാവു നിശ്ചയിച്ച വഴിയിൽ നിന്നു വ്യത്യസ്തമായ, സ്വന്തമായ വഴികൾ തിരഞ്ഞെടുക്കാനുള്ള പ്രേരണകളാണ് ഈ പ്രലോഭനങ്ങളിലെല്ലാം ഒളിഞ്ഞും തെളിഞ്ഞും പ്രകടമാകുന്നത്. ഇപ്രകാരം യേശു നേരിട്ട പ്രലോഭനങ്ങളുടെയെല്ലാം പ്രതീകവും സംഗ്രഹവുമായി മത്തായി, ലൂക്കാ സുവിശേഷകന്മാർ മൂന്നു പ്രലോഭനങ്ങൾ വിവരിക്കുന്നു.

മരുഭൂമിയുടെ വിജനതയിൽ, ദൃക്സാക്ഷികൾ ആരുമില്ലാതെ, ദൈവാത്മാവിന്റെ ശക്തിയാൽ യേശു തനിച്ച് സാത്താനുമായി നടത്തിയ ഏറ്റുമുട്ടലിന്റെ ചരിത്രമായിട്ടാണ് ഈ പ്രലോഭനങ്ങളെ അവതരിപ്പിച്ചിരിക്കുന്നത്. എപ്പോഴും ദൈവഹിതം മാത്രം തിരഞ്ഞെടുത്ത യേശുവിന്റെ ഉള്ളിൽ നടന്ന ഒരു ആത്മീയ സംഘട്ടനമാണത്. ശിഷ്യന്മാർക്ക് ഗുരു തന്നെ വെളിപ്പെടുത്തികൊടുത്തതാവാം താൻ നേരിട്ട പ്രലോഭനങ്ങളെക്കുറിച്ചുള്ള ഈ അറിവ്.

നാല്പതുദിവസം ദീർഘിച്ച ഉപവാസത്താൽ വിശന്നുതളർന്ന യേശുവിന്റെ മുമ്പിൽ അപ്പത്തിന്റെ പ്രമേയവുമായിട്ടാണ് പ്രലോഭകൻ പ്രത്യക്ഷപ്പെടുന്നത് “നീ ദൈവപുത്രനാണെങ്കിൽ ഈ കല്ലുകൾ അപ്പമാകാൻ പറയുക” (മത്താ 4,3). ജോർദ്ദാനിൽ മുഴങ്ങിയ ദൈവത്തിന്റെ സ്വരത്തെ മുൻനിർത്തിയാണ് പ്രലോഭനം. ദൈവപുത്രനെങ്കിൽ തനിക്ക് എല്ലാം സാധ്യമാണ്. അമാനുഷികമായ കഴിവ് തന്റെ തന്നെ വിശപ്പടക്കാൻ ഉപയോഗിക്കണം എന്നതാണ് പ്രലോഭനത്തിന്റെ വ്യക്തമായ അർത്ഥം. സ്വന്തം കഴിവുകൾ സ്വന്തം താൽപര്യങ്ങൾക്കുവേണ്ടി സ്വാർത്ഥപരമായി ഉപയോഗിക്കണം എന്ന തോന്നൽ. എന്നാൽ ഇതുമാത്രമല്ല ഈ പ്രലോഭനത്തിൽ ഉൾച്ചേർന്നിരിക്കുന്ന ലക്ഷ്യങ്ങൾ.

അധ്വാനിക്കാതെ, ഒറ്റവാക്കാൽ, അത്ഭുതകരമായി അപ്പമുണ്ടാക്കി സ്വന്തം വിശപ്പടക്കുക. ആഹാരസമ്പാദനത്തിനുള്ള എളുപ്പമാർഗ്ഗം ആർക്കാണ് ആകർഷകമായി തോന്നാത്തത്? ഇത് ഇന്നൊരു പൊതുമനോഭാവവും അംഗീകരിക്കപ്പെട്ട ജീവിതശൈലിയുമായിത്തീർന്നിട്ടില്ലേ? കഴിയുന്നത്ര കുറച്ച് അധ്വാനിക്കുക; കഴിയുന്നത്ര കൂടുതൽ സമ്പാദിക്കുക. വിയർക്കാതെ സമ്പാദിക്കാനുള്ള പ്രലോഭനം മാത്രമല്ല ഇവിടെ ഉയരുന്നത്.

മരുഭൂമിയിലേക്കുള്ള യാത്രമധ്യേ വിശന്നു വലഞ്ഞ ഇസ്രായേൽ ജനത്തിന് ദൈവം അത്ഭുതകരമായി അപ്പം നല്കി, ആകാശത്തുനിന്നു മന്നാ വർഷി

ച്ചു. ദൈവപുത്രൻ വന്നിരിക്കുന്നത് മനുഷ്യനെ രക്ഷിക്കാനാണെങ്കിൽ ഈ രക്ഷ തുടങ്ങേണ്ടത് ആദ്യമേ ആഹാരം നല്കികൊണ്ടാണ്. തികച്ചും ന്യായമായ ഒരു ചിന്തയാണിത്. മിശിഹാ വരുമ്പോൾ ഈ അത്ഭുതം ആവർത്തിക്കുമെന്ന് ഇസ്രായേൽജനം വിശ്വസിച്ചിരുന്നു; ഇങ്ങനെ ഒരത്ഭുതം പ്രവർത്തിക്കാൻ ജനം യേശുവിനെ പ്രേരിപ്പിക്കുകയും ചെയ്തു (യോഹ 6,30). വിശക്കുന്നവനാവശ്യം ആഹാരമാണ്. അത് അത്ഭുതകരമായി നല്കാൻ കഴിയുന്നത് രക്ഷ നല്കുന്നതിന്റെ ആദ്യ പടിയാകും എന്നത് ആകർഷകമായ നിർദ്ദേശം തന്നെ. ജോർദ്ദാനിലെ പ്രഖ്യാപനത്തിന്റെ സത്യാവസ്ഥ തെളിയിക്കാൻ ഇത് ഒരവസരമാകും.

അപ്പത്തിന്റെ താക്കോൽ കയ്യിൽ സൂക്ഷിക്കുന്നവന് അധികാരമുണ്ടാകും. എന്നത്തേക്കാളധികം ഇന്നു നാം അനുഭവിച്ചറിഞ്ഞുകൊണ്ടിരിക്കുന്ന ഒരു സത്യമാണിത്. അപ്പത്തിന് ആറ്റംബോംബിനേക്കാൾ ശക്തിയുണ്ടെന്നു തിരിച്ചറിഞ്ഞ ആഗോളശക്തികൾ ആഹാരോല്പാദനത്തിന്റെ ഉറവിടങ്ങൾ സ്വന്തമാക്കാൻവേണ്ടി പുതിയപുതിയ നിയമങ്ങൾ രൂപപ്പെടുത്തിക്കൊണ്ടിരിക്കുകയാണല്ലോ. ഏറ്റം പുതിയതായി നിർമ്മിക്കപ്പെട്ടിരിക്കുന്ന വിത്തുനിയമം ഏറ്റം വ്യക്തമായ ഉദാഹരണമാണ്. അപ്പമാണ് അധികാരത്തിന്റെ അടിസ്ഥാനം. അപ്പം നല്കുന്നവനെ ആളുകൾ ആദരിക്കും, അനുസരിക്കും, അനുഗമിക്കും. പ്രത്യയശാസ്ത്രങ്ങളും, മതസംഘടനകളും രാഷ്ട്രീയ പാർട്ടികളും എല്ലാം ഈ യാഥാർത്ഥ്യം ഗ്രഹിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്തുകൊണ്ടിരിക്കുന്നതും നാം കാണുന്നു. “അധികാരത്തിന്റെ അപ്പക്കഷ്ണം” എന്ന പ്രയോഗം തന്നെ ശ്രദ്ധേയമല്ലേ?

പലതരത്തിലും തലങ്ങളിലും ആകർഷകമായ ഈ നിർദ്ദേശത്തെ ഒരു പ്രലോഭനമായി യേശു തിരിച്ചറിഞ്ഞു. ആ തിരിച്ചറിവാണ് പരസ്യജീവിതം തുടങ്ങുന്നതിനു തൊട്ടുമുമ്പുള്ള തന്റെ ഒരു നയപ്രഖ്യാപനമെന്ന നിലയിൽ യേശു ഒരു മഹാവാക്യമായി ഉച്ചരിച്ചത്: “അപ്പംകൊണ്ടുമാത്രമല്ല, ദൈവത്തിന്റെ നാവിൽ നിന്നു പുറപ്പെടുന്ന ഓരോ വാക്കു കൊണ്ടുമാണ് മനുഷ്യൻ ജീവിക്കുന്നത്” (മത്താ 4,4). അപ്പത്തിന്റെ ആവശ്യവും പ്രാധാന്യവും യേശു നിഷേധിക്കുന്നില്ല. പക്ഷേ മനുഷ്യന്റെ ചിന്താമണ്ഡലത്തിലും ജീവിത വീക്ഷണത്തിലും ഒരു മുൻഗണനാക്രമം ആവശ്യമാണ്. അവിടെ അപ്പത്തേക്കാൾ പ്രാധാന്യമുള്ള ചില കാര്യങ്ങളുണ്ട് എന്ന് യേശു അനുസ്മരിപ്പിക്കുന്നു.

തന്നെ അനുഗമിച്ച ജനത്തിനു വിശന്നപ്പോൾ ആഹാരം നല്കാൻ യേശു ശിഷ്യന്മാരോട് ആജ്ഞാപിച്ചതായി സുവിശേഷങ്ങൾ രേഖപ്പെടുത്തുന്നുണ്ട്, ഒന്നല്ല രണ്ടു തവണ (മത്താ 14,13-21; 15,32-39) അപ്പം അത്ഭുതകരമായി വർദ്ധിപ്പിച്ച് യേശു തന്നെ ജനത്തിന്റെ വിശപ്പടക്കുകയും ചെയ്തു. പക്ഷേ അതിനു മുമ്പ് രണ്ടു കാര്യങ്ങൾ സംഭവിച്ചു: 1. യേശു ജനത്തെ ദൈവരാജ്യത്തിന്റെ





സുവിശേഷം അറിയിച്ചു. 2. ശിഷ്യന്മാർ തങ്ങളുടെ കൈവശമുണ്ടായിരുന്നതു മുഴുവൻ പങ്കുവയ്ക്കാൻ തയ്യാറായി. അപ്പോഴാണ് അപ്പം അത്ഭുതകരമായി വർദ്ധിച്ച് എല്ലാവരുടെയും വിശപ്പടക്കുകയും മിച്ചം വരുകയും ചെയ്തത്. ആദ്യം നിങ്ങൾ ദൈവത്തിന്റെ രാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കണം (മത്താ 6,35) എന്ന അടിസ്ഥാന പ്രമാണമാണ് യേശു ഇവിടെ സൂചിപ്പിക്കുന്നത്.

ഭൗതികമായ ആഹാരംകൊണ്ടു പൂർത്തിയാകുന്നതല്ല മനുഷ്യന്റെ വിശപ്പും ദാഹവും. വിശപ്പടങ്ങും എന്ന് കരുതി ഭൗതിക വസ്തുക്കൾ സമ്പാദിച്ചുകൂട്ടുകയും ഭൗതികസുഖങ്ങളിൽ ആവോളം മുഴുകുകയും ചെയ്യുമ്പോഴും വിശപ്പു വർദ്ധിക്കുന്നതേ ഉള്ളു. ഒരിക്കലും തൃപ്തിയാകാത്ത ആസക്തിയായി അത് അധഃപതിക്കുന്നു. ഭൗതികമായ അപ്പം സമ്പാദിക്കാനുള്ള വ്യഗ്രത വെടിഞ്ഞ് ദൈവവചനത്തിലേക്കു ശ്രദ്ധതിരിക്കണം. മനുഷ്യൻ അപ്പത്തിന്, ഭൗതിക മോഹങ്ങൾക്ക്, അടിമയാകരുത്; ആരെയും അടിമയാക്കുകയും അരുത്. ദൈവത്തിന്റെ വചനമാണ് മനുഷ്യനെ യഥാർത്ഥത്തിൽ സ്വതന്ത്രനും (യോഹ 8,31-32) സംതൃപ്തനും (ജ്ഞാനം 16,25) ആക്കുന്നത്.

ദൈവത്തിന്റെ വചനത്തിന് കാതോർക്കുമ്പോൾ മനുഷ്യന്റെ ആത്മാവു സമ്പന്നമാകും. ദൈവിക മൂല്യങ്ങൾ ജീവിതത്തിന്റെ നിയന്ത്രണം ഏറ്റെടുക്കും. അപ്പോൾ പങ്കുവയ്ക്കുന്ന കരുണയും ക്ഷമിക്കുന്ന സ്നേഹവും ദൈവപരിപാലനയിൽ പൂർണ്ണമായി ആശ്രയിക്കുന്ന വിശ്വാസവും അവന്റെ ജീവിതത്തെ ഭരിക്കും. കല്ലുകൾ അപ്പമാക്കുന്ന മായാജാലം അപ്പോൾ ആവശ്യമാകില്ല; മനുഷ്യനെ അപ്പത്തിന് അടിമയാക്കുന്ന ആധിപത്യചിന്ത ഉണ്ടാവുകയുമില്ല. ഇതാണ് യേശു തിരഞ്ഞെടുക്കുന്ന രക്ഷയുടെ മാർഗ്ഗം.

ദൈവഹിതത്തിന് പൂർണ്ണമായി കീഴ്‌വഴങ്ങാൻ തീരുമാനിക്കുന്നതോടെ കല്ലുകളെ അപ്പമാക്കുന്ന എളുപ്പമാർഗ്ഗം ഉപേക്ഷിച്ച് സ്വന്തം ശരീരത്തെത്തന്നെ അപ്പമായി നല്കുന്ന ത്യാഗത്തിന്റെ, കുരിശിന്റെ മാർഗ്ഗമാണ് യേശു തിരഞ്ഞെടുത്തത്. എന്നെ അയച്ചവന്റെ ഇഷ്ടം പ്രവർത്തിക്കുകയും അവന്റെ ജോലി പൂർത്തിയാക്കുകയുമാണ് എന്റെ ഭക്ഷണം (യോഹ 4,34). അയച്ചവന്റെ ഹിതം യേശുവിന്റെ ആത്മസമർപ്പണത്തിലൂടെ സകലർക്കും സമൃദ്ധമായി ജീവൻ ലഭിക്കുക എന്നതാണ് (യോഹ. 3,16; 6,39; 10,10). അപ്പത്തിന്റെ ഭവനമായ ബേത്‌ലെഹെമിൽ ജനിച്ചവൻ, സ്വർഗ്ഗത്തിൽ നിന്നു വന്ന ജീവൻ നല്കുന്ന അപ്പമായി സ്വയം വിശേഷിപ്പിച്ചവൻ (യോഹ 6,51) സ്വന്തം ശരീരം അപ്പമായി ശിഷ്യർക്കു വിഭജിച്ചുനല്കിക്കൊണ്ട് തന്റെ ആഗമനോദ്ദേശ്യം പൂർണയാക്കി, പിതാവിന്റെ ഹിതം പൂർണ്ണമായും നിറവേറ്റി.

# 3 കർത്താവിനെ പരീക്ഷിക്കരുത്

## *മത്തായി 4,7*

അപ്പത്തിന്റെ പ്രലോഭനത്തെ ദൈവവചനം കൊണ്ടു നേരിട്ട യേശുവിനെ ദൈവവചനം ഉദ്ധരിച്ചുകൊണ്ടുതന്നെയാണ് അടുത്ത തവണ പ്രലോഭകൻ സമീപിക്കുന്നത്. “അനന്തരം പിശാച് അവനെ വിശുദ്ധനഗരത്തിലേക്കു കൂട്ടികൊണ്ടുപോയി ദേവാലയത്തിന്റെ അഗ്രത്തിൽ കയറ്റിനിറുത്തിയിട്ടു പറഞ്ഞു: നീ ദൈവപുത്രനാണെങ്കിൽ താഴേക്കുചാടുക; നിന്നെക്കുറിച്ച് അവൻ തന്റെ ദൂതന്മാർക്കു കല്പന നല്കും. നിന്റെ പാദം കല്ലിൽ തട്ടാതിരിക്കാൻ അവർ നിന്നെ കൈകളിൽ താങ്ങിക്കൊള്ളും എന്ന് എഴുതപ്പെട്ടിരിക്കുന്നു” (മത്താ 4:5-6).

യേശുവിന്റെ ദൈവപുത്രസ്ഥാനവും രക്ഷാകരദൗത്യവുമാണ് ഈ രണ്ടാം പ്രലോഭനത്തിലും ശ്രദ്ധാകേന്ദ്രമായി നില്ക്കുന്നത്. “നീ ദൈവപുത്രനാണെങ്കിൽ” എന്ന ഉപാധി “നീ എന്റെ പുത്രനാകുന്നു” എന്ന് ജോർദ്ദാനിൽ മുഴങ്ങിയ ശബ്ദത്തിന്റെ സ്ഥിരീകരണമാണ് ആവശ്യപ്പെടുന്നത്. സ്വർഗ്ഗത്തിൽ നിന്നുകേട്ട ദൈവത്തിന്റെ സ്വരം സത്യമാണോ എന്നു തെളിയിക്കാൻ യേശുവിനെ പ്രലോഭകൻ വെല്ലുവിളിക്കുന്നു. ദൈവപുത്രനാണെങ്കിൽ അവന് തീർച്ചയായും ദൈവത്തിന്റെ സംരക്ഷണം ലഭിക്കും. അതു തെളിയിക്കാനുള്ള ഏറ്റം എളുപ്പമാർഗ്ഗമാണ് ഇവിടെ നിർദ്ദേശിക്കുന്നത്.

ബലിയർപ്പണത്തിന്റെയും മറ്റു പ്രാർത്ഥനകളുടെയും സമയം വിളിച്ചറിയിക്കാനായി കാഹളം മുഴക്കാൻ ലേവീ പുരോഹിതൻ കയറി നില്ക്കുന്ന ഉന്നതമായ ഒരു ഗോപുരം ജറുസലെം ദേവാലയത്തിനുണ്ടായിരുന്നു. ആ ഗോപുരമുകളിൽ നിന്ന് താഴേക്കു ചാടിയാൽ താഴെ ദേവാലയമുറ്റത്തുനോക്കി നില്ക്കുന്ന ആയിരക്കണക്കിന് പ്രേക്ഷകർക്ക് അത് വലിയൊരടയാളമായിരിക്കും. ചില പ്രവചനങ്ങളും യഹൂദരുടെ ചില പ്രതീക്ഷകളും ഈ ചിന്തയ്ക്കു പിന്നിലുണ്ട്. “നിങ്ങൾ തേടുന്ന കർത്താവ് പെട്ടെന്ന് ദേവാലയത്തിലേക്കു വരും” (മലാ 3:1) എന്ന പ്രവചനത്തിന്റെ പൂർത്തീകരണമായി ജനങ്ങൾ ഇതിനെ മനസ്സിലാക്കും. തന്നെയുമല്ല മിശിഹാ വരുമ്പോൾ അവൻ ദേവാലയഗോപുരത്തിൽ പ്രത്യക്ഷപ്പെടും എന്ന ഒരു വിശ്വാസം യേശുവിന്റെ കാലത്തെ യഹൂദരുടെ ഇടയിൽ നിലവിലിരുന്നു. ദേവാലയഗോപുരത്തിൽ നിന്ന് എല്ലാവരും കാൺകെ താഴേക്കു ചാടി യാതൊരപകടവും കൂടാതെ ദേവാലയാങ്കണത്തിൽ വന്നു നില്ക്കുന്നതു കണ്ടാൽ സ്വർഗ്ഗത്തിൽ നിന്നുള്ള ഒരടയാളമായി ജനങ്ങൾ





അതിനെ മനസ്സിലാക്കും എന്നതിൽ സംശയമില്ല. ഈ സാഹസത്തിൽ ഭയപ്പെടേണ്ടതില്ല എന്ന് സങ്കീ 91:11-12 ഉദ്ധരിച്ചുകൊണ്ട് പ്രലോഭകൻ യേശുവിനെ അനുസ്മരിപ്പിക്കുന്നു. ദൈവപുത്രൻ എന്ന നിലയിൽ തനിക്കു ലഭിക്കുന്ന, ലഭിക്കേണ്ട ദൈവത്തിന്റെ പ്രത്യേകസംരക്ഷണം പരീക്ഷിച്ചറിയാനും അതുവഴി ജനശ്രദ്ധ പിടിച്ചു പറ്റാനുമാണ് പ്രലോഭകൻ യേശുവിനെ പ്രേരിപ്പിക്കുന്നത്.

പിന്നീട് പരസ്യജീവിതകാലത്ത് യേശു പലതവണ നേരിട്ട വെല്ലുവിളികളെയും പ്രലോഭനങ്ങളെയും അനുസ്മരിപ്പിക്കുന്നതാണ് പ്രലോഭകന്റെ ഈ ആഹ്വാനം. “ഫരിസേയർ അവനുമായി തർക്കിക്കാൻ തുടങ്ങി. അവർ അവനെ പരീക്ഷിച്ചുകൊണ്ട് സ്വർഗ്ഗത്തിൽ നിന്ന് ഒരു അടയാളം ആവശ്യപ്പെട്ടു” (മർക്കോ 8:11). “ഞങ്ങൾ കണ്ടു വിശ്വസിക്കേണ്ടതിന് എന്തടയാളമാണ് നീ ചെയ്യുക?” (യോഹ. 6:30). “നീ ദൈവപുത്രനാണെങ്കിൽ കുരിശിൽ നിന്ന് ഇറങ്ങിവരുക” (മത്താ. 27:40). അസാധാരണവും ജനശ്രദ്ധ പിടിച്ചുപറ്റുന്നതുമായ ഒരത്ഭുതം, അതാണ് തന്റെ ദൗത്യത്തിനു തുടക്കംകുറിക്കാൻ ഏറ്റവും ഉചിതമായ സംഭവം എന്ന ചിന്തയാണ് ഇതിലൂടെ പ്രലോഭകൻ അവതരിപ്പിക്കുന്നത്.

ഈ പ്രലോഭനത്തിനു രണ്ടു മുനകളുണ്ട്. അത്ഭുതകരമായ അടയാളത്തിലൂടെ ജനത്തെ വിസ്മയിപ്പിച്ച് അവരുടെ വിശ്വാസം ആർജ്ജിക്കുക. അതോടൊപ്പം തനിക്കു സംരക്ഷണം നല്കാൻ ദൈവത്തെ നിർബന്ധിക്കുക. യേശുവിനു മാത്രമല്ല, നേതൃത്വത്തിന്റെ മുമ്പിലേക്കു വരാൻ ശ്രമിക്കുന്ന ആർക്കും ആനുഭവപ്പെടുന്നതാണ് ഈ പ്രലോഭനം. ജനങ്ങൾക്ക് ആവശ്യം അത്ഭുതങ്ങളും, അടയാളങ്ങളുമാണ്. കൂടുതൽ കൂടുതൽ വിസ്മയകരങ്ങളായ അയാളങ്ങൾ. അത്ഭുതങ്ങൾ തേടിയിറങ്ങുന്നവർ എന്നും പുതിയതും കൂടുതൽ വിസ്മയവാഹങ്ങളുമായവ തേടിക്കൊണ്ടേയിരിക്കും. അവരെ തൃപ്തിപ്പെടുത്താൻ പുതിയ പുതിയ അത്ഭുതങ്ങൾ സൃഷ്ടിക്കാൻ നേതാക്കൾ നിർബ്ബന്ധിതരാകുന്നു. അതിൽ പരാജയപ്പെടുന്നവർക്കു ഗ്ലാമർ നഷ്ടപ്പെടുന്നു. അണികൾ പുതിയ മേച്ചിൽപ്പുറങ്ങൾതേടി വീണ്ടും അലയുന്നു.

രാഷ്ട്രീയ രംഗത്തും സാമ്പത്തികരംഗത്തും മാത്രമല്ല മതരംഗത്തും ഈ പ്രലോഭനം ശക്തമാണ്. അണികളെ ചേർത്തുനിർത്താനും എണ്ണം വർദ്ധിപ്പിക്കാനും ശ്രമിക്കുന്നവർ പുതിയ പുതിയ വാഗ്ദാനങ്ങളും തന്ത്രങ്ങളും മെനയുന്നു. മറ്റുള്ളവരെ ഇംപ്രസ് ചെയ്യിക്കുക, കാണികളിൽ അത്ഭുതവും വിസ്മയവും ജനിപ്പിക്കുക. അതിനുവേണ്ടി എന്തെല്ലാം ശ്രമങ്ങളാണു മനുഷ്യൻ നടത്തുക! എന്തെന്തു ജാഡകളും കാപട്യങ്ങളുമാണ് അവതരിപ്പിക്കുക! വീടുകളുടെ ബാഹ്യമോടിയും സ്വന്തം വാഹനങ്ങളുടെ വലുപ്പവും വേഷവിധാനങ്ങളുടെ പകിട്ടും തുടങ്ങി കൊച്ചുകൊച്ചു മുഖം മൂടികളിൽ ആരംഭിച്ച് ആഗോള നിയന്ത്രണംവരെ എത്തിനില്ക്കുന്ന മാത്സര്യവും മറ്റുള്ളവരെ വിസ്മയിപ്പിച്ചു നിർത്താനുള്ള ശ്രമവും എല്ലാം പ്രലോഭനത്തിന്റെ ഭാഗങ്ങളല്ലേ?

ദൈവം താങ്ങിക്കൊള്ളും എന്ന വിശ്വാസത്തോടെ ഗോപുരമുകളിൽ നിന്ന് എടുത്തുചാടുന്നത് നിരുത്തരവാദിത്വപരമായ പ്രവൃത്തിയാണ്. മറ്റുള്ളവരിൽ അമ്പരപ്പും വിസ്മയവും ഉളവാക്കാൻ വേണ്ടി നടത്തുന്ന സാഹസങ്ങൾക്കു ദൈവം സംരക്ഷണം വാഗ്ദാനം ചെയ്തിട്ടില്ല; വ്യർത്ഥാഭിമാനത്തിനു ദൈവം കൂട്ടുനില്ക്കുകയുമില്ല. വിശ്വാസം തെളിയിക്കാനായി വിഷംകുടിക്കുന്നവൻ, ദൈവത്തിന്റെ വാക്കിൽ ആശ്രയിക്കുന്നു എന്ന് പ്രത്യക്ഷത്തിൽ തോന്നിയാലും അവിവേകമാണ് പ്രവർത്തിക്കുക. രോഗം ബാധിക്കുമ്പോൾ കർത്താവു സുഖപ്പെടുത്തും എന്നു കരുതി സാധ്യമായ ചികിത്സകൾ ചെയ്യാതിരിക്കുന്നതും ഇതുപോലെ തന്നെയുള്ള സാഹസമാണ് (പ്രഭാ. 38:1-15) തനിക്കു ദൈവം തന്നിരിക്കുന്ന ബുദ്ധിയും യുക്തിയും, ചിന്തിക്കാനും ആലോചിക്കാനും അദ്ധ്വാനിക്കാനുമുള്ള കഴിവുകളും ഉപയോഗിക്കാതെ ആകാശപ്പറവകളെ പോറ്റുന്ന ദൈവം ഭക്ഷണം തരും എന്നു കരുതി കൈയുംകെട്ടി അലസനായിരുന്നാൽ അതും ദൈവഹിതത്തിന് അനുയോജ്യമായ പ്രവൃത്തിയാകില്ല.

ഇവിടെയാണ് ഗുരുമൊഴിയുടെ പ്രസക്തി: "നിന്റെ ദൈവമായ കർത്താവിനെ പരീക്ഷിക്കരുത്". യേശു സാഹസങ്ങൾ പ്രവർത്തിച്ചിട്ടുണ്ട്. കുരിശിനെ മുന്നിൽ കണ്ടുകൊണ്ടുതന്നെയാണ് ശത്രുപാളയമായ ജറുസലേമിലേക്കു പ്രവേശിച്ചത്. പക്ഷേ, ജനങ്ങളെ വിസ്മയിപ്പിച്ച്, അണികളായി നിർത്താൻ വേണ്ടി അവിടുന്ന് ഒരത്ഭുതവും പ്രവർത്തിച്ചില്ല. ദേവാലയഗോപുരത്തിൽ നിന്ന് താഴേക്കു ചാടിയല്ല, നഗരകവാടത്തിൽ നാട്ടിയ കുരിശിൽ തൂങ്ങിയാണ് തന്റെ ദൈവപുത്രസ്ഥാനം യേശു തെളിയിച്ചത്. മരണത്തിൽ നിന്നും ജീവൻ ഉത്പാദിപ്പിക്കാൻ കഴിയുന്ന പിതാവിന്റെ കരങ്ങളിൽ സ്വജീവൻ സമർപ്പിച്ചപ്പോൾ ആ ദൈവപുത്ര സ്ഥാനം വ്യക്തമായി. മരണത്തിൽ നിന്ന് ഉയിർപ്പിച്ചുകൊണ്ട് പിതാവ് പുത്രനെ വീണ്ടും ഏറ്റുപറഞ്ഞു. വിശ്വാസത്തിൽ നിന്നു വരുന്ന വിധേയത്വവും അഹങ്കാരത്തിൽ നിന്നുയരുന്ന ഔദ്ധത്യവും വേർതിരിച്ചറിയാൻ കഴിയണം.

uuuu



# 4 ദൈവത്തെ മാത്രം

## *മത്തായി 4,10*

"വീണ്ടും പിശാച് വളരെ ഉയർന്ന ഒരു മലയിലേക്ക് അവനെ കൂട്ടിക്കൊണ്ടുപോയി. ലോകത്തിലെ എല്ലാ രാജ്യങ്ങളും കാണിച്ചുകൊണ്ട് അവനോടു പറഞ്ഞു; നീ സാഷ്ടാംഗം പ്രണമിച്ച് എന്നെ ആരാധിച്ചാൽ ഇവയെല്ലാം നിനക്കു ഞാൻ നല്കും. യേശു കല്പിച്ചു: സാത്താനേ, ദൂരെപ്പോവുക. എന്തെന്നാൽ, നിന്റെ ദൈവമായ കർത്താവിനെ ആരാധിക്കണം; അവിടുത്തെ മാത്രമേ നീ പൂജിക്കാവൂ എന്ന് എഴുതപ്പെട്ടിരിക്കുന്നു" (മത്താ 4:8-10). യേശു തന്റെ പരസ്യ ജീവിതത്തിന്റെ ആരംഭത്തിൽ നേരിട്ട പ്രലോഭനങ്ങളിൽ അവസാനത്തെതായി വി. മത്തായി അവതരിപ്പിക്കുന്നതാണിത്. ലോകത്തിലെ സകല രാജ്യങ്ങളുടെയുംമേൽ അധികാരവും അതിന്റെ മഹത്ത്വവും വാഗ്ദാനം ചെയ്ത സാത്താനെ ദൈവത്തോടുള്ള വിധേയത്വവും പ്രതിബദ്ധതയും ഏറ്റുപറഞ്ഞുകൊണ്ടാണ് യേശു നേരിടുന്നതും പാരജയപ്പെടുത്തുന്നതും. സാത്താൻ വച്ചുനീട്ടുന്ന സാദ്ധ്യതകളും യേശുനല്കുന്ന മറുപടിയും അടുത്തു പരിശോധിക്കേണ്ടതുണ്ട്.

രക്ഷാകരപദ്ധതി പൂർത്തിയാക്കുന്ന മിശിഹാ എന്ന അവസ്ഥയിലാണ് യേശു പ്രലോഭനങ്ങൾക്കു വിധേയനാകുന്നത്. മനുഷ്യരക്ഷയ്ക്കുള്ള വിവിധ മാർഗ്ഗങ്ങൾ യേശുവിന്റെ മുന്നിലൂടെ കടന്നുപോകുന്നതായി കാണാനാവും. അതിൽ സുപ്രധാനമായ ഒന്നാണ് അധികാരം. ദൈവംതന്നെ ഒരു രാജ്യം നൽകുമെന്നും ലോകം മുഴുവന്റെയും മേൽ തങ്ങൾ ഭരണം നടത്തുമെന്നും ഇസ്രായേൽക്കാർ പ്രതീക്ഷിച്ചിരുന്നു. അനേകം പ്രവചനങ്ങൾ ഈ പ്രതീക്ഷകൾക്ക് അടിസ്ഥാനമായുണ്ടായിരുന്നു (2 സാമു 7,11-15; സങ്കീ 2,8, 45,5-6; 72,8-12; 89,25; 110,5-6, ഏശ. 9:7;11,4) ദാവീദിനെപ്പോലെ ഒരു രാജാവു വന്ന് ജനത്തെ അടിമത്തത്തിൽ നിന്നു മോചിപ്പിച്ച്, വലിയൊരു സാമ്രാജ്യമായി വളർത്തി, ലോകം മുഴുവന്റെയുംമേൽ ആധിപത്യം സ്ഥാപിക്കും എന്ന പ്രതീക്ഷ യേശുവിന്റെ കാലത്തെ യഹൂദജനങ്ങൾക്കിടയിൽ ശക്തമായിരുന്നു. ഇപ്രകാരം ഒരു സ്വപ്നത്തിന്റെ സാക്ഷാൽക്കാരത്തിനാണ് യേശു ക്ഷണിക്കപ്പെടുന്നത്.

രക്ഷ നൽകാൻ വരുന്നവൻ ആദ്യമേ സ്വന്തം ജനത്തെ അടിമത്തത്തിൽ നിന്ന് മോചിപ്പിക്കണം. ഏറ്റം പ്രത്യക്ഷമായ അടിമത്തം റോമാക്കാർ അടിച്ചേൽപ്പിച്ചിരിക്കുന്ന രാഷ്ട്രീയ അടിമത്തമാണ്. അതിനാൽ ആദ്യമേ വിദേശമേൽക്കോയ്മയിൽ നിന്നു ജനത്തെ മോചിപ്പിക്കുക. പിന്നീട് ഒരു ദിഗ്വിജയത്തിനായി

പുറപ്പെടുക. യേശുവിന്റെ സമകാലികരായ തീവ്രവാദികൾ (Zealot) എന്നറിയപ്പെട്ടിരുന്ന ഒളിപ്പോരാളികൾ ലക്ഷ്യം വച്ചതും ഇതുതന്നെയായിരുന്നു. രാഷ്ട്രീയമായ സ്വാതന്ത്ര്യവും അധികാരവുമാണ് രക്ഷയുടെ ഏറ്റവും പ്രധാനമാർഗ്ഗം എന്ന ചിന്ത ഈ പ്രലോഭനത്തിന് പിന്നിലുണ്ട്. എന്നാൽ അതു മാത്രമല്ല.

ദൈവം നൽകാൻ പോകുന്ന രാജ്യത്തെയും ആധിപത്യത്തെയും കുറിച്ചാണ് പ്രവചനങ്ങൾ എല്ലാം വാഗ്ദാനങ്ങൾ നൽകിയിരുന്നത്. എന്നാൽ, ഇവിടെ അധികാരവും മഹത്ത്വവും വാഗ്ദാനം ചെയ്യുന്നത് ദൈവമല്ല, സാത്താനാണ്. 'ഉയർന്നമല' വെളിപാടിന്റെ സ്ഥലമാണ്. ഒരു ദർശനമെന്നപോലെ യേശുവിന്റെ മനസ്സിൽ തെളിയുന്നത് ലോകം മുഴുവന്റെയും മേൽ ലഭിക്കാവുന്ന അധികാരവും അതിലൂടെ കൈവരുന്ന മഹത്ത്വവുമാണ്. ആധിപത്യം, മഹത്ത്വം എന്നീ ആശയങ്ങൾക്കു പിന്നിൽ മനുഷ്യരക്ഷ എന്നതിനെക്കാൾ സ്വന്തം മഹത്ത്വീകരണമാണ് ഒളിഞ്ഞുനില്ക്കുന്നത്. അതു സ്വന്തമാക്കാൻ നിർദ്ദേശിക്കുന്ന മാർഗ്ഗമാകട്ടെ, സാത്താന് സ്വയം അടിയറവയ്ക്കുക, ആരാധനയർപ്പിക്കുക എന്നതും.

ഈ നിർദ്ദേശത്തിന്റെ പിന്നിലുള്ള വക്രതയും ദുഷ്ടതയും യേശു തിരിച്ചറിഞ്ഞു; തന്റെ അനുയായികൾക്കായി ആ തിരിച്ചറിവ് കൈമാറിത്തരികയും ചെയ്തു. പ്രലോഭനത്തിന്റെയും അതിന് യേശു നല്കിയ മറുപടിയുടെയും വിവരണത്തിൽനിന്ന് സുപ്രധാനമായ രണ്ട് ആശയങ്ങൾ വ്യക്തമാക്കുന്നു. മറ്റുള്ളവരുടെമേൽ ആധിപത്യം സ്ഥാപിക്കാനും അതുവഴി സ്വന്തമായി മഹത്ത്വം ആർജിക്കാനുമുള്ള ആഗ്രഹവും പരിശ്രമങ്ങളും പൈശാചികമാണ് എന്നതത്രെ ആദ്യത്തെ തിരിച്ചറിവ്. യേശുവിന്റെ കാഴ്ചപ്പാടിൽ സേവനത്തിനുള്ള അവകാശമാണ് അധികാരം. ആധിപത്യം സ്ഥാപിക്കുന്ന അധികാരപ്രയോഗം തന്റെ ശിഷ്യന്മാർക്കും നിഷിദ്ധമാണ് (ലൂക്കാ 22,24-27). മേശയിൽ പരിചരിക്കുകയും ജീവൻ തന്നെ സമർപ്പിക്കുകയും ചെയ്യുന്ന അധികാരമാണ് യേശുവിന്റേത് (മർക്കോ 10,45). ആധിപത്യം സ്ഥാപിക്കാൻ ശ്രമിക്കുന്നവൻ പിശാചിന്റെ അടിമയായിത്തീരുന്നു. നിലവിലിരിക്കുന്ന അധികാരസംവിധാനങ്ങളെയും പ്രവർത്തനശൈലികളെയും കുറിച്ചുള്ള ക്രൈസ്തവ കാഴ്ചപ്പാട് വ്യക്തമാക്കുന്നതാണ് ഈ സമീപനം.

ദൈവത്തിനു പരമപ്രധാനമായ സ്ഥാനം നല്കുക എന്നതാണ് രണ്ടാമത്തേത്. സീനായ് മലയിൽ വച്ച് നല്കപ്പെട്ട ഉടമ്പടിയുടെ ആദ്യത്തെ പ്രമാണമാണിത് (പുറ 20,1-3). ഏറ്റം പ്രധാനപ്പെട്ട ജീവിതനിയമവും ഇതുതന്നെ (നിയ 6,4-5). ദൈവത്തെ ആരാധിക്കണം, ദൈവത്തെ മാത്രമേ ആരാധിക്കാവൂ എന്ന യേശുവിന്റെ മറുപടി നിയ 6,13ന്റെ സ്വതന്ത്രമായ ഉദ്ധരണിയാണ്. ഇസ്രായേൽ ജനത്തെ ഈജിപ്തിലെ അടിമത്തത്തിൽ നിന്ന് അത്ഭുതകരമായി മോചിപ്പിച്ചവനാണ് ദൈവമായ കർത്താവ്. "കർത്താവ്" (യാഹ്വേ) എന്ന പേര് ഇസ്രാ





യേൽ ജനത്തിന്റെ ഉത്ഭവവും ചരിത്രവുമായി അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നു. ദൈവത്തിനു മാത്രമേ ജനം ആരാധനയർപ്പിക്കാവൂ; അവിടുത്തെ ഹിതത്തിനു മാത്രമേ അവർ വഴങ്ങാവൂ. ഇതാണ് ഏറ്റവും പ്രധാനപ്പെട്ട നിയമം. ഈ ജീവിതപ്രമാണം എടുത്തുപറഞ്ഞുകൊണ്ട് പ്രലോഭകനെ നേരിടുന്നതുവഴി സുപ്രധാനമായ ഒരു പാഠമാണ് യേശു നൽകുന്നത്.

ലൗകിക ആധിപത്യവും അതു നല്കുന്ന മഹത്ത്വവും പൈശാചികമാണ്. അത് സ്വന്തമാക്കാനുള്ള ശ്രമത്തിലൂടെ മനുഷ്യർ പിശാചിന്റെ ആധിപത്യത്തിൻ കീഴിലാകുന്നു. "സാത്താനേ, ദൂരെപ്പോവുക" എന്ന വാക്യത്തിൽ യേശു പ്രലോഭനത്തിന്റെയും പ്രലോഭകന്റെയും മുഖംമൂടി മാറ്റി തനിനിറം വ്യക്തമാക്കുന്നു. ഇന്നും വളരെയേറെ പ്രസക്തിയുള്ളതാണ് ഈ തിരിച്ചറിവ്. പ്രത്യക്ഷവും വ്യക്തവുമായ സാത്താനാരാധന ഇന്ന് വ്യാപകമായിക്കൊണ്ടിരിക്കുന്നു. സമ്പത്തും അധികാരവും ലൗകിക പ്രശസ്തിയും മറ്റും ലഭിക്കുന്നതിനുവേണ്ടിയാണത്രേ ഈ ആരാധനയിലേക്കു ജനങ്ങൾ ആകൃഷ്ടരാകുന്നത്. പല വലിയ സാമ്പത്തിക സ്ഥാപനങ്ങളും ബഹുരാഷ്ട്രകമ്പനികളും സാത്താനെ ആരാധിക്കുന്നവരാണ്. അവയുടെ സ്വാധീനം നമ്മുടെ നാട്ടിലും വ്യാപകമായിക്കൊണ്ടിരിക്കുന്നു. വളരെയേറെ ജാഗ്രത പാലിക്കേണ്ട ഒരു മേഖലയാണിത്.

അത്രതന്നെ വ്യക്തമല്ലാത്ത സാത്താൻ-സ്വാധീനം സമൂഹത്തിൽ ശക്തിപ്പെടുന്നുണ്ട്. പലപ്പോഴും നന്മയുടെയും സേവനത്തിന്റെയും മറ്റും രൂപത്തിലായിരിക്കും ഇത് പ്രത്യക്ഷപ്പെടുക. ഇന്ന് സമൂഹത്തിൽ സർവസാധാരണമായി കാണുന്ന കൈക്കൂലി ഒരു ഉദാഹരണമാണ്. കൈക്കൂലി കൊടുക്കരുത്, വാങ്ങരുത് എന്ന് ബൈബിൾ വ്യക്തമായി വിലക്കുന്നുണ്ട് (പുറ 23,8; ആമോ 5,12). മിക്കവാറും എല്ലാ രാജ്യങ്ങളിലും കൈക്കൂലിക്കെതിരായ നിയമങ്ങൾ നിലവിലുണ്ട്. എന്നാൽ, കാര്യങ്ങൾ നടക്കണമെങ്കിൽ ബന്ധപ്പെട്ട അധികാരികളെ "വേണ്ടതുപോലെ കാണണം" എന്ന് അറിയാവുന്നവർ പണം കൊടുത്ത് കാര്യങ്ങൾ സാധിച്ചെടുക്കുന്നതിൽ ഒരു തെറ്റും കാണുന്നില്ല. അഥവാ അതൊന്നും തെറ്റല്ല എന്ന് സ്വയം സമാധാനിക്കുകയും മറ്റുള്ളവരെ അങ്ങനെ വിശ്വസിപ്പിക്കുകയും ചെയ്യുന്നു. സർക്കാർ സ്ഥാപനങ്ങളിൽ മാത്രമല്ല, മതസ്ഥാപനങ്ങളിലും ഈ പ്രവണത ഏതാണ്ട് സാർവത്രികമായി തീരുമ്പോൾ സാത്താന്റെ സ്വാധീനവും പ്രലോഭനത്തിന്റെ പ്രസക്തിയും മനസ്സിലാക്കാൻ വിഷമമില്ല.

അധികാരത്തിനുവേണ്ടിയുള്ള കിടമത്സരം മറ്റൊരു ഉദാഹരണമാണ്. മിക്കവാറും എല്ലാ സംഘടനകളിലും സ്ഥാപനങ്ങളിലും ഇന്ന് വ്യാപകമായിരിക്കുന്ന ഈ പ്രവണതയിൽ നിന്ന് കത്തോലിക്കാ സഭപോലും മുക്തമല്ല എന്നത് ഒരു ദുഃഖസത്യമായി നിലകൊള്ളുന്നു. അധികാരമോഹം ഏൽപ്പിച്ച മുറിവു

കൾ ഇന്നും സഭാഗാത്രത്തിൽ ആഴമായിത്തന്നെ നിലനില്ക്കുന്നു. തിന്മയുമായി വിട്ടുവീഴ്ച്ക്കു തയ്യാറാവുക, ഒരു ചെറിയ ഒത്തുതീർപ്പിലെത്തുക, ആദർശങ്ങളിൽ അല്പം അയവു വരുത്തുക, പ്രായോഗികമായി ജീവിക്കാൻ പഠിക്കുക ഇതൊക്കെയാണ് സാത്താൻ മുന്നോട്ടുവയ്ക്കുന്ന നിർദ്ദേശങ്ങൾ. അതിൽ വീണുപോകാത്തവർ വളരെ വിരളം. ഇതൊക്കെ പ്രലോഭനമാണെന്ന തിരിച്ചറിവ് പോലും നഷ്ടപ്പെടുന്നു.

ദൈവത്തെമാത്രം ആരാധിക്കുക, ദൈവത്തിനുമാത്രം സ്വയം അടിയറവയ്ക്കുക, അവിടുത്തെ ഹിതം മാത്രം ജീവിതത്തിനു പരമമാനദണ്ഡമായി കരുതുക, അതുമാത്രമാണ് രക്ഷയുടെ ഏകമാർഗ്ഗം. ദൈവത്തിന്റെ സ്ഥാനത്ത് മനുഷ്യൻ പ്രതിഷ്ഠിക്കുന്ന മറ്റെന്തും, അതു പണമോ, അധികാരമോ, സ്ഥാനമാനങ്ങളോ, പ്രത്യയശാസ്ത്രങ്ങളോ, വ്യക്തികളോ, എന്തുമാകട്ടെ, വിഗ്രഹമാണെന്നുള്ള തിരിച്ചറിവിലേയ്ക്ക് യേശുവചനം നയിക്കുന്നു. ആധിപത്യവും മഹത്ത്വവും ദൈവത്തിന്റേതാണ്, അത് യേശുവിന് ദൈവം നല്കുകയും ചെയ്തു (മത്താ 28,8; ഫിലി 2,9-11). സാത്താന് ആരാധനയർപ്പിച്ചുകൊണ്ടല്ല, സ്വന്തം ജീവൻ ദൈവകരങ്ങളിൽ സമർപ്പിച്ചുകൊണ്ട് മരണംവരെ അനുസരണയുള്ളവനായിത്തീർന്നുകൊണ്ടാണ് യേശു അധികാരവും മഹത്ത്വവും സ്വീകരിച്ചത്. ശിഷ്യന്മാർക്ക് യേശു നല്കുന്ന കല്പനയും മാതൃകയും മറ്റൊന്നല്ല. രക്ഷയിലേക്കും മഹത്ത്വത്തിലേക്കുമുള്ള വഴി കുരിശിന്റേതു മാത്രമാണ്.

uuuu



## 5 സമയമായി

### *മർക്കോസ് 1,15*

"യോഹന്നാൻ ബന്ധനസ്ഥനായപ്പോൾ യേശുദൈവത്തിന്റെ സുവിശേഷം പ്രസംഗിച്ചുകൊണ്ട് ഗലീലിയിലേക്കു വന്നു. അവൻ പറഞ്ഞു: സമയം പൂർത്തിയായി, ദൈവരാജ്യം സമീപിച്ചിരിക്കുന്നു. അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ' (മർക്കോ. 1,14-15).

വിശുദ്ധ മർക്കോസ് സുവിശേഷകൻ യേശുവിന്റെ പരസ്യ ജീവിതത്തിന്റെ തുടക്കം അവതരിപ്പിക്കുന്നത് ഇപ്രകാരമാണ്. സ്ഥലകാലസാഹചര്യങ്ങൾ സൂചിപ്പിച്ചതിനുശേഷം പ്രഘോഷണത്തിന്റെ രത്നച്ചുരുക്കം അവതരിപ്പിക്കുന്നു. "സ്നാപക യോഹന്നാൻ ബന്ധനസ്ഥനായതിനുശേഷം" എന്ന പരാമർശം കാലത്തെ മാത്രമല്ല, സൂചിപ്പിക്കുന്നത്. വഴിയൊരുക്കാൻ വന്ന മുന്നോടിയുടെ അന്ത്യം പിൻപേ വരുന്നവനും ഉണ്ടാകും എന്ന ധ്വനിയും ഇതിൽ കാണാം. വാക്കുകൊണ്ടു മാത്രമല്ല, ജീവിതാന്ത്യംകൊണ്ടും യോഹന്നാൻ യേശുവിനു വഴിയൊരുക്കി. ഗലീലിയിലാണ് യേശുവിന്റെ പ്രഘോഷണം ആരംഭിക്കുന്നത്. യേശു പ്രഘോഷിക്കുന്നത് ദൈവത്തിന്റെ സുവിശേഷമാണ്. എന്താണ് ഈ സുവിശേഷത്തിന്റെ ഉള്ളടക്കം എന്ന് തുടർന്നുള്ള വാക്കുകൾ വ്യക്തമാക്കുന്നു. രണ്ട് പ്രസ്താവനകളും രണ്ട് ആഹ്വാനങ്ങളും ഉൾക്കൊള്ളുന്നതാണ് "യേശുവിന്റെ നയപ്രഖ്യാപനം" എന്ന് വിശേഷിപ്പിക്കാവുന്ന ഈ വാക്കുകൾ. ഈ പ്രഖ്യാപനം മത്തായി അല്പം കൂടി ചുരുക്കി: "മാനസാന്തരപ്പെടുവിൻ, സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു" (മത്താ 4,17). ലൂക്കയാകട്ടെ സാമാന്യം ദീർഘമായ ഒരു പ്രസംഗവും അതേതുടർന്നുള്ള ഒരു സംഭവപരമ്പരയുമാണ് യേശുവിന്റെ പരസ്യജീവിതത്തിന്റെ തുടക്കമായി അവതരിപ്പിക്കുന്നത് (ലൂക്കാ 4,16-32).

"*കയ്റോസ്* എന്ന ഗ്രീക്കുപദമാണ് സമയം എന്നു വിവർത്തനം ചെയ്യുന്നത്. ഗ്രീക്കുഭാഷയിൽ സമയത്തെ സൂചിപ്പിക്കാൻ രണ്ടു പദങ്ങൾ ഉപയോഗിക്കാറുണ്ട്. *ക്രോണോസ്* (Chronos) എന്നതാണ് സാധാരണ ഉപയോഗത്തിലുള്ളത്. വർഷം, മാസം, ദിവസം, മണിക്കൂർ ഇങ്ങനെയുള്ള കാല-സമയ സൂചനയ്ക്ക് ഈ പദമാണ് പൊതുവേ ഉപയോഗിക്കുന്നത്. *കയ്റോസ്* (Kairos) എന്ന പദവും ഇതേ അർത്ഥത്തിൽ തന്നെ ഉപയോഗിക്കാറുണ്ട്. എന്നാൽ, പ്രത്യേകമായി നിശ്ചയിക്കപ്പെട്ട സമയം, അനുകൂലമായ അവസരം എന്നൊക്കെ സൂചിപ്പിക്കാനാണ് കയ്റാസ് അധികമായും ഉപയോഗിക്കുക. അതിനുപുറമേ, ദൈവ

ശാസ്ത്രപരമായി വളരെ പ്രധാനപ്പെട്ട ഒരു അർത്ഥവും കയ്റോസ് എന്ന പദത്തിനുണ്ട്. ദൈവം പ്രവർത്തിക്കുന്ന സമയം, ദൈവം മനുഷ്യന്റെ ജീവിതത്തിൽ ഇടപെട്ട് ചരിത്രം സൃഷ്ടിക്കുകയും ചരിത്രത്തിന്റെ ഗതി നിർണ്ണയിക്കുകയും ചെയ്യുന്ന സമയം എന്നതാണ് പുതിയ നിയമത്തിൽ കയ്റോസ് എന്ന പദത്തിനു നല്കുന്ന ആഴമേറിയ അർത്ഥം. ഈ അർത്ഥത്തിലാണ് മർക്കോസ് യേശുവിന്റെ ആദ്യ പ്രഖ്യാപനത്തെ അവതരിപ്പിക്കുന്നത്.

ദൈവം നൽകിയിരുന്ന വാഗ്ദാനങ്ങളെല്ലാം ഇപ്പോൾ പൂർത്തിയാകുന്നു എന്നതാണ് ഈ പ്രഖ്യാപനത്തിന്റെ അർത്ഥം. ഇസ്രായേൽ ജനം ഇതുവരെ എന്തിനുവേണ്ടി പ്രതീക്ഷയോടെ കാത്തിരുന്നുവോ അതെല്ലാം ഇപ്പോൾ ഒരു യാഥാർത്ഥ്യമാകുന്നു. ദൈവം കനിഞ്ഞ് മാനവചരിത്രത്തിലേക്ക് ഇറങ്ങിവന്ന്, ആ ചരിത്രത്തിനു പുതിയ അർത്ഥവും ലക്ഷ്യവും നല്കുന്ന മുഹൂർത്തമാണ് ഇത് എന്ന് യേശു വിളിച്ചറിയിക്കുന്നു. ഇസ്രായേൽ ജനത്തിന്റെ മാത്രമല്ല, സകല ലോകജനതകളുടെയും പ്രതീക്ഷകൾ ഇപ്പോൾ പൂവണിയുന്നു എന്ന ദൂരവ്യാപകമായ അർത്ഥവ്യാപ്തിയും ഈ പ്രഖ്യാപനത്തിനുണ്ട്.

യേശുവിന്റെ ആഗമനത്തോടെ ഒരു പുതിയ യാഥാർത്ഥ്യം ഈ ഭൂമിയിൽ സംജാതമായിരിക്കുന്നു എന്ന സൂചനയും സമയത്തിന്റെ പൂർത്തീകരണത്തെക്കുറിച്ചുള്ള പരാമർശത്തിലുണ്ട്. ഈ സമയത്തിന്റെ നിർണ്ണായക പ്രാധാന്യം മനസ്സിലാക്കാൻ തന്റെ ശ്രോതാക്കളെ ക്ഷണിക്കുകയും അതു ഗ്രഹിക്കാൻ കഴിയാത്തതിനെ പ്രതി അവരെ ശാസിക്കുകയും ചെയ്യുന്നതിലൂടെ അവിടുന്ന് തന്നെ ഇതു വ്യക്തമാക്കുന്നു. "കപടനാട്യക്കാരേ, ഭൂമിയുടെയും ആകാശത്തിന്റെയും ഭാവഭേദം വ്യാഖ്യാനിക്കാൻ നിങ്ങൾക്കറിയാം. എന്നാൽ, ഈ കാലത്തെ വ്യാഖ്യാനിക്കാൻ നിങ്ങൾക്ക് അറിയാത്തത് എന്തുകൊണ്ട്?" (ലൂക്കാ 12,56).

നസ്രത്തിൽ വച്ചു നടത്തിയ നയപ്രഖ്യാപനത്തിൽ സൂചിപ്പിച്ചതാണ് സമയത്തിന്റെ പ്രാധാന്യം. "നിങ്ങൾ കേട്ടിരിക്കെ ഇന്ന് ഈ തിരുവെഴുത്ത് നിറവേറിയിരിക്കുന്നു" (ലൂക്കാ 4,21). സുവിശേഷവചനം പ്രഘോഷിക്കപ്പെടുന്ന നിമിഷമാണ് പൂർത്തീകരണത്തിന്റെ ഇന്ന്. "ഇന്ന് ഈ ഭവനത്തിന് രക്ഷ കൈവന്നിരിക്കുന്നു" (ലൂക്ക 19,9). "ഇന്ന് നീ എന്നോടുകൂടെ പറുദീസായിൽ ആയിരിക്കും" (ലൂക്കാ 23,43).

പ്രവചനങ്ങൾ പൂർത്തീകരിക്കപ്പെട്ടിരിക്കുന്നു എന്ന രക്ഷയുടെ സുവിശേഷം പ്രഘോഷിക്കപ്പെടുമ്പോൾ അതു സ്വീകരിക്കാൻ വിസ്സമ്മതിക്കുന്നത് മാരകമായ വീഴ്ചയാകാം. രക്ഷ നല്കാനായി ജീവിതത്തിലേക്കു കടന്നുവരുന്ന ദൈവത്തിന്റെ സന്ദർശനമാണ് പൂർത്തീകരണത്തിന്റെ ഈ സമയം. അതു മനസ്സിലാക്കാതെ പോയാൽ പിന്നീട് ഒരവസരം ലഭിച്ചെന്നുവരില്ല. ജറുസലെമിനെ നോക്കി വിലപിക്കുമ്പോൾ ഈ സത്യമാണ് യേശു വെളിപ്പെടുത്തുന്നത്.





"സമാധാനത്തിനുള്ള മാർഗ്ഗങ്ങൾ ഈ ദിവസത്തിലെങ്കിലും നീ അറിഞ്ഞിരുന്നെങ്കിൽ..നിന്നെയും നിന്റെ മക്കളെയും നശിപ്പിക്കുകയും നിന്നിൽ കല്ലിൻമേൽ കല്ലുശേഷിക്കാതിരിക്കുകയും ചെയ്യും.....എന്തെന്നാൽ, നിന്റെ സന്ദർശനസമയം നീ അറിഞ്ഞില്ല" (ലൂക്കാ 19,44). രക്ഷയുടെ സമയം ആർക്കും വേണ്ടി കാത്തു നില്ക്കില്ല. ഒരിക്കൽ നല്കപ്പെട്ട നിർണ്ണായക നിമിഷം ആവർത്തിക്കപ്പെടുകയുമില്ല. അതിനാൽ പ്രഘോഷിക്കപ്പെടുന്ന വചനം സ്വീകരിക്കാനുള്ള ഉത്തരവാദിത്വം ജീവന്മരണ പ്രാധാന്യമുള്ളതാണ്.

യേശുക്രിസ്തുവിലൂടെ ദൈവം ചരിത്രത്തിൽ ഇടപെടുന്ന സമയത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് വി.പൗലോസ് അപ്പസ്തോലൻ തന്റെ അനുവാചകരെ അനേകം തവണ അനുസ്മരിപ്പിക്കുന്നു. "ഇതെല്ലാം ചെയ്യുന്നത് കാലത്തിന്റെ പ്രത്യേകത അറിഞ്ഞുകൊണ്ടുവേണം. നിദ്രവിട്ടുണരേണ്ട മണിക്കൂറാണല്ലോ ഇത്. എന്തെന്നാൽ, ഇപ്പോൾ രക്ഷ നമ്മൾ ആരും പ്രതീക്ഷിച്ചിരുന്നതിനേക്കാൾ അടുത്തെത്തിയിരിക്കുന്നു" (റോമാ 13,11) "ഇതാ ഇപ്പോൾ സ്വീകാര്യമായ സമയം. ഇതാ ഇപ്പോൾ രക്ഷയുടെ ദിവസം" (2 കോറി 6,2).

ഉണർന്നു പ്രവർത്തിക്കേണ്ട സമയമായി. ഭീരുത്വവും അസൂയയും വെടിഞ്ഞ്, അനാവശ്യകാര്യങ്ങളിലുള്ള വ്യഗ്രതകൾവെടിഞ്ഞ്, ദൈവവചനം ശ്രവിക്കാനും വിശ്വസിക്കാനും അതനുസരിച്ച് പ്രവർത്തിക്കാനുമുള്ള ആഹ്വാനമാണ് യേശുവിന്റെ വാക്കുകളിൽ മുഴങ്ങുന്നത്. "ഇന്ന് നിങ്ങൾ അവന്റെ സ്വരം ശ്രവിക്കുമ്പോൾ..നിങ്ങളുടെ ഹൃദയം കഠിനമാക്കരുത്" (ഹെബ്രാ. 3,15). തിന്മയുടെ ശക്തികൾ അതീവ ജാഗ്രതയോടെ കരുക്കൾ നീക്കുമ്പോൾ ദൈവരാജ്യത്തിന്റെ മക്കൾ സുഖനിദ്രയിൽ ആണ്ടുപോകരുത്. കാലത്തിന്റെ പ്രത്യേകത മനസ്സിലാക്കി ജാഗ്രതയോടെ പ്രവർത്തനനിരതരാകാനുള്ള ക്ഷണമാണ് "സമയം പൂർത്തിയായി" എന്ന് ഉദ്ഘോഷിച്ച ആദ്യവചനം.

ഈ സമയത്തിന്റെ സവിശേഷതയും അതിനു മനുഷ്യൻ കൊടുക്കേണ്ട മറുപടിയുമാണ് യേശു തുടർന്നു പ്രഖ്യാപിക്കുന്നത്.

# 6 ദൈവരാജ്യം സമീപിച്ചിരിക്കുന്നു

### *മർക്കോസ് 1,15*

യേശു പ്രസംഗിച്ച സുവിശേഷത്തിന്റെ രത്നച്ചുരുക്കമായി വി. മർക്കോസ് അവതരിപ്പിക്കുന്നത് രണ്ടു വാക്കുകളാണ്: "ദൈവരാജ്യം സമീപിച്ചിരിക്കുന്നുന്നു". "സമയംപൂർത്തിയായി" എന്ന പ്രഖ്യാപനത്തിന്റെ തുടർച്ചയും വിശദീകരണവുമാണിത്. യേശുവിന്റെ പ്രവർത്തനങ്ങളുടെയും പ്രഘോഷണങ്ങളുടെയും മുഴുവൻ സംഗ്രഹവും ഈ രണ്ടു വാക്കുകളിൽ കാണാം.

യേശുവിന്റെ പ്രവർത്തനങ്ങളെല്ലാം ദൈവരാജ്യസാന്നിധ്യത്തിന്റെ അടയാളങ്ങളും പ്രഘോഷണം മുഴുവൻ ദൈവരാജ്യത്തെക്കുറിച്ചുള്ള വിശദീകരണങ്ങളും അതിൽ പ്രവേശിക്കാനുള്ള നിർദ്ദേശങ്ങളും ആയിരുന്നു. എന്താണ് ദൈവരാജ്യം എന്ന് നിർവചിക്കുന്നില്ലെങ്കിലും ദൈവരാജ്യത്തിന്റെ സ്വഭാവത്തെയും നിബന്ധനകളെയുംകുറിച്ച് യേശു വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. യേശുവിന്റെ സമകാലികർക്കു സുപരിചിതമായ ഒരാശയമായിരുന്നു "ദൈവരാജ്യം". അതിനാൽത്തന്നെ എന്താണ് യേശു പ്രഘോഷിച്ച ദൈവരാജ്യം എന്ന് ആരും ചോദിച്ചില്ല; അത് എപ്പോൾ വരും, എന്തായിരിക്കും അതിന്റെ ആഗമനത്തിന്റെ അടയാളങ്ങൾ എന്നൊക്കെ മാത്രമേ ശ്രോതാക്കൾ ചോദിക്കുന്നുള്ളു. ഇതേ ചോദ്യം ശിഷ്യന്മാരും ആവർത്തിച്ചിരുന്നു.

രാജ്യം എന്നു കേൾക്കുമ്പോൾ ഏതെങ്കിലും ഒരു പ്രദേശത്തെയോ ഭൂവിഭാഗത്തെയോ കുറിച്ചാണ് നാം ചിന്തിക്കുക. എന്നാൽ, യഹൂദരുടെകാഴ്ചപ്പാടനുസരിച്ച് ദൈവരാജ്യം എന്നത് ഏതെങ്കിലും ഒരു സ്ഥലത്തെയല്ല, ഒരു സംവിധാനത്തെയാണ് സൂചിപ്പിക്കുന്നത്. ദൈവത്തോടുള്ള അതിയായ ആദരവും ബഹുമാനവും മൂലം ദൈവത്തിന്റെ പേര് അവർ പറയാറില്ല; ദൈവം എന്തെങ്കിലും ചെയ്യുന്നു എന്നതിനുപകരം ആ പ്രവൃത്തിയുടെ ഫലത്തെക്കുറിച്ചായിരിക്കും പറയുക. ഉദാഹരണത്തിന്, ദൈവം പറയുന്നു എന്നതിനുപകരം "ദൈവത്തിന്റെ വചനം" എന്നും ദൈവം വസിക്കുന്നു എന്നതിനുപകരം "ദൈവത്തിന്റെ ഭവനം" എന്നും പറയും. അതുപോലെ ദൈവം ഭരിക്കുന്നു എന്നതിനു പകരം ദൈവരാജ്യം എന്ന പദപ്രയോഗം പ്രചാരത്തിലിരുന്നു ആദരവിന്റെ ആധിക്യത്താൽ ദൈവരാജ്യം എന്നതിനുപകരം "സ്വർഗ്ഗരാജ്യം" എന്നാണ് മത്തായി സുവിശേഷകൻ എഴുതുന്നത്. ദൈവം രാജാവായി ഭരണം നടത്തുന്ന അവസ്ഥയും അതിലൂടെ സംജാതമാകുന്ന പുതിയ സംവിധാനവുമാണ് "ദൈവരാജ്യം" എന്നതുകൊണ്ട് ബൈബിളിൽ പൊതുവേ വിവക്ഷിക്കുന്നത്.





ദൈവത്തിന്റെ രാജഭരണം ഈ ഭൂമിയിൽ നടപ്പിലാക്കാൻ ദൈവം പ്രത്യേകം തിരഞ്ഞെടുത്ത ജനമാണ് തങ്ങൾ എന്ന് ഇസ്രായേൽക്കാർ വിശ്വസിച്ചിരുന്നു. അബ്രാഹത്തിനു ദൈവം നല്കിയ വാഗ്ദാനത്തിൽ (ഉല്പ 12,1-3) തുടങ്ങിയതാണ് ഈ വിശ്വാസം. ആസന്നമരണനായ യാക്കോബ് തന്റെ മക്കൾക്ക്, പ്രത്യേകിച്ച് യൂദായ്ക്കു നല്കിയ അനുഗ്രഹത്തിലും (ഉത്പ 49,10) ബാലാമിന്റെ പ്രവചനത്തിലും (സംഖ്യ 28,21; 24,7) കൂടി വളർന്നുവന്ന രാജത്വത്തെ സംബന്ധിച്ച പ്രതീക്ഷ ദാവീദിന്റെ രാജത്വത്തിലും നാഥാന്റെ പ്രവചനത്തിലും (2 സാമു 7,8-17) സഫലമായി.

ഇസ്രായേൽ രാജാക്കന്മാരിലൂടെ ദൈവഭരണം ഇവിടെ എന്നേക്കും തുടരുമെന്ന വിശ്വാസം, ബാബിലോൺ പ്രവാസത്തിൽ തകർന്നു. വീണ്ടും ഒരു മിശിഹാ രാജാവിനെ അയച്ച് ദൈവം തന്റെ ഭരണം സ്ഥാപിക്കുമെന്ന പ്രതീക്ഷകൾ അവർ വച്ചു പുലർത്തി. ചില പ്രവചനങ്ങൾ അതിനു സഹായകമായി (ഏശ 9,1-7; 11,1-9). താൻ അയയ്ക്കുന്ന മിശിഹായിലൂടെ ദൈവമായിരിക്കും ഭരണം നടത്തുക (ഏശ 40,1-11;53,7). എന്നാൽ രാജാക്കന്മാരുടെ പരാജയങ്ങൾ വ്യക്തമായി അനുഭവിച്ചറിഞ്ഞ ജനം, ദൈവം നേരിട്ട് ചരിത്രത്തിൽ ഇടപ്പെടുന്നതിനെക്കുറിച്ചും സ്വപ്നം കണ്ടു. അപ്പോകലിപ്റ്റിക് എന്നറിയപ്പെടുന്ന ചിന്താധാരയും സാഹിത്യരൂപവും ഇപ്രകാരമൊരു കാഴ്ചപ്പാടാണ് വച്ചു പുലർത്തിയത്. അനീതിയും അക്രമവും നിറഞ്ഞ്, പൂർണ്ണമായും തിന്മയ്ക്ക് അധീനമായിത്തീർന്ന് ഈ ലോകത്തെ തുടച്ചുനീക്കി, ദൈവം തന്നെ പുതിയൊരു ലോകത്തിനു രൂപം നല്കും. അതൊരു പുതിയ സൃഷ്ടിയായിരിക്കും. അതായിരിക്കും ദൈവരാജ്യം എന്ന ചിന്തയും ശക്തിപ്പെട്ടുവന്നു.

ഇങ്ങനെ ദൈവരാജ്യത്തെക്കുറിച്ച് വ്യത്യസ്ത സങ്കല്പങ്ങൾ യേശുവിന്റെ കാലത്ത് പലസ്തീനായിൽ നിലവിലിരുന്നു. മിശിഹാ രാജാവിനെ പ്രതീക്ഷിച്ചവർ ദൈവരാജ്യത്തെ രാഷ്ട്രീയതലത്തിലാണ് കണ്ടത്. റോമൻ ആധിപത്യം അവസാനിപ്പിച്ച്, ഇസ്രായേലിനെ സ്വതന്ത്രരാജ്യമായി പുനഃസ്ഥാപിക്കുകയും ആ രാജ്യത്തിന്റെ സ്വാധീനം ലോകത്തിന്റെ അതിർത്തികൾവരെ വ്യാപിക്കുകയും ചെയ്യുമെന്ന് ചിലർ സ്വപ്നം കണ്ടു. അതിന്റെ സാക്ഷാൽക്കാരത്തിനായി സൈന്യത്തെ സജ്ജമാക്കുകയും യുദ്ധത്തിനൊരുങ്ങുകയും ചെയ്തവരാണ് തീവ്രവാദികൾ. യേശു വളർന്നുവന്ന ഗലീലിയിലാണ് അവരുടെ സാന്നിധ്യം ഏറ്റം കൂടുതലായുണ്ടായിരുന്നത്. ദൈവത്തിന്റെ നേരിട്ടുള്ള ഇടപെടലിലൂടെ ഈ ലോകം അവസാനിച്ച് പുതുയുഗം ഉദയം ചെയ്യുമെന്ന് പ്രതീക്ഷിച്ചവർ തീവ്രമായ ഭക്തിയും തീക്ഷ്ണമായ മതാനുഷ്ഠാനങ്ങളും നിയമാനുസരണവും വഴി തങ്ങളെത്തന്നെ ഒരുക്കി. ഖുമ്റാൻ സന്യാസികൾ ഇക്കൂട്ടരുടെ മുൻപന്തിയിൽ നില്ക്കുന്നു.

ഇതിൽ ഏതാണ് യേശു സ്വീകരിച്ച നിലപാട്? ദൈവരാജ്യം സമീപിച്ചിരിക്കുന്നു എന്ന് പ്രഘോഷിച്ചപ്പോൾ എന്താണ് യേശു അർത്ഥമാക്കിയത്? ജന

ങ്ങൾ തങ്ങളുടെ പ്രതീക്ഷകൾക്കനുസരിച്ച് നിഗമനങ്ങൾ എടുത്തു. ശിഷ്യന്മാർ പോലും അധികപങ്കും രാഷ്ട്രീയമായ ഒരു രാജ്യത്തെക്കുറിച്ചാണ് ചിന്തിച്ചത്. രാജ്യസ്ഥാപനത്തെയും (അപ്പ 1,6) അധികാര സ്ഥാനങ്ങളെയും (മർക്കോ 10,37, ലൂക്കാ 22,24) കുറിച്ചുള്ള അവരുടെ ചോദ്യങ്ങൾ ഇതാണല്ലോ സൂചിപ്പിക്കുക. എന്നാൽ യേശുവിന്റെ കാഴ്ചപ്പാട് തികച്ചും വ്യത്യസ്തമായിരുന്നു. പിശാചു ബഹിഷ്കരണത്തിലൂടെയും അത്ഭുതകരമായ രോഗശാന്തിയിലൂടെയും പ്രകടമായ ദൈവരാജ്യം ഒരു രാഷ്ടീയ സംവിധാനമല്ല, തിന്മയുടെ ആധിപത്യത്തിൽ നിന്ന് ദൈവം നല്കുന്ന സമഗ്രമായ മോചനമാണ്.

ബന്ധിതർക്കു മോചനം, അന്ധർക്കു കാഴ്ച, അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്യം, എന്നിങ്ങനെ വിശേഷിപ്പിക്കുന്ന സദ്വാർത്തയാണ് ദൈവരാജ്യത്തിന്റെ സുവിശേഷം. അത് അധികാരശ്രേണികളിലും ആധിപത്യപ്രവണതയിലും അല്ല, സ്വയം ദാനം ചെയ്യുന്ന സ്നേഹത്തിലാണ് അടിയുറച്ചിരിക്കുന്നത്. മനുഷ്യനെ അടിമയാക്കുന്ന സകല ശക്തികളിലും സംവിധാനങ്ങളിലും നിന്നു വിടുതൽ നൽകുന്നതാണ് ദൈവരാജ്യം. അത് മനുഷ്യൻ പിടിച്ചടക്കുന്നതോ കെട്ടിപ്പടുക്കുന്നതോ അല്ല, ദൈവം ദാനമായി നൽകുന്നതാണ്.

ദൈവം തന്റെ ഭരണം ഭൂമിയിൽ നടപ്പിലാക്കാൻ തുടങ്ങിയിരിക്കുന്നു എന്നതാണ് യേശു പ്രഘോഷിക്കുന്ന സദ്വാർത്ത. ആ ഭരണം മനുഷ്യഹൃദയങ്ങളിലാണ് ആരംഭിക്കുന്നത്. മനുഷ്യരെ ദൈവമക്കളുടെ പദവിയിലേക്ക് ഉയർത്തന്നതിലൂടെയാണ്, സകല മനുഷ്യരെയും രാജകുമാരന്മാരും രാജകുമാരികളുമായി ദത്തെടുക്കുന്നതിലൂടെയാണ്, ഈ രാജ്യം സംസ്ഥാപിതമാവുക. ദൈവഹിതം സ്വന്തം ജീവിതത്തിന് മാനദണ്ഡമായി സ്വീകരിക്കുന്നവരുടെ ഹൃദയങ്ങളിൽ ആരംഭിച്ച് അവരെ ഒരു സമൂഹമായി, കൂട്ടായ്മയായി വളർത്തുന്നതാണ് ദൈവരാജ്യം. ആ കൂട്ടായ്മയിൽ ദൈവരാജ്യം പ്രകടമാകുന്നു.

നീതി, സഹോദര്യം, സമത്വം, സ്വാതന്ത്ര്യം എന്നീ മൂല്യങ്ങളിലൂടെയാണ് ദൈവരാജ്യം ദൃശ്യമാകുന്നത്. ദൈവഹിതം പൂർണ്ണമായി നിറവേറുന്നിടത്ത് ഈ മൂല്യങ്ങൾ സാക്ഷാൽക്കരിക്കപ്പെടും. അവിടെ ദൈവരാജ്യം ഒരു യാഥാർത്ഥ്യമായിരിക്കും. എല്ലാവിധ ഭയത്തിൽ നിന്നും രോഗത്തിന്റെയും പാപത്തിന്റെയും മരണത്തിന്റെയും ബന്ധനത്തിൽ നിന്നും മനുഷ്യൻ സ്വതന്ത്രനാകും. മനുഷ്യർ പരസ്പരം സഹോദരങ്ങളായി അംഗീകരിക്കും. അവിടെ ശത്രുതയും മത്സരവും ആധിപത്യപ്രവണതയും ഉണ്ടാവില്ല. നീതിയിലും സ്നേഹത്തിലും അടിയുറച്ച്, എല്ലാവരും ദൈവമക്കളുടെ സ്വാതന്ത്ര്യം അനുഭവിക്കുന്ന അവസ്ഥ – അതാണ് ദൈവരാജ്യം. അതിന്റെ ആവിർഭാവമാണ് യേശു പ്രഘോഷിച്ചത്. ഇതിനു ദേശത്തിന്റെയും വംശത്തിന്റെയും പരിധികളില്ല. എല്ലാ മനുഷ്യരെയും ഉൾക്കൊള്ളാൻ മാത്രം വിശാലമാണ് ദൈവരാജ്യം.

U U U U U U



# 7 അനുതപിക്കുവിൻ

## *മർക്കോസ് 1,15*

ആസന്നമായിരിക്കുന്ന ദൈവരാജ്യത്തിൽ പ്രവേശിക്കാൻ, മനുഷ്യന് ആവശ്യമായ മനോഭാവത്തെ സൂചിപ്പിക്കുന്നതാണ് "അനുതപിക്കുവിൻ" എന്ന ആഹ്വാനം. അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിച്ചാലേ ദൈവരാജ്യാനുഭവത്തിൽ പങ്കുചേരാൻ കഴിയൂ. എന്താണ് അനുതപിക്കുക എന്നതുകൊണ്ട് അർത്ഥമാക്കുന്നത്?

എടുത്ത ഒരു തീരുമാനമോ ചെയ്ത ഒരു പ്രവൃത്തിയോ തെറ്റായിരുന്നു എന്ന ബോധ്യത്തിൽ നിന്നുണ്ടാകുന്ന ദുഃഖത്തെയാണ് അനുതാപംകൊണ്ട് പൊതുവെ മനസ്സിലാക്കുന്നത്. പഴയനിയമ പ്രവാചകന്മാരുടെ പ്രസംഗങ്ങളിൽ അധികപങ്കും ജനത്തെ ഇപ്രകാരമുള്ള അനുതാപത്തിലേക്കു നയിക്കുന്നതായിരുന്നു. സ്നാപകയോഹന്നാന്റെ പ്രസംഗത്തിന്റെ മുഖ്യപ്രമേയവും ഇതുതന്നെ ആയിരുന്നു (മത്താ 3,2; ലൂക്കാ 3,3-8). എന്നാൽ കഴിഞ്ഞ കാലത്തെ സംബന്ധിച്ച ദുഃഖം മാത്രമല്ല ഇവിടെ വിവക്ഷിക്കുന്നത്.

അനുതപിക്കുവിൻ എന്നു വിവർത്തനം ചെയ്യുന്നത് "മെത്താനോയേത്തെ" എന്ന ഗ്രീക്കുവാക്കാണ്. മനസ്സ് എന്ന് അർത്ഥമുള്ള "നൂസ്" എന്ന പദത്തിൽ നിന്നാണ് ഈ വാക്കിന്റെ ഉത്ഭവം. മനസ്സ് മാറ്റുക, പുതിയൊരു മനസ്സ് ഉണ്ടാകുക എന്നൊക്കെയാണ് മൂലാർത്ഥം. മനസ്സുതിരിയുക, മാനസാന്തരപ്പെടുക എന്നൊക്കെ ഈ പദത്തെ വിവർത്തനം ചെയ്യാം. അങ്ങനെയാണ് ബൈബിളിൽ പലപ്പോഴും വിവർത്തനം ചെയ്തിരിക്കുന്നത്. ചെയ്തുപോയ തെറ്റിനെക്കുറിച്ചുള്ള ദുഃഖം ആ തെറ്റുതിരുത്താനും പുതിയൊരു ജീവിതരീതി സ്വീകരിക്കാനും പ്രേരിപ്പിക്കണം. പോകുന്ന വഴി തെറ്റായതാണെന്നു മനസ്സിലാകുമ്പോൾ വഴി മാറണം. ശരിയായതു തിരഞ്ഞെടുക്കണം. ഇങ്ങനെ ഒരു മനസ്സു മാറ്റത്തെയും വഴിമാറ്റത്തെയുമാണ് അനുതപിക്കുവിൻ എന്ന ആഹ്വാനം സൂചിപ്പിക്കുന്നത്.

*'ശൂബ്'* എന്ന ഹീബ്രുപദമാണ് പഴയനിയമത്തിൽ ഈ മാറ്റത്തെ, അഥവാ മാനസാന്തരത്തെ സൂചിപ്പിക്കാൻ ഏറ്റവും അധികം ഉപയോഗിച്ചിരിക്കുന്നത്. മടങ്ങുക, തിരിച്ചുവരുക, വിട്ടുപേക്ഷിച്ചുപോയതിലേക്ക് മടങ്ങിവരുക എന്നൊക്കെയാണ് ഇതിനർത്ഥം. ദൈവത്തിലേക്ക്, അവിടുത്തെ പ്രമാണങ്ങളിലേക്ക്, അവിടുത്തെ ഭവനത്തിലേക്ക്, മടങ്ങിവരാനുള്ള ആഹ്വാനമാണ് ഇതിലൂടെ പ്രവാചകന്മാർ നിരന്തരമായി നല്കിയിരുന്നത്. ഈ മടങ്ങിവരവിന് രണ്ടു ഘടകങ്ങൾ, അഥവാ ഭാഗങ്ങൾ ഉണ്ട്. ബാഹ്യമായ അനുഷ്ഠാനങ്ങളാണ് ദൃശ്യമായ

ഘടകം. വിലപിക്കുക, ചാരം പൂശുക, ചാക്കുടുക്കുക, ഉപവസിക്കുക മുതലായ ബാഹ്യാനുഷ്ഠാനങ്ങൾ ഈ ദൃശ്യമായ ഘടകത്തിൽ ഉൾപ്പെടുന്നു. ജീവിതനവീകരണവും ഇതിൽപ്പെടും. *"എപ്പിസെത്രഫെയിൻ"* (മടങ്ങുക) എന്ന ഗ്രീക്കുവാക്കാണ് ഈ ഘടകത്തെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്നത്. ബാഹ്യപ്രവർത്തനങ്ങൾ ആന്തരികഭാവത്തിന്റെ പ്രകടനമാകണം. ഹൃദയത്തിൽ അഥവാ മനോഭാവത്തിൽ ഉണ്ടാകേണ്ട മാറ്റമാണ് രണ്ടാമത്തെ ഘടകം. അതിനെയാണ് *മെത്താനോയിയാ* (മാനസാന്തരം) എന്നു ഗ്രീക്കിൽ പറയുന്നത്.

യേശുവിന്റെ ആഹ്വാനത്തിൽ ഈ രണ്ടു ഘടകങ്ങളും ഉൾപ്പെടുന്നുണ്ട്. എന്നാൽ, രണ്ടാമത്തേതിനാണ് യേശു ഊന്നൽ നല്കുന്നത്. സ്നാപകനും പ്രവാചകന്മാരും ഊന്നൽ നല്കിയതും മാനസാന്തരത്തിനു തന്നെയാണ്. പലപ്പോഴും ബാഹ്യാനുഷ്ഠാനങ്ങൾ ആന്തരികഭാവത്തിന്റെ പ്രകടനമായിരിക്കുകയില്ല. തെറ്റായ ബോധ്യങ്ങളിലും തീരുമാനങ്ങളിലും നിലനിന്നുകൊണ്ട് അനുതാപത്തിന്റെ അനുഷ്ഠാനങ്ങൾ മാത്രം ആചരിക്കുന്നത് കാപട്യമായിരിക്കും. ഈ കാപട്യത്തിനെതിരേ പ്രവാചകന്മാരും യേശുവും ശക്തമായി പ്രതികരിച്ചു. അതുകൊണ്ടാണ് പങ്കുവയ്ക്കുന്ന സ്നേഹത്തിലൂടെ മാനസാന്തരത്തിനു യോജിച്ച ഫലങ്ങൾ പുറപ്പെടുവിക്കാൻ സ്നാപകൻ വെല്ലുവിളിച്ചത് (ലൂക്കാ 3,8-14).

ജീവിതത്തിൽ വരുത്തേണ്ട സമൂലമായ ഒരു പരിവർത്തനമാണ് അനുതാപം - മാനസാന്തരംകൊണ്ട് ലക്ഷ്യമിടുന്നത്. വിട്ടുപോന്ന പിതൃഭവനത്തിലേക്കുള്ള ഒരു മടക്കയാത്രയാണത്. പിതാവിന്റെ സ്നേഹത്തെക്കുറിച്ചുള്ള ബോധ്യവും അത് തിരസ്കരിച്ചതിലുള്ള ദുഃഖവും ഇപ്പോഴത്തെ ദയനീയാവസ്ഥയുടെ അനുഭവവും ഒന്നുചേരുമ്പോഴാണ് ഈ മടക്കയാത്ര സാധ്യമാകുന്നത്. മാനസാന്തരപ്പെടുവിൻ എന്ന ആഹ്വാനത്തിന്റെ ആഴങ്ങളും മാനങ്ങളും വ്യക്തമാക്കുന്നതാണ് യേശുവിന്റെ പ്രബോധനങ്ങൾ. അവയിൽ ഏറ്റം വ്യക്തവും മനോഹരവുമാണ് നഷ്ടപ്പെട്ടതിനെ തേടുന്ന പിതാവിനെക്കുറിച്ച് യേശു പറഞ്ഞ് കഥകൾ, പ്രത്യേകിച്ച് "ധൂർത്തപുത്രന്റെ" ഉപമ.

സൗജന്യമായി ദൈവം നല്കുന്ന ദൈവരാജ്യം സ്വീകരിക്കാൻ ഈ മാനസാന്തരം ആവശ്യമാണ്. പിതാവിന്റെ നിസ്സീമമായ സ്നേഹത്തിൽ വിശ്വസിച്ചെങ്കിൽ മാത്രമേ ഈ മാനസാന്തരം സാധ്യമാകൂ. അഥവാ പിതാവിലേക്കു തിരിയുക എന്ന പ്രവൃത്തിയുടെ രണ്ടു ഭാഗങ്ങളാണ് വിശ്വാസവും മാനസാന്തരവും. അതുകൊണ്ടാണ് അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കാൻ യേശു ആവശ്യപ്പെടുന്നത് വിശ്വസിച്ച് മാനസാന്തരപ്പെടുവിൻ എന്നും പറയാവുന്നതാണ്.

ജീവിതത്തിന്റെ എല്ലാ തലങ്ങളെയും സ്പർശിക്കുന്നതാണ് യേശു ആവശ്യപ്പെടുന്ന മാനസാന്തരം. അത് വ്യക്തി വിലപ്പെട്ടതായി കരുതുന്ന മൂല്യങ്ങളിൽ മാറ്റംവരുത്തുന്നു. ഇതുവരെ വിലപ്പെട്ടതെന്നു കരുതിയ സമ്പത്തും പ്രതാപവും





പ്രശസ്തിയും എല്ലാം വിലകെട്ടതായി കരുതാൻ (ഫിലി 3,8) ദൈവസ്നേഹത്തെപ്രതി എല്ലാം ഉപേക്ഷിക്കാൻ ഈ മാനസാന്തരം പ്രേരിപ്പിക്കും. ലോകം മുഴുവൻനേടിയാലും ആത്മാവു നഷ്ടപ്പെട്ടാൻ ഒരു പ്രയോജനവുമില്ല (മത്താ 16,26) എന്ന് അവബോധത്തിലേക്ക് നയിക്കുന്നതാണ് മാനസാന്തരം. ശിശുക്കളെപ്പോലെയാകാനും (മത്താ 18,3) തനിക്കുള്ളതെല്ലാം ഉപേക്ഷിച്ച് യേശുവിന്റെ ശിഷ്യനാകാനും (ലൂക്കാ 14,33) പ്രാപ്തനാക്കുന്നതാണ് മാനസാന്തരം. ഓരോ തീരുമാനത്തിലും ഓരോ പ്രവൃത്തിയിലും ഈ പുതിയ മനോഭാവം പ്രകടമാകും. ഇത് ഒരു പുതിയ ജനനം തന്നെയാണ്.

അതുകൊണ്ടാണ് വീണ്ടും ജനിക്കുന്നില്ലെങ്കിൽ ആർക്കും ദൈവരാജ്യം കാണാൻ കഴിയില്ല എന്ന് യേശു നിയമപണ്ഡിതനായ നിക്കദേമോസിനോടു പറഞ്ഞത് (യോഹ 3,3) "വീണ്ടും ജനിക്കുക" എന്നാൽ ജലത്താലും ആത്മാവിനാലും ജനിക്കുകയാണെന്ന് യേശു വിശദീകരിച്ചു (യോഹ 3,5). അത് ഉന്നതത്തിൽ നിന്നുള്ള ജനനമാണ്; അഥവാ ദൈവാത്മാവിന്റെ പ്രവർത്തനത്താൽ സംഭവിക്കുന്ന ദൈവമക്കളായുള്ള ദത്തെടുക്കലാണ്. മാമ്മോദീസായുടെ ജലത്താൽ പാപക്കറകൾ മുഴുവൻ കഴുകി, ദൈവാത്മാവിനാൽ പുതു ജീവൻ പ്രാപിക്കുന്നതാണ് ഈ വീണ്ടും ജനനം. അനുതപിക്കുക, മാനസാന്തരപ്പെടുക എന്നൊക്കെ സമവീക്ഷണസുവിശേഷങ്ങളിൽ പറയുന്ന യാഥാർത്ഥ്യത്തിന് യോഹന്നാന്റെ സുവിശേഷത്തിൽ നൽകുന്ന വിശദീകരണമാണ് പുതിയ ജനനം. അന്ധകാരത്തിൽ നിന്ന് പ്രകാശത്തിലേക്ക്, മരണത്തിൽ നിന്ന് ജീവനിലേക്ക്, ലോകത്തിൽ നിന്ന് ദൈവത്തിലേക്കു തിരിയുന്നതിനെ ഇതു സൂചിപ്പിക്കുന്നു.

ഒരു പുതിയ സൃഷ്ടിയാവുക എന്നതാണ് പരമപ്രധാനം (ഗലാ 6,15) എന്നു പറയുമ്പോൾ വി. പൗലോസ് വിവക്ഷിക്കുന്നതും ഇതുതന്നെ. പുതിയ സൃഷ്ടിയാവണമെങ്കിൽ ക്രിസ്തുവിൽ ആയിരിക്കണം (2 കൊറി 5,17). അതിനായി വിശ്വാസം വഴി ക്രിസ്തുവിനെ ഹൃദയങ്ങളിൽ വസിക്കുന്നതിലൂടെ ആന്തരിക മനുഷ്യനെ ശക്തിപ്പെടുത്തണം (എഫേ 3,16-17). പഴയ ജീവിതരീതിയിൽ നിന്ന് രൂപംകൊണ്ട വഞ്ചന നിറഞ്ഞ ആസക്തികളാൽ കലുഷിതനായ പഴയമനുഷ്യനെ ദൂരെയെറിഞ്ഞ്, മനസ്സിന്റെ ചൈതന്യത്താൽ നവീകരിക്കപ്പെടണം (എഫേ 4,22) ദൈവാത്മാവിന്റെ പ്രചോദനങ്ങൾക്കും പ്രവർത്തനത്തിനും സ്വയം വിട്ടുകൊടുക്കുമ്പോൾ ഈ നവീകരണം സാധ്യമാകും. അങ്ങനെ സ്വയം വിട്ടുകൊടുക്കുന്നതാണ് അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുക എന്ന ആഹ്വാനത്തിന് നൽകേണ്ട മറുപടി. അതിലൂടെ ദൈവരാജ്യാനുഭവം സ്വന്തമാക്കാൻ കഴിയും, അഥവാ, നാം ദൈവരാജ്യത്തിലും ദൈവരാജ്യം നമ്മിലുമാകും.

# 8 നിങ്ങൾ എന്തന്വേഷിക്കുന്നു

## യോഹ 1,38

സ്നാപകന്റെ വാക്കു കേട്ടാണവർ യേശുവിന്റെ പിന്നാലെ ചെന്നത്. ഇസ്രായേലിനെ മോചിപ്പിക്കാൻ വന്ന രക്ഷകനായ മിശിഹായാണ് യോഹന്നാൻ എന്നു കരുതിയായിരുന്നു ആ രണ്ടു ചെറുപ്പക്കാർ, ജോർദ്ദാൻ നദീതീരത്ത് മാനസാന്തരം പ്രസംഗിച്ചിരുന്ന ആ താപസന്റെ അടുക്കലേക്ക് വന്നത്. നൂറ്റാണ്ടുകളായി ഇസ്രായേലിൽ നിലച്ചുപോയിരുന്ന പ്രവാചകശബ്ദം യൂദാ മരുഭൂമിയിൽ കൊടുങ്കാറ്റുപോലെ വീശിയടിച്ചു. പാലസ്തീനാ പ്രകമ്പനം കൊണ്ടു, ആ കൊടുങ്കാറ്റിൽ ഹെറോദേസിന്റെ സിംഹാസനംപോലും ഞെട്ടിവിറച്ചു. താമസിയാതെ റോമാ സിംഹാസനം തന്നെ തകർന്നുവീഴുമെന്നും തങ്ങൾ പ്രതീക്ഷിച്ചിരുന്ന വിമോചനം ആസന്നമായിരിക്കുന്നുവെന്നും അവർ കരുതി. റോമാക്കാരെ നാട്ടിൽ നിന്നു തുരത്താൻ സായുധസമരത്തിനൊരുങ്ങുന്ന തീവ്രവാദികളായ ഒളിപ്പോരാളികളുടെ നാടായ ഗലീലിയിൽ നിന്നു വന്ന അവർ തങ്ങളുടെ നാടിന്റെ സ്വപ്നം നെഞ്ചിലേറ്റിയിരുന്നു എന്നതിൽ സംശയമില്ല.

എന്നാൽ അവർ പ്രതീക്ഷിക്കുന്ന മിശിഹാ താനല്ലെന്നും തനിക്കു പിന്നാലെ വരുന്ന ആ ശക്തനെയാണ് അനുഗമിക്കേണ്ടതെന്നും സ്നാപകൻ അവരെ ബോധ്യപ്പെടുത്തി. ലോകത്തിന്റെ പാപം ചുമലിലേറ്റി ബലിയാകാൻ വന്ന ദൈവത്തിന്റെ കുഞ്ഞാടെന്നു വിശേഷിപ്പിച്ച് അവനെ യോഹന്നാൻതന്നെ ചൂണ്ടിക്കാട്ടി. അങ്ങനെയാണ് ജോർദ്ദാൻ നദീതീരത്തുവച്ച് അവർ യേശുവിന്റെ പിന്നാലെ ചെന്നത്. ആ പുതിയ പ്രവാചകന്റെ മുന്നിൽ നേരിട്ടു പ്രത്യക്ഷപ്പെടാൻ മടിച്ചിട്ടെന്നു തോന്നുമാറ് അല്പം അകലെയായി, പിറകേ പോവുകയാണവർ. "യേശു തിരിഞ്ഞ്, അവർ തന്റെ പിന്നാലെ വരുന്നതുകണ്ട്, ചോദിച്ചു: നിങ്ങൾ എന്തന്വേഷിക്കുന്നു?" (യോഹ 1,38).

പിന്നാലെ വരുന്നവനെ, തന്റെയടുക്കലേക്കു വരുന്നവരെ, യേശു വഴിയിൽ വച്ചുതന്നെ സ്വീകരിക്കുന്നു. കണ്ടുമുട്ടലും സംഭാഷണവും യേശു തന്നെ എളുപ്പമാക്കുന്നു. "എന്നെ അയച്ച പിതാവ് ആകർഷിച്ചാലല്ലാതെ ഒരുവനും എന്റെയടുക്കലേക്കു വരാൻ സാധിക്കയില്ല" (യോഹ 6,44) എന്നും "എന്റെ അടുക്കൽ വരുന്നവനെ ഞാൻ ഒരിക്കലും തള്ളിക്കളയുകയുമില്ല" (യോഹ 6,37) എന്നുമുള്ള തിരുവചനങ്ങളെ അന്വർത്ഥമാക്കുന്നതാണ് യേശുവിന്റെ സമീപനം. അന്വേഷിക്കുന്നവന്, പൂർണ്ണ ഹൃദയത്തോടെ അന്വേഷിക്കുന്നവന്, ദൈവം സ്വയം വെളിപ്പെടുത്തുന്നു. അന്വേഷിക്കാനുള്ള ആഗ്രഹം ഹൃദയത്തിൽ





ജനിപ്പിക്കുന്നതു തന്നെ ദൈവമാണ്. ദൈവം നമ്മെ കണ്ടെത്തിയിരുന്നില്ലെങ്കിൽ നമുക്ക് ദൈവത്തെ അന്വേഷിക്കാൻ പോലും കഴിയുമായിരുന്നില്ല എന്ന് വി. അഗസ്റ്റിൻ അനുസ്മരിപ്പിക്കുന്നു. എന്തിനോ വേണ്ടിയുള്ള തീവ്രമായ ദാഹം മനുഷ്യാത്മാവിൽ നിക്ഷേപിച്ചിരിക്കുന്നതു ദൈവം തന്നെയാണ്. എന്നാൽ എന്തിനുവേണ്ടിയാണ് ദാഹിക്കുന്നതെന്നറിയണം; എന്തു കിട്ടിയാലാണ് സമ്പൂർണ്ണ തൃപ്തിയാവുക എന്നും ഗ്രഹിക്കണം. ഈ തിരിച്ചറിവിലേക്കു ക്ഷണിക്കുന്നതാണ് യേശുവിന്റെ ചോദ്യം, "നിങ്ങൾ എന്തന്വേഷിക്കുന്നു?"

യേശുവിന്റെ കാലത്തെ പാലസ്തീനായിൽ ഗുരുക്കന്മാരെ തേടുന്ന അനേകം ചെറുപ്പക്കാരുണ്ടായിരുന്നു. നിയമത്തിന്റെ വിശദാംശങ്ങൾ പഠിക്കുന്നതിനും ചർച്ചയിലൂടെ നിയമങ്ങളുടെ കുരുക്ക് അഴിക്കുന്നതിനും വേണ്ടി വന്ന നിയമവിദ്യാർത്ഥികളാണോ അവർ, ഏറ്റം പ്രധാനപ്പെട്ട കല്പന ഏതാണെന്ന ചോദ്യവുമായി വന്ന നിയമജ്ഞനെപ്പോലെ (മത്താ 22,36)? അതോ സ്വർഗ്ഗത്തിൽനിന്ന് അത്ഭുതകരമായ അടയാളം പ്രതീക്ഷിച്ചാണോ (12,38) അവർ വരുന്നത്? ഫരിസേയരും നിയമജ്ഞരുമാണ് ഇപ്രകാരം നിയമവ്യാഖ്യാനവും അടയാളവും അന്വേഷിച്ചത്. അതല്ലെങ്കിൽ ഖുമ്റാനിലെ എസ്സേൻ സന്യാസികളെപ്പോലെ മിശിഹായുടെ വരവിനു വഴിയൊരുക്കാനാണോ അവർ അന്വേഷിക്കുന്നത്? തീവ്രവാദികളുടെ താവളത്തിൽനിന്നു വരുന്ന അവർ റോമാക്കാരിൽ നിന്നു മോചനം നല്കുന്ന ഒരു രാജാവിനെയാണോ അന്വേഷിക്കുന്നത് (യോഹ 6,15)? അതോ തങ്ങളുടെ അനുദിന പ്രശ്നങ്ങൾക്കു പരിഹാരം തേടിയാണോ അവർ വരുന്നത്?

തങ്ങളുടെ ജീവിതാവസ്ഥയിലേക്കും ഉദ്ദേശ്യലക്ഷ്യങ്ങളിലേക്കും ആഴത്തിൽ ചുഴിഞ്ഞു നോക്കാൻ ഈ ഗുരുമൊഴി ആ ചെറുപ്പക്കാരനെ പ്രേരിപ്പിച്ചു. എന്താണന്വേഷിക്കുന്നത്? അടയാളം തേടിവന്നവരെ യേശു നിരാശപ്പെടുത്തി. "സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഈ തലമുറയ്ക്ക് അടയാളം നല്കപ്പെടുകയില്ല" (മർക്കോ 8,12), മാനസാന്തരത്തിനു ക്ഷണിച്ച യോനായുടെ അടയാളം മാത്രം (ലൂക്കാ 11,29). അപ്പം തിന്നു തൃപ്തിയായവർ വീണ്ടും തന്നെ തേടി വന്നപ്പോൾ യേശു പറഞ്ഞു: "നശ്വരമായ അപ്പത്തിനുവേണ്ടി അദ്ധ്വാനിക്കാതെ മനുഷ്യപുത്രൻ തരുന്ന നിത്യജീവന്റെ അനശ്വരമായ അപ്പത്തിനുവേണ്ടി അദ്ധ്വാനിക്കുവിൻ" (യോഹ 6,27). സൗഖ്യം തേടിവന്നവർക്ക് അവൻ സൗഖ്യം നല്കി (ലൂക്കാ 6,17-19); കാഴ്ച തേടിവന്ന കുരുടർക്കു കാഴ്ചയും (മർക്കോ 10,52) മോചനം തേടിയ പാപിക്കു പാപമോചനവും (ലൂക്കാ 7,50).

ഇന്നും അനേകർ യേശുവിനെ അന്വേഷിക്കുന്നുണ്ട്. ധ്യാനകേന്ദ്രങ്ങളിൽ, കൺവെൻഷൻ ഹാളുകളിൽ, സുവിശേഷപ്രഘോഷണം നടക്കുന്ന പറമ്പുകളിൽ, വേദപുസ്തകത്തിന്റെ താളുകളിൽ, പ്രാർത്ഥനയുടെ ഏകാന്തത

യിൽ എല്ലാവരോടും യേശു ഇന്നും ചോദിക്കുന്നു: നിങ്ങൾ എന്തന്വേഷിക്കുന്നു? ഗുരുവിനെ അന്വേഷിച്ചെത്തിയ ആ ചെറുപ്പക്കാരുടെ മറുപടി വഴികാട്ടിയാണ്: "ഗുരോ, അങ്ങ് എവിടെയാണ് വസിക്കുന്നത്?" (യോഹ 1,38) ലോകത്തിന്റെ പാപങ്ങൾ നീക്കുന്നവനെ അടുത്തറിയണം. അതു വഴിയിൽ വച്ചായാൽ പോരാ, അവൻ വസിക്കുന്നിടം കാണണം. ഗാഢമായ ഒരു സ്നേഹബന്ധത്തിനാണ് അവർ ആഗ്രഹിക്കുന്നത്.

എന്തറിഞ്ഞാൽ എല്ലാം അറിയുന്നുവോ ആ അറിവ്, എന്തു ലഭിച്ചാൽ എല്ലാം ലഭിക്കുന്നുവോ ആ ദാനം, എന്തു കിട്ടിയാൽ ആത്മാവു സംതൃപ്തമാകുമോ- അതാണ് അവരുടെ ലക്ഷ്യം. "യേശുക്രിസ്തുവിനെപ്പറ്റിയുള്ള ജ്ഞാനം കൂടുതൽ വിലയുള്ളതാകയാൽ .........അവനെ പ്രതി സകലതും നഷ്ടപ്പെടുത്താനും ഉച്ഛിഷ്ടം പോലെ കരുതാനും" (ഫിലി 3,8) തയ്യാറായ വി. പൗലോസിന്റെ മനോഭാവമാണിത്. "അങ്ങിൽ വിലയം പ്രാപിക്കും വരെ ആത്മം അസ്വസ്ഥം, ഹൃദയമശാന്തം" എന്നു പാടിയ വി. അഗസ്റ്റിനും അന്വേഷിച്ചത് ഇതു തന്നെയാണ്.

ദൈവം നല്കുന്ന എന്തെങ്കിലും ദാനത്തിനു വേണ്ടിയല്ല മനുഷ്യാത്മാവു ദാഹിക്കുന്നത്. രോഗശാന്തിയും അത്ഭുതസിദ്ധികളും സമ്പത്തും സൽക്കീർത്തിയും അധികാരവും പ്രശസ്തിയും സ്വാധീനവും ആധിപത്യവും ഒന്നും മനുഷ്യാത്മാവിനെ തൃപ്തമാക്കില്ല. ദൈവത്തിനുവേണ്ടിയുള്ള ദാഹം തിരിച്ചറിയാതെ മദ്യത്തിലും മയക്കുമരുന്നിലും അധികാരലഹരിയിലും മറ്റും മറ്റും സംതൃപ്തിയും സന്തോഷവും തേടുന്നവരുടെ ദാഹം ഒരിക്കലും ശമിക്കുകയില്ല. എന്നാൽ ഈ തിരിച്ചറിവു ലഭിച്ചവൻ ചോദിക്കും: അങ്ങെവിടെയാണ് വസിക്കുന്നത്? തിരുസന്നിധാനം തേടിയുള്ള യാത്രയാണ് മനുഷ്യജീവിതം എന്ന അവബോധത്തിലേക്കാണ് യേശുവിന്റെ ചോദ്യം നമ്മെ നയിക്കുന്നത്.



9

# വന്നു കാണുക

## യോഹ 1,39

സ്നേഹം വഴിഞ്ഞൊഴുകുന്നതായിരുന്നു ആ ക്ഷണം. അല്പം ശങ്കിച്ചും ഭയന്നും തന്റെ പിന്നാലെ വരികയും എവിടെയാണ് വസിക്കുന്നത് എന്ന് അന്വേഷിക്കുകയും ചെയ്ത ആ ഗലീലേയ യുവാക്കളെ യേശു താത്പര്യത്തോടെ ക്ഷണിച്ചു: വന്നു കാണുക (യോഹ 1,39). അതൊരു തുടക്കമായിരുന്നു, ഗുരുവിനോടൊത്തുള്ള ജീവിതത്തിന്റെ തുടക്കം. ഗുരുവിന്റെ ക്ഷണമാണ് ശിഷ്യത്വത്തിലേക്ക് നയിക്കുന്നത്. താൻ വസിക്കുന്നിടത്തേക്കാണ് യേശു അവരെ ക്ഷണിച്ചത്. എന്നാൽ എവിടെയാണ് യേശുവിന്റെ വസതി?

യൂദാ മരുഭൂമിയിൽ, ജോർദ്ദാൻ നദി ചാവുകടലിൽ പതിക്കുന്നതിനടുത്തുച്ചാണ് അവർ പരസ്പരം കണ്ടുമുട്ടിയത്. അവിടെ നിന്ന് എങ്ങോട്ടാണ് യേശു അവരെ ക്ഷണിക്കുക? എന്താണ് അവർ കാണേണ്ടത്? യേശു വസിച്ചിരുന്നതും ആശാരിപ്പണികൊണ്ട് ഉപജീവനം കഴിച്ചിരുന്നതും നസ്രസ്സിലെ ഭവനത്തിലായിരുന്നു. എന്നാൽ ആ വീട്ടിലേക്കാണ് യേശു അവരെ ക്ഷണിച്ചതെന്ന് പറയാനാവുമോ? അവർ ചെന്ന് അവൻ വസിക്കുന്നിടം കാണുകയും അന്ന് അവനോടുകൂടെ വസിക്കുകയും ചെയ്തു. അത് എവിടെയായിരുന്നുവെന്ന് സുവിശേഷകൻ പറയുന്നില്ല. യേശു വസിക്കുന്നിടം ഏതെങ്കിലും ഒരു വീടായി ഒതുക്കാൻ സുവിശേഷകൻ ആഗ്രഹിക്കുന്നില്ല എന്നു വ്യക്തം.

"വന്നു കാണുക" എന്ന ആഹ്വാനം തീർച്ചയായും കൂടുതൽ ആഴമേറിയ അർത്ഥം ഉൾക്കൊള്ളുന്നുണ്ട്. വരുവിൻ എന്ന ക്ഷണം ആത്യന്തികമായി ദൈവിക സാന്നിധ്യത്തിലേക്ക്, ദൈവത്തോടൊന്നിച്ചുള്ള ജീവിതത്തിലേക്ക്, ദൈവിക ജീവനിലുള്ള പങ്കുചേരലിലേക്ക് എത്തി നില്ക്കുന്നു. ആ ക്ഷണം പല വിധത്തിൽ സുവിശേഷങ്ങൾ അവതരിപ്പിക്കുന്നുണ്ട്. "അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം" (മത്താ 11,28). കൂടാരത്തിരുനാളിന്റെ അവസാന ദിവസം ദേവാലയാങ്കണത്തിൽ നിന്ന് യേശു വിളിച്ചു പറഞ്ഞു: "ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ എന്റെ അടുക്കൽ വന്നു കുടിക്കട്ടെ" (യോഹ 7,37). ആത്മാവിന്റെ ദാഹം ശമിക്കണമെങ്കിൽ അവന്റെ അടുക്കൽ വരണം; നിർവൃതി നേടണമെങ്കിൽ അവനോടൊത്തു വസിക്കണം. ശാശ്വതമായ ആശ്വാസവും സംതൃപ്തിയും തരുന്നതാണ് ഗുരുവിന്റെ ക്ഷണം. "എന്റെ പിതാവിനാൽ അനുഗൃഹിക്കപ്പെട്ടവരേ വരുവിൻ, ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി സജ്ജമാക്കിയിരിക്കുന്ന രാജ്യം അവകാശപ്പെടുത്തുവിൻ" (മത്താ 25,34).

തല ചായ്ക്കാൻ ഭൂമിയിൽ ഇടമില്ലാത്ത മനുഷ്യപുത്രന്റെ വാസസ്ഥലം പിതാവിലാണ്. "ഞാൻ പിതാവിലും പിതാവ് എന്നിലുമാണ്" (യോഹ 14,10). എന്നു ശിഷ്യർ അറിയണം. വാക്കുകേട്ടതുകൊണ്ട് വിശ്വാസമാകുന്നില്ലെങ്കിൽ പ്രവൃത്തികൾ കണ്ട് വിശ്വസിക്കണം (യോഹ 14,11). അതിനാണ് വന്നു കാണുക എന്നു പറയുന്നത്. പിതാവുമായുള്ള ഈ ഗാഢബന്ധത്തിലേക്കാണ് യേശു ശിഷ്യരെ ക്ഷണിക്കുന്നത്. ശിഷ്യർ എന്നും തന്നോടുകൂടെ ആയിരിക്കണം എന്ന് യേശു ആഗ്രഹിച്ചു. "ഞാൻ ആയിരിക്കുന്നിടത്ത് നിങ്ങളും ആയിരിക്കേണ്ടതിന് ഞാൻ വീണ്ടും വന്ന് നിങ്ങളെയും കൂട്ടിക്കൊണ്ടുപോകും" (യോഹ 14,43) എന്ന വാഗ്ദാനവും മറ്റൊന്നല്ല സൂചിപ്പിക്കുന്നത്.

വന്നു കാണുക എന്ന ആഹ്വാനം കൂടെ വസിക്കാനുള്ള ഒരു ക്ഷണമാണ്. കാണുക എന്നത് വെറും ബാഹ്യമായ കാഴ്ചയെ അല്ല, വിശ്വാസത്തെയാണ് സൂചിപ്പിക്കുന്നത്. യേശു വസിക്കുന്നിടം കാണുകയെന്നാൽ യേശുവിനെ ആഴത്തിൽ അറിയുക, വിശ്വാസത്തിലൂടെ ഗാഢമായ വ്യക്തിബന്ധം പുലർത്തുക, സ്നേഹത്തിലൂടെ എന്നേക്കും ഒന്നായിരിക്കുക എന്നൊക്കെയാണ് അർത്ഥമാക്കുന്നത്. കൂടെ വസിക്കുക എന്നത് യേശുവിലും പിതാവിലും വസിക്കുകയാണെന്നും അത് സ്നേഹത്തിൽ നിലനിൽക്കുകയാണെന്നും യേശു തന്നെ വ്യാഖ്യാനിച്ചുതരുന്നുണ്ട്. "ഞാൻ എന്റെ പിതാവിന്റെ കല്പനകൾ പാലിച്ച് അവിടുത്തെ സ്നേഹത്തിൽ നിലനിൽക്കുന്നതുപോലെ, നിങ്ങൾ എന്റെ കല്പനകൾ പാലിച്ചാൽ എന്റെ സ്നേഹത്തിൽ നിലനിൽക്കും" (യോഹ 15,10).

ദൈവഹിതത്തിന്, അവിടുത്തെ പ്രമാണങ്ങൾക്ക് പൂർണ്ണമായി വിധേയപ്പെടുന്നതിലൂടെയാണ് സ്നേഹം പ്രകടമാകുക. ദൈവത്തെ സ്നേഹിക്കുക എന്നത് വികാരതലത്തിലുള്ള ഒരു പ്രക്രിയയല്ല; അവിടുത്തെ പ്രമാണം അനുസരിച്ചുള്ള ജീവിതമാണ്. ഇപ്രകാരം ഒരു ജീവിതത്തിലേക്കാണ് യേശു ക്ഷണിക്കുന്നത്. "എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും. അപ്പോൾ എന്റെ പിതാവ് അവനെ സ്നേഹിക്കുകയും ഞങ്ങൾ അവന്റെ അടുത്തു വന്ന് അവനിൽ വാസമുറപ്പിക്കുകയും ചെയ്യും" (യോഹ 14,23). വന്നു കാണാനുള്ള ക്ഷണം ആത്യന്തികമായി സ്വന്തം ഹൃദയത്തിനുള്ളിലേക്കു തന്നെ തിരിയാനുള്ള ക്ഷണമാണ്. ഏതെങ്കിലും സ്ഥലത്തോ ഭവനത്തിലോ അല്ല, സ്നേഹിക്കുന്ന ഹൃദയത്തി ന്റെ മണിയറയിലാണ് ദൈവം വസിക്കുന്നത്. "അവസാനമെന്നിലേക്കു ഞാൻ തിരിഞ്ഞു. ഹൃദയത്തിലേക്കു ഞാൻ കടന്നു, അവിടെയാണീശ്വരന്റെ വാസം, സ്നേഹമാണീശ്വരന്റെ വാസം, സ്നേഹമാണീശ്വരന്റെ രൂപം" എന്നു ആബേലച്ചൻ എഴുതിയത് ഈ അവബോധത്തിന്റെ പ്രകാശനമാണ്.

ക്ഷണം സ്വീകരിച്ച ആ രണ്ടു ശിഷ്യന്മാർ ഗുരുവിനെ അനുഗമിച്ചു; കൂടെ വസിച്ചു. പിന്നീട് ഒരിക്കലും അവർ തിരിച്ചുപോയില്ല. അന്വേഷണം ലക്ഷ്യം കണ്ടെത്തി; ഹൃദയദാഹം ശമിച്ചു. ഇനി ഒന്നേ അവർക്കു ചെയ്യാനു





ള്ളൂ. മറ്റുള്ളവരെയും ഈ ജീവന്റെ വറ്റാത്ത ഉറവിടത്തിലേക്ക്, തൃപ്തി നല്കുന്ന ജലാശയത്തിലേക്ക് (ഏശ 55,1) കൊണ്ടുവരുക. സഹോദരൻ ശിമയോനെ ഗുരുവിന്റെ അടുക്കലേക്കു കൊണ്ടുവന്ന അന്ത്രയോസും നഥാനായേലിനെ ക്ഷണിച്ച ഫിലിപ്പും (യോഹ 1,41:46) തന്റെ നാട്ടുകാരെ ക്ഷണിച്ച സമരിയാക്കാരിയും (യോഹ 4,29) എല്ലാം പറയുന്നത് ഒരേകാര്യമാണ്: വന്നു കാണുവിൻ!

കഴിഞ്ഞ രണ്ടായിരം വർഷമായി യേശു ശിഷ്യർ ആവർത്തിച്ചു കൊണ്ടിരിക്കുന്നതും ഈ ക്ഷണം തന്നെയാണ്. വന്നു കാണുവിൻ. യേശുവിനെ കണ്ടെത്തുന്നവർ, നിധി ഒളിഞ്ഞിരിക്കുന്ന വയൽ കണ്ടെത്തിയ കർഷകനെപ്പോലെ, അമൂല്യരത്നം കണ്ടെത്തിയ രത്ന വ്യാപാരിയെപ്പോലെ (മത്താ 13,44-46) എല്ലാം വില്ക്കാൻ തയ്യാറാകുന്നു. ഗുരുനാഥന്റെ ആഹ്വാനത്തിന് പരിധികളില്ല. അത് എല്ലാവർക്കുമുള്ളതാണ്. തന്റെയടുക്കലേക്കു വരുന്ന ഒരുവനെയും തള്ളിക്കളയാതെ തന്റെ ഹൃദയത്തിൽ അഭയം നല്കുന്നു. സ്നാപകന്റെ സാക്ഷ്യം കേട്ടാണ് യോഹന്നാനും അന്ത്രയോസും യേശുവിന്റെ പിന്നാലെ പോയത്. എന്നാൽ അവർ യേശുവിന്റെ ശിഷ്യന്മാരായത് യേശുവിനെ നേരിൽ കണ്ടറിയുകയും അവിടത്തോടൊന്നിച്ച് വസിക്കുകയും ചെയ്തപ്പോഴാണ്. ഇതുതന്നെയാണ് ഓരോ ശിഷ്യനും സംഭവിക്കുന്നത്. സമരിയാക്കാർ ഈ സത്യം തുറന്നു പറഞ്ഞു: "ഇനിമേൽ ഞങ്ങൾ വിശ്വസിക്കുന്നത് നിന്റെ വാക്കുമൂലമല്ല, കാരണം, ഞങ്ങൾ തന്നെ നേരിട്ടു ശ്രവിക്കുകയും ഇവനാണ് യഥാർത്ഥത്തിൽ ലോകരക്ഷകൻ എന്ന് മനസ്സിലാക്കുകയും ചെയ്തിരിക്കുന്നു" (യോഹ 4,42).

# 10 സ്ത്രീയേ.........

## യോഹ 2,4

വലിയ പ്രതീക്ഷയോടെയാണ് അമ്മ മകനെ സമീപിച്ചത്. ഏറെ അടുപ്പമുള്ള ഒരു കുടുംബത്തെ വലിയൊരു നാണക്കേടിൽ നിന്നു രക്ഷിക്കണം എന്ന ഏറ്റവും ന്യായവും ലളിതവുമായ ഒരാഗ്രഹമേ അമ്മയ്ക്കുള്ളൂ. മകനും കൂട്ടുകാരും കൂടെ വന്നതും വിവാഹവിരുന്നു നടത്തുന്ന കുടുംബം നേരിട്ട പ്രതിസന്ധിക്കുകാരണമായിട്ടുണ്ടാവാം. പ്രതീക്ഷയ്ക്കു വിരുദ്ധമായി വിരുന്നുകാരുടെ എണ്ണം കൂടിയതുകൊണ്ടോ, കലവറക്കാരന്റെ കണക്കുകൂട്ടലുകൾ തെറ്റിയതുകൊണ്ടോ, എന്തായാലും ഭരണികൾ കാലിയായി, തോല്ക്കുടങ്ങളും. വീഞ്ഞ് തികയാതെ വന്നു. വിളമ്പുകാർ പാത്രവുമായി വരുമ്പോൾ കൈമലർത്തേണ്ടിവരുന്ന കലവറക്കാരന്റെ ഗതികേടും അത് കുടുംബത്തിനുതന്നെ വരുത്തിവയ്ക്കാവുന്ന ചീത്തപ്പേരും മനസ്സിലാക്കിയാണ് അമ്മ മകന്റെയടുക്കൽ ഒരു നിവേദനവുമായി എത്തിയത്.

അല്ലെങ്കിലും അസാധാരണമാംവിധം ജനിച്ച, ദൈവപുത്രനെന്നു മാലാഖമാർ ഉദ്ഘോഷിച്ച, ഈ മകന് ഒന്നും അസാധ്യമല്ലല്ലോ? ഈ പ്രതിസന്ധി പരിഹരിക്കാൻ അവനു കഴിയും. അവൻ അതു പരിഹരിക്കുകയും ചെയ്യും. തന്റെ ആദ്യത്തെ അപേക്ഷ തള്ളിക്കളയുകയില്ല. ഇങ്ങനെയൊക്കെ ചിന്തിച്ചാവാം അമ്മ മകനെ സമീപിച്ചത്. എന്നാൽ മകന്റെ പ്രതികരണം "സ്ത്രീയേ, എനിക്കും നിനക്കും എന്ത്? എന്റെ സമയം ഇനിയും ആയിട്ടില്ല" (യോഹ 2,4). ഇത് ഒട്ടും പ്രതീക്ഷിച്ചതാവില്ല. മുഖത്തടികിട്ടിയതുപോലെ തോന്നിയോ? തോന്നിയെന്നാണ് ഇന്നു പലരും കരുതുന്നത്.

കാനായിലെ കല്യാണവിരുന്നിൽ അമ്മ ഒരപേക്ഷയുംകൊണ്ട് അടുത്തു വന്നത് യേശുവിന് ഇഷ്ടമായില്ല. അനാവശ്യമായി തന്റെ കാര്യങ്ങളിൽ ഇടപെടുന്നതായി യേശു കണ്ടു. അത് പരുഷമായ മറുപടിയിലൂടെ വ്യക്തമാക്കുകയും ചെയ്തു. ഇങ്ങനെ വ്യാഖ്യാനിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവരുണ്ട്. പ്രത്യേകിച്ച് അകത്തോലിക്കരുടെ ഇടയിൽ. അതിനാൽ ഈ ഗുരുമൊഴി പ്രത്യേക ശ്രദ്ധയർഹിക്കുന്നു.

ആദരവും ബഹുമാനവും സൂചിപ്പിക്കുന്നതാണ് "സ്ത്രീ" എന്ന അഭിസംബോധനാരൂപം. എന്നാൽ ഒരുമകൻ തന്റെ അമ്മയെ ഇങ്ങനെ വിളിക്കുന്നത് സാധാരണമല്ല. മറ്റു സ്ത്രീകളെ യേശു ഇപ്രകാരം അഭിസംബോധന ചെയ്തതായി യോഹന്നാൻ രേഖപ്പെടുത്തിയിട്ടുണ്ട്. ആറാമത്തെ പുരുഷന്റെ





കൂടെ പാർക്കുന്ന സമരിയാക്കാരിയും (4,18) കല്ലെറിയാൻ കൊണ്ടുവന്ന വ്യഭിചാരിണിയെയും (8,10) കല്ലറയ്ക്കു സമീപം കരഞ്ഞുകൊണ്ടുനിന്ന മഗ്ദലനെയും (യോഹ 20,13) "സ്ത്രീയേ" എന്നാണ് യേശു വിളിക്കുന്നത്. ഇതേ അർത്ഥത്തിൽ ആണോ യേശു തന്റെ അമ്മയെയും "സ്ത്രീയേ" എന്നു വിളിക്കുന്നത്? അമ്മയുടെ ഇടപെടലിലുള്ള അമർഷവും വിയോജിപ്പും പ്രകടമാക്കാൻ വേണ്ടി യാണ് യേശു ഇങ്ങനെ വിളിച്ചത് എന്നു വ്യാഖ്യാനിക്കുന്നവർ ഉത്തരം പറയേണ്ട മറ്റൊരു ബൈബിൾ ഭാഗമുണ്ട്.

"യേശു തന്റെ അമ്മയും താൻ സ്നേഹിക്കുന്ന ശിഷ്യനും അടുത്തു നില്ക്കുന്നത് കണ്ട് അമ്മയോട് പറഞ്ഞു: സ്ത്രീയേ, ഇതാ നിന്റെ മകൻ" (യോഹ 19,26). മരണത്തിന് തൊട്ടുമുമ്പുള്ള ഗുരുമൊഴിയാണിത്. ഇവിടെ "അനധികൃതമായ" യാതൊരു ഇടപെടലും ഇല്ല. ക്രൂരമായ മരണം വരിക്കുന്ന മകനെ നോക്കി നില്ക്കുന്ന അമ്മയെ തള്ളിപ്പറയാൻ യാതൊരു കാരണവുമില്ല. അപ്പോൾ "സ്ത്രീയേ" എന്ന വിളിയിൽ മറ്റെന്തോ അടങ്ങിയിട്ടുണ്ട്. എന്താണത് എന്നു ഗ്രഹിക്കാൻ പഠനവിഷയമായ വാക്യത്തിന്റെ സാഹചര്യവും ബൈബിളിലെ പൊതു പ്രസക്തിയും മനസ്സിലാക്കണം.

ഒരു കല്യാണവിരുന്നിന്റെ പശ്ചാത്തലത്തിലാണ് സുവിശേഷകൻ ഈ വാക്യം അവതരിപ്പിച്ചിരിക്കുന്നത്. സംവാദങ്ങൾക്കും വാക്കുകൾക്കും ആഴമേറിയ അർത്ഥം നല്കി അവതരിപ്പിക്കുക എന്നത് നാലാം സുവിശേഷകന്റെ ഒരു പ്രത്യേകതയാണ്. കല്യാണവിരുന്ന് ബൈബിളിൽ പൊതുവേ ദൈവരാജ്യത്തിന്റെ പ്രതീകമാണ്. ദൈവരാജ്യത്തെക്കുറിച്ച് പഠിപ്പിക്കാൻ വിവാഹവിരുന്നിന്റെ ഉപമ യേശു തന്നെ ഉപയോഗിച്ചിട്ടുണ്ട് (മത്താ 22,1-14). രക്ഷാചരിത്രത്തിന്റെ പൂർത്തീകരണത്തെ കുഞ്ഞാടിന്റെ വിവാഹമായി യോഹന്നാൻ തന്നെ ചിത്രീകരിക്കുന്നുമുണ്ട് (വെളി 19,5-9). അതിനാൽ കാനായിലെ കല്യാണവിരുന്ന് ദൈവരാജ്യത്തിലേക്കു വിരൽ ചൂണ്ടുന്ന ഒരു പ്രതീകമാണ്.

വിരുന്നിൽ വീഞ്ഞു നല്കുക മണവാളന്റെ കടമയാണ്. ഇവിടെ ആ കടമ നിർവഹിക്കുന്നത് യേശുവത്രെ. "മൂന്നാം ദിവസം" എന്ന കാല സൂചനയോടെ വിവരണം തുടങ്ങുകവഴി സുവിശേഷകൻ വ്യക്തമായ ഒരു അടയാളം നല്കുന്നുണ്ട്. "മൂന്നാം ദിവസം" ക്രിസ്തുവിശ്വാസികളെ സംബന്ധിച്ച് യേശുവിന്റെ ഉത്ഥാനത്തെ സൂചിപ്പിക്കുന്ന ദിവസമാണ്. "എന്റെ സമയം ഇനിയും ആയിട്ടില്ല" എന്ന യേശുവിന്റെ വിശദീകരണവും, മഹത്ത്വം വെളിപ്പെടുത്തുന്നതിനായി ചെയ്ത അടയാളങ്ങളുടെ ആരംഭം (യോഹ 2,11) എന്ന സുവിശേഷകന്റെ വിശേഷണവും ഈ സംഭവത്തെ യേശുവിന്റെ മരണവും ഉത്ഥാനവുമായി ബന്ധിപ്പിക്കുന്നു.

കാൽവരിയിലും കാനായിലും മാത്രമാണ് യേശുവിന്റെ അമ്മ നാലാം സുവിശേഷത്തിൽ പ്രത്യക്ഷപ്പെടുന്നത്. രണ്ടിടത്തും യേശു അമ്മയെ "സ്ത്രീ"

എന്നു വിളിക്കുകയും ചെയ്യുന്നു. ഈ രണ്ടു സംഭവങ്ങളും തമ്മിലുള്ള ബന്ധം ഇതിൽ നിന്നെല്ലാം വ്യക്തമാണ്. കുരിശുമരണംതന്നെയാണ് നാലാം സുവിശേഷമനുസരിച്ച് യേശുവിന്റെ മഹത്ത്വീകരണം. ആ മഹത്ത്വീകരണത്തിന്റെ തുടക്കം കാനായിൽ കാണാം. കുരിശിൽ ഉയർത്തപ്പെടുന്നതിലൂടെ (യോഹ 3,14-45, 12,32) സംഭവിക്കുന്ന രക്ഷണീയ കർമ്മത്തിൽ യേശുവിന്റെ അമ്മയ്ക്കുള്ള പങ്ക് എടുത്തുകാട്ടുകയല്ലേ "സ്ത്രീയേ" എന്ന അഭിസംബോധനയുടെ ലക്ഷ്യം? "അമ്മ എന്നു വിളിച്ചാൽ യേശുവുമായുള്ള വ്യക്തിബന്ധം മാത്രമേ പ്രകടമാകൂ. സ്വാഭാവികമായ ഈ ബന്ധത്തിനപ്പുറത്തേക്കു ശ്രദ്ധ ക്ഷണിക്കുന്നതാണ് ഈ ഗുരുമൊഴി.

ഉൽപ 3,15-ൽ ഒരു പ്രവചനമുണ്ട് വഞ്ചകനായ സർപ്പത്തിന് ദൈവം നല്കുന്ന ശിക്ഷാവിധിയിൽ ഉൾച്ചേർന്നിരിക്കുന്ന ഒരു രക്ഷാവാഗ്ദാനം. "നീയും സ്ത്രീയും തമ്മിലും നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ ശത്രുത ഉളവാക്കും. അവൻ നിന്റെ തലതകർക്കും". പാപത്തിലേക്കു നയിക്കപ്പെട്ട സ്ത്രീ സകല മനുഷ്യരുടെയും അമ്മയാണ്; പാപകാരണമായ സർപ്പമാകട്ടെ, തിന്മയുടെ ശക്തിയായ സാത്താനും. തിന്മയുടെ ആധിപത്യത്തിൽ നിന്ന് മനുഷ്യവർഗ്ഗത്തിനു മോചനം നല്കുന്നത് സ്ത്രീയുടെ സന്തതി ആയിരിക്കും. ആ സന്തതിയെയാണ് രക്ഷകൻ എന്നും മിശിഹാ എന്നും വിളിക്കുന്നത്. രക്ഷകന്റെ അമ്മ എന്ന സ്ഥാനമാണ് മറിയത്തിന്, "സ്ത്രീ" എന്ന അഭിസംബോധനയിലൂടെ യേശു നല്കുന്നത്. ഇത് തള്ളിപ്പറയലോ തരംതാഴ്ത്തലോ അല്ല, തന്റെ അമ്മയുടെ യഥാർത്ഥ സ്വഭാവവും സ്ഥാനവും വ്യക്തമായി ഏറ്റുപറയുന്നതാണ്.

മനുഷ്യവർഗ്ഗത്തെ മുഴുവൻ പാപത്തിലേക്കും മരണത്തിലേക്കും നയിച്ച ആദിമനുഷ്യനാണ് ആദം. മനുഷ്യനു സമഗ്രമായ മോചനം നല്കുന്ന പുതിയ ആദമാണ് ക്രിസ്തു. ആദിമനുഷ്യന്റെ പാപത്തിന് ഹവ്വാ എന്ന ആദ്യസ്ത്രീ കാരണക്കാരിയായതുപോലെ രക്ഷാകരപ്രവൃത്തിയിൽ യേശുവിന്റെ അമ്മ എന്ന സ്ത്രീ സഹകാരിണിയാകുന്നു. അങ്ങനെ രണ്ടാം ഹവ്വയാകുന്ന സ്ത്രീയെയും രക്ഷകനെയും സംബന്ധിച്ച ഈ പ്രവചനത്തെ അനുസ്മരിപ്പിക്കുന്നതും തന്റെ അമ്മയിൽ ആ പ്രവചനം പൂർത്തിയായിരിക്കുന്നു എന്നു സൂചിപ്പിക്കുന്നതുമാണ് "സ്ത്രീ" എന്ന അഭിസംബോധന. മറിയത്തിന് രക്ഷാകരചരിത്രത്തിലുള്ള അനന്യമായ സ്ഥാനത്തെ ഇത് ഊന്നിപ്പറയുന്നു.

U U U U U U



# 11 "എനിക്കും നിനക്കും എന്ത്?

## യോഹ 2,4

രക്ഷാചരിത്രത്തിൽ യേശുവിന്റെ അമ്മയ്ക്കുള്ള പ്രത്യേകസ്ഥാനം എടുത്തുകാട്ടുന്നതാണ്. "സ്ത്രീയേ" എന്ന അഭിസംബോധന. കാനായിലും കാൽവരിയിലും മകനോടൊപ്പം നിന്നവൾ സർപ്പത്തിന്റെ തലതകർക്കുന്ന സന്തതിയുടെ മാതാവാണ്, പുതിയ ഹവ്വായും ആ അർത്ഥത്തിൽ തന്നെ സഹരക്ഷകയും ആണ്. എന്നാൽ എന്താണ് "എനിക്കും നിനക്കും എന്ത്" എന്ന ചോദ്യത്തിലൂടെ യേശു അർത്ഥമാക്കുന്നത്?

ഹീബ്രുവിലും ഗ്രീക്കിലും പൊതുവേ പ്രചാരത്തിലിരുന്ന ഒരു പദപ്രയോഗമാണിത്. രണ്ട് വ്യാഖ്യാന സാധ്യതകൾ ഈ ചോദ്യത്തിന് ഉള്ളതായി വ്യാഖ്യാതാക്കൾ ചൂണ്ടിക്കാണിക്കാറുണ്ട്. "എനിക്കുംനിനക്കും തമ്മിൽ എന്തു ബന്ധമാണുള്ളത് ?" എന്നതാണ് ഒരു വ്യാഖ്യാനം. ഈ അർത്ഥത്തിൽ പിശാചുക്കളുടെ ചോദ്യം സുവിശേഷങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. "നീ ഞങ്ങളുടെ കാര്യത്തിൽ എന്തിന് ഇടപെടുന്നു" (മർക്കോ 1,24) എന്ന് പി.ഒ.സി. ബൈബിൾ വിവർത്തനം ചെയ്തിരിക്കുന്നത് ഇതിന് സമാനമായ ഒരു ചോദ്യമാണ്. "നസ്രായനായ യേശുവേ, ഞങ്ങൾക്കും നിനക്കും എന്ത്" എന്നാണ് ഗ്രീക്കുമൂലം. പരസ്പരമുള്ള അകൽച്ചയും വ്യത്യാസവും സൂചിപ്പിക്കുന്നതാണ് ഈ ചോദ്യം. ഈ അർത്ഥത്തിൽ പഴയനിയമത്തിലും പലതവണ ഈ പ്രയോഗം പ്രത്യക്ഷപ്പെടുന്നുണ്ട്. (ന്യായാ 11,12; 2 സാമു 16,10; 2 രാജാ 3,13). "എനിക്കും നിനക്കും തമ്മിൽ എന്ത്" എന്ന സത്യവേദപുസ്തകം നല്കുന്ന വിവർത്തനവും ഈ അർത്ഥത്തിലുള്ള ഒരു വ്യാഖ്യാനമാണ് "തമ്മിൽ' എന്നു കൂട്ടിച്ചേർക്കുന്നതിലൂടെ ഇതു വ്യക്തമാകുന്നു. തന്റെ ശുശ്രൂഷയിലും ജീവിതത്തിലും അമ്മ ഇടപെടുന്നതിലുള്ള അതൃപ്തി യേശു പ്രകടമാക്കിയെന്നാവും ഇപ്രകാരമൊരു വ്യാഖ്യാനത്തിലൂടെ ലഭിക്കുന്ന അർത്ഥം. എന്നാൽ തുടർന്നുള്ള അമ്മയുടെയും മകന്റെയും പ്രവർത്തനങ്ങൾ തികച്ചും വ്യത്യസ്തമായ സന്ദേശമാണ് നല്കുന്നത്.

"നീ എന്തിന് ഈ കാര്യത്തിൽ ഇടപെടുന്നു, ഇതു നമ്മെ സംബന്ധിക്കുന്ന പ്രശ്നമല്ലല്ലോ" എന്ന ഒരു വ്യാഖ്യാന സാധ്യതയും ബൈബിൾ പണ്ഡിതന്മാർ എടുത്തുകാട്ടാറുണ്ട്. പ്രശ്നത്തിൽ ഇടപെടാതെ ഒഴിഞ്ഞു മാറാനുള്ള ഒരു പ്രവണതയാണ് ഈ വ്യാഖ്യാനം വ്യക്തമാക്കുന്നത്. നാമം തമ്മിൽ പ്രശ്നമൊന്നുമില്ല, നീ ഇതിൽ ഇടപെടേണ്ടതുമില്ല എന്ന അർത്ഥത്തിൽ ഈ പ്രയോഗം 2 ദിന 35,21ൽ കാണാം. നീ എന്തിന് ഇതിൽ ഇടപെടുന്നു, ഇക്കാര്യം എനിക്കു

വിട്ടേക്കു എന്ന ഒരു വ്യാഖ്യാനവും ചിലർ എടുത്തുകാട്ടാറുണ്ട്.

ഒരേ പ്രയോഗം തന്നെ ഉച്ചരിക്കുന്ന ശബ്ദവും വിധവും അതുമായി ബന്ധപ്പെട്ട മുഖഭാവവും അംഗവിക്ഷേപങ്ങളും അടിസ്ഥാനമാക്കി പലതരത്തിൽ വ്യാഖ്യാനിക്കാം എന്ന് വിശദീകരിക്കുന്നവരുമുണ്ട്. പ്രത്യക്ഷത്തിൽ അതൃപ്തിയും തിരസ്ക്കരണവും പ്രകടമാക്കുന്നതാണ് ഉത്തരം എന്ന് തോന്നാമെങ്കിലും അതു പറഞ്ഞവിധം കണക്കിലെടുക്കുമ്പോൾ തിരസ്ക്കരണമല്ല, "ഇതു ഞാൻ തന്നെ കൈക്കാര്യം ചെയ്തുകൊള്ളാം. അമ്മ എന്തിന് ഇതിനെക്കുറിച്ച് അസ്വസ്ഥയാകുന്നു" എന്നായിരിക്കും യേശു അർത്ഥമാക്കിയയത് എന്ന് ചില വ്യാഖ്യാതാക്കൾ അനുമാനിക്കുന്നു.

ഈ വ്യാഖ്യാനങ്ങളിൽ ഏതു സ്വീകരിച്ചാലും പരോക്ഷമായ ഒരു യാചനയോടുകൂടി അമ്മതന്നെ സമീപിച്ചതിൽ യേശുവിന് അതൃപ്തിയുണ്ട് എന്ന സൂചന നിലനിൽക്കും; അതൃപ്തിയുടെ ആഴവും വ്യാപ്തിയും ഏറിയും കുറഞ്ഞും ഇരിക്കും എന്നുമാത്രം. സ്വർഗ്ഗസ്ഥനായ പിതാവല്ലാതെ മറ്റാരും താൻ നടക്കേണ്ടവഴി നിശ്ചയിക്കേണ്ടതില്ല എന്ന നിലപാടു വ്യക്തമാക്കുന്നതാവും ഈ ചേദ്യവും. എന്നാൽ മകനുമായി ഒരു തർക്കത്തിനു മുതിരുകയോ, അപേക്ഷ ആവർത്തിക്കുകയോ ചെയ്യാതെ പിൻവാങ്ങുന്ന അമ്മ വേലക്കാർക്കു നൽകുന്ന നിർദ്ദേശം ശ്രദ്ധേയമാണ്. "അവൻ പറയുന്നത് ചെയ്യുവിൻ". തന്റെ ഇടപെടലിൽ അസംതൃപ്തനല്ല യേശു, താൻ സൂചിപ്പിച്ച പ്രശ്നം പരിഹരിക്കുക തന്നെ ചെയ്യും എന്ന അമ്മയുടെ ഉറച്ചവിശ്വാസം ഈ നിർദ്ദേശത്തിൽ പ്രകടമാകുന്നു. യേശു അമ്മയെ നിരാശപ്പെടുത്തിയില്ല. അപ്പോൾ പിന്നെ എന്തായിരിക്കും ഈ ചോദ്യത്തിന്റെ അർത്ഥം?

യേശുവിന്റെ സമയത്തെയും മഹത്വത്തിന്റെ വെളിപ്പെടുത്തലിനെയും സംബന്ധിച്ച തുടർന്നുള്ള പരാമർശങ്ങൾ മറ്റൊരു ദിക്കിലേക്കാണ് വിരൽ ചൂണ്ടുന്നത്. "സ്ത്രീയേ" എന്ന അഭിസംബോധന രക്ഷാചരിത്രത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചുകഴിഞ്ഞു. "നീ ഇപ്പോൾ ചോദിക്കുന്ന കാര്യം എനിക്കും നിനക്കും എന്തൊക്കെ ആയിരിക്കും വരുത്തിവയ്ക്കുക, അഥവാ എന്നിൽ നിന്നും നിന്നിൽ നിന്നും എന്തായിരിക്കും ആവശ്യപ്പെടുക എന്നു നിനക്കറിയാമോ ?" എന്ന് ഈ ചോദ്യത്തെ വിശദീകരിക്കാനാവും. ഈ പ്രതിസന്ധിയിൽ ഇടപ്പെട്ട് അത്ഭുതകരമായി പ്രശ്നം പരിഹരിക്കുകയെന്നാൽ രക്ഷാകര ദൗത്യം ആരംഭിക്കുക എന്നു തന്നെയാണ് അർത്ഥമാക്കുക. ആ ദൗത്യം പൂർത്തിയാകുന്നത് കുരിശിലായിരിക്കും. കുരിശിന്റെ വഴി ആരംഭിക്കാനാണ് എന്നോട് ആവശ്യപ്പെടുന്നത് എന്ന് മനസ്സിലാക്കിക്കൊണ്ടാണോ ഈ യാചന അർപ്പിക്കുന്നത്? ആ വഴിയിലും കുരിശിലും ഞാൻ മാത്രമായിരിക്കുകയില്ല, എന്റെ കുരിശിൻ ചുവട്ടിൽ നീയും ഉണ്ടാകും. ഇതിനു സന്നദ്ധമാണോ? എന്നിങ്ങനെ ഈ ചോദ്യത്തിന്റെ ആഴങ്ങൾ വ്യക്തമാക്കാൻ കഴിയും.





മകന്റെ ചോദ്യത്തിൽ ഒളിഞ്ഞുകിടന്ന കുരിശിന്റെ രഹസ്യം മനസ്സിലാക്കിയാലും ഇല്ലെങ്കിലും അമ്മ നിർദ്ദേശം നല്കി, അവൻ പറയുന്നതു ചെയ്യുക. ആ നിർദ്ദേശം അമ്മയുടെ വിശ്വാസം പ്രകടമാക്കി; അതോടൊപ്പം അമ്മയും മകന്റെ കുരിശിന്റെ വഴിയിൽ സഹയാത്രികയാവുകയും ചെയ്തു.

"എനിക്കും നിനക്കും എന്ത്" എന്ന ചോദ്യം യാചനകളുമായി തന്നെ സമീപിക്കുന്ന എല്ലാവരോടും യേശു ചോദിക്കുന്നുണ്ട്. യാചനകളും മദ്ധ്യസ്ഥ പ്രാർത്ഥനകളും സമർപ്പിക്കുന്നവർ അവശ്യം ഉത്തരം പറയേണ്ട ഒരു ചോദ്യമാണിത്. യേശുവുമായി എനിക്കുള്ള ബന്ധം എന്തെന്ന് ഏറ്റുപറഞ്ഞാൽ മാത്രം പോരാ; അവൻ നടന്ന കുരിശിന്റെ വഴിയിലൂടെ നടക്കാനും അവൻ കുടിച്ച സഹനത്തിന്റെ പാനപാത്രത്തിൽനിന്ന് കുടിക്കാനും ഞാൻ സന്നദ്ധനാണോ എന്നും പരിശോധിക്കണം. യേശു നൽകുന്ന രോഗശാന്തിയും മനഃശാന്തിയും പാപമോചനവും രക്ഷയും എല്ലാം പ്രവഹിക്കുന്നത് കുരിശിൽ നിന്നാണ്; കുരിശിൽ ഉയർത്തപ്പെട്ടവനിൽ നിന്നാണ് ആത്മാവിന്റെ അരുവി പുറപ്പെട്ടത്. വിശ്വാസത്തോടെ തന്നെ തൊട്ടവരിലേക്ക് തന്നിൽനിന്ന് ശക്തി പ്രവഹിച്ചതായി യേശു അറിഞ്ഞു. യേശുവിന്റെ സഹനത്തിൽ പങ്കുചേരാൻ തയ്യാറാകുന്നവർക്കേ, അമ്മ പറഞ്ഞതുപോലെ, "അവർക്കു വീഞ്ഞില്ല" എന്ന് മാദ്ധ്യസ്ഥം പറയാൻ കഴിയൂ. മറ്റുള്ളവരുടെ വേദനകളും ദുഃഖങ്ങളും നെഞ്ചിലേറ്റി, യേശുവിന്റെയടുക്കൽ അവർക്കുവേണ്ടി യാചിക്കാനും സഹിക്കാനും ഉള്ള കടമയെക്കുറിച്ചും നമ്മെ അനുസ്മരിപ്പിക്കുന്ന ചോദ്യമാണ്: "എനിക്കും നിനക്കും എന്ത്?".

**12**

# എന്റെ സമയം

## *യോഹ 2,4*

“എന്റെ സമയം ഇനിയും ആയിട്ടില്ല” എന്ന വിശദീകരണത്തോടെയാണ് കാനായിൽവച്ച് യേശു അമ്മയ്ക്കു നൽകുന്ന മറുപടി അവസാനിപ്പിക്കുന്നത്. “സമയം പൂർത്തിയായി” എന്ന ഉദ്ഘോഷത്തോടെ ഗലീലിയിൽ സുവിശേഷ പ്രഘോഷണം ആരംഭിച്ച യേശു എന്തുകൊണ്ടാണ് ഇപ്പോൾ സമയമായില്ല എന്നു പറയുന്നത്? രണ്ടും രണ്ടു സുവിശേഷങ്ങളിലാണ് എന്ന് അംഗീകരിക്കുമ്പോഴും ഈ പ്രസ്താവനയുടെ അർത്ഥം അന്വേഷിക്കേണ്ടതുണ്ട്. “ഇനിയും” എന്ന കാലസൂചന ഒരു പ്രത്യേക ദിശയിലേക്ക് ശ്രദ്ധതിരിക്കുന്നു. ഇപ്പോൾ ആയിട്ടില്ല; എന്നാൽ ഒരിക്കൽ സമയമാകും എന്നാണല്ലോ ഇതിന്റെ ധ്വനി. എന്താണ് ഈ സമയം?

“കയ്റോസ്” എന്ന പദമാണ് സമയം പൂർത്തിയായി എന്ന് പ്രഘോഷിക്കാൻ ഉപയോഗിച്ചത്. അത് ഇസ്രായേൽ ജനം പ്രതീക്ഷിച്ചിരുന്ന രക്ഷയുടെ സമയമായിരുന്നു. “ദൈവരാജ്യം സമീപിച്ചിരിക്കുന്നു” എന്ന് ആ പ്രഘോഷണത്തിന്റെ അർത്ഥം വ്യാഖ്യാനിക്കുകയും ചെയ്തു. എന്നാൽ ഇവിടെ ഉപയോഗിക്കുന്നത് മറ്റൊരു ഗ്രീക്കു പദമാണ് *“ഹോരാ”* (HORA). മണിക്കൂർ, നാഴിക എന്നൊക്കെയാണ് ഇതിനർത്ഥം. യോഹന്നാന്റെ സുവിശേഷത്തിൽ വളരെയേറെ പ്രാധാന്യമുള്ള ഒരു സാങ്കേതികപദമാണ് ഹോരാ.

25 തവണ സുവിശേഷത്തിലും 2 തവണ ഒന്നാം ലേഖനത്തിലും 10 തവണ വെളിപാടു പുസ്തകത്തിലും യോഹന്നാൻ ഹോരാ എന്ന പദം ഉപയോഗിച്ചിട്ടുണ്ട്. “സമയം” എന്നാണ് ഇതുപൊതുവേ വിവർത്തനം ചെയ്തിരിക്കുന്നത്. കൃത്യമായ ഒരു സമയത്തെ സൂചിപ്പിക്കാൻ പലപ്പോഴും ഈ പദം ഉപയോഗിച്ചിട്ടുണ്ട്. യോഹ 1,39 പത്താം മണിക്കൂർ, 4,6- ആറാം മണിക്കൂർ; 4,52 - ഏഴാം മണിക്കൂർ എന്നീ പ്രയോഗങ്ങൾ ഉദാഹരണങ്ങളാണ്. എന്നാൽ ഇതിൽ നിന്ന് വ്യത്യസ്തമായി രക്ഷ ലഭ്യമാകുന്ന സമയം അഥവാ അവസരം എന്ന അർത്ഥത്തിലും ഹോരാ എന്ന പദം യോഹന്നാൻ ഉപയോഗിക്കുന്നുണ്ട്. (4,21-23; 5,25) ലോകാവസാനവും പൊതുവിധിയുമായി ബന്ധപ്പെട്ട യേശുവിന്റെ രണ്ടാംവരവിനെ സൂചിപ്പിക്കാനാണ് വെളിപാടു പുസ്തകത്തിൽ ഹോരാ എന്ന പദം അധികപങ്കും ഉപയോഗിച്ചിരിക്കുന്നത്. അവിടെയും “സമയം” എന്നു പൊതുവേ വിവർത്തനം ചെയ്യുന്നു. എന്നാൽ ഇതിൽ നിന്നെല്ലാം വ്യത്യസ്തമായ ഒരർത്ഥത്തിൽ യോഹന്നാൻ ഈ പദം ഉപയോഗിക്കുന്നുണ്ട്.





എന്റെ മണിക്കൂർ, അവന്റെ മണിക്കൂർ എന്നിങ്ങനെ വിശേഷണത്തോടുകൂടെയോ, പ്രത്യേകമായ ഒരു സമയത്തെ സൂചിപ്പിക്കുന്ന ഭേദകത്തോടുകൂടെയോ (the hour) ആണ് ഈ പ്രയോഗം. അടയാളങ്ങളുടെ പുസ്തകം എന്ന് വിശേഷിപ്പിക്കുന്ന സുവിശേഷത്തിന്റെ ആദ്യഭാഗത്ത് മൂന്നു തവണ ഈ മണിക്കൂർ ഇനിയും ആയിട്ടില്ല എന്നു പറയുന്നു. മഹത്വത്തിന്റെ പുസ്തകം എന്നറിയപ്പെടുന്ന രണ്ടാം ഭാഗത്താകട്ടെ മണിക്കൂർ ആയി എന്നും പറയുന്നു. എന്താണ് ഈ മണിക്കൂർ?

യഹൂദനേതാക്കൾ അയച്ച പടയാളികൾ യേശുവിനെ ബന്ധിക്കാൻ ശ്രമിച്ചു എങ്കിലും സാധിച്ചില്ല (7,30); നേതാക്കന്മാർ യേശുവിനെ കല്ലെറിയാൻ ഉദ്യമിച്ചു, പക്ഷേ അവർക്കു കഴിഞ്ഞില്ല (8,59). കാരണം അവന്റെ മണിക്കൂർ ഇനിയും വന്നിരുന്നില്ല. ബന്ധനവും കല്ലേറും യേശുവിന്റെ മരണവുമായി ബന്ധപ്പെട്ട സംഭവങ്ങളാണ്. രക്ഷാകര കർമ്മത്തിന്റെ പൂർത്തീകരണം യേശുവിന്റെ മരണവും ഉത്ഥാനവും വഴിയാണ് സംഭവിക്കുക. ആ മുഹൂർത്തത്തെയാണ് യേശുവിന്റെ മണിക്കൂർ എന്ന് യോഹന്നാൻ വിശേഷിപ്പിക്കുന്നത്.

ഹോസാനാ വിളികളുടെ അകമ്പടിയോടെ ജറുസലെമിലേക്ക് ആഘോഷമായി പ്രവേശിച്ച യേശുവിനെ സന്ദർശിക്കാൻ ഗ്രീക്കുകാർ വന്നത് ഈ നിർണ്ണായക മുഹൂർത്തത്തിന്റെ തുടക്കമാണ്. എന്താണ് തന്റെ മണിക്കൂറിന്റെ അർത്ഥം എന്ന് യേശു തന്നെ ഇവിടെ വ്യാഖ്യാനിക്കുകയും ചെയ്യുന്നു: “മനുഷ്യപുത്രൻ മഹത്വപ്പെടാനുള്ള മണിക്കൂർ ആയിരിക്കുന്നു” (12,23). യേശുവിന്റെ മഹത്വീകരണം കുരിശുമരണത്തിലൂടെയാണ് സംഭവിക്കുക (യോഹ 3,15; 12,32-33). മനുഷ്യാവതാരത്തിന്റെ ലക്ഷ്യം പൂർത്തിയാകുന്ന സമയമാണ് ഈ മണിക്കൂർ (യോഹ 12,27). പിതാവിൻ പക്കലേക്കു പോകാനുള്ള സമയമാണിത് (13,1). “പിതാവേ സമയമായിരിക്കുന്നു” (17,1) എന്ന പ്രാർത്ഥനയുടെ വാച്യാർത്ഥം “നിശ്ചയിക്കപ്പെട്ടിരിക്കുന്ന മണിക്കൂർ വന്നു കഴിഞ്ഞു” (the hour has come) എന്നത്രെ.

കുരിശുമരണവും ഉത്ഥാനവും വഴി യേശു മഹത്വീകരിക്കപ്പെടുകയും മനുഷ്യരക്ഷ യാഥാർത്ഥ്യമാവുകയും ചെയ്യുന്ന സമയമാണ് യേശുവിന്റെ സമയം, അഥവാ മണിക്കൂർ. “എന്റെ സമയം ഇനിയും ആയിട്ടില്ല” എന്നു കാനായിൽ വച്ചുപറയുമ്പോൾ ഈ ഒരു ചിത്രമാണ് വാക്കുകൾക്കു പിന്നിൽ വിരിയുന്നത്. “സ്ത്രീയേ എനിക്കും നിനക്കും എന്ത്? എന്റെ സമയം ഇനിയും ആയിട്ടില്ല” എന്നു പറഞ്ഞവൻ തന്നെയാണ് സമയമാകുമ്പോൾ “സ്ത്രീയേ ഇതാ നിന്റെ മകൻ” എന്നു പറയുക. കാനായിൽ തുടങ്ങി കാൽവരിയിൽ പൂർത്തിയായതാണ് യേശുവിന്റെ സമയം. തന്റെ മഹത്വം വെളിപ്പെടുത്തുന്നതിനുവേണ്ടി യേശു പ്രവർത്തിച്ച അടയാളങ്ങളുടെ ആരംഭം (യോഹ 2,11) എന്നു കാനായിലെ സംഭവത്തെ വിശേഷിപ്പിക്കുന്നതിലൂടെ ഈ സത്യം യോഹന്നാൻ വ്യക്ത

മാക്കുന്നു.

തന്റെ സമയം ഇനിയും ആയിട്ടില്ല എന്നു പറഞ്ഞെങ്കിലും യേശു അത്ഭുതം പ്രവർത്തിക്കുക തന്നെ ചെയ്തു. അമ്മയുടെ മാധ്യസ്ഥ്യം സ്വീകരിച്ചു, സ്വീകരിക്കുന്നു എന്നതിന്റെ വ്യക്തമായ അടയാളമാണല്ലോ കൽഭരണയിൽ നിറഞ്ഞുകവിഞ്ഞ പുതുവീഞ്ഞ്. അതിനാൽ കാനായിൽവച്ച് അമ്മയെ തള്ളിപ്പറയുകയോ ശകാരിക്കുകയോ അല്ല, സഹരക്ഷകയും മധ്യസ്ഥയും എന്ന അവളുടെ സ്ഥാനം ഏറ്റുപറയുകയാണ് യേശു ചെയ്തത്.

യേശുവിന്റെ സമയം സഹനത്തിന്റെയും മരണത്തിന്റെയും സമയമാണ്. അതിലൂടെ മാത്രമേ ഉത്ഥാനത്തിന്റെ മഹത്വവും മനുഷ്യരക്ഷയും സാധ്യമാകൂ! നമുക്കുമില്ലേ ഇതുപോലെ ഒരുസമയം? ഒരു മണിക്കൂർ? മഹത്വത്തിലേക്കു നയിക്കുന്ന കുരിശിന്റെ നാഴിക? സഹനത്തിൽ നിന്ന് ഒഴിഞ്ഞുമാറുന്നതിലൂടെയോ, കുരിശുകൾ തള്ളിക്കളയുന്നതിലൂടെയോ അല്ല, യേശുവിനെപ്പോലെ അതു സ്വീകരിക്കുന്നതിലൂടെയാണ് നാമും രക്ഷയിൽ പങ്കുചേരുക, സഹോദരങ്ങളുടെ രക്ഷയ്ക്ക് ഉപകരണങ്ങളാക്കുക. അതിനുള്ള പ്രേരണയാണ് അമ്മയുടെ തിരുമൊഴി: "അവൻ നിങ്ങളോട് പറയുന്നത് ചെയ്യുവിൻ". പിതാവിന്റെ അടുക്കലേക്കുപോകുന്ന സമയമാണ് യേശുവിന്റെ മണിക്കൂർ. അതിനാൽത്തന്നെ ദുഃഖത്തെക്കാൾ കൂടുതൽ സന്തോഷവും പ്രത്യാശയുമാണ് ആ മണിക്കൂറിന്റെ സവിശേഷത. നമ്മുടെ മണിക്കൂറിന്റെയും അർത്ഥം അതു തന്നെയാണ്. രോഗങ്ങളും ക്ലേശങ്ങളും സഹനങ്ങളും അവസാനം മരണവും എല്ലാം പിതാവിന്റെ അടുക്കലേക്കുള്ള യാത്രയുടെ ഭാഗമാണെന്നറിയുമ്പോൾ അവയെ സന്തോഷത്തോടെ സ്വീകരിക്കാനും രക്ഷണീയമാക്കി മാറ്റാനും കഴിയും, യേശുവിനെപ്പോലെ, അമ്മയെപ്പോലെ.

uuuu



# 13 ഭരണികളിൽ വെള്ളം നിറയ്ക്കുവിൻ

***യോഹ 2,7***

"യഹൂദരുടെ ശുദ്ധീകരണ കർമ്മത്തിനുള്ള വെള്ളം നിറയ്ക്കുന്ന ആറു കൽഭരണികൾ അവിടെ ഉണ്ടായിരുന്നു. ഓരോന്നിലും രണ്ടോ മൂന്നോ അളവുകൊള്ളുമായിരുന്നു. യേശു അവരോട് കല്പിച്ചു, ഭരണികളിൽ വെള്ളം നിറയ്ക്കുവിൻ" (യോഹ 2,6-7). വിവാഹവിരുന്നിനിടയിൽ വീഞ്ഞു തീർന്നുപോയതിനാൽ എന്തുചെയ്യണം എന്നറിയാതെ കലവറക്കാരനും വേലക്കാരനും വിഷണ്ണരായി നിന്നു. പ്രശ്നം അമ്മ യേശുവിനെ അറിയിക്കുകയും ചെയ്തു. അപ്പോഴാണ് തികച്ചും അപ്രതീക്ഷിതമായ ഈ കല്പന. വിരുന്നുകാരെല്ലാം കൈകാലുകൾ കഴുകി ശുദ്ധി വരുത്തിയവരാണ്. അവർക്കിപ്പോൾ ആവശ്യം ശുദ്ധീകരണത്തിനുള്ള വെള്ളമല്ല, വീര്യമുള്ള വീഞ്ഞാണ്. എന്നാൽ, യേശു കല്പിക്കുന്നതോ കൽഭരണികളിൽ വെള്ളം നിറയ്ക്കാൻ!

സാഹചര്യവുമായി പ്രത്യക്ഷത്തിൽ യാതൊരു ബന്ധവുമില്ലാത്ത ഒരു കല്പനയാണിത്. കാലിയായ ചാറകളിലോ തോല്ക്കുടങ്ങളിലോ വെള്ളം നിറയ്ക്കാനാണ് പറഞ്ഞതെങ്കിൽ അതു മനസ്സിലാക്കാമായിരുന്നു. എന്നാൽ ശുദ്ധീകരണജലത്തിനുള്ള കൽഭരണികളിൽ എന്തിന് ജലം നിറയ്ക്കണം?.

ദൈവത്തിന്റെ പ്രവൃത്തികൾ പലപ്പോഴും ഇങ്ങനെയാണ്. സാഹചര്യവുമായി യാതൊരു ബന്ധവുമില്ല എന്നു തോന്നുന്നതായിരിക്കും ദൈവം ആവശ്യപ്പെടുക. ആവശ്യക്കാരന്റെ പ്രാർത്ഥനയുമായി പ്രത്യക്ഷത്തിൽ ഒരു ബന്ധവുമില്ലെന്നു തോന്നുന്ന കാര്യം ചെയ്യാൻ ദൈവം ആവശ്യപ്പെടുമ്പോൾ അതു മനസ്സിലാക്കാനും അനുസരിക്കാനും പ്രയാസം നേരിട്ടെന്നു വരാം.

കുഷ്ഠരോഗം ബാധിച്ച സിറിയൻ സൈന്യാധിപൻ നാമാൻ വലിയ പ്രതീക്ഷകളോടെയാണ് വിലപിടിച്ച സമ്മാനങ്ങളുമായി പ്രവാചകനായ ഏലീഷായെ തേടി പുറപ്പെട്ടത്. എന്നാൽ, പ്രവാചകന്റെ നിർദ്ദേശം അയാളെ തികച്ചും നിരാശനാക്കി. തന്റെ നാട്ടിൽ എത്ര വലിയ നദികളുണ്ട്. അവയേക്കാൾ മെച്ചപ്പെട്ടതാണോ ചെറിയ ഒരു അരുവി മാത്രമായ ജോർദ്ദാൻ! ജോർദ്ദാനിൽ ഏഴു തവണ മുങ്ങിയതുകൊണ്ട് ഞാൻ എങ്ങനെയാണ് സുഖം പ്രാപിക്കുക? നദിയുടെ വലിപ്പമോ വെള്ളത്തിന്റെ ശക്തിയോ അല്ല ദൈവമാണ് സൗഖ്യം നല്കുന്നതെന്ന് മനസ്സിലാക്കാൻ നാമാനു പ്രയാസമായിരുന്നു. പക്ഷേ യുക്തിക്കും

ബുദ്ധിക്കും നിരക്കാത്തതെന്നു കരുതിയെങ്കിലും അതനുസരിച്ചപ്പോൾ അത്ഭുതം സംഭവിച്ചു. കുഷ്ഠം അയാളെ വിട്ടുമാറി (2 രാജാ 5,1-14). ബലിഷ്ഠ മായ ജെറിക്കോ കോട്ട ഇടിച്ചു നിരത്താൻ ശ്രമിക്കുന്നതിനു പകരം ഉടമ്പടി യുടെ പേടകവും വഹിച്ച് കോട്ടയ്ക്ക് ചുറ്റും പ്രദക്ഷിണം വയ്ക്കാനാണ് കർത്താവ് ജോഷ്വായോട് ആവശ്യപ്പെട്ടത്. ഫറവോയുടെ സൈന്യം പിന്നിൽ നിന്നു പാഞ്ഞടുത്തപ്പോൾ അവരെ സംഹരിക്കുകയോ തടയുകയോ ചെയ്യാതെ കടലിനുമീതെ കൈനീട്ടാൻ മോശയോടും കടലിനു നടുവിലേക്കു ഇറങ്ങാൻ ജനത്തോടും ദൈവം കല്പിച്ചു.

കലത്തിൽ അവശേഷിച്ച അല്പം മാവുകുഴച്ച് അപ്പമുണ്ടാക്കി തിന്നതി നുശേഷം പട്ടിണികിടന്നു മരിക്കാൻ ഒരുങ്ങുന്ന വിധവയോട് ആദ്യമേ അപ്പം ചുട്ട് തനിക്കുതരാൻ അപേക്ഷിക്കുന്ന ഏലിയായും ഏതാണ്ട് ഇതുപോലെത ന്നെയാണ്. യുക്തിക്കു നിരക്കാത്ത അഭ്യർത്ഥന. ആയിരക്കണക്കിന് ആളുകൾ വിശന്നിരിക്കുന്നിടത്ത് അഞ്ചപ്പം വീതിക്കാൻ കല്പിച്ച യേശുവിന് സുബോധം നഷ്ടപ്പെട്ടുവോ എന്ന് ശിഷ്യന്മാർ ശങ്കിച്ചുകാണും. അമ്പതും നൂറും വീതം ആളുകളെ പന്തികളിൽ ഇരുത്തിയിട്ട് തുച്ഛമായ അപ്പക്കഷ്ണങ്ങളുമായി അവർ എന്തു ചെയ്യാൻ! സുവിശേഷ പ്രഘോഷകനായ ഫിലിപ്പിനോട് ദൈവദൂതൻ പറഞ്ഞു: “എഴുന്നേറ്റ് തെക്കോട്ടു നടന്ന്, ഗാസായിലേക്കുള്ള പാതയിൽ എത്തു ക. അത് വിജനമായ പാതയായിരുന്നു” (അപ്പ 8,26). ആളില്ലാത്ത വഴിയിൽ ആരെ കാത്താണ് താൻ നില്ക്കേണ്ടതെന്ന് ഫിലിപ്പിന് അറിയില്ലായിരുന്നു. തന്റെ വിലപ്പെട്ട സമയം ഇങ്ങനെ വിജനസ്ഥലത്ത് നഷ്ടപ്പെടുത്തുന്നതിൽ അമർഷം തോന്നിക്കാണും. പക്ഷേ, ഇവിടെയെല്ലാം ദൈവത്തിന് ഒരു പദ്ധതിയുണ്ടായി രുന്നു.

ജോർദ്ദാനിൽ മുങ്ങിയ നാമാന്റെ കുഷ്ഠം മാറി. ജെറീക്കോയുടെ മതി ലുകൾ നിലം പതിച്ചു. ക്ഷാമം അവസാനിക്കുന്നതുവരെ കലത്തിലെ മാവ് തീർന്നില്ല. അപ്പം വർദ്ധിച്ച് ആയിരങ്ങളെ തൃപ്തരാക്കി, അനേകം കുട്ട മിച്ചം വന്നു. ഫിലിപ്പ് വഴി വന്ന എത്യോപ്യാക്കാരന്റെ മാനസാന്തരം ഒരു രാജ്യ ത്തിന്റെ മുഴുവൻ സുവിശേഷവത്ക്കരണത്തിന് വഴിതെളിച്ചു. ചോദ്യം ചെയ്യാ ത്ത, സംശയങ്ങൾ ഉന്നയിക്കാത്ത, സമ്പൂർണ്ണ വിശ്വാസവും അനുസരണവും അത്ഭുതത്തിന് വഴി തുറക്കുന്നു. ബലഹീനരായ മനുഷ്യരിലൂടെയും അപര്യാ പ്തമായ സാഹചര്യങ്ങളിലൂടെയും ദൈവികശക്തി പ്രവഹിക്കുന്നു.

വേലക്കാർ കൽഭരണികളിൽ വെള്ളം നിറച്ചു. അതു പ്രയാസമുള്ള കാര്യമായിരുന്നില്ല. വീഞ്ഞു വേണ്ടിടത്ത് എന്തിനു വെള്ളം എന്നു അവർ ചോദി ച്ചില്ല. തങ്ങളോടു കല്പിച്ചതും തങ്ങൾക്കു സാധ്യമായതും അവർ ചെയ്തു. കലവറക്കാരന് കോരിക്കൊടുക്കാൻ പറഞ്ഞപ്പോൾ അതും ചെയ്തു. ഈ അനു സരണത്തിനിടയിൽ അത്ഭുതം സംഭവിച്ചു. തങ്ങൾ കിണറ്റിൽ നിന്നു കോരി





ഭരണിയിൽ നിറച്ച വെള്ളം വീഞ്ഞായി മാറിയത് അവർ കണ്ടറിഞ്ഞു; അവിടെ ദൈവകരം അവർ ദർശിച്ചു.

കാനായിലെ കല്യാണവീട്ടിലുണ്ടായിരുന്ന കൽഭരണികളെക്കുറിച്ചുള്ള പരാമർശത്തിൽ മൂന്നു കാര്യങ്ങൾ ശ്രദ്ധയർഹിക്കുന്നു. 1. അവയുടെ എണ്ണം. സംഖ്യകൾക്ക് ബൈബിളിൽ പലപ്പോഴും പ്രതീകാത്മകമായ അർത്ഥമുണ്ട്. പൂർണ്ണതയെ സൂചിപ്പിക്കുന്ന സംഖ്യയാണ് 7. അതിൽ നിന്ന് ഒന്നു കുറഞ്ഞ 6 അപൂർണ്ണതയെ സൂചിപ്പിക്കുന്നു. 2. ഭരണികളുടെ ഉപയോഗം. യഹൂദരുടെ ശുദ്ധീകരണത്തിനുള്ള ജലം സൂക്ഷിക്കുകയായിരുന്നു ഈ ഭരണികളുടെ ഉദ്ദേ ശ്യം. ശുദ്ധീകരണം രണ്ടുതരമുണ്ട്. പൊടി നിറഞ്ഞ നിരത്തിലൂടെ നടന്നുവരു ന്നവർ കാലുകൾ കഴുകി ശുദ്ധിയാക്കുന്നതാണ് ഒന്ന്. രണ്ടാമത്തേത് ഭക്ഷണ ത്തിനുമുമ്പും ഭക്ഷണശേഷവും കൈകൾ കഴുകി ശുദ്ധമാക്കുന്നത്. ഭക്ഷണ മധ്യത്തിലും കൈകഴുകുമായിരുന്നു. 3. ഭരണികൾ മിക്കവാറും കാലിയായിരു ന്നു. അതിനാലാണല്ലോ അവ നിറയ്ക്കാൻ യേശു ആവശ്യപ്പെടുന്നത്.

ഈ മൂന്നു കാര്യങ്ങളും പഴയനിയമത്തിന്റെ സവിശേഷതകളായി കരു താനാവും. പഴയനിയമം അപൂർണ്ണമാണ്. വെറും ബാഹ്യമായ ശുദ്ധീകരണം മാത്രമേ അതിലൂടെ ലഭിക്കൂ. ഹൃദയത്തെ, ആത്മാവിനെ ശുദ്ധീകരിക്കാൻ പഴയ നിയമത്തിനു കഴിയില്ല. കാലിയായ കൽഭരണികൾ പോലെയാണ് പഴയനിയ മം. അത് ലക്ഷ്യപ്രാപ്തിക്ക് ഉപകരിക്കുന്നില്ല. ഈ പശ്ചാത്തലത്തിൽ യേശു കൊണ്ടുവരുന്ന പുതിയനിയമവും യേശുവിലൂടെ ലഭിക്കുന്ന രക്ഷയും കൂടു തൽ വ്യക്തമാകുന്നു.

ശൂന്യമായ കൽഭരണികൾ യേശുവിന്റെ കല്പനപ്രകാരം നിറഞ്ഞുക വിഞ്ഞു. അതിൽ നിറയുന്നത് ശരീരം കഴുകാനുള്ള വെള്ളമല്ല, ഹൃദയത്തെ സന്തോഷിപ്പിക്കുന്ന, ആത്മാവിനെ ശുദ്ധീകരിക്കുന്ന പുതു വീഞ്ഞാണ്. കൽഭ രണിയുടെ അളവ് സുവിശേഷകൻ പറയുന്നുണ്ട്. ഏകദേശം 40 ലിറ്ററാണ് “ഒരളവ്” 80-120 ലിറ്റർ വീതം കൊള്ളുന്ന 6 കൽഭരണികളിൽ നിറഞ്ഞുക വിഞ്ഞ വീഞ്ഞ് മിശിഹായിലൂടെ ലഭിക്കുന്ന സമൃദ്ധിയെ സൂചിപ്പിക്കുന്നു. കാനാ യിൽ വച്ച് വെള്ളം വീഞ്ഞാക്കിയവൻ അന്ത്യ അത്താഴവേളയിൽ വീഞ്ഞ് തന്റെ രക്തമാക്കി മാറ്റും. അങ്ങനെ കാനായിലെ വീഞ്ഞ് യേശുവിന്റെ ആത്മ ബലിയിലേക്കും അതിലൂടെ ലഭിക്കുന്ന രക്ഷയിലേക്കും വിരൽ ചൂണ്ടുന്നു.

വിവാഹവിരുന്നിന് അതിഥികളെ സല്കരിക്കുകയും ആവശ്യത്തിന് വീഞ്ഞ് നല്കുകയും മണവാളന്റെ കടമയായിരുന്നു. കാനായിലെ മണവാ ളനും കലവറക്കാരും പരാജയപ്പെട്ടിടത്ത് യേശു പുതുവീഞ്ഞു നല്കുന്നു. ഇതി ലൂടെ യഥാർത്ഥത്തിൽ യേശു തന്നെയാണ് മണവാളൻ എന്നും സൂചിപ്പിക്കു ന്നു. അങ്ങനെ കാനായിലെ കല്യാണവിരുന്ന് ദൈവരാജ്യത്തിന്റെ ഒരു മുന്നാ സ്വാദനമായി മാറുന്നു. ദൈവരാജ്യം ഒരു യാഥാർത്ഥ്യമാകുന്നത് യേശുവിന്റെ

മരണവും ഉത്ഥാനവുമാകുന്ന പെസഹാ രഹസ്യത്തിലൂടെ, അഥവാ യേശുവിന്റെ മഹത്വീകരണത്തിലൂടെയാണ്. അതിന് അമ്മയുടെ മാധ്യസ്ഥ്യം വഴിയൊരുക്കി. വേലക്കാരുടെ സഹകരണവും ആവശ്യമായിരുന്നു. അമ്മയുടെ വാക്കുകേട്ട് വേലക്കാർ കൽഭരണികളിൽ വെള്ളം നിറച്ചപ്പോൾ യേശുവിന്റെ വാക്ക് അതിനെ വീഞ്ഞാക്കി മാറ്റി. ഇതുതന്നെ ഇന്നും സംഭവിക്കും. അമ്മയുടെ നിർദ്ദേശം സ്വീകരിച്ച്, യേശുവിന്റെ വാക്കനുസരിച്ച് ഭരണികളിൽ വെള്ളം നിറയ്ക്കുമ്പോൾ, നമ്മുടെ കഴിവുകൾ പൂർണ്ണമായി നല്കുകയും ഉപയോഗിക്കുകയും ചെയ്യുമ്പോൾ യേശുവിന്റെ വചനം അതിനെ ഫലമണിയിക്കും. ജീവിതം സന്തോഷപൂരിതമാകും.

നമ്മുടെ ഭാഗത്തു നിന്നുള്ള സമ്പൂർണ്ണസഹകരണമാണ് ദൈവം ആവശ്യപ്പെടുന്നത്. ആവശ്യവുമായി തുലനം ചെയ്യുമ്പോൾ നമ്മുടെ കഴിവുകളും സമ്പത്തും എല്ലാം തുലോം തുച്ഛവും അപര്യാപ്തവുമായിരിക്കും, ആയിരങ്ങൾക്കുമുമ്പിൽ അഞ്ച് അപ്പക്കഷ്ണങ്ങൾ പോലെ. എന്നാൽ ഉള്ളതും ഉള്ളും മുഴുവനായി കൊടുക്കുമ്പോൾ ആവശ്യത്തിന് തികഞ്ഞ് മിച്ചം വരാൻ ദൈവം ഇടയാക്കും, തോല്ക്കുടങ്ങൾ കാലിയായപ്പോൾ കൽഭരണികളിൽ വീഞ്ഞു നിറഞ്ഞു കവിഞ്ഞതുപോലെ. ഔദാര്യത്തിൽ തന്നെ മറികടക്കാൻ ദൈവം ആരെയും അനുവദിക്കുകയില്ല. കൊടുക്കുന്നത് നൂറുമേനി വർദ്ധിപ്പിച്ച് തിരിച്ചുതരും.

നിന്നെക്കൂടാതെ നിന്നെ സൃഷ്ടിച്ച ദൈവം നിന്നെക്കൂടാതെ നിന്ന രക്ഷിക്കുകയില്ല എന്ന വി. അഗസ്റ്റിന്റെ പ്രസ്താവന ഇവിടെ ശ്രദ്ധയമത്രേ. ശൂന്യമായ കൽഭരണികളിൽ വെള്ളം കോരി നിറയ്ക്കുക! നമുക്കു ചെയ്യാൻ കഴിയുന്നത് വിശ്വാസത്തോടെ ചെയ്യുക, കുറവുകൾ ദൈവം പരിഹരിക്കും. തിന്മയ്ക്കെതിരെയുള്ള പോരാട്ടത്തിൽ, ആതുരശുശ്രൂഷകളിൽ, ഏതു രംഗത്തും ഇതു പ്രസക്തമാണ്. ഭരണികളിൽ വെള്ളം നിറക്കുക. നിനക്കുള്ളതു മുഴുവൻ കൊടുക്കുക. നിനക്കു കഴിയുന്നതു മുഴുവൻ ചെയ്യുക. കർത്താവു പ്രവർത്തിക്കുന്ന അത്ഭുതം നീ കാണും.



# 14 മിണ്ടരുത് !
## മർക്കോസ് 1,25

കഫർണാമിലെ സിനഗോഗിൽ വച്ചാണ് അതു സംഭവിച്ചത്. അന്നൊരു സാബത്തായിരുന്നു. ഗലീലി തടാകത്തീരത്തുള്ള ഒരു പ്രമുഖ നഗരമാണ് കഫർണാം. ഏകദേശം 20 കി.മീ നീളവും 14 കി.മീ വീതിയും ഉള്ള വലിയൊരു ഉൾനാടൻ തടാകത്തെയാണ് ഗലീലാ കടൽ, ഗെനേസറത്ത് തടാകം, ടിബേരിയാസ് തടാകം എന്നൊക്കെ വിളിക്കുന്നത്. തടാകത്തിൽ സമൃദ്ധമായി വളരുന്ന മീൻപിടിച്ചു വിറ്റ് ഉപജീവനം നടത്തിയിരുന്ന ശിമയോനും കൂട്ടരും അടങ്ങുന്ന ഒരു ചെറു സംഘത്തെ അനുയായികളായി വിളിച്ചു കൂട്ടിയ നസ്രത്തിൽ നിന്നുള്ള ആ ചെറുപ്പക്കാരൻ സാബത്തുദിവസം കഫർണാം സിനഗോഗിൽ ഏവർക്കും വിസമയമായി.

ജോലിയിൽ നിന്നെല്ലാം വിരമിച്ച്, ദൈവശുശ്രൂഷയ്ക്കായി യഹൂദർമാറ്റിവച്ചിരുന്ന ദിവസമാണ് സാബത്ത്. അന്ന് എല്ലാവരും പ്രാർത്ഥനാലയമായ സിനഗോഗിൽപോകും. ബൈബിളിൽ നിന്നുള്ള വായനകൾക്കുശേഷം സിനഗോഗധികാരിയോ അദ്ദേഹം നിശ്ചയിക്കുന്ന മറ്റാരെങ്കിലുമോ, വായിച്ചുകേട്ട ബൈബിൾഭാഗത്തെ അടിസ്ഥാനമാക്കി, ജനങ്ങളോട് പ്രസംഗിക്കും. തുടർന്ന് പ്രാർത്ഥനകളും ആശീർവാദങ്ങളും കഴിഞ്ഞ് എല്ലാവരും വീടുകളിലേക്ക് മടങ്ങും. എന്നാൽ ഈ പതിവിന് അന്നു തടസ്സങ്ങളുണ്ടായി.

നസ്രത്തിൽ നിന്നുവന്നവനും ജോസഫിന്റെ മകനുമായ യേശു എന്ന ചെറുപ്പക്കാരന്റെ പ്രസംഗം എല്ലാവരെയും അമ്പരിപ്പിച്ചു. ആശാരിപ്പണികൊണ്ട് ഉപജീവനം കഴിച്ചിരുന്ന, ഔപചാരികമായ വിദ്യാഭ്യാസമൊന്നും ലഭിച്ചിട്ടില്ലാത്ത, അയാളുടെ അധരങ്ങളിൽ നിന്ന് ഉതിർന്നുവീണ വാക്കുകൾ അവരെ അത്ഭുത സ്തബ്ധരാക്കി. ഈ പ്രബോധനത്തിന്റെ ശക്തിയും ആധികാരികതയും അത്ഭുതാവഹമായിരുന്നു. അപ്പോഴാണ് അപ്രതീക്ഷിതമായി മറ്റൊന്ന് സംഭവിച്ചത്.

സ്ഥിരം സിനഗോഗിൽ വരാറുണ്ടായിരുന്ന ഒരാൾ യേശുവിന്റെ പ്രസംഗമദ്ധ്യേ ആക്രമാസക്തനായി ഉച്ചത്തിൽ അലറി. അയാളുടെ ആക്രോശം വ്യക്തമായിരുന്നു. "നസ്രായനായ യേശുവേ നീ എന്തിനു ഞങ്ങളുടെ കാര്യത്തിൽ ഇടപെടുന്നു? ഞങ്ങളെ നശിപ്പിക്കാനാണോ നീ വന്നിരിക്കുന്നത്? നീ ആരാണെന്ന് എനിക്കറിയാം-ദൈവത്തിന്റെ പരിശുദ്ധൻ" (മർക്കോ 1,24). ശാന്തനായി പ്രാർത്ഥനാ ശുശ്രൂഷയിൽ പങ്കെടുത്തുകൊണ്ടിരുന്ന അയാൾ പെട്ടെന്ന് ഭാവം

മാറി അട്ടഹസിച്ചത് പിശാചുബാധയുടെ ലക്ഷണമായി ജനം മനസ്സിലാക്കി. യേശുവിനെക്കുറിച്ച് അയാൾ പറഞ്ഞ കാര്യങ്ങൾ കൂടുതൽ വിസ്മയം ഉളവാക്കി.

"ദൈവത്തിന്റെ പരിശുദ്ധൻ" എന്ന പ്രയോഗത്തിന് ദൈവപുത്രൻ എന്നു തന്നെയാണ് അർത്ഥം. യേശുവിന്റെ ദൈവത്വമാണ് പിശാചുബാധിതൻ ഏറ്റു പറയുന്നത്. മാത്രമല്ല, യേശുവിന്റെ ആഗമനോദ്ദേശ്യവും അയാൾ വ്യക്തമാക്കുന്നു. തിന്മയുടെ ആധിപത്യം അവസാനിപ്പിച്ച്, തിന്മയുടെ ശക്തികളെ നശിപ്പിച്ച്, ദൈവരാജ്യം സ്ഥാപിക്കാൻ വേണ്ടി കടന്നുവന്നിരിക്കുന്ന ദൈവപുത്രനാണ് യേശു. ഇതിനേക്കാൾ വലിയൊരു വസ്തുനിഷ്ഠപ്രഖ്യാപനവും യേശുസാക്ഷ്യവും എങ്ങനെയാണ് നൽകുക? എന്നാൽ യേശു ഈ വിശ്വാസപ്രഖ്യാപനം സ്വീകരിക്കുന്നില്ല. തന്നെയുമല്ല, തുടർന്ന് സംസാരിക്കുവാൻ അവനെ അനുവദിക്കുന്നുമില്ല.

"നിശ്ശബ്ദനായിരിക്കുക; അവനെ വിട്ട് പുറത്തു വരിക" (മാർക്കോ 1,25). എന്തേ ഈ ശാസനയും വിലക്കും? തന്നെ ക്രിസ്തുവും ദൈവപുത്രനുമായി ഏറ്റുപറഞ്ഞ പിശാചുക്കളെ മാത്രമല്ല, സൗഖ്യം പ്രാപിച്ച രോഗികളേയും വിശ്വാസം ഏറ്റുപറഞ്ഞ ശിഷ്യന്മാരെപ്പോലും (മർക്കോ 1,44; 8,30) യേശു വിലക്കുന്നതായി കാണാം. സുവിശേഷങ്ങൾ, പ്രത്യേകിച്ച് മർക്കോസ് എഴുതിയ സുവിശേഷം, അടുത്തു പരിശോധിച്ചാൽ ചിലകാര്യങ്ങൾ വ്യക്തമാകും. ജീവിതത്തിൽ പരിവർത്തനം വരുത്തുകയും ശിഷ്യത്വത്തിലേക്ക് നയിക്കുകയും ചെയ്യാത്ത വിശ്വാസപ്രഖ്യാപനം യേശുവിന് സ്വീകാര്യമല്ല. ആ വിശ്വാസപ്രഖ്യാപനം ഒരു ഗുണവും ചെയ്യുന്നില്ല എന്നുമാത്രമല്ല, നേരേവിപരീതമായ ഫലമായിരിക്കും പുറപ്പെടുവിക്കുക.

രൂപാന്തരീകരണത്തിന്റെ മലയിൽനിന്ന് ഇറങ്ങിവരുമ്പോൾ യേശു ശിഷ്യരോടുപറഞ്ഞു: "നിങ്ങൾ കണ്ട കാര്യങ്ങൾ മനുഷ്യപുത്രൻ മരിച്ചവരിൽനിന്ന് ഉയർക്കുന്നതുവരെ ആരോടും പറയരുത്" (മർക്കോ 9,9). യേശുവിന്റെ യഥാർത്ഥ വ്യക്തിത്വം കുരിശുമരണവും പുനരുത്ഥാനവും വരെ രഹസ്യമായി സൂക്ഷിക്കേണ്ടിയിരുന്നു. കാരണം മരണവും ഉത്ഥാനവും വഴിമാത്രമേ ആ രഹസ്യം ശിഷ്യന്മാർക്കുപോലും ഗ്രഹിക്കാൻ കഴിയുമായിരുന്നുള്ളു. തന്നെയുമല്ല, യേശു ആരെന്ന് ഗ്രഹിക്കണമെങ്കിൽ അത്ഭുതങ്ങൾ കാണുകയും പ്രബോധനങ്ങൾ കേൾക്കുകയും ചെയ്താൽ മാത്രം പോരാ, കുരിശുമെടുത്ത് അവനെ അനുഗമിക്കണം. ക്രൂശിതന്റെ കൂടെ കുരിശിൻ ചുവട്ടിൽ നിൽക്കണം. കുരിശിൻ ചുവട്ടിൽ നിന്ന ശതാധിപനാണ് ആ വിശ്വാസ സത്യം ഏറ്റുപറയുന്നത്: "സത്യമായും ഈ മനുഷ്യൻ ദൈവപുത്രനായിരുന്നു" (മർക്കോ 15,39).

ശിഷ്യത്വമില്ലാത്ത വിശ്വാസപ്രഖ്യാപനം കാപട്യമാണ്; കുരിശെടുക്കാൻ സന്നദ്ധമാകാതെ ഉച്ചത്തിൽ വിളിച്ചുപറയുന്ന വിശ്വാസം യേശുവിന് സ്വീകാ





ര്യമല്ല. "മിണ്ടരുത്" എന്നു പിശാചുബാധിതനെ വിലക്കാൻ കാരണം ഇതാണ്. വിളിച്ചു പറയുന്നത് സത്യമാണെങ്കിലും ആ സത്യം അയാളുടെ ജീവിതത്തെ സ്വാധീനിക്കുന്നില്ല. തന്നെയുമല്ല, യേശുവിന്റെ വ്യക്തിത്വവും ദൗത്യവും തെറ്റിദ്ധരിക്കപ്പെടാൻ അത് കാരണവുമാവുകയും ചെയ്യും. ദാവീദിന്റെ സാമ്രാജ്യം പുനഃസ്ഥാപിക്കാൻ വന്ന രാഷ്ട്രീയ മിശിഹാ ആയി ജനങ്ങൾ യേശുവിനെ കരുതുകയും രാജ്യസ്ഥാപനത്തിനുവേണ്ടി പടവെട്ടാൻ തയ്യാറാവുകയും ചെയ്തേക്കാം എന്ന സാധ്യതയും തള്ളിക്കളയാനാവില്ല (യോഹ 6,14-15). യേശു ഉദ്ഘാടനം ചെയ്തത് ദാവീദിന്റെ ഭൗതിക സാമ്രാജ്യമല്ല, ദൈവരാജ്യമാണ്. അത് ഭൂമിയിൽ യാഥാർത്ഥ്യമാകുന്നത് ശത്രുക്കൾക്കെതിരെയുള്ള ആയുധപ്രയോഗത്തിലൂടെയല്ല, മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിക്കുകയും യേശുവിനു ശിഷ്യപ്പെടുകയും ചെയ്യുന്നതിലൂടെയാണ്. ആ ശിഷ്യത്വമാകട്ടെ കുരിശിലൂടെ ഉത്ഥാനത്തിലേക്കു നയിക്കുന്നതാണ്.

ശിഷ്യത്വവും സഹോദരസ്നേഹത്തിന്റെ പ്രവൃത്തിയും കൂടാതെയുള്ള വിശ്വാസ പ്രഖ്യാപനം പൈശാചികമാണ്. വിശ്വസിക്കുകയും ഭയന്നുവിറയ്ക്കുകയും ചെയ്യുന്ന പിശാചിനെക്കുറിച്ച് ബൈബിളിൽ പരാമർശിക്കുന്നുണ്ട് (യാക്കോ 2,19). ആർത്തട്ടഹസിക്കുന്ന വിശ്വാസം മാത്രം ആരെയും രക്ഷിക്കുന്നില്ല. നേരെമറിച്ച് പലപ്പോഴും തെറ്റിദ്ധാരണകളിലേക്കും സംഘർഷങ്ങളിലേക്കും അക്രമപ്രവർത്തനങ്ങളിലേക്കും അതു നയിച്ചെന്നും വരും. അതിനാൽ വിശ്വാസപ്രകടനങ്ങളും പ്രാർത്ഥനകളും ഭക്തിയഭ്യാസങ്ങളും പൈശാചികമാകാതിരിക്കാൻ ശ്രദ്ധിക്കണം. അല്ലെങ്കിൽ യേശു ഇന്നും പറഞ്ഞെന്നുവരും: "മിണ്ടരുത്" !.

# 15 നിനക്കു ശുദ്ധിയുണ്ടാകട്ടെ

***മർക്കോസ് 1,41***

വലിയൊരു സാഹസത്തിനാണ് അയാൾ മുതിർന്നത്. സമൂഹം ഏറ്റം കൂടുതൽ വെറുക്കുകയും ഭയക്കുകയും ചെയ്തിരുന്ന കുഷ്ഠരോഗം ബാധിച്ച അയാൾക്ക് പട്ടണത്തിൽ പ്രവേശിക്കാനോ പൊതുവഴിയിലൂടെ നടക്കാനോ അനുവാദം ഉണ്ടായിരുന്നില്ല. അയാൾ നടക്കുന്ന വഴിയും ഇരിക്കുന്ന ഇടവും അശുദ്ധമാകും; ആ വഴിയേ നടക്കുന്നവരും അയാളുടെ അടുത്തുവരുന്നവരും അശുദ്ധരാകും എന്ന് യഹൂദനിയമം വിധിയെഴുതിയിരുന്നു (ലേവ്യർ 13,45-46). അവയവങ്ങളെ അപഹരിച്ച് ശരീരം മുഴുവൻ വ്രണബാധിതയായ ഒരു മാംസ പിണ്ഡമാക്കിയ കുഷ്ഠരോഗത്തെക്കാൾ ഭയാനകമായിരുന്നു രോഗിയോടു സമൂഹം സ്വീകരിച്ച നിലപാട്. കുഷ്ഠരോഗിയെ കണ്ടാൽ കല്ലെറിഞ്ഞോടിക്കുന്നത് ഒരു പുണ്യമാണെന്നു പഠിപ്പിച്ച റബ്ബിമാർ നയിച്ച സമൂഹം രോഗിയോടു സ്വീകരിച്ച നിലപാട് ക്രൂരമായിരുന്നു. ചികിത്സയില്ലാത്ത മാരകമായ ഒരു പകർച്ചവ്യാധിയാണ് കുഷ്ഠം എന്നു ജനം വിശ്വസിച്ചിരുന്നതിനാൽ ആയിരിക്കാം ഇത്രയും കഠിനമായ നിലപാട് സ്വീകരിച്ചിരുന്നത്. ദൈവത്തിന്റെ ശാപമാണ് തന്റെ ശരീരത്തെ കാർന്നു തിന്നുന്നതെന്ന അവബോധം സമൂഹം അയാളുടെമേൽ അടിച്ചേല്പിച്ചു. രോഗി എന്നതിനെക്കാൾ "അശുദ്ധൻ" എന്ന മുദ്ര അയാളെ മാനസികമായും തളർത്തി. ഇപ്രകാരം തകർന്ന ഒരു വ്യക്തിയാണ് യേശുവിനെ സമീപിച്ചത്.

"ഒരു കുഷ്ഠരോഗി അവന്റെ അടുത്തെത്തി" (മർക്കോ 1,40). അത് ഒരു പട്ടണത്തിലായിരുന്നു എന്ന് ലൂക്കാ വിശദീകരിക്കുന്നുണ്ട് (ലൂക്കാ 5,12). ജനസമ്പർക്കത്തിൽ നിന്നകന്നു നില്ക്കാൻ വിധിക്കപ്പെട്ട കുഷ്ഠരോഗി പട്ടണത്തിൽ പ്രവേശിക്കാനും യേശുവിന്റെ അടുക്കൽ വരാനും ധൈര്യപ്പെട്ടതുതന്നെ വലിയൊരു സാഹസമാണ്. എല്ലാവരും വെറുക്കുന്ന തന്നെ യേശു സ്വീകരിക്കുമെന്നും മറ്റാർക്കും സുഖപ്പെടുത്താൻ കഴിയാത്ത തന്റെ രോഗം മാറ്റി തനിക്കു സുഖവും ശുദ്ധിയും വീണ്ടും നല്കാൻ യേശുവിനു കഴിയും എന്നുമുള്ള വിശ്വാസവും പ്രത്യാശയുമാണ് ഇതിലൂടെ അയാൾ പ്രകടമാക്കുന്നത്. ആവശ്യബോധവും വിശ്വാസവുമാണ് വ്യക്തികളെ യേശുവിന്റെ അടുക്കലേക്കു നയിക്കുന്നത്. അവന്റെ വസ്ത്രത്തിന്റെ വിളുമ്പിലെങ്കിലും ഒന്നുതൊട്ടാൽ താൻ സുഖം പ്രാപിക്കുമെന്നു വിശ്വസിച്ച രക്തസ്രാവക്കാരിയും, രോഗിയായ ഭൃത്യനുവേണ്ടി യാചിച്ച ശതാധിപനും, മരിച്ച മകൾക്കു ജീവൻ നല്കാൻ കേണപേക്ഷിച്ച





ജായിറോസും, പിശാചുബാധിതയായ മക്കൾക്കുവേണ്ടി യേശുവിനെ ശല്യപ്പെടുത്തിയ കാനാൻകാരിയും എന്നുവേണ്ട, യേശുവിനെ സമീപിച്ചവരെല്ലാം ഈ വിശ്വാസവും പ്രത്യാശയും പ്രകടമാക്കിയവരാണ്. "എന്റെ അടുക്കൽ വരുന്നവരെ ഞാൻ ഒരിക്കലും തള്ളിക്കളയുകയില്ല" (യോഹ 6,37) എന്ന യേശുവിന്റെ മനോഭാവത്തിൽ വിശ്വസിച്ചതുകൊണ്ടാണ് ശരീരം തളർന്ന രോഗികളും ഹൃദയം തകർന്ന പാപികളും അവനെ സമീപിച്ചത്.

യേശുവിന്റെ അടുക്കൽ വന്ന കുഷ്ഠരോഗി അവന്റെ മുമ്പിൽ മുട്ടുകുത്തി. "ആരാധിച്ചു" എന്നു വിവർത്തനം ചെയ്യാവുന്ന ഗ്രീക്കുപദമാണ് മൂലഗ്രന്ഥകാരൻ ഉപയോഗിച്ചിരിക്കുന്നത്. യേശുവിന്റെ ദൈവത്വത്തെയും ദൈവികശക്തിയെയും പരോക്ഷമായി അംഗീകരിക്കുന്ന ഒരു പ്രവൃത്തിയാണിത്. വിശ്വാസവും വിനയവും പ്രകടമാക്കിക്കൊണ്ട് അയാൾ യാചിച്ചു: "അങ്ങേക്കു മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധമാക്കാൻ കഴിയും" (മാർക്കോ 1,40). യാചിക്കാൻ എന്നല്ല, യേശുവിനെ സമീപിക്കാൻ പോലും തനിക്ക് അർഹതയില്ല എന്ന് അംഗീകരിച്ചുകൊണ്ടാണ് രോഗി പ്രാർത്ഥിക്കുന്നത്. യേശുവിന്റെ സന്മനസ്സിൽ മാത്രമാണ് അയാളുടെ ആശ്രയം. ആ തിരുമനസ്സിനു പൂർണ്ണമായി സമർപ്പിക്കുന്ന അയാൾ യഥാർത്ഥ ശിഷ്യത്വത്തിന്റെയും പ്രാർത്ഥനയുടെയും ഉത്തമ മാതൃകയാണ്.

രോഗസൗഖ്യം മാത്രമല്ല അയാൾ യാചിക്കുന്നത്. രോഗത്തേക്കാൾ ഭാരപ്പെടുത്തുന്ന അശുദ്ധി മാറിക്കിട്ടണം. ദൈവത്തിന്റെ മുമ്പിലും സമൂഹമധ്യത്തിലും നില്ക്കാൻ കഴിയണം. അതിലേറെ മനസ്സിനും ആത്മാവിനും സൗഖ്യം ലഭിക്കണം. അതു നല്കാൻ യേശുവിനു കഴിയും. എന്നാൽ യേശു അത് ആഗ്രഹിക്കുന്നുണ്ടോ? സംശയമല്ല, ദയനീയമായ ഒരു യാചനയാണ് ഈ പദപ്രയോഗത്തിലൂടെ സുവിശേഷകൻ അവതരിപ്പിക്കുന്നത്. എല്ലാം യേശുവിന്റെ തീരുമാനത്തെ ആശ്രയിച്ചിരിക്കുന്നു. ആ തീരുമാനത്തിന് രോഗി സ്വയം വിട്ടുകൊടുക്കുന്നു.

രോഗി പ്രതീക്ഷിച്ചതിലും വളരെ വലിയ സ്നേഹവും ആർദ്രതയുമാണ് യേശു പ്രകടമാക്കിയത്. "അവൻ കരുണതോന്നി കൈനീട്ടി അവനെ സ്പർശിച്ചു" (മർക്കോ 1,41). വളരെ ശക്തമായ ഒരു പദമാണ് "കരുണ തോന്നി" എന്നു വിവർത്തനം ചെയ്യുന്ന ഗ്രീക്കുപദം. അവന്റെ കുടൽ പിരിഞ്ഞു എന്നാണ് മൂലപദത്തിന്റെ വാച്യാർത്ഥം. അതിശക്തമായ ഒരു വികാരത്തെയാണ് ഈ പദം സൂചിപ്പിക്കുക. നിർവ്വികാരനായി രോഗിയെ പറഞ്ഞയയ്ക്കുകയല്ല, അയാളുടെ ദയനീയാവസ്ഥയിൽ യേശുവിന്റെ ഹൃദയവും മനസും ഉരുകി; ശരീരത്തിൽ അതിന്റെ അനുസരണനമുണ്ടായി. വലിയ ഭയമോ ദുഃഖമോ ഉണ്ടാകുമ്പോൾ വയറ്റിൽ തീ ആളുന്നതുപോലെ ഉണ്ടാകുന്ന ഒരനുഭവമാണ് ഈ പദം സൂചിപ്പിക്കുന്നത്. തീവ്രമായ ഈ വികാരം കരസ്പർശത്തിലൂടെ യേശു പ്രകടമാക്കി. കുഷ്ഠരോഗിയിൽ നിന്ന് കുറഞ്ഞത് ആറടിയെ

ങ്കിലും അകലം പാലിക്കണം എന്ന നിയമം നിലനിന്നപ്പോഴാണ് യേശു കൈനീട്ടി അയാളെ സ്പർശിച്ചത്.

തന്റെ മുമ്പിൽ നില്ക്കുന്ന മനുഷ്യന്റെ വേദന കാണുമ്പോൾ യേശു ബാക്കിയെല്ലാം മറക്കും. മതനിയമങ്ങൾ വരച്ച നേർരേഖകൾ മറക്കും; പാരമ്പര്യങ്ങൾ തീർത്ത അതിർവരമ്പുകൾ മറക്കും; ജാതിയും കുലവും മറക്കും; ശുദ്ധാശുദ്ധ വിവേചനവും മറക്കും. യേശുവിനു വിലപ്പെട്ടതു മനുഷ്യനാണ്. പിതാവിന്റെ വികൃതമാക്കപ്പെട്ട മുഖമാണ് ഓരോ മനുഷ്യവ്യക്തിയിലും യേശു ദർശിക്കുന്നത്. ആ മുഖഛായ വീണ്ടെടുക്കുക - രോഗസൗഖ്യവും, പാപമോചനവും, പുനരുത്ഥാനവും എല്ലാം അതിനുള്ള മാർഗ്ഗങ്ങളായി യേശു കണ്ടു. അതിലൂടെ താൻ നേരിടേണ്ടിവരുന്ന പ്രത്യാഘാതങ്ങളെ യേശു ഭയന്നില്ല. അശുദ്ധനെ സ്പർശിക്കുന്നവൻ അശുദ്ധനാകും എന്ന പാരമ്പര്യത്തെ യേശു മാനിച്ചതുമില്ല. ദൈവം തന്നെ ശപിച്ചിരിക്കുന്നു എന്നു കരുതി സ്വയം ശപിച്ചവന്റെ ഹൃദയത്തിലേക്ക് ആശ്വാസത്തിന്റെ നീർച്ചാൽ ഒഴുക്കുന്നതായിരുന്നു ആ കരസ്പർശം. അധരങ്ങളിൽ നിന്നു നിർഗ്ഗളിച്ച തിരുവചനങ്ങൾ ഇതു കൂടുതൽ വ്യക്തമാക്കി.

“എനിക്കു മനസ്സുണ്ട്. നിനക്കു ശുദ്ധിയുണ്ടാകട്ടെ” (മർക്കോ 1,41). സർവ്വശക്തിയോടുംകൂടെ ഞാൻ ആഗ്രഹിക്കുന്നു ഉറച്ച തീരുമാനം എടുത്തിരിക്കുന്നു. എന്നൊക്കെ വിവർത്തനം ചെയ്യാവുന്നതാണ് “എനിക്കു മനസ്സുണ്ട്” എന്നതിന്റെ പിന്നിലെ ഗ്രീക്കുപദം. കുഷ്ഠരോഗിയുടെ വിശ്വാസത്തിനും പ്രത്യാശയ്ക്കും നല്കുന്ന യേശുവിന്റെ മറുപടി ദൈവരാജ്യത്തിന്റെ പ്രത്യക്ഷമായ ഒരടയാളമാണ്. ശരീരത്തിനും ആത്മാവിനും സൗഖ്യം നല്കി, സമൂഹത്തിൽ പൂർണ്ണ അവകാശവും അംഗീകാരവുമുള്ള ഒരു പൗരനായി അയാളെ പുനഃപ്രതിഷ്ഠിക്കുന്നതാണ് ഈ ഗുരുമൊഴി.

കുഷ്ഠരോഗം എന്നല്ല ഒരു രോഗവും ശാപത്തിന്റെ അടയാളമല്ലെന്നും ഒരു രോഗിയെയും ദൈവം തള്ളിക്കളയുന്നില്ലെന്നും തന്റെ വാക്കും പ്രവൃത്തിയും വഴി യേശു വ്യക്തമാക്കി. സമൂഹം അടിച്ചേല്പിച്ച മിഥ്യാധാരണകളിൽ നിന്ന് മോചനം നല്കുന്നതാണ് യേശുവിന്റെ നിലപാട്. കുഷ്ഠരോഗത്തെ സംബന്ധിച്ച് അന്തിമവിധി കല്പിക്കേണ്ടത് പുരോഹിതനായിരുന്നു. അദ്ദേഹത്തിന്റെ സാക്ഷിപത്രം ഉണ്ടെങ്കിലേ രോഗം മാറിയതായി സമൂഹം അംഗീകരിക്കൂ. ചിലവേറിയതാണെങ്കിലും, ശുദ്ധീകരണകാഴ്ചകൾ (ലേവ്യ 14,1-31) സമർപ്പിക്കാനും സാക്ഷിപത്രം വാങ്ങാനും സൗഖ്യം പ്രാപിച്ചവനോട് യേശു ആവശ്യപ്പെട്ടത് അയാൾ പൂർണ്ണമായും സമൂഹത്തിൽ അംഗീകരിക്കപ്പെടുന്നു എന്ന് ഉറപ്പാക്കാൻ വേണ്ടിയാണ്.

കുഷ്ഠരോഗിയുടെയും യേശുവിന്റേയും മനോഭാവങ്ങളും പ്രവൃത്തികളും വിലപ്പെട്ട ചില പാഠങ്ങൾ നല്കുന്നുണ്ട്. എല്ലാവരും തള്ളിപ്പറഞ്ഞാലും,





ആട്ടിയോടിച്ചാലും യേശു തന്നെ തിരസ്കരിക്കുകയില്ല എന്ന കുഷ്ഠരോഗിയുടെ വിശ്വാസം ഏവർക്കും വിലപ്പെട്ടതാണ്. ജാതിയും മതവും, പാപവും പുണ്യവും ഒന്നും പരിഗണിച്ചല്ല യേശു വ്യക്തികളെ സ്വീകരിക്കുന്നത്. അതിരുകളില്ലാത്ത ദൈവകാരുണ്യത്തിന്റെ അവതാരമാണവൻ. അതിനാൽ ഏവർക്കും പ്രത്യാശയോടെ അവനെ സമീപിക്കാം. അവനു സൗഖ്യമാക്കാൻ കഴിയാത്ത രോഗമില്ല; അവൻ ക്ഷമിക്കാത്ത പാപമില്ല. തന്നെ സമീപിക്കുന്നവരെ പുതിയ ഒരു മനുഷ്യനാക്കി, ദൈവരാജ്യത്തിന്റെ അംഗമാക്കി മാറ്റുന്നതാണ് യേശുവിന്റെ പ്രവർത്തനം. പ്രത്യാശയോടെ തന്റെ അടുക്കൽ വരുന്ന ഓരോ വ്യക്തിയോടും അവൻ പറയും: “എനിക്കു മനസ്സുണ്ട്, നിനക്കു ശുദ്ധിയുണ്ടാകട്ടെ!”

16

# വീണ്ടും ജനിക്കണം

## യോഹ 3,3

യഹൂദസമൂഹത്തിൽ ഉന്നതമായ സ്ഥാനമുള്ള ഒരു വ്യക്തിയായിരുന്നു അയാൾ, നിക്കൊദേമോസ്. "ജനത്തെ ജയിക്കുന്നവൻ" എന്നാണ് പേരിനർത്ഥം. പേര് അന്വർത്ഥമാക്കുന്നതായിരുന്നു അയാളുടെ കുടുംബപാരമ്പര്യവും ജീവിതവും. ബി.സി. 63ൽ പാലസ്തീനാ കീഴടക്കിയ പോംപേയുടെ അടുക്കൽ ജനത്തിനു മുഴുവനും വേണ്ടി നിവേദനവുമായി എത്തിയത് അദ്ദേഹത്തിന്റെ പിതാമഹനായ ഒരു നിക്കൊദേമോസായിരുന്നു. സമ്പന്നനായിരുന്നു അയാൾ. യേശുവിനെ സംസ്കരിക്കാനായി അരിമത്തിയാക്കാരൻ ജോസഫുമൊത്തുവരുമ്പോൾ മൃതശരീരത്തിൽ പൂശാൻ വിലപിടിച്ച 100 റാത്തൽ സുഗന്ധതൈലം കൊണ്ടുവന്ന അയാൾ (യോഹ 19,39). തന്റെ സമ്പത്ത് നല്ലകാര്യങ്ങൾക്കുവേണ്ടി ചെലവഴിക്കാൻ സന്നദ്ധനുമായിരുന്നു.

ഫരിസേയനായിരുന്നു നിക്കോദേമോസ്. യഹൂദരുടെ ലിഖിത നിയമങ്ങളും അലിഖിത പാരമ്പര്യങ്ങളും അക്ഷരശ: കണിശമായി അനുസരിക്കുന്നതിൽ നിഷ്ഠയുള്ള ഒരാൾ. യഹൂദമതത്തിന്റെ പരമാധികാരം കയ്യാളുന്ന ഉന്നത സമിതിയായ സാൻഹദ്രിൻ സംഘത്തിലെ 70 അംഗങ്ങളിൽ ഒരാൾ. യേശുവിനെ അറസ്റ്റുചെയ്യാൻ സാൻഹദ്രൻ സംഘത്തിൽ നീക്കങ്ങൾ നടക്കുമ്പോൾ, വിചാരണ ചെയ്യാതെ ഒരാൾക്കെതിരേ വിധി പ്രസ്താവിക്കുന്നതിന്റെ സാധുതയെ ചോദ്യം ചെയ്ത ഒറ്റപ്പെട്ട സ്വരം അയാളുടേതായിരുന്നു. ആ നിക്കൊദേമോസാണ് യേശുവിനെ കാണാൻ വന്നത്.

വന്നത് രാത്രിയിലായിരുന്നു (യോഹ 3,1-21). എന്താണതിന്റെ കാരണം എന്നു സുവിശേഷകൻ പറയുന്നില്ല. പലതും അനുമാനിക്കാൻ വായനക്കാർക്കു വിട്ടിരിക്കുകയാണ്. മറ്റാരും അറിയാതിരിക്കാനാണോ? ദേവാലയത്തിലെ കയ്യേറ്റത്തിലൂടെ (യോഹ 2,13-25) നോട്ടപ്പുള്ളിയായിത്തീർന്ന ആ നസ്രായനുമായി ഇടപെടുന്നത് അപകടകരമാകും എന്ന് ഭയന്നിട്ടാവാം. പ്രകാശത്തേക്കാൾ അന്ധകാരത്തെ സ്നേഹിക്കുകയും സ്വന്തം പ്രവൃത്തികൾ വെളിപ്പെടാതിരിക്കാൻ വേണ്ടി വെളിച്ചത്തിലേക്കു വരാതിരിക്കുകയും ചെയ്യുന്നവരെക്കുറിച്ച് സംഭാഷണത്തിന്റെ അവസാനം യേശുതന്നെ പറയുന്നത് അയാളുടെ രാത്രി സന്ദർശനത്തെയും ഉദ്ദേശിച്ചാണോ? ഒരു പക്ഷേ, ഏറെ തിരക്കുള്ള ഗുരുവിന്റെ അടുക്കൽ സ്വസ്ഥമായി, സമാധാനത്തിൽ അല്പസമയം ചെലവഴിക്കാൻവേണ്ടിയാവാം തിരക്കൊഴിഞ്ഞ രാത്രി തിരഞ്ഞെടുത്തത്. എന്നാൽ ഇതിനെല്ലാം





ഉപരി സംഭാഷണത്തിലൂടെ വെളിപ്പെടുന്ന സത്യവും നിക്കോദേമോസിന്റെ ജീവിതത്തിലുണ്ടാകുന്ന മാറ്റവും സൂചിപ്പിക്കുന്നതാവാം രാത്രി. അജ്ഞതയിൽ നിന്ന് ജ്ഞാനത്തിലേക്ക്, അന്ധകാരത്തിൽ നിന്ന് പ്രകാശത്തിലേക്ക് നയിക്കുന്ന ഒരു യാത്രയാണ് ഈ രാത്രി സന്ദർശനം.

യേശുവിന്റ അടുക്കൽ വന്ന നിയമപണ്ഢിതനും ഉന്നതാധികാരിയുമായ നിക്കൊദേമോസ് യഥാർത്ഥത്തിൽ അന്ധകാരത്തിലായിരുന്നുവെന്ന് അയാളുടെ ചോദ്യങ്ങൾ വ്യക്തമാക്കുന്നു. "ഞങ്ങൾക്ക് അറിയാം" എന്ന് പറഞ്ഞു തുടങ്ങുന്നയാൾ ഇതെങ്ങനെ സാധിക്കും? ഇതെങ്ങനെ സംഭവിക്കും? എന്ന ചോദ്യങ്ങളുമായി പകച്ചുനിൽക്കുകയാണ് (യോഹ 3,4-9). "നീ ഇസ്രായേലിലെ ഗുരുവല്ലേ? എന്നിട്ടും ഇക്കാര്യമൊന്നും മനസ്സിലാക്കുന്നില്ലേ?" (യോഹ 3,10) എന്ന യേശുവിന്റെ ചോദ്യം അയാളുടെ അന്ധതയിലേക്കു വിരൽ ചൂണ്ടുന്നു. യേശുവിനെ ദൈവത്തിന്റെ അംഗീകാരമുള്ള ഒരു റബ്ബിയായി ഏറ്റുപറഞ്ഞു കൊണ്ടു തുടങ്ങുമ്പോൾ ഒരു സംഭാഷണത്തിനും സംവാദത്തിനുമുള്ള താത്പര്യമാണ് നിക്കൊദേമോസ് പ്രകടമാക്കുന്നത്. തുറന്ന മനസ്സിന്റെ ഉടമയാണയാൾ. ചിലതൊക്കെ അറിയാം; ഇനിയും കൂടുതൽ അറിയാൻ ആഗ്രഹമുണ്ട്.

തികച്ചും അപ്രതീക്ഷിതമായിരുന്നു യേശുവിന്റെ മറുപടി. നിക്കൊദേമോസ് പറഞ്ഞ പ്രശംസാവാക്കുകളുമായി യാതൊരു ബന്ധവുമില്ല അതിന്. അതൊരു പ്രബോധനമായിരുന്നു. മനുഷ്യജീവിതത്തിന്റെ ലക്ഷ്യവും മഹത്ത്വവും ആത്യന്തിക സ്വഭാവവും എല്ലാം ഉൾക്കൊള്ളുന്ന ഒരു മഹാവാക്യം: "വീണ്ടും ജനിക്കുന്നില്ലെങ്കിൽ ഒരുവന് സ്വർഗ്ഗരാജ്യം കാണാൻ കഴിയില്ല" (യോഹ 3,3). ഒരു ദൈവിക വെളിപാടിന്റെ പരിവേഷമുണ്ട് ആ ഗുരുമൊഴിക്ക്. "സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു" എന്ന മുഖവുര അതാണല്ലോ സൂചിപ്പിക്കുന്നത്.

അനേകം വ്യാഖ്യാന സാധ്യതകളുള്ള ഒരു വാക്യമാണിത്. അതിൽ ഏറ്റം സ്പഷ്ടമായ അർത്ഥമാണ് നിക്കൊദേമോസ് എടുക്കുന്നത്. മാതാവിന്റെ ഉദരത്തിൽ വീണ്ടും പ്രവേശിച്ച് പിറക്കാനാവുമോ? അതല്ല യേശു വിവക്ഷിച്ചതെന്നു വ്യക്തം. യോഹന്നാന്റെ സുവിശേഷത്തിലെ യേശുവിന്റെ പ്രബോധനരീതിയുടെ ഒരു ഉദാഹരണമാണിത്. സംഭാഷണത്തിലൂടെ പഠിപ്പിക്കുന്ന രീതി. യേശുവിനെ കാണാൻ വരുന്ന ഒരു വ്യക്തിയുടെ ചോദ്യം, അല്ലെങ്കിൽ ശ്രദ്ധക്ഷണിക്കുന്ന ഒരു സംഭവം. അതിന് യേശുവിന്റെ ഒരു മറുപടി. ആത്മീയാർത്ഥത്തിൽ ഗ്രഹിക്കേണ്ട ഗുരുവചനം ചോദ്യകർത്താവ് ഭൗതികാർത്ഥത്തിൽ തെറ്റായി വ്യാഖ്യാനിക്കുന്നു. തുടർന്ന് യേശു കൂടുതൽ വ്യക്തത നൽകുന്നു. സംഭാഷണം ഒരു പ്രഘോഷണമായി മാറുന്നു, ദൈവിക യാഥാർത്ഥ്യങ്ങളിലേക്കു വെളിച്ചം വീശുന്ന വെളിപാടായിത്തീരുന്നു. ഇതാണ് ഇവിടെയും സംഭവിക്കുന്നത്.

ശാരീരികമായ ഒരു പുനർജന്മമല്ല യേശു വിവക്ഷിച്ചത്. പുനർജന്മത്തെക്കുറിച്ചുള്ള വിശ്വാസം പല പുരാതനമതങ്ങളിലും നിലവിലിരുന്നു. നമ്മുടെ നാട്ടിൽ അത് സുപരിചിതമാണല്ലോ. ശരീരം വിട്ട് ആത്മാവ് വീണ്ടും വീണ്ടും പല ശരീരങ്ങളിൽ പുനർജനിച്ച്, മുജ്ജന്മപാപങ്ങളിൽ നിന്നും മുക്തിനേടി മോക്ഷംപ്രാപിക്കുമെന്ന കാഴ്ച്ചപ്പാട്. അതല്ല യേശു അവതരിപ്പിക്കുന്നത്. വീണ്ടും ജനിക്കുക എന്നതിന് തികച്ചും പുതിയ ഒരു സ്വഭാവം ഉൾക്കൊള്ളുക എന്ന അർത്ഥമുണ്ട്; ഒരു സമൂലനവീകരണം. പുതിയ തോൽക്കുടത്തെയും പുതിയ തുണിയെയും കുറിച്ചു പറഞ്ഞപ്പോൾ (മർക്കോ 2,21-22) അർത്ഥമാക്കിയതുപോലെ. "പുതിയ സൃഷ്ടിയാവുക എന്നതാണ് പരമപ്രധാനം" (ഗലാ 6,15) എന്ന അപ്പസ്തോല പ്രബോധനവും ഇതു തന്നെ സൂചിപ്പിക്കുന്നു.

"വീണ്ടും" എന്നു വിവർത്തനം ചെയ്യുന്ന *അനോഥേൻ* എന്ന ഗ്രീക്കു വാക്കിന് വീണ്ടും എന്നുമാത്രമല്ല, "ഉന്നതത്തിൽ നിന്ന്" എന്നും അർത്ഥമുണ്ട്. അപ്പോൾ ഇത് ആത്മീയമായ ഒരു ജനനത്തെയാണ് സൂചിപ്പിക്കുക. ഭൂമിയും സ്വർഗ്ഗവും തമ്മിലും ശരീരവും ആത്മാവും തമ്മിലുമുള്ള വ്യത്യാസങ്ങളെപ്പറ്റി യേശു തുടർന്നു വിശദീകരിക്കുമ്പോൾ ഈ പുതുജന്മത്തിന്റെ സവിശേഷതകൾ കൂടുതൽ വ്യക്തമാകുന്നു. ശാരീരികമായ ഒരു പുനർജന്മമല്ല, ദൈവാത്മാവിനാൽ നല്കപ്പെടുന്ന പുതുജീവനാണ് ഇവിടെ വിവക്ഷിക്കപ്പെടുന്നത്. "ജലത്താലും ആത്മാവിനാലും വീണ്ടും ജനിക്കുന്നില്ലെങ്കിൽ ഒരുവന് ദൈവരാജ്യത്തിൽ പ്രവേശിക്കുക സാധ്യമല്ല" (യോഹ 3,5) എന്ന് യേശു കൂടുതൽ വ്യക്തമാക്കുന്നു. മാമ്മോദീസായും സ്ഥൈര്യലേപനവും എന്ന് ഇതിനെ വ്യാഖ്യാനിക്കാറുള്ളത് ശരിയാണെങ്കിലും അതല്ല മുഖ്യവിവക്ഷ.

കഴുകി ശുദ്ധമാക്കിയതിനെയാണ് ജലം സൂചിപ്പിക്കുന്നത്. പഴയ മനുഷ്യനെ ഉരിഞ്ഞുകളയുന്നതിനു (കൊളോ 3,9) തുല്യമാണത്. ശുദ്ധജലം തളിച്ച് എല്ലാ മാലിന്യങ്ങളിൽ നിന്നും ശുദ്ധീകരിക്കുന്നതിനെക്കുറിച്ചുള്ള പ്രവചനത്തെ (എസെ 36,25) ഇതനുസ്മരിപ്പിക്കുന്നു. പുതുജന്മത്തിന്റെ ആദ്യ പടിയാണിത്. ആത്മാവിനെ നൽകുന്നത് ദൈവമക്കളായി ജീവിക്കാനുള്ള ശക്തി നൽകാൻ വേണ്ടിയാണ്. ഇതും പ്രവാചകർ വഴി മുൻകൂട്ടി അറിയിച്ചിരുന്നു. "എന്റെ ആത്മാവിനെ നിങ്ങളിൽ ഞാൻ നിവേശിപ്പിക്കും. നിങ്ങളെ എന്റെ കല്പനകൾ കാക്കുന്നവരും നിയമങ്ങൾ പാലിക്കുന്നതിൽ ശ്രദ്ധയുള്ളവരുമാക്കും" (എസെ 36,27) പുതിയ മനുഷ്യനെ ധരിക്കുന്നതിന് തുല്യമാണിത് (കൊളോ 3,10).

പാപങ്ങൾ മോചിപ്പിച്ച്, ആത്മാവിന്റെ ശക്തിപകർന്ന്, പുതിയമനുഷ്യരാക്കി മാറ്റുന്നതാണ് പുതുജന്മം. ഇത് ആരും സ്വന്തം ശക്തികൊണ്ട് നേടിയെടുക്കുന്നതല്ല. ജനിക്കുക എന്നതും ആരും സ്വയമേ ചെയ്യുന്ന പ്രവൃത്തിയല്ലല്ലോ. വീണ്ടും ജനനം ദൈവം നൽകുന്ന സൗജന്യ ദാനമാണ്. എന്നാൽ ആ ദാനം ഹൃദയം തുറന്നു സ്വീകരിക്കുന്നവർക്കേ പുതുജീവൻ ലഭ്യമാകൂ! അതാണ്





ദൈവരാജ്യം കാണുക, ദൈവരാജ്യത്തിൽ പ്രവേശിക്കുക എന്ന് രണ്ടു വിധത്തിൽ ഗുരുനാഥൻ വിശദീകരിക്കുന്നത്. യേശുവിന്റെ പ്രബോധനങ്ങളുടെയും പ്രവർത്തനങ്ങളുടെയും രത്നച്ചുരുക്കവും ആകെത്തുകയുമാണ് ദൈവരാജ്യം. സൗജന്യദാനമായി നല്കുന്ന ദൈവസ്നേഹത്തിന് ഹൃദയം തുറക്കുകയും തിരുഹിതത്തിനു പൂർണ്ണമായി വഴങ്ങുകയും ചെയ്യുന്നവരിലാണ് ദൈവരാജ്യം യാഥാർത്ഥ്യമാവുക; അവർക്കാണ് ദൈവരാജ്യം ഒരനുഭവമാവുക. "അങ്ങയുടെ രാജ്യം വരണം" എന്ന യാചന "അവിടുത്തെ ഹിതം സ്വർഗ്ഗത്തിലേതുപോലെ ഭൂമിയിലും ആകണം" എന്നു വ്യാഖ്യാനിക്കുന്നതിലൂടെ യേശു ഇതാണു പഠിപ്പിക്കുന്നത്.

വീണ്ടും ജനിക്കുക എന്ന പ്രക്രിയക്ക് ഓരോ വ്യക്തിയുടെയും ഭാഗത്തുനിന്ന് ആവശ്യപ്പെടുന്നത് തുറവിയും സമ്പൂർണ്ണസമർപ്പണവുമാണ്. യേശുക്രിസ്തുവിലൂടെ പാപമോചനം ലഭിക്കുകയും പരിശുദ്ധാത്മാവിലൂടെ ശക്തിയാർജിക്കുകയും ചെയ്യുമ്പോൾ ഈ അനുസരണവും സമർപ്പണവും സാധ്യമാകുന്നു. തന്നിൽ വിശ്വസിക്കുന്ന ആരും നശിച്ചുപോകാതെ രക്ഷപ്രാപിക്കുന്നതിനുവേണ്ടി ഉയർത്തപ്പെടുന്ന, കുരിശിൽ മരിച്ച് ഉയിർപ്പിക്കപ്പെടുന്ന, മനുഷ്യപുത്രനെക്കുറിച്ച് പഠിച്ചുകൊണ്ട് (യോഹ 3,14-16) ഈ പുതുജന്മത്തിന് കൂടുതൽ വ്യക്തത നല്കുന്നു.

വീണ്ടും ജനിക്കുന്നത് നിത്യജീവനിലേക്കാണ്. ഒരിക്കലും അവസാനിക്കാത്ത ജീവൻ എന്നതിലുപരി ദൈവിക ജീവനിലുള്ള പങ്കുചേരലാണ് നിത്യജീവൻ. ദൈവമക്കളുടെ സ്ഥാനം, പുത്രത്വലബ്ധി എന്നൊക്കെ വി.പൗലോസ് വിശേഷിപ്പിക്കുന്നതുപോലെ (റോമാ 8,14-17)യാണിത്. പുതുജന്മം ദൈവിക ദാനമാണെങ്കിലും അതിനു സ്വയം സജ്ജമാക്കാൻ മനുഷ്യനു കഴിയും. "തന്നെ സ്വീകരിച്ചവർക്കെല്ലാം, തന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്കെല്ലാം ദൈവമക്കളാകാൻ അവൻ കഴിവു നൽകി" (യോഹ 1,12).

യേശുവിനെ വിശ്വസിക്കുക, അവിടുത്തെ വാക്കുകളനുസരിച്ചുകൊണ്ട് സ്നേഹം പ്രകടമാക്കുക, പ്രമാണങ്ങൾ അനുസരിച്ച് ആ സ്നേഹത്തിൽ നിലനിൽക്കുക ഇതെല്ലാമാണ് പുതുജന്മത്തിലൂടെയും പുതുജീവനിലൂടെയും ആവശ്യപ്പെടുന്നത്. അങ്ങനെ ഓരോ മനുഷ്യ വ്യക്തിയും ദൈവമക്കളാകുന്നു; ദൈവരാജ്യത്തിലെ പൂർണ്ണ അവകാശമുള്ള പ്രജകളും. അവരുടെ ജീവിതത്തെ നയിക്കുന്നത് ദൈവത്തിന്റെ ആത്മാവായിരിക്കും. അവരുടെ ജീവിതവും പ്രവർത്തനങ്ങളും ആത്മാവിന്റെ സാക്ഷ്യങ്ങളായിരിക്കും. ചില്ലകൾ ചലിക്കുമ്പോൾ കാറ്റിന്റെ സാന്നിധ്യം അറിയുന്നതുപോലെ അവരുടെ ജീവിതത്തിൽ നിന്ന് ദൈവാത്മാവിന്റെ സാന്നിധ്യം തിരിച്ചറിയാൻ കഴിയും.

# 17 ഭൂമിയുടെ ഉപ്പ്

## *മത്തായി 5,13*

"നിങ്ങൾ ഭൂമിയുടെ ഉപ്പാണ്. ഉറകെട്ടുപോയാൽ ഉപ്പിന് എങ്ങനെ ഉറ കൂട്ടും? പുറത്തേക്ക് വലിച്ചെറിഞ്ഞ് മനുഷ്യരാൽ ചവിട്ടപ്പെടാനല്ലാതെ മറ്റൊന്നിനും അത് കൊള്ളുകയില്ല" (മത്താ 5,13).

തന്റെ ശിഷ്യന്മാർ ഭൂമിയിൽ എങ്ങനെ ആയിരിക്കണം, എന്താണ് അവരുടെ ദൗത്യം എന്നു സൂചിപ്പിക്കാൻ യേശു ഉപയോഗിച്ച ഒരു ഉപമയാണ് ഭൂമിയുടെ ഉപ്പ്. ഉപ്പിനെക്കുറിച്ചുള്ള സൂചന മറ്റു സമാന്തര സുവിശേഷങ്ങളിലും കാണാം (മർക്കോ 9:49-50, ലൂക്കാ 14:34-35). ഉറകെട്ടുപോയ ഉപ്പിന്റെ ഉപയോഗശൂന്യതയെക്കുറിച്ചുള്ള ഒരു യേശു വചനമാണിത്. എന്നാൽ 'ഭൂമിയുടെ ഉപ്പ്' എന്ന ഉപയോഗം മത്തായി എഴുതിയ സുവിശേഷത്തിൽ മാത്രമേ കാണുന്നുള്ളു. മലയിലെ പ്രസംഗത്തിന്റെ തുടക്കത്തിൽ സുവിശേഷ ഭാഗ്യങ്ങൾക്കു ശേഷമാണ് സുവിശേഷകൻ ഈ ഗുരുമൊഴി രേഖപ്പെടുത്തിയിരിക്കുന്നത്. തികച്ചും അസാധാരണവും വിസ്മയം ജനിപ്പിക്കുന്നതുമാണ് 'ഭൂമിയുടെ ഉപ്പ്' എന്ന പ്രയോഗവും അതിന് ശിഷ്യന്മാരോടുള്ള ബന്ധവും. ഞാൻ ഭൂമിക്ക് തീ കൊളുത്താൻ വന്നിരിക്കുന്നു (ലൂക്കാ 12,49) എന്ന പ്രയോഗത്തിന് സമാനമായ വചനമാണിത്. എന്താണ് ഈ തിരുവചനത്തിന്റെ അർത്ഥം?

മണ്ണിൽ ഉപ്പ് വിതറുന്നത് ഒരു ശിക്ഷയായി അവതരിപ്പിക്കുന്ന ബൈബിൾ വാക്യങ്ങളുണ്ട് (നിയ 20,23; ന്യായ 9,45). എന്നാൽ ഉപ്പ് ഭൂമിയെ ഫലശൂന്യവും തരിശുമാക്കും എന്ന സൂചനയാണ് ഈ വാക്യങ്ങളിൽ നിന്നു ലഭിക്കുക. "വിത്തു വിതയ്ക്കുകയോ ഒന്നും വളരുകയോ പുല്ലുപോലും മുളയ്ക്കുകയോ ചെയ്യാത്ത വിധം ഗന്ധകവും ഉപ്പും കൊണ്ട് നാടു മുഴുവൻ കത്തിയെരിഞ്ഞിരിക്കും" (നിയ 29,23). ഉടമ്പടി ലംഘിച്ചാൽ ഉണ്ടാകാവുന്ന ശിക്ഷയെക്കുറിച്ചുള്ള ഒരു സൂചനയാണിത്. താൻ നശിപ്പിച്ച ഷെക്കെം നഗരത്തിൽ അബിമെലെക്ക് ഉപ്പു വിതറിയതായി ന്യായാ 9,45ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതും ഭൂമിയെ ഫലശൂന്യമാക്കുന്നതിനുവേണ്ടിയാണ്. എന്നാൽ "നിങ്ങൾ ഭൂമിയുടെ ഉപ്പാണ്" എന്ന ഗുരുമൊഴി എന്താണ് അർത്ഥമാക്കുന്നത്? പഠനവിഷയമായ ഗുരുമൊഴിയുടെ അർത്ഥം ഇതാകാൻ സാധ്യതയില്ല. നിങ്ങൾ ഭൂമിയുടെ നാശത്തിനു കാരണമാകും എന്ന് ഗുരുനാഥൻ പറയുകയില്ലല്ലോ. അതിനാൽ ഉപ്പിന്റെ മറ്റ് ഉപയോഗങ്ങളിലേക്ക് ശ്രദ്ധ തിരിക്കണം.

പുരാതകാലംമുതലേ ഉപ്പിന്റെ ഉപയോഗം മനുഷ്യർ മനസ്സിലാക്കിയിരു





ന്നു. രക്തത്തിൽ ഉപ്പിന്റെ അംശം കുറഞ്ഞുപോയാൽ പല രോഗങ്ങൾക്കും അതു കാരണമാകും. അതു മനസ്സിലാക്കിയിട്ടോ, അതോ സ്വാദിനുവേണ്ടിയോ എന്തായാലും ഉപ്പ് ഭക്ഷണത്തിന്റെ ഒരു പ്രധാന ഘടകമായിരുന്നു. ഇന്നും പഴയ രീതിയിലുള്ള സദ്യകൾക്ക് ആദ്യമേ വിളമ്പുന്നത് ഉപ്പാണല്ലോ. ആധുനിക രീതിയിലുള്ള വിരുന്നുശാലയിലെ മേശകളിൽ എപ്പോഴും കാണുന്ന ഒരു ഭക്ഷണസാധനമാണ് ഉപ്പ്. പുരാതന റോമാക്കാർ പടയാളികൾക്ക് മാസംതോറും ഒരു നിശ്ചിത അളവ് ഉപ്പു നല്കുമായിരുന്നു. "സാൽ" എന്നാണ് ലത്തീൻ ഭാഷയിൽ ഉപ്പിനു പറയുക. മാസം തോറും കിട്ടുന്ന ഉപ്പിനെ അവർ "സലാറിയും" എന്നു വിളിച്ചു. ഇതിൽ നിന്നാണ് മാസശമ്പളം എന്നർത്ഥമുള്ള "salary" എന്ന വാക്കുണ്ടായത്. റോമിലേക്ക് ഉപ്പുകൊണ്ടു വന്നിരുന്ന വഴിയെ വിയാസലാറിയാ എന്നു വിളിച്ചിരുന്നു. "ഉപ്പുതൊട്ട് കർപ്പൂരം വരെ" എന്ന ഭാഷാ പ്രയോഗം സുപരിചിതമാണല്ലോ. സ്വാതന്ത്ര്യസമരത്തിൽ മഹാത്മഗാന്ധി നയിച്ച ഉപ്പു സത്യാഗ്രഹം അനുദിന ജീവിതത്തിൽ ഉപ്പിനുള്ള പ്രാധാന്യം വ്യക്തമാക്കുന്നതാണ്. മനുഷ്യന്റെ അടിസ്ഥാനപരമായ ആവശ്യങ്ങളിൽപ്പെട്ട ഒന്നാണ് ഉപ്പ്.

ഉപ്പിന്റെ ഏറ്റവും വ്യക്തമായ ഉപയോഗം ഭക്ഷണത്തിനു രുചി പകരുക എന്നതാണ്. "രുചിയില്ലാത്തത് ഉപ്പ് ചേർക്കാതെ തിന്നാനാകുമോ?" (ജോബ് 6,6). മിതമായ അളവിൽ ഉപ്പു ചേർക്കുന്നതിലൂടെ ഭക്ഷണം ആസ്വാദ്യമാകുന്നു. ഭൂമിയിൽ തന്റെ ശിഷ്യന്മാരുടെ ദൗത്യം ഇതായിരിക്കണം എന്ന് യേശു സൂചിപ്പിക്കുകയാണ്. ക്രിസ്തു ശിഷ്യന്റെ ജീവിതം സന്തോഷകരവും സന്തോഷദായകവും ആകണം. ക്രിസ്തീയ ജീവിതത്തിന്റെ മുഖമുദ്ര ദുഃഖവും വിഷാദവുമല്ല. സന്തോഷമാണ്. വിലക്കുകളുടെയും മുടക്കുകളുടെയും ഒരു സമാഹരമാണ് ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാനം എന്നു കരുതുന്നവരുണ്ട്. എന്നാൽ ഇത് വെറുമൊരു തെറ്റിദ്ധാരണയാണ്. ജീവിതം യഥാർത്ഥത്തിൽ ഫലവത്തും സന്തോഷപ്രദവും ആകണമെങ്കിൽ അതിനു ചില നിയമങ്ങളും നിബന്ധനകളും അനുസരിച്ചേ മതിയാകൂ. അതുമാത്രമാണ് നിയമങ്ങളായി നൽകുന്നത്. എന്നാൽ യേശു പ്രഘോഷിച്ചത് സന്തോഷം നൽകുന്ന നല്ല വാർത്തയാണ്.

യേശുവിന്റെ ജനനം തന്നെ ഇപ്രകാരമാണ് ദൈവദൂതന്മാർ പ്രഘോഷിച്ചത്. "ഇതാ സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ യേശു ഇന്നു ജനിച്ചിരിക്കുന്നു" (ലൂക്കാ 2,10). മരണശിക്ഷ പ്രതീക്ഷിച്ച് തടവറയിൽ കിടക്കുമ്പോൾ വി.പൗലോസ് ഫിലിപ്പിയിലെ സഭക്കെഴുതി: "നിങ്ങൾ എപ്പോഴും നമ്മുടെ കർത്താവിൽ സന്തോഷിക്കുവിൻ; ഞാൻ വീണ്ടും പറയുന്നു നിങ്ങൾ സന്തോഷിക്കുവിൻ" (ഫിലി 4,4). ദുഃഖവും നിരാശയും വിഷാദവും നിറയുന്നിടത്ത് സന്തോ

ഷവും പ്രത്യാശയും നൽകുന്നവരാകണം ക്രിസ്തുശിഷ്യർ. ഉപ്പ് ഭക്ഷണത്തിനു സ്വാദുപകരുന്നതുപോലെ ക്രിസ്തു ശിഷ്യർ ജനസമൂഹത്തിൽ യഥാർത്ഥ സന്തോഷത്തിന്റെ ഉറവിടങ്ങളാകണം. തങ്ങളിൽത്തന്നെ സന്തോഷം ഉള്ള വർക്കേ മറ്റുള്ളവരിലേക്കും സന്തോഷം പകരാൻ കഴിയൂ. യേശുവിന്റെ സ്നേഹവും സാന്നിധ്യവുമാണ് ഈ സന്തോഷത്തിന്റെ ഉറവിടം.

ഭക്ഷണസാധനങ്ങൾ കേടാവാതെ സൂക്ഷിക്കുകയാണ് ഉപ്പിന്റെ മറ്റൊരു ഉപയോഗം. ശീതീകരണ യന്ത്രങ്ങൾ ഇല്ലാതിരുന്ന സാഹചര്യത്തിൽ ഇറച്ചിയും മീനും ഒക്കെ ഉപ്പ് പുരട്ടി സൂക്ഷിക്കുക പതിവായിരുന്നു. ഇതിനു സമാനമാണ് ലോകത്തിൽ ക്രൈസ്തവന്റെ ദൗത്യം. ധാർമ്മികതലത്തിലാണ് ഈ ദൗത്യം ഏറ്റം പ്രസക്തമാവുക. നാശത്തിലേക്കു നയിക്കുന്ന അധാർമ്മികതയിൽ നിന്നും ലോകത്തെ കാത്തുസൂക്ഷിക്കാൻ ക്രിസ്തുശിഷ്യന് കടപ്പാടുണ്ട്. ധനമോഹവും കാമാസക്തിയും അക്രമവും ചൂഷണവും നാശത്തിലേക്കുനയിക്കുന്ന സാഹ ചര്യങ്ങളിൽ ക്രൈസ്തവന്റെ സാന്നിധ്യം ഭക്ഷണ സാധനങ്ങളിൽ ഉപ്പ് പോലെ യാകണം. ധാർമ്മികമായി കുറ്റമറ്റ ജീവിതം നയിക്കുന്ന വ്യക്തികളുടെ സാന്നി ധ്യത്തിൽ തെറ്റായതു ചെയ്യാനോ പറയാനോ അധികം ആരും ധൈര്യപ്പെടുക യില്ല. കൈക്കൂലിവാങ്ങാത്ത, വാങ്ങുന്നതു തെറ്റാണെന്നു കരുതുകയും പറയു കയും ചെയ്യുന്ന, ഉദ്യോഗസ്ഥൻ ജോലിചെയ്യുന്ന ഓഫീസിലെ മറ്റ് ജോലി ക്കാരും കൈക്കൂലി വാങ്ങാൻ മടിക്കും. മദ്യപിക്കാതിരിക്കുകയും മദ്യപിക്കു ന്നതു തെറ്റാണെന്നു കരുതുകയും ചെയ്യുന്നവരുടെ മുൻപിൽ വച്ച് മദ്യപിക്കാൻ മടിക്കും. ഇതുപോലെ എല്ലാ മേഖലകളിലും തിന്മക്കെതിരായ സ്വാധീനമായി രിക്കണം ക്രൈസ്തവസാന്നിധ്യം.

ശുദ്ധീകരിക്കാനുള്ള ഉപ്പിന്റെ കഴിവാണ് ശ്രദ്ധേയമായ മറ്റൊരു ഗുണം. ഉപ്പു വെള്ളത്തിൽ കഴുകിയാൽ മുറിവുണങ്ങും. പല്ലുവേദനയും നീരും ഉണ്ടാ യാൽ ഉപ്പുവെള്ളം കവിൾ കൊണ്ടാൽ ആശ്വാസം ലഭിക്കും. ഈ ഭൂമിയിലെ അഴുക്കുകൾ ശുദ്ധീകരിക്കാൻ ക്രൈസ്തവനുള്ള കടമയും ഈ ഗുരുമൊഴി സൂചിപ്പിക്കുന്നുണ്ട്. തിന്മയിൽനിന്ന് അകന്നുനില്ക്കുന്നത് ഒരു സജീവ സാക്ഷ്യ മാകും. മാത്രമല്ല, ദൈവരാജ്യത്തിന്റെ മൂല്യങ്ങൾ അനുസരിച്ച് ജീവിക്കുകയും അതു പ്രഘോഷിക്കുകയും ചെയ്യുമ്പോൾ ക്രൈസ്തവർ സമൂഹത്തിൽ ശുദ്ധീ കരണത്തിന്റെ ഒരു ഉപകരണമാകും.

ഭക്ഷണത്തിൽ അലിഞ്ഞു ചേർന്നാണ് ഉപ്പ് സ്വാദ് പകരുന്നത്. അലിഞ്ഞു ചേരുമ്പോഴും ഉപ്പിന്റെ സ്വഭാവം നിലനിർത്തുകയും ചെയ്യുന്നു. ഇതും വലി യൊരു പാഠമാണ്. ലോകത്തിലായിരിക്കുക, എന്നാൽ ലോകത്തിന്റേതല്ലാതെ ജീവിക്കുക – ഇതാണ് യേശു ശിഷ്യന്മാർക്കു നൽകിയ മാർഗ്ഗനിർദ്ദേശം; ഇതി നുവേണ്ടിയാണ് യേശു പ്രാർത്ഥിച്ചതും. "ലോകത്തിൽ നിന്ന് അവരെ എടു ക്കണം എന്നല്ല, ദുഷ്ടനിൽ നിന്ന് അവരെ കാത്തുകൊള്ളണം എന്നാണ് ഞാൻ





പ്രാർത്ഥിക്കുന്നത്" (യോഹ 17,15). ലോകത്തിന്റെ കളങ്കമേൽക്കാതെ തന്നെ ത്തന്നെ കാത്തുസൂക്ഷിക്കുന്നതാണ് യഥാർത്ഥ ഭക്തിയെന്ന് വി. യാക്കോബ് പഠിപ്പിക്കുന്നു (യാക്കോ 1,27). ആദിമ ക്രൈസ്തവ സമൂഹം ചുറ്റുപാടുമുള്ള വർക്ക് വലിയൊരു മാതൃകയും പ്രചോദനവുമായിരുന്നു. ജീവിതവിശുദ്ധി, പങ്കു വയ്ക്കൽ, പ്രാർത്ഥന, സാഹോദര്യം മുതലായവ വഴി (അപ്പ 2,42) അവർ ലോകത്തെത്തന്നെ വിശുദ്ധീകരിക്കുകയും പുതിയൊരു ജീവിത ശൈലിയും വീക്ഷണവും അവതരിപ്പിക്കുകയുമായിരുന്നു.

ഉപ്പിന്റെ ഈ ഗുണങ്ങളെല്ലാം നഷ്ടപ്പെട്ടുപോകാം. അപ്പോൾ അത് ഉപ യോഗശൂന്യമായി വലിച്ചെറിയപ്പെടും എന്ന സൂചനയും ഗുരുമൊഴിയിലുണ്ട്. ലോകത്തിൽ ജീവിച്ച്, ദൈവരാജ്യത്തിന്റെ മൂല്യങ്ങൾ പ്രസരിപ്പിക്കുന്നതിനു പകരം ലൗകിക മൂല്യങ്ങൾ ആവാഹിച്ചെടുത്താൽ അത് വലിയനാശത്തിനു കാരണമാകും. കർശനമായൊരു ആത്മശോധനക്ക് വ്യക്തികളെയും സഭാസ മൂഹത്തേയും നിർബന്ധിക്കുന്നതാണ് ഈ ഗുരുമൊഴി. നമ്മുടെ ജീവിതത്തെ നയിക്കുന്ന മൂല്യങ്ങളും നമ്മൾ പ്രസരിപ്പിക്കുന്ന ബോധ്യങ്ങളും സ്വാധീനവും എന്താണ് എന്ന് പരിശോധിക്കണം.

സമ്പത്തിന്റെ ഉൽപാദനം, ഉപയോഗം, നമ്മുടെ ആഘോഷങ്ങൾ, ഭവ നസജ്ജീകരണങ്ങൾ, വേഷാലങ്കാരങ്ങൾ, വിദ്യാഭ്യാസ ശൈലി, നമ്മുടെ മുൻഗ ണനാക്രമങ്ങൾ, എന്നിങ്ങനെ ജീവിതത്തിന്റെ സകല മേഖലകളേയും പരി ശോധനാവിഷയമാക്കാൻ ഈ തിരുമൊഴിയിലൂടെ ഗുരുനാഥൻ പ്രേരിപ്പിക്കു ന്നു. ധൂർത്ത് അരുത് എന്ന് പറയുമ്പോൾത്തന്നെ ധൂർത്തിന്റെ മാതൃകയാ യാലോ? കൈക്കൂലി വാങ്ങരുത്, കൊടുക്കരുത് എന്ന് പറയുന്നവർ തന്നെ അത് കൊടുക്കുകയും വാങ്ങുകയും ചെയ്താലോ? ദരിദ്രരേ നിങ്ങൾ ഭാഗ്യ വാൻന്മാർ എന്നു പ്രഘോഷിക്കുമ്പോഴും ഏറ്റവും വേഗം ഏറ്റവും കൂടുതൽ പണം സമ്പാദിക്കാനുള്ള മാർഗ്ഗങ്ങൾ ആസൂത്രണം ചെയ്യുകയും പ്രോത്സാഹി പ്പിക്കുകയും ചെയ്താൽ ഈ സുവിശേഷം വിശ്വസനീയമാകുമോ? ഉപ്പിന്റെ ഉറകെട്ടു പോകുന്ന ഉദാഹരണങ്ങൾ എത്രവേണമെങ്കിലും ഉണ്ട്. അതിനാൽ ആത്മാർത്ഥമായ ഒരു ആത്മശോധനക്ക് ഗുരുനാഥൻ എല്ലാവരെയും ക്ഷണി ക്കുന്നു.

# 18 ലോകത്തിന്റെ പ്രകാശം

## *മത്താ 5,14*

"നിങ്ങൾ ലോകത്തിന്റെ പ്രകാശമാണ്.......മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ" (മത്താ 5,14-16).

ശിഷ്യത്വത്തെ സംബന്ധിച്ച സുപ്രധാനമായ ഒരു പാഠമാണ് ഈ ഗുരുമൊഴിയിലൂടെ ലഭിക്കുന്നത്. നിങ്ങൾ ഭൂമിയുടെ ഉപ്പാണ് എന്നതിനു തൊട്ടുപിറകെയാണ് മത്തായി ഈ വാക്യം അവതരിപ്പിക്കുന്നത്. മല മുകളിൽ പണിതുയർത്തിയ പട്ടണം, പീഠത്തിൽ വച്ച വിളക്ക് എന്നീ രണ്ട് ഉദാഹരണങ്ങളും സുവിശേഷകൻ അതിനോടനുബന്ധിച്ച് നൽകുന്നുണ്ട് (മത്താ 5,14-16). ഇതിൽ വിളക്കിനെക്കുറിച്ചുള്ള തിരുവചനം മറ്റ് രണ്ട് സമാന സുവിശേഷങ്ങളിലും കാണാം (മർക്കോ 4,21, ലൂക്കാ 8,16). എന്നാൽ പ്രകാശമാകാനുള്ള ശിഷ്യരുടെ വിളിയും മലമേൽ പണിത നഗരവുമായുള്ള താരതമ്യവും വി.മത്തായിയുടെ സുവിശേഷത്തിൽ മാത്രമേ ഉള്ളു.

യോഹന്നാൻ എഴുതിയ സുവിശേഷത്തിൽ പ്രകാശത്തെ സംബന്ധിച്ച പരാമർശം യേശുവിനോട് ബന്ധപ്പെടുത്തിയാണ് പ്രത്യക്ഷപ്പെടുന്നത് എന്ന കാര്യം പ്രത്യേകശ്രദ്ധയർഹിക്കുന്നു. "ഞാൻ ലോകത്തിന്റെ പ്രകാശമാണ്. എന്നെ അനുഗമിക്കുന്നവർ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല. അവന് ജീവന്റെ പ്രകാശമുണ്ടാകും" (യോഹ 8,12). "ലോകത്തിലായിരിക്കുമ്പോൾ ഞാൻ ലോകത്തിന്റെ പ്രകാശമാണ്" (യോഹ 9,5). തന്റെ ജീവിത ദൗത്യം തുടരാൻ യേശു ശിഷ്യന്മാരെ ചുമതലപ്പെടുത്തുന്നു, നിങ്ങൾ ലോകത്തിന്റെ പ്രകാശമാണ് എന്ന തിരുമൊഴിയിലൂടെ. പ്രവാചകൻ വഴി മുൻകൂട്ടി അറിയിക്കപ്പെട്ടിരുന്നതാണ് ഈ ദിവ്യ ദൗത്യം. "അന്ധർക്കു കാഴ്ച നൽകുന്നതിനും തടവുകാരെ...മോചിപ്പിക്കുന്നതിനും വേണ്ടി ഞാൻ നിന്നെ ജനത്തിന് ഉടമ്പടിയും ജനതകൾക്കു പ്രകാശവുമായി നൽകിയിരിക്കുന്നു" (ഏശ 42,7). പ്രവാചകന്മാർ കണ്ട പ്രകാശത്തിന്റെ ഉറവിടമായ മിശിഹാ (ഏശ 9,2-6) താൻ തന്നെയാണെന്ന് യേശു വ്യക്തമാക്കിയെന്നാണ് യോഹന്നാൻ രേഖപ്പെടുത്തിയിരിക്കുന്നത്. 'പ്രകാശമായിരിക്കുക' എന്ന ദൗത്യം ശിഷ്യന്മാർ തുടരണം എന്ന യേശുവാക്യം മത്തായിയുടെ സുവിശേഷത്തിലും കാണാം.

മലമുകളിലെ പട്ടണത്തെക്കുറിച്ചുള്ള പരാമർശം ഈ ദൗത്യത്തിന്റെ ഒരു വശം വിശദീകരിക്കുന്നു. പുരാതനകാലത്ത് പട്ടണങ്ങളെല്ലാം മലമുകളിലാണ് പണിതിരുന്നത്. ശത്രുക്കളുടെ ആക്രമണങ്ങളിൽ നിന്നു രക്ഷനേടാനുള്ള എളുപ്പമാർഗ്ഗമായിരുന്നു അത്. മലമുകളിൽ നിന്നുനോക്കിയാൽ ശത്രുക്കൾ വരുന്നത് അകലെ നിന്നുതന്നെ കാണാം. ശത്രുക്കൾ പെട്ടെന്ന് കടന്ന് ആക്രമിക്കാതിരിക്കാൻ കോട്ടകെട്ടി സുരക്ഷിതമാക്കുകയും ചെയ്യാം. ജറുസലെം പട്ടണവും ഇതുപോലെ ഒരു മലയുടെ മുകളിലാണ് പണിതിരുന്നത്. ഇപ്രകാരം പണിയപ്പെട്ട പട്ടണം അകലെനിന്നു തന്നെ കാണാൻ കഴിയും. ശിഷ്യത്വവുമായുള്ള പട്ടണത്തിന്റെ സാമ്യം അതാണ്. ശിഷ്യന്റെ ജീവിതവും പ്രവൃത്തികളും സുതാര്യമായിരിക്കണം. അത് എല്ലാവർക്കും കാണാൻ കഴിയണം.

ഇവിടെ ഒരു വൈരുദ്ധ്യം ദൃശ്യമാകുന്നു. മറ്റുള്ളവരെ കാണിക്കാനായി ഒന്നും ചെയ്യരുത് എന്ന് യേശു തന്നെ പലതവണ ആവർത്തിച്ചു പഠിപ്പിച്ചിട്ടുണ്ട്. പ്രാർത്ഥിക്കുമ്പോൾ മുറിയിൽ കയറി കതകടച്ച് ആരും കാണാതെ പ്രാർത്ഥിക്കണം. ദാനധർമ്മം ചെയ്യുമ്പോൾ വലതുകൈ ചെയ്യുന്നത് ഇടതുകൈ അറിയരുത്. ഉപവസിക്കുമ്പോൾ മുഖം കഴുകി, തലയിൽ തൈലം പൂശി പ്രസന്നവദനരായിരിക്കണം (മത്താ 6,1-17) എന്നിങ്ങനെയുള്ള നിർദ്ദേശങ്ങൾക്കു വിപരീതമല്ലേ ഈ പ്രബോധനം എന്നു തോന്നാം. എന്നാൽ ശ്രദ്ധിച്ചു വായിച്ചാൽ ഇവിടെ വൈരുദ്ധ്യവും പൊരുത്തക്കേടും ഇല്ല എന്നു കാണാനാവും. സ്വന്തം മഹത്ത്വം തേടുന്നതും മറ്റുള്ളവരെ കാണിക്കാനായി സത്കൃത്യങ്ങൾ ചെയ്യുന്നതും മാത്രമാണ് യേശു വിലക്കുന്നത്. ശിഷ്യന്റെ സത്പ്രവൃത്തികൾ മറ്റുള്ളവർക്കു മാതൃകയും മാർഗ്ഗ ദീപവും ദൈവിക മഹത്വത്തിന്റെ പ്രകാശനവും ആയിരിക്കണം. യേശുവിന്റെ പ്രവൃത്തികൾ എല്ലാം ഇപ്രകാരമുള്ളവയായിരുന്നു.

പീഠത്തിൽ വയ്ക്കുന്ന വിളക്കിനെക്കുറിച്ചുള്ള പരാമർശവും വിശദീകരണം ആവശ്യപ്പെടുന്നുണ്ട്. തീകൊളുത്താൻ തീപ്പെട്ടിയോ മറ്റ് ഉപകരണങ്ങളോ ഇല്ലാതിരുന്ന യേശുവിന്റെ കാലത്ത് ഉണങ്ങിയ മരക്കഷണങ്ങളോ കല്ലോ ഉരച്ചാണ് തീ കത്തിച്ചിരുന്നത്. ഇത് ഏറെ ക്ലേശകരമായ പ്രക്രിയ ആയിരുന്നതിനാൽ തീ കെടാതെ സൂക്ഷിക്കുക ആവശ്യമായിരുന്നു. അതിനാൽ കൊളുത്തിയ വിളക്ക് പറയുടെ കീഴിൽ സൂക്ഷിച്ചുവക്കും. വീട്ടിൽ ആവശ്യമില്ലാത്തപ്പോൾ അങ്ങനെ വിളക്ക് കെടാതിരിക്കും; തീ പിടിത്തം ഉണ്ടാവുകയുമില്ല. എന്നാൽ വിളക്കുകൊളുത്തുന്നതിന്റെ ലക്ഷ്യം ഇതല്ലല്ലോ.

പലസ്തീനായിലെ പല വീടുകളും മലഞ്ചെരുവുകളിലാണ് പണിതിരുന്നത്. പല വീടിന്റെയും പകുതിയിലേറെ മലഞ്ചെരിവിലെ ഗുഹയിലായിരിക്കും. അതിനു മുന്നിൽ മണ്ണുകൊണ്ട് ഭിത്തിയുണ്ടാക്കി വീടു പണിയും. ഒറ്റ വാതിലും ചെറിയ ഒരു ജനാലയും മാത്രമേ വീടിനുകാണു. അതിനാൽ വീടിനുള്ളിൽ പൊതുവേ ഇരുട്ടായിരിക്കും. വിളക്കില്ലാതെ ഒന്നും കാണാൻ കഴിയില്ല. ഈ സാഹചര്യത്തിലാണ് വിളക്ക് കൊളുത്തി പീഠത്തിന്മേൽ വയ്ക്കുന്നതിനെക്കുറിച്ചുള്ള ഗുരുമൊഴിയുടെ അർത്ഥം വ്യക്തമാകുന്നത്. കാണാതായ

നാണയത്തിനു വേണ്ടി വിളക്കുകൊളുത്തി, വീട് അടിച്ചുവാരി തിരയുന്ന സ്ത്രീയുടെ കഥയും ഇവിടെ പ്രസക്തമാകുന്നു. ക്രൈസ്തവന്റെ ജീവിതം മറ്റുള്ളവർക്ക് ഒരു സാക്ഷ്യമായിരിക്കണം എന്ന മുഖ്യ ആശയമാണ് ഈ ഉപമയിലൂടെ യേശു പകർന്നുതരുന്നത്. എന്നാൽ എങ്ങനെയാണ് ക്രിസ്തു ശിഷ്യൻ ലോകത്തിന്റെ പ്രകാശമാകേണ്ടത്?

മലമുകളിൽ പണിയപ്പെട്ട പട്ടണംപോലെ ദൃശ്യമായ അനേകം സൗധങ്ങൾ ക്രിസ്ത്യാനികൾ നിർമ്മിച്ചിട്ടുണ്ട്. മിക്കനഗരങ്ങളിലും ഏറ്റവും ഉയരമുള്ളത് ദേവാലയഗോപുരങ്ങൾക്കാണെന്നു തോന്നും. തിരുനാൾ ആഘോഷങ്ങളും തീർത്ഥാടനങ്ങളും എല്ലാം ഇപ്രകാരം ജനശ്രദ്ധപിടിച്ചുപറ്റുന്നവയാണ്. എന്നാൽ ഇതാണോ യേശു ഉദ്ദേശിച്ചത്? ഇവയിലൂടെ ലോകത്തിനു പ്രകാശമാകാൻ സഭാസമൂഹത്തിനും വ്യക്തികൾക്കും കഴിയുന്നുണ്ടോ? കേറിക്കിടക്കാൻ സ്വന്തമായി ഒരിടമില്ലാതെ അനേകായിരങ്ങൾ വെയിലും മഴയും ഏറ്റു കഴിയുന്നിടത്ത് ദൈവത്തിനുവേണ്ടി ലക്ഷങ്ങളും കോടികളും മുടക്കി ആലയങ്ങൾ നിർമ്മിച്ചതുകൊണ്ട് ലോകത്തിന്റെ പ്രകാശമാകാൻ കഴിയുമോ?

നിങ്ങൾ ലോകത്തിന്റെ പ്രകാശമാണെന്നു പറയുമ്പോൾ യേശു ലക്ഷ്യം വയ്ക്കുന്നത് മുഖ്യമായും തന്റെ ശിഷ്യർ ഈ ലോകത്തിൽ സത്യത്തിന്റെ വഴികാട്ടികളാകണം എന്നല്ലേ? തന്നെ അനുഗമിക്കുന്നവർ അന്ധകാരത്തിൽ നടക്കുകയില്ല എന്നു പറഞ്ഞപ്പോൾ യേശു ഉദ്ദേശിച്ചതു തന്നെയാണിത്. ആത്മീയാന്ധകാരം നിറഞ്ഞ ലോകത്തിൽ വഴിവിളക്കുകളാകണം ക്രിസ്തുശിഷ്യർ. അവരുടെ വാക്കും പ്രവൃത്തിയും തമ്മിൽ പൊരുത്തമുണ്ടാകണം. രണ്ടും കൂടി ജീവിതസാക്ഷ്യമാകണം. ധാർമ്മികതലത്തിൽ ഉറച്ച നിലപാടുകൾ എടുക്കുന്നതിലൂടെ ഈ ദൗത്യം ഒരു പരിധിവരെ നിർവഹിക്കാനാകും.

“ഇവളുടെ രക്തത്തിൽ എനിക്ക് പങ്കില്ല” (ദാനി 13,46) എന്ന് ഉച്ചത്തിൽ വിളിച്ചുപറഞ്ഞ യുവാവായ ദാനിയേൽ ഉദാഹരണമാണ്. ന്യായാധിപന്മാർതന്നെ കള്ളസാക്ഷ്യം നല്കി, അന്യായമായ വധശിക്ഷ വിധിച്ച് കൊല്ലാൻ കൊണ്ടുപോയ സൂസന്നയെ അനുഗമിച്ച ജനത്തോടാണ് ദാനിയേൽ ഇപ്രകാരം വിളിച്ചുപറഞ്ഞത്. ആ ഒറ്റപ്പെട്ട ശബ്ദത്തിനു ഫലമുണ്ടായി. ജനം വീണ്ടും വിചാരണയ്ക്കു തയ്യാറായി; ന്യായാധിപന്മാരുടെ വഞ്ചന വെളിച്ചത്തായി. ഗർഭഛിദ്രവും ദയാവധവും കൊലപാതകമാണെന്ന് ഉറക്കെ പ്രഘോഷിക്കുന്ന മാർപാപ്പയുടെ ശബ്ദം ഒറ്റപ്പെട്ടതാണെങ്കിലും മരണസംസ്കാരത്തിന്റെ അന്ധകാരത്തിൽ ആണ്ടുപോകുന്ന ലോകത്തിന് അത് നീതിയുടെ വഴികാട്ടുന്നു.

ലാഭം മാത്രം ലക്ഷ്യം വച്ച് സകല ബന്ധങ്ങളെയും അളക്കുന്ന ലോകത്തിൽ പ്രതിഫലം ഇച്ഛിക്കാതെ സേവനം ചെയ്യാൻ, അതും ആർക്കും വേണ്ടാത്ത വൃദ്ധർക്കും എയ്ഡ്സ് പോലുള്ള മാരകമായ വ്യാധികൾ ബാധിച്ചവർക്കും വേണ്ടി സേവനം ചെയ്യാൻ, തയ്യാറാകുന്നവർ പ്രകാശ ഗോപുരങ്ങളാവുകയാണ്. ഗ്ലാമറും ലാഭവുമുള്ള സൂപ്പർ സ്പെഷ്യാലിറ്റി സേവനമേഖലകളിൽ പ്രവർത്തിക്കാൻ നിൽക്കാതെ, ആവശ്യക്കാരുടെ അരികിലേക്ക് ഇറങ്ങിവരാൻ തയ്യാറാകുന്നതിലൂടെ അവരുടെ ജീവിതത്തിൽ പ്രകാശനാളങ്ങളാകാൻ കഴിയണം. ജീവനിലേക്കും യഥാർത്ഥ ശാന്തിയിലേക്കും വഴി നയിക്കുന്നത് ഈ പ്രകാശനാളങ്ങളാണ്.





അപകട സൂചന നൽകുന്നതും പ്രകാശത്തിന്റെ ഒരു ഗുണമാണ്. വഴിയിൽ ചുവന്ന ലൈറ്റുകൾ സ്ഥാപിക്കുന്നത് ‘ശ്രദ്ധിക്കണം’ എന്ന് അനുസ്മരിപ്പിക്കാൻ വേണ്ടിയാണ്. ഇത് ഒരു പ്രവാചകദൗത്യമാണ്. ഈ വഴി നാശത്തിലേക്കു നയിക്കും; വഴിയിൽ അപകടം പതിയിരിക്കുന്നു, ഇത് കടന്നുപോകാൻ പാടില്ലാത്ത വഴിയാണ് എന്നിങ്ങനെയുള്ള താക്കീതുകൾ നല്കി ജനത്തെ അപകടത്തിൽനിന്ന് ഒഴിവാക്കുകയും നേർവഴിക്കു നയിക്കുകയുമത്രേ പ്രവാചകന്മാർ ചെയ്യുന്നത്. ലോകത്തിന്റെ പ്രകാശമാകേണ്ടവർ ഈ ദൗത്യം നിർവഹിക്കണം. മാർപ്പാപ്പമാരുടെ ചാക്രിക ലേഖനങ്ങളിലൂടെ മാത്രമല്ല, ഓരോ ക്രൈസ്തവന്റെയും ജീവിതത്തിലൂടെയും ഈ ദൗത്യം നിർവഹിക്കപ്പെടണം. പ്രത്യാശ നൽകുന്നതാണ് പ്രകാശം. നിരാശയിൽ നിന്നുരുത്തിരിയുന്ന ആത്മഹത്യാസംസ്കാരം വ്യാപകമാകുന്നിടത്ത് ക്രൈസ്തവർ പ്രത്യാശയുടെ പ്രവാചകരാകണം. എല്ലാ വഴികളും അടഞ്ഞു എന്നു തോന്നുന്നിടത്തും പുതിയ വഴി തുറക്കാൻ പ്രത്യാശയ്ക്കു കഴിയും.

എണ്ണയൊഴിച്ച് തിരിയിട്ടു കത്തിക്കുന്ന മൺചിരാതുകളായിരുന്നു യേശുവിന്റെ കാലത്തെ വിളക്ക്. വിളക്കുകത്തുമ്പോൾ തിരി എരിഞ്ഞു തീരും; എണ്ണ വറ്റും. എരിഞ്ഞും വറ്റിയുമാണ് വിളക്കു പ്രകാശം നൽകുന്നത്. മറ്റുള്ളവർക്ക് പ്രകാശം നൽകാനായി സ്വയം എരിഞ്ഞു തീരുന്നതാകണം ക്രൈസ്തവന്റെ ജീവിതം. ഇതു തന്നെയാണ് യേശു നൽകിയ പാഠം. ഗാഗുൽത്തായിൽ ഉയർന്ന കുരിശാണ് പ്രകാശ ഗോപുരമായി നിൽക്കുന്നത്; ജീവൻ നൽകാൻ വേണ്ടി സ്വന്തം ജീവൻ അർപ്പിച്ചവനാണ് ലോകത്തിന്റെ പ്രകാശമായത്. ലോകത്തിന്റെ പ്രകാശമാകാൻ ക്രൈസ്തവന് കുരിശിന്റേതല്ലാതെ മറ്റു മാർഗ്ഗമില്ല.

# 19 ശത്രുക്കളെ സ്നേഹിക്കുവിൻ

**മത്താ 5,44**

“അയൽക്കാരനെ സ്നേഹിക്കുക, ശത്രുവിനെ ദ്വേഷിക്കുക എന്നു പറഞ്ഞിട്ടുള്ളതു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു. ശത്രുക്കളെ സ്നേഹിക്കുവിൻ; നിങ്ങളെ പീഡിപ്പിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവിൻ” (മത്താ 5,43-44).

മലയിലെ പ്രസംഗത്തിൽ ധാർമ്മികതയെ സംബന്ധിച്ച പുതിയ പ്രബോധനം അവതരിപ്പിക്കുന്നതിന്റെ അവസാനഭാഗമാണിത്. നിയമങ്ങളുടെ അക്ഷരാർത്ഥത്തിലുള്ള അനുസരണത്തിൽ വേരൂന്നിനിന്ന ഫരിസേയനീതിയെ അതിശയിക്കുന്ന പുതിയ ന്യായപ്രമാണത്തിന്റെ വിശദീകരണം ഈ കല്പനയിൽ എത്തിനിൽക്കുന്നു. പഴയതും പുതിയതും തമ്മിലുള്ള വൈരുദ്ധ്യം യേശു ആറ് ഉദാഹരണങ്ങളിലൂടെ വ്യക്തമാക്കി. അതിൽ അവസാനത്തേതാണ് ഈ കല്പന. ഫരിസേയരുടെ നിയമാനുഷ്ഠാനം ബാഹ്യമായ പ്രവൃത്തികൾക്ക് ഊന്നൽ നൽകിയപ്പോൾ പ്രവൃത്തികൾക്കു പ്രേരകമായ മനോഭാവത്തിലാണ് യേശു ശ്രദ്ധ കേന്ദ്രീകരിച്ചത്. എല്ലാ നിയമങ്ങളുടേയും കേന്ദ്രവും ഉച്ചകോടിയും സംഗ്രഹവുമായി സ്നേഹത്തിന്റെ പ്രമാണത്തെ അവതരിപ്പിക്കുമ്പോൾ പഴയനിയമത്തിൽ അന്തർലീനമായിരുന്ന അതിരുകളെ മറികടക്കുകയാണീതിരുമൊഴി. ഇതിന്റെ അർത്ഥം ഗ്രഹിക്കാൻ മൂലഭാഷയും തിരുവചനത്തിന്റെ സാഹചര്യവും അതോടൊപ്പം യേശുതന്നെ നൽകുന്ന മാതൃകയും പരിഗണിക്കണം.

പലതരത്തിലുള്ള ശത്രുക്കളെക്കുറിച്ച് ബൈബിൾ പ്രതിപാദിക്കുന്നുണ്ട്. യേശുതന്നെയും ശത്രു എന്നപദം എപ്പോഴും ഒരേ അർത്ഥത്തിലല്ല ഉപയോഗിച്ചിട്ടുള്ളത്. *‘എക്ത്രോസ്’* എന്ന ഗ്രീക്കു പദമാണ് ശത്രു എന്നു വിവർത്തനം ചെയ്യുന്നത്. എതിരാളി, വെറുക്കുന്നവൻ, നശിപ്പിക്കാൻ ശ്രമിക്കുന്നവൻ എന്നൊക്കെയാണ് വാക്കിന് അർത്ഥം. ഇത് ഒരു വ്യക്തിയോ സമൂഹമോ രാജ്യമോ ആകാം.

തിന്മയുടെ ശക്തിയായ സാത്താനെ സൂചിപ്പിക്കാൻ ശത്രു എന്ന പദം പലതവണ ഉപയോഗിച്ചിട്ടുണ്ട്. കളകൾ ദുഷ്ടന്റെ പുത്രന്മാരാണ്; അതു വിതച്ച ശത്രു പിശാചാണ് (മത്താ 13,39) എന്ന വിശദീകരണത്തിൽ നിന്ന് ഇതു വ്യക്തമാകുന്നു. ശത്രുവിന്റെ ശക്തികളുടെമേൽ ശിഷ്യർക്ക് അധികാരം കൊടുക്കുമ്പോഴും (ലൂക്കാ 10,19) ഇതേ അർത്ഥമാണ് പദത്തിനുള്ളത്. ഇതിനുപുറമെ തിന്മയുടെ സകലശക്തികളേയും സൂചിപ്പിക്കാനും ഈ പദം ഉപയോഗിച്ചിട്ടുണ്ട്





(ലൂക്കാ 1,71.74;, മത്താ 22,44; സങ്കീ 110,1). എന്നാൽ ഈ അർത്ഥമല്ല പഠനവിഷയമായ ഗുരുമൊഴിക്കുള്ളത്. സാത്താനെയും പിശാചുക്കളെയും സ്നേഹിക്കാനല്ല, അവർക്കെതിരേ ജാഗ്രത പാലിക്കാനും അവരുടെമേൽ വിജയം വരിക്കാനുമാണ് യേശു ശിഷ്യന്മാരെ ആഹ്വാനം ചെയ്യുന്നത് (ലൂക്കാ 22,31-32. 40.46; മർക്കോ 3,15; 16,17).

സ്നേഹം അർഹിക്കുന്ന ശത്രു ആരെന്ന് യേശുതന്നെ വ്യക്തമാക്കുന്നുണ്ട്. “ശത്രുക്കളെ സ്നേഹിക്കുവിൻ നിങ്ങളെ പീഡിപ്പിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവിൻ” (മത്താ 5,44). ഈ സമാന്തരവാക്യങ്ങൾ പരസ്പരം വിശദീകരിക്കുന്നു. ശിഷ്യന്മാരെ പീഡിപ്പിക്കുന്നവരാണ് അവരുടെ ശത്രുക്കൾ. ക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ പേരിൽ പീഡിപ്പിക്കപ്പെടുന്ന ശിഷ്യന്മാർക്കു നൽകുന്ന ഉപദേശമാണിത്. മതപീഡനത്തിന്റെ സാഹചര്യത്തിൽ ഈ ഉപദേശം കൂടുതൽ ശ്രദ്ധേയമാകുന്നു. പീഡിപ്പിക്കുന്നവർക്കെതിരേ ആയുധമെടുക്കാനും പ്രതിരോധത്തിനു ശ്രമിക്കാനുമല്ല, നിരുപാധികം ക്ഷമിക്കാനും അവർക്കുവേണ്ടി പ്രാർത്ഥിക്കാനും അങ്ങനെ അവരോടുള്ള സ്നേഹം പ്രകടമാക്കാനുമാണ് യേശു ആവശ്യപ്പെടുന്നത്.

എന്നാൽ ശത്രു എന്ന പദം മതമർദ്ദനം നടത്തുന്ന വിശ്വാസവിരോധികൾ എന്ന സങ്കുചിതമായ അർത്ഥത്തിൽ ഒതുക്കി നിർത്തരുതെന്ന് ലൂക്കായുടെ സുവിശേഷത്തിൽ നല്കുന്ന വിശദീകരണം നിർദ്ദേശിക്കുന്നു. ദ്വേഷിക്കുന്നവർ, അധിക്ഷേപിക്കുന്നവർ, ചെകിടത്തടിക്കുന്നവർ, വസ്തുവകകൾ ബലമായി എടുത്തുകൊണ്ടു പോകുന്നവർ, എന്നിങ്ങനെ എതിർക്കുകയും ദ്രോഹിക്കുകയും നശിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന എല്ലാവരെയും ഈ ഒരു പദത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട് (ലൂക്കാ 6,27-30). ഇതു വ്യക്തികളാകാം സമൂഹമാകാം. എന്താണ് “സ്നേഹിക്കുക” എന്ന പദം അർത്ഥമാക്കുന്നത്? മാതാപിതാക്കളെയും സഹോദരങ്ങളെയും ഉറ്റബന്ധുക്കളെയും സുഹൃത്തുക്കളെയും എന്നപോലെ ശത്രുക്കളെയും സ്നേഹിക്കണം എന്നാണോ യേശു കല്പിക്കുന്നത്? എല്ലാവിധത്തിലും ദ്രോഹിക്കുകയും തീർത്തും നശിപ്പാക്കാനായി നിരന്തരം ശ്രമിക്കുകയും ചെയ്യുന്നവരെ ഉറ്റസുഹൃത്തുക്കളായിക്കാണാൻ സാധിക്കുമോ? ഇവിടെയും മൂലപദം ശ്രദ്ധേയമാകുന്നു. ഗ്രീക്കുഭാഷയിലെ നാലു വ്യത്യസ്ത പദങ്ങളെ സ്നേഹിക്കുക എന്ന് സാധാരണ വിവർത്തനം ചെയ്യാറുണ്ട്.

***സ്ത്രെഗെയിൻ*** (Stregein) എന്നതാണ് അതിൽ ഒന്ന്. കുടുംബാംഗങ്ങൾ തമ്മിൽ, പ്രത്യേകിച്ച് മാതാപിതാക്കൾക്ക് മക്കളോടുള്ള സ്നേഹത്തെയാണ് ഈ പദം സൂചിപ്പിക്കുന്നത്. വാത്സല്യം എന്ന് ഇതിനെ വിവർത്തനം ചെയ്യാം. ഈ പദം ബൈബിളിൽ ഒരിക്കലും ഉപയോഗിച്ചിട്ടില്ല.

***ഈരാൻ*** (Eran) എന്നതാണ് രണ്ടാമത്തെ പദം. കമിതാക്കൾ തമ്മിലും ഭാര്യാ

ഭർത്താക്കന്മാർതമ്മിലും നിലനിൽക്കുന്ന സ്നേഹത്തേയാണ് ഇതു സൂചിപ്പിക്കുന്നത്. ഇതിന്റെ നാമരൂപമാണ് ഈറോസ് (Eros). ഇതിനെ പ്രേമം എന്നും കാമം എന്നും വിശേഷിപ്പിക്കാം. മനുഷ്യബന്ധങ്ങളിൽ അതിപ്രധാനമാണ് ഇതെങ്കിലും ഈ പദവും ബൈബിളിൽ ഉപയോഗിച്ചിട്ടില്ല.

***ഫിലെയിൻ*** (Philein) എന്നതാണ് മൂന്നാമത്തെപദം. മാനുഷികബന്ധങ്ങളിൽ നിലനിൽക്കുന്ന ഊഷ്മളവും വികാരസാന്ദ്രവുമായ സ്നേഹത്തെയാണ് ഇതു സൂചിപ്പിക്കുന്നത്. ഇഷ്ടപ്പെടുക എന്ന് ഇതിനെ വിവർത്തനം ചെയ്യാവുന്നതാണ്. അനേകം തവണ ഈ പദം ബൈബിളിൽ ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ പഠനവിഷയമായ വാക്യത്തിൽ ഉപയോഗിച്ചിരിക്കുന്നത് ഈ വാക്കുമല്ല.

***അഗപ്പാൻ*** (Agapan) എന്നതാണ് നാലാമത്തെ പദം. ഇതിന്റെ നാമരൂപമാണ് *അഗാപ്പേ.* വൈകാരികതലത്തിന് അതീതമായി, ഇച്ഛാശക്തിയിലും തീരുമാനത്തിലും ഊന്നിനില്ക്കുന്നതാണീ സ്നേഹം. സ്വഭാവികമായ ഇഷ്ടമല്ല, നൈസർഗ്ഗികമായ താത്പര്യവുമല്ല ഇത്. മറിച്ച് ബോധപൂർവ്വം, സ്വതന്ത്രമായി, എടുക്കുന്ന ഒരു തീരുമാനമാണ് അഗാപ്പേ. സ്നേഹിക്കപ്പെടുന്ന വ്യക്തിയുടെ അർഹതയോ യോഗ്യതയോ സ്വഭാവ സവിശേഷതകളോ ഒന്നും പരിഗണിക്കാതെ, സൗജന്യമായും സ്വതന്ത്രമായും നൽകുന്ന സ്നേഹമാണിത്. അപരൻ എന്നെ ദ്രോഹിച്ചാലും വെറുത്താലും, വധിക്കുകതന്നെ ചെയ്താലും ഞാൻ അയാളെ സ്നേഹിക്കും, അയാളുടെ നന്മ മാത്രമേ ആഗ്രഹിക്കൂ എന്നു പറയുന്നതാണ് അഗാപ്പേ. ഇതാണ് ദൈവത്തിന്റെ സ്നേഹം. ഈ സ്നേഹത്തെയാണ് വി.പൗലോസ് പ്രകീർത്തിക്കുന്നത് (1 കൊറി 13; റോമാ 5,5-11). ഇപ്രകാരം ഒരു സ്നേഹമാണ് ശത്രുക്കളെ സ്നേഹിക്കുവിൻ എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

വാത്സല്യമോ പ്രേമമോ ഇഷ്ടമോ അല്ല, ബോധപൂർവ്വം, പൂർണ്ണമായ അറിവോടും സ്വാതന്ത്ര്യത്തോടും കൂടെ ചെയ്യുന്ന ഒരു പ്രവൃത്തിയാണിത്. ഈ സ്നേഹത്തിന്റെ സവിശേഷതകൾ യേശുതന്നെ വിശദീകരിക്കുന്നുണ്ട്. "ദ്വേഷിക്കുന്നവർക്കും നന്മ ചെയ്യുക; ശപിക്കുന്നവരെ അനുഗ്രഹിക്കുക; അധിക്ഷേപിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുക; ഒരു ചെകിടത്തടിക്കുന്നവന് മറ്റേ ചെകിടുകൂടി കാണിച്ചുകൊടുക്കുക" (ലൂക്കാ 6,27-29).

അപരന്റെ നന്മമാത്രമാണ് ഈ സ്നേഹം ആഗ്രഹിക്കുന്നത്. അതിനാൽത്തന്നെ അയാൾ നശിച്ചുപോകുന്നതിൽ ഞാൻ സന്തോഷിക്കില്ല; എന്നു മാത്രമല്ല, അതു തടയാൻ കഴിയുന്നത്ര ശ്രമിക്കുകയും ചെയ്യും, ശത്രുവിനെ സ്നേഹിക്കുക എന്നതുകൊണ്ട് അയാൾ ചെയ്യുന്ന പ്രവൃത്തികളെയും അംഗീകരിക്കുകയെന്നോ, അയാളുടെ സ്വഭാവത്തെയും വ്യക്തിത്വത്തെയും ഇഷ്ടപ്പെടുകയെന്നോ അർത്ഥമാക്കുന്നില്ല. ആ വ്യക്തിയോട് വിരോധം വച്ചുപുലർത്താതിരിക്കുക; അയാൾക്ക് നന്മവരണമേ എന്ന് ആഗ്രഹിക്കുക;





അയാൾക്കുവേണ്ടി പ്രാർത്ഥിക്കുക; അയാൾക്കുണ്ടാകുന്ന നഷ്ടങ്ങളിൽ ദുഃഖിക്കുക, ലാഭങ്ങളിൽ സന്തോഷിക്കുക; ഇതൊക്കെയാണ് യേശു പഠിപ്പിച്ച ശത്രുസ്നേഹത്തിന്റെ സവിശേഷതകൾ. എല്ലാ മനുഷ്യരും ദൈവത്തിന്റെ മുഖം വഹിക്കുന്ന ദൈവമക്കളും അതിനാൽത്തന്നെ എന്റെ സഹോദരങ്ങളും ആണെന്ന സത്യമാണ് ശത്രു സ്നേഹത്തിന് ആധാരമായി നില്ക്കുന്നത്.

യേശു തന്നെയാണ് ഈ സ്നേഹത്തിന്റെ ഉത്തമമായ മാതൃക. ദൈവരാജ്യത്തിന്റെ സുവിശേഷം സ്വീകരിക്കാതെ ഹൃദയമടച്ച ഫരിസേയർക്കെതിരേ നടത്തിയ നിശിതമായ വിമർശനങ്ങളും കുറ്റാരോപണങ്ങളും (മത്താ 23,13-36) ഈ സ്നേഹത്തിന്റെ പ്രകടനമാണ്. ശാസിക്കുന്നതും കുറ്റപ്പെടുത്തുന്നതും മാനസാന്തരത്തിനു ക്ഷണിക്കുന്നതുമെല്ലാം ആ വ്യക്തിയോടുള്ള താത്പര്യത്തിന്റെയും സ്നേഹത്തിന്റെയും പ്രകടനങ്ങൾ തന്നെ. അവസാനമായി, "പിതാവേ അവരോടു ക്ഷമിക്കണമേ" (ലൂക്കാ 23,24) എന്ന പ്രാർത്ഥനയിൽ ശത്രുസ്നേഹത്തിന്റെ പാരമ്യം ദൃശ്യം മാകുന്നു.

അധഃപതിച്ച മനുഷ്യന്റെ സ്വാഭാവിക പ്രവണതകൾക്ക് എതിരാണ് ഈ സ്നേഹം. ഇതു പ്രാവർത്തികമാക്കാൻ ദൈവത്തിന്റെ പ്രത്യേക സഹായം കൂടിയേതീരൂ. എന്നാൽ മനുഷ്യസമൂഹത്തിന്റെ നിലനില്പിനും വളർച്ചക്കും സുസ്ഥിതിക്കും ഇതല്ലാതെ മറ്റൊരുമാർഗ്ഗമില്ല. വാളെടുക്കുന്നവൻ വാളാൽ മരിക്കും. നാം നിരന്തരം കണ്ടുകൊണ്ടിരിക്കുന്ന ഒരു യാഥാർത്ഥ്യമാണിത്. വ്യക്തികളും കുടുംബങ്ങളും പാർട്ടികളും സംഘടനകളും എന്നു വേണ്ടാ രാഷ്ട്രങ്ങൾ തന്നെ പ്രതികാരാഗ്നിയിൽ നശിക്കുന്നതിന്റെ അനുഭവം നമുക്കാർക്കും അന്യമല്ല. നാശം വിതക്കുന്ന വിദ്വേഷത്തിന്റെയും പകയുടെയും പത്മവ്യൂഹം ഭേദിച്ച് പുറത്തുകടക്കാൻ ശത്രുസ്നേഹമല്ലാതെ വേറൊരായുധമില്ല. സ്നേഹിക്കുന്നവരെ സ്നേഹിക്കുക മാനുഷികമാണ്; വെറുക്കുന്നവരെ സ്നേഹിക്കുന്നതാകട്ടെ ദൈവികവും. ഇതു വഴിയാണ് നമ്മൾ ദൈവമക്കളായി മാറുന്നത് (മത്താ 5,45).

# 20 പരിപൂർണ്ണരാകുവിൻ

***മത്താ 5,48***

"അതുകൊണ്ട് നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ" (മത്താ 5,48). തികച്ചും അസാധ്യമായ ഒരു കാര്യമാണ് ഗുരുനാഥൻ തന്റെ ശിഷ്യരോട് ഈ തിരുമൊഴിയിലൂടെ ആവശ്യപ്പെടുന്നത് എന്നു പ്രത്യക്ഷത്തിൽ തോന്നാം. പാപിയും ബലഹീനനും തിന്മയിലേക്കുചായ്‌വുള്ളവനുമായ മനുഷ്യന് എപ്രകാരമാണ് ദൈവത്തെപ്പോലെ പരിപൂർണ്ണനാകാൻ കഴിയുക? സ്രഷ്ടാവിന്റെ പൂർണ്ണത എങ്ങനെ സൃഷ്ടിക്കു കൈവരിക്കാനാവും? സർവ്വജ്ഞനും സർവ്വശക്തനും എല്ലാറ്റിന്റെയും ആദികാരണവും അന്തിമലക്ഷ്യവുമായ ദൈവത്തെപ്പോലെ ഏതുമനുഷ്യനാണ് പൂർണ്ണനാകാൻ കഴിയുക? ഇത് അസാധ്യമെങ്കിൽ പിന്നെ എന്തേ ഇങ്ങനെ ഒരു ഗുരുമൊഴി? അസാധ്യമെന്ന് പറഞ്ഞ് ഒഴിവാക്കുന്നതിനുമുമ്പേ എന്താണ് ഗുരുനാഥൻ ഈ തിരുമൊഴിയിലൂടെ അർത്ഥമാക്കുന്നത് എന്ന് അന്വേഷിക്കണം. മൂലഭാഷയിൽ ഉപയോഗിച്ചിരിക്കുന്ന വാക്കും തിരുമൊഴിയുടെ സാഹചര്യവും അർത്ഥം ഗ്രഹിക്കാൻ സഹായിക്കും.

*"എസെസ്ഥെ തെലേയോയി"* - എന്നതാണ് ഗ്രീക്കുമൂലം. ആയിരിക്കുക എന്നർത്ഥമുള്ള *"എയ്മി"* എന്ന ക്രിയയുടെ ഭാവിരൂപമാണ് *"എസെസ്ഥെ"* ഇത് ഒരു ആജ്ഞാരൂപമായികരുതാം. അതേസമയം ഇനിയും ആയിട്ടില്ലാത്ത എന്തോ ഒന്ന് ആയിത്തീരാനുള്ള ശ്രമവും പ്രയാണവുമാണ് ഇത് സൂചിപ്പിക്കുന്നത്. ഒരിക്കലും അവസാനിക്കാത്ത നിരന്തരമായ ഒരു പ്രയാണം. ലക്ഷ്യം എപ്പോഴും മുമ്പിലുണ്ട്. അടുക്കുംതോറും അകന്നുക്കൊണ്ടിരിക്കുന്ന ലക്ഷ്യം എത്തിപ്പിടിക്കാനുള്ള നിരന്തരമായ പരിശ്രമമാണ് ശിഷ്യരിൽ നിന്ന് യേശുനാഥൻ ആവശ്യപ്പെടുന്നത്. ആ അർത്ഥം മനസ്സിലാക്കിയതു കൊണ്ടാവാം ഫിലിപ്പിയർക്കുള്ള ലേഖനത്തിൽ വി. പൗലോസ് ഇപ്രകാരം എഴുതിയത്. "ഇത് എനിക്കു കിട്ടിക്കഴിഞ്ഞെന്നോ ഞാൻ പരിപൂർണ്ണനായെന്നോ അർത്ഥമില്ല. ഇതു സ്വന്തമാക്കാൻ വേണ്ടി ഞാൻ തീവ്രമായി പരിശ്രമിക്കുകയാണ്" (ഫിലി 3,12).

പരിപൂർണ്ണരാകുക എന്ന ലക്ഷ്യവും കണിശമായി മനസ്സിലാക്കേണ്ടതുണ്ട്. ദൈവത്തിന്റെ സർവ്വശക്തിയും സർവ്വജ്ഞാനവും ഒന്നുമല്ല ഇവിടെ വിവക്ഷിക്കുന്നത്. *"തെലെയിയോസ്"* എന്ന വിശേഷണം *"തേലോസ്"* എന്ന ഗ്രീക്കു ധാതുവിൽ നിന്നാണ് വരുന്നത്. ലക്ഷ്യം, ഉദ്ദേശ്യം എന്നൊക്കെയാണ് ഈ വാക്കിനർത്ഥം. അതിനാൽ ലക്ഷ്യപ്രാപ്തിക്ക് അനുയോജ്യമായത് എന്നേ ഈ വിശേഷണത്തിന് അർത്ഥമുള്ളു. ഒരു വസ്തു അല്ലെങ്കിൽ ഉപകരണം എന്തിനുവേണ്ടി നിർമ്മിക്കപ്പെട്ടുവോ ആ ലക്ഷ്യത്തിന് ഉപകരിക്കുമ്പോൾ ഉപകരണം





പരിപൂർണ്ണമാണ്. മുറിക്കാൻ ഉപയോഗിക്കുന്ന കത്തി മൂർച്ചയുള്ളതാണെങ്കിൽ പരിപൂർണമാണ്. അതുപോലെ മഷി നന്നായി ഒഴുകുന്ന പേനയും ചളി ഇളക്കുന്ന സോപ്പും എല്ലാം അതിന്റെ ധർമ്മമനുസരിച്ച് പരിപൂർണ്ണമാകുന്നു. ഏതാണ്ട് ഈ അർത്ഥത്തിലാണ് നിങ്ങളും പരിപൂർണ്ണരാകുവിൻ എന്ന് യേശു ആഹ്വാനം ചെയ്യുന്നത്. മറ്റൊന്നുമായി ബന്ധപ്പെടുത്താത്ത കേവലമായ ഒരു പൂർണ്ണതയല്ല ഇവിടെ വിവക്ഷിക്കുന്നത്. തിരുവചനത്തിന്റെ സാഹചര്യത്തിൽ നിന്ന് ഇത് കൂടുതൽ വ്യക്തമാകും.

ദൈവരാജ്യത്തിന്റെ സാന്നിധ്യം ആവശ്യപ്പെടുന്ന പുതിയ ധാർമ്മികതയുടെ രത്നചുരുക്കമായിട്ടാണ് ഈ തിരുവചനം അവതരിപ്പിച്ചിരിക്കുന്നത്. പഴയനിയമത്തെ മറികടക്കുന്ന ആറു നിബന്ധനകൾ വിശദീകരിച്ചതിനുശേഷം അതിന്റെ ഉച്ചകോടിയും സംഗ്രഹവും എന്ന രീതിയിൽ യേശു നൽകുന്ന ആഹ്വാനമാണിത്. അതോടൊപ്പം സ്വർഗ്ഗസ്ഥനായ പിതാവിന്റെ പരിപൂർണ്ണതയുടെ ഏതുമാനമാണ് അനുകരിക്കാൻ ആവശ്യപ്പെടുന്നത് എന്ന് ഗുരുനാഥൻ വ്യക്തമാക്കുന്നുമുണ്ട്. ദുഷ്ടനെന്നോ ശിഷ്ടനെന്നോ, പാപിയെന്നോ പുണ്യവാനെന്നോ വിവേചിക്കാതെ, സകലരുടെയുംമേൽ സൂര്യനെ ഉദിപ്പിക്കുകയും മഴ പെയ്യിക്കുകയും ചെയ്യുന്നു എന്നതാണ് യേശു എടുത്തുകാട്ടുന്ന പിതാവിന്റെ പരിപൂർണ്ണതയുടെ പ്രത്യേകത. ആരെയും ഒഴിവാക്കാത്ത, എല്ലാവരോടും പരിഗണനയും കരുതലും കാട്ടുന്ന സ്നേഹത്തിൽ ഈ പരിപൂർണ്ണത പ്രകടമാകുന്നു. ഇപ്രകാരമുള്ള ഒരു സ്നേഹമാണ് ഗുരുനാഥൻ ശിഷ്യരിൽ നിന്ന് ആവശ്യപ്പെടുന്നത്.

ഈ അർത്ഥം കൂടുതൽ വ്യക്തവും ലളിതവുമായി അവതരിപ്പിക്കാൻ വേണ്ടിയാവും ലൂക്കാ എഴുതിയ സുവിശേഷത്തിൽ ഈ ഗുരുമൊഴിയുടെ മറ്റൊരു ഭാഷ്യം നല്കിയിരിക്കുന്നത്. "നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ" (ലൂക്കാ 6,36). യോഗ്യത നോക്കാതെ വഴിഞ്ഞൊഴുകുന്ന സ്നേഹത്തെയാണ് കരുണയെന്ന് വിശേഷിപ്പിക്കുക. യേശുതന്നെയാണ് ഈ കാരുണ്യത്തിന്റെ ഏറ്റവും വലിയ ഉദാഹരണം. ദൈവത്തിന്റെ കാരുണ്യം മാംസം ധരിച്ചതാണല്ലോ നസ്രത്തിലെ യേശു. അവന്റെ വാക്കും പ്രവൃത്തിയും മുഴുവൻ അതിരുകളില്ലാത്ത ദൈവകാരുണ്യത്തിന്റെ പ്രകടനമായിരുന്നു. ആ കാരുണ്യത്തികവിലേക്കാണ് ഗുരുനാഥൻ തന്റെ ശിഷ്യരെ ക്ഷണിക്കുന്നത്.

ഓരോ ദിവസവും ഓരോ നിമിഷവും ശിഷ്യർ ഈ ലക്ഷ്യത്തിനു വേണ്ടി ശ്രമിച്ചുകൊണ്ടിരിക്കണം. ക്രിസ്തു വിഭാവനം ചെയ്യുന്നതും ആഹ്വാനം ചെയ്യുന്നതുമായ പരിപൂർണ്ണത സ്നേഹത്തിന്റെ പൂർണ്ണതയാണ്. സ്നേഹത്തിന്റെ പൂർണ്ണതയാകട്ടെ കരുണയും. യേശു തന്നെയാണ് ഇവിടെ പിതാവിന്റെ പൂർണ്ണതയെ അനുകരിക്കുന്നതിനുള്ള മാതൃക. ഈ സത്യമാണ് വി. പൗലോസ് തന്റെ

ലേഖനത്തിലൂടെ ഊന്നിപ്പറയുന്നത്. "വിശ്വാസത്തിന്റെ ഐക്യത്തിലും ദൈവപുത്രനെക്കുറിച്ചുള്ള പൂർണജ്ഞാനത്തിലും എല്ലാവരും എത്തിച്ചേരുകയും ക്രിസ്തുവിന്റെ പരിപൂർണ്ണതയുടെ അളവനുസരിച്ച് പക്വതയാർന്ന മനുഷ്യരാവുകയും ചെയ്യുന്നവരെ ഇതു തുടരേണ്ടിയിരിക്കുന്നു....സ്നേഹത്തിൽ സത്യം പറഞ്ഞുകൊണ്ട് ശിരസ്സായ ക്രിസ്തുവിലേക്ക് എല്ലാവിധത്തിലും നാം വളരേണ്ടിയിരിക്കുന്നു (എഫേ 4,13-15).

എളുപ്പം നേടിയെടുക്കാവുന്ന ഒന്നല്ല ഗുരുനാഥൻ കാട്ടിത്തരുന്ന ലക്ഷ്യം; എന്നാൽ അത് അപ്രാപ്യം എന്ന് പറഞ്ഞ് തള്ളിക്കളയാവുന്നതുമല്ല, ശ്രമിച്ചുകൊണ്ടേയിരിക്കുക. ശരീരത്തിന്റെ വളർച്ചയ്ക്കു പരിധിയുണ്ട്. എന്നാൽ ആത്മാവിന് ഈ പരിധി ബാധകമല്ല. നിരുപാധികം ക്ഷമിക്കുകയും യോഗ്യത പരിഗണിക്കാതെ കരുണകാണിക്കുകയും ചെയ്യുന്നതിലൂടെ ഈ പൂർണതയിലേക്ക് നാം വളരുന്നു. ദൈവത്തോളം ഉന്നതവും വിശാലവും അനന്തവുമായ സ്നേഹത്തിലേക്ക് വളരാനാണ് ഗുരുനാഥൻ ക്ഷണിക്കുന്നത്. ഒരിക്കലും അവസാനിക്കാത്ത ദൈവസ്നേഹത്തിന്റെ പരിപൂർണ്ണതയിലേക്കുള്ള ഒരു തീർത്ഥാടനമാണിത്.



# 21 വാതിലും വഴിയും

## മത്താ 7,14

"ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കുവിൻ. വിനാശത്തിലേക്കു നയിക്കുന്ന വാതിൽ വിസ്തൃതവും വഴി വിശാലവുമാണ്. അതിലേ കടന്നുപേകുന്നവർ വളരെയാണുതാനും. എന്നാൽ, ജീവനിലേക്കു നയിക്കുന്ന വാതിൽ ഇടുങ്ങിയതും വഴി വീതികുറഞ്ഞതുമാണ്. അതു കണ്ടെത്തുന്നവരോ ചുരുക്കം" (മത്താ 7,13-14).

ദൈവരാജ്യത്തിന്റെ സവിശേഷതകളും നിബന്ധനകളും സമ്യക്കായി അവതരിപ്പിക്കുന്ന മലയിലെ പ്രസംഗത്തിന്റെ അവസാനഭാഗത്താണ് മത്തായി സുവിശേഷകൻ ഈ ഗുരുമൊഴികൾ രേഖപ്പെടുത്തിയിരിക്കുന്നത്. മലമുകളിൽ വച്ച് യേശു പ്രഖ്യാപിച്ച സുവിശേഷത്തോടുള്ള രണ്ടു പ്രതികരണങ്ങൾ ഇവിടെ വിവരിക്കുന്നു. വ്യക്തവും ഉറച്ചതുമായ ഒരു തീരുമാനമെടുക്കാൻ ശ്രോതാക്കളെ പ്രേരിപ്പിക്കുന്നതാണ് ഈ തിരുവചനങ്ങൾ.

രണ്ടു സാധ്യതകൾ മുമ്പിൽ വച്ചിട്ട് തീരുമാനമെടുക്കാൻ പ്രേരിപ്പിക്കുന്ന നാല് ആഹ്വാനങ്ങളോടെയാണ് മലയിലെ പ്രസംഗം സമാപിക്കുന്നത്. അവയിൽ ആദ്യത്തേതാണ് വാതിലിന്റെയും വഴിയുടെയും ഉപമ. തുടർന്ന് രണ്ടുതരം വൃക്ഷങ്ങളുടെയും ഫലങ്ങളുടെയും ഉപമയും (7,15-20), പ്രാർത്ഥനയും പ്രവൃത്തിയും തമ്മിലുള്ള അന്തരവും (7,21-23) രണ്ടുതരം അടിത്തറകളിൽ പണിത വീടുകളുടെ ഉപമയും (7,24-27) അവതരിപ്പിച്ചിരിക്കുന്നു. യേശുവിന്റെ വചനത്തിനു നല്കുന്ന മറുപടിയുടെ നിർണ്ണായക പ്രാധാന്യം ഊന്നിപ്പറയുന്നതാണ് ഈ നാല് ഉദാഹരണങ്ങളും.

ദൈവം മനുഷ്യന് സ്വാതന്ത്ര്യം അനുവദിച്ചിരിക്കുന്നു എന്നും സ്വതന്ത്രമായി എടുക്കുന്ന തീരുമാനത്തിന്റെ ഉത്തരവാദിത്വം പൂർണ്ണമായും മനുഷ്യന്റേതായിരിക്കുമെന്നും ബൈബിളിൽ അനേകം തവണ പഠിപ്പിക്കുന്നുണ്ട്. തീരുമാനം എടുക്കുന്നതിന് അറിവ് ആവശ്യമാണ്. തിരഞ്ഞെടുക്കാൻ സാധ്യതയുള്ള രണ്ടു വഴികളെക്കുറിച്ച്, അവയുടെ സ്വഭാവം, ലക്ഷ്യം, എന്നിവയെക്കുറിച്ചെല്ലാം വ്യക്തമായി പ്രതിപാദിക്കുന്ന അനേകം ബൈബിൾ ഭാഗങ്ങളുണ്ട്.

തന്റെ വിടവാങ്ങൽ പ്രസംഗത്തിൽ ഇപ്രകാരം ഒരു തീരുമാനത്തിന് മോശ ജനത്തെ പ്രേരിപ്പിക്കുന്നതു കാണാം. "ഇതാ ഞാൻ നിന്റെ മുമ്പിൽ ജീവനും നന്മയും മരണവും തിന്മയും വച്ചിരിക്കുന്നു" (നിയ 30,15-20). ദൈവത്തിന്റെ വചനം അനുസരിച്ചു ജീവിക്കുന്നത് ജീവൻ തിരഞ്ഞെടുക്കലാണ്,

അല്ലെങ്കിൽ മരണവും. ആരെ അനുസരിക്കണം, ഏതു പാത തിരഞ്ഞെടുക്കണം എന്നു തീരുമാനിക്കാൻ ജോഷ്വായും ജനത്തെ പ്രേരിപ്പിച്ചു (ജോഷ്വാ 24,15). മനുഷ്യനു മുമ്പിലുള്ള രണ്ടു വഴികളെക്കുറിച്ചു പ്രതിപാദിച്ചുകൊണ്ടാണ് സങ്കീർത്തനപുസ്തകം ആരംഭിക്കുന്നത് (സങ്കീ 1,1-6). ബാബിലോണിന്റെ ആക്രമണത്തിനു മുമ്പിൽ പകച്ചുനിന്ന ജനത്തോട് ജറെമിയായും ഇപ്രകാരം ഒരു തീരുമാനമെടുക്കാൻ ആഹ്വാനം ചെയ്തു: “കർത്താവ് അരുളിച്ചെയ്യുന്നു, ജീവന്റെയും മരണത്തിന്റെയും മാർഗ്ഗങ്ങൾ ഇതാ, നിങ്ങളുടെ മുമ്പിൽ ഞാൻ വയ്ക്കുന്നു” (ജറെ 21,8).

ഈ പഴയ നിയമനപാരമ്പര്യത്തിൽ ഊന്നി നിന്നുകൊണ്ടാണ് യേശുവും തീരുമാനമെടുക്കാൻ ജനത്തെ ആഹ്വാനം ചെയ്യുന്നത്. തീരുമാനമെടുക്കാനുള്ള ആഹ്വാനമാണ് വാതിലിന്റെയും വഴിയുടെയും ഉദാഹരണത്തിലൂടെ യേശു നല്കുന്നത് എന്നതിൽ സംശയമില്ല. എന്നാൽ, ഈ രണ്ട് ഉദാഹരണങ്ങൾ തമ്മിലുള്ള ബന്ധം? എവിടെയാണ് വാതിൽ? വഴിയുടെ തുടക്കത്തിലോ അവസാനമോ? എന്താണ് ഈ ഉദാഹരണങ്ങൾ സൂചിപ്പിക്കുന്നത്? ഇതിനു സമാനമായ ഒരു തിരുമൊഴി ലൂക്കായും രേഖപ്പെടുത്തിയിട്ടുണ്ട്. ഒരേ ഗുരുവചനം രണ്ടു സുവിശേഷകന്മാർ ഒരേ പാരമ്പര്യത്തിൽ നിന്നെടുത്ത്, വ്യത്യസ്തസാഹചര്യങ്ങളിൽ അവതരിപ്പിച്ചതാണെന്ന് കരുതുന്നവരുണ്ട്. അതിനാൽ, ലൂക്കായുടെ സുവിശേഷത്തിൽ കാണുന്ന ഗുരുമൊഴി ചർച്ചാവിഷയമായിട്ടുള്ള തിരുവചനങ്ങൾ ഗ്രഹിക്കാൻ സഹായിക്കും എന്നും കരുതപ്പെടുന്നു.

നിത്യരക്ഷയെ സംബന്ധിച്ച ഒരു ചോദ്യത്തിന് ഉത്തരമായിട്ടാണ് മൂന്നാം സുവിശേഷത്തിൽ ഗുരുമൊഴി പ്രത്യക്ഷപ്പെടുന്നത്. “ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കാൻ പരിശ്രമിക്കുവിൻ, ഞാൻ നിങ്ങളോടു പറയുന്നു, അനേകർ പ്രവേശിക്കാൻ ശ്രമിക്കും, എന്നാൽ, അവർക്കു സാധിക്കുകയില്ല” (ലൂക്കാ 13,24). വീട്ടുടമസ്ഥൻ വാതിലടയ്ക്കുന്നതിനെക്കുറിച്ച് തുടർന്നുള്ള വിവരണവും ചേർത്തു വായിക്കുമ്പോൾ ദൈവഭവനത്തിലേക്കുള്ള പ്രവേശനകവാടമാണ് ഇടുങ്ങിയവാതിലെന്നു വ്യക്തമാകുന്നു. വഴിയെക്കുറിച്ച് ഇവിടെ പരാമർശിക്കുന്നില്ല. അതിനാൽ ദൈവരാജ്യത്തിൽ പ്രവേശിക്കാൻ നേരിടേണ്ട ക്ലേശങ്ങളെയും സഹനങ്ങളെയുമാണ് ഇടുങ്ങിയ വാതിൽ സൂചിപ്പിക്കുന്നത് എന്ന് അനുമാനിക്കാം. “എല്ലാവരും ബലം പ്രയോഗിച്ച് അതിൽ പ്രവേശിക്കുന്നു” (ലൂക്കാ 16,16) എന്ന വിശദീകരണം ഇവിടെയും പ്രസക്തമാണ്.

ഈ താരതമ്യപഠനത്തിന്റെ വെളിച്ചത്തിൽ ചർച്ചാവിഷയമായ വാതിലും വഴിയും ഒരേ യാഥാർത്ഥ്യത്തെ സൂചിപ്പിക്കുന്ന രണ്ട് പ്രതീകങ്ങളാണെന്ന് അനുമാനിക്കുന്നവരുണ്ട്. നഗരത്തിലേക്കു നയിക്കുന്ന പല വഴികളും നഗരത്തിലേക്കു പ്രവേശനം നല്കുന്ന വാതിലുമാണ് ഇവിടെ ഉദാഹരണമായി എടുത്തു കാട്ടുന്നത് എന്നു മറ്റു ചിലർ കരുതുന്നു. വഴി ചെന്ന് അവസാനിക്കുന്നത് കവാടത്തിൽ. കവാടം കടന്നാൽ നഗരത്തിൽ പ്രവേശിക്കാം. അതിനാൽ വഴിയും





വാതിലും തമ്മിൽ വലിയ വ്യത്യാസമില്ല എന്ന നിഗമനത്തിലാണ് ഈ വിശദീകരണവും എത്തി നില്ക്കുന്നത്.

എന്നാൽ പഠനവിഷയമായ തിരുവചനങ്ങൾ സൂക്ഷ്മമായി അപഗ്രഥിച്ചാൽ ചില കാര്യങ്ങൾ ശ്രദ്ധയിൽപ്പെടും. വാതിലിനെക്കുറിച്ചാണ് ആദ്യംപറയുന്നത്. വാതിൽ കടന്ന് പ്രവേശിക്കുന്നത് നഗരത്തിലേക്കോ, വീട്ടിലേക്കോ അല്ല, വഴിയിലേക്കാണ്. അതിനാൽ വാതിലും വഴിയും ഒന്നുതന്നെയല്ല എന്നു വ്യക്തം. അതോടൊപ്പം വഴിയുടെ അവസാനത്തിലല്ല, ആരംഭത്തിലാണ് വാതിൽ. വാതിലിലൂടെ കടക്കുന്നത് ഒരു തീരുമാനമെടുക്കുന്നതിനു തുല്യമാണ്. യേശുവിനെ അനുഗമിക്കാനുള്ള തീരുമാനം എന്ന് ഇതിനെ വിശേഷിപ്പിക്കാം. നിർണ്ണായക പ്രാധാന്യമുള്ളതാണ് ഈ തീരുമാനം. എന്നാൽ ഈ തീരുമാനം കൊണ്ടുമാത്രം ആരും പൂർണ്ണമായും ദൈവരാജ്യത്തിന്റെ അംഗങ്ങളും അവകാശികളുമാകുന്നില്ല. മറിച്ച് ദൈവരാജ്യത്തിലേക്കുള്ള യാത്ര ആരംഭിക്കുന്നതേ ഉള്ളൂ. വാതിൽ കടന്നു പ്രവേശിക്കുന്നത് ശിഷ്യത്വത്തിന്റെ വഴിയിലേക്കാണ്. ആ വഴിയുടെ അന്ത്യത്തിലാണ് നിത്യ ജീവൻ.

വഴിയെക്കുറിച്ചുള്ള വിശദീകരണവും ശ്രദ്ധേയമാണ്. ജീവനിലേക്കു നയിക്കുന്ന വഴി വീതികുറഞ്ഞത് എന്നാണ് പൊതുവേ വിവർത്തനം ചെയ്തു കാണുന്നത്. എന്നാൽ, ഈ വിവർത്തനം അർത്ഥം മുഴുവൻ വെളിപ്പെടുത്തുന്നില്ല. *‘തെഥ്ലി മ്മെനേ’* (Tethlimmene) എന്നാണ് ഗ്രീക്കുമൂലം. പീഡിപ്പിക്കുക, ഞെരുക്കുക, എന്നൊക്കെ അർത്ഥമുള്ള *“ത്ലീബോ”* എന്ന ക്രിയാരൂപത്തിൽ നിന്നാണ് ഈ വിശേഷണം ഉത്ഭവിക്കുന്നത്. അതിനാൽ, വഴി വീതികുറഞ്ഞത് എന്നതിനേക്കാൾ ഞെരുക്കമുള്ളത്, പീഡനങ്ങൾ നിറഞ്ഞത് എന്നൊക്കെയാണ് ഈ വാക്കു സൂചിപ്പിക്കുന്നത്. *“ത്ലീബോ”* എന്ന വാക്ക് പൊതുവേ മതപീഡനത്തെ സൂചിപ്പിക്കാനാണ് ഉപയോഗിക്കുക. അതിനാൽ ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകളും പ്രയാസങ്ങളുമല്ല, വിശ്വാസത്തിന്റെ പേരിൽ നേരിടേണ്ടിവരുന്ന പീഡനങ്ങളാണ് ഈ തിരുവചനം സൂചിപ്പിക്കുന്നത്.

ക്രിസ്തീയ ജീവിതത്തിന്റെ ഒരു സവിശേഷത ഈ വചനത്തിലൂടെ നാഥൻ ഊന്നിപ്പറയുന്നു. ദൈവരാജ്യത്തിൽ പ്രവേശിക്കാനും നിത്യജീവൻ അവകാശമാക്കാനും ആഗ്രഹിക്കുന്നവർ ദൈവരാജ്യത്തിന്റെ മൂല്യങ്ങൾക്കു നിരക്കാത്തതെല്ലാം ആദ്യമേ ത്യജിക്കാൻ തയ്യാറാകണം. ഇതാണ് ഇടുങ്ങിയ വാതിലിലൂടെ കടക്കൽ. ഇതിനെ മാനസാന്തരം എന്നു വിശേഷിപ്പിക്കാം. എന്നാൽ ഇത് തുടക്കം മാത്രമേ ആകുന്നുള്ളൂ. ഇനി അങ്ങോട്ടുള്ള വഴി പീഡനങ്ങൾക്കു നടുവിലൂടെയാണ് നീങ്ങുന്നത്. തന്റെ ശിഷ്യന്മാർ നേരിടേണ്ടിവരുന്ന പീഡനങ്ങളെക്കുറിച്ച് സംശയത്തിനു പഴുതടച്ച് അനേകം തവണ ഗുരുനാഥൻ പഠിപ്പിച്ചിട്ടുണ്ട് (മത്താ 5,15-12; 5,44; 10,16-39; 16,24-26; 23,9-10).

ഒരിക്കൽ വിശ്വസിച്ച് മാമ്മോദീസാ സ്വീകരിച്ചതുകൊണ്ടുമാത്രം ആരും രക്ഷപ്പെടുകയില്ല; വിശ്വാസത്തിൽ ഉറച്ചു നില്ക്കുകയും അവസാനം വരെ

വിശ്വസ്തത പാലിക്കുകയും ചെയ്യണം. അത് എളുപ്പമായിരിക്കുകയില്ല. ദൈവ രാജ്യത്തിലേക്കുള്ള പ്രയാണത്തിൽ പ്രലോഭനങ്ങൾ ഉണ്ടാകും. എളുപ്പമാർഗ്ഗ ങ്ങൾ പലതും മുമ്പിൽ തെളിയും. ലോകത്തിന്റേതായ അംഗീകാരവും പ്രശ സ്തിയും നല്കുന്ന മഹത്ത്വത്തിന്റെ രാജവീഥികൾ, എളുപ്പത്തിൽ വിജയം വരിക്കാനും നേട്ടങ്ങൾ കൊയ്യാനും സഹായിക്കുന്ന കുറുക്കുവഴികൾ. തന്റെ അനുയായികളിൽ അനേകർ ഈ വിശാലവീഥികൾ തിരഞ്ഞെടുത്ത് നാശ ത്തിൽ നിപതിക്കും എന്ന ദുഃഖസത്യവും ഈ ഗുരുമൊഴിയിൽ മുഴങ്ങുന്നു.

യുഗാന്ത്യത്തിൽ കർത്താവു മടങ്ങിവരുന്നതു വരെ ഈ ലോകത്തിൽ സഭ നേരിടേണ്ടിവരുന്ന പ്രശ്നങ്ങളും അവയ്ക്കു നാഥൻ നിർദ്ദേശിക്കുന്ന പ്രതി വിധികളും മത്തായി സുവിശേഷകൻ വ്യക്തമായി അവതരിപ്പിക്കുന്നുണ്ട്. അതി നാൽത്തന്നെ സഭാത്മക സുവിശേഷം എന്ന് ഈ സുവിശേഷം അറിയപ്പെടു കയും ചെയ്യുന്നു. അലസതയും സുഖലോലുപതയും ശിഷ്യന്റെ ജീവിതത്തെ സ്വാധീനിക്കാം. ദൈവരാജ്യം എന്ന സ്വപ്നവും നിത്യജീവൻ എന്ന ലക്ഷ്യവും മറന്ന് ഭൗതിക നേട്ടങ്ങളിൽ ശ്രദ്ധ തറച്ചുപോകാം. മാമ്മോദീസാ വഴി സഭ യുടെ അംഗമായതിനാൽ തനിക്ക് എല്ലാം ഭദ്രമാണെന്ന വ്യർത്ഥമായ സ്വരക്ഷി തത്വബോധവും കടന്നു കൂടിയെന്നു വരാം. ഇതിനെല്ലാം എതിരേ നിതാന്ത ജാഗ്രത പാലിക്കാൻ പ്രേരിപ്പിക്കുന്നതാണ് ഈ തിരുവചനം.

ഏതു വഴിയാണ് ഞാൻ തിരഞ്ഞെടുക്കുക? ഏതാനും ഭക്താനുഷ്ഠാന ങ്ങളിൽ ഒതുങ്ങി നില്ക്കുന്നതല്ല വാതിലിനെയും വഴിയെയുംകുറിച്ചുള്ള പ്രബോ ധനം. അത് ജീവിതത്തിന്റെ സകല മേഖലകളെയും ചൂഴ്ന്നു നില്ക്കുന്നതാ ണ്. വിദ്യാഭ്യാസം, ജോലി, ജീവിതസൗകര്യങ്ങൾ, രാഷ്ട്രീയ തീരുമാനങ്ങൾ സാമ്പത്തിക ഇടപാടുകൾ, കുടുംബബന്ധങ്ങൾ, സാമൂഹ്യക്രമീകരണങ്ങൾ എന്നിങ്ങനെ എല്ലാ മേഖലകളെയും സ്പർശിക്കുന്നതാണ് "വഴി". ചുരുക്കത്തിൽ മലയിലെ പ്രസംഗം വരച്ചു കാട്ടിയ ജീവിതവീക്ഷണവും ജീവിതക്രമവും അനു സരിച്ചു ജീവിക്കുക തന്നെയാണ് ഇടുങ്ങിയവാതിലിലൂടെ കടന്ന് ഞെരുക്കങ്ങ ളുടെ വഴിയിലൂടെ നടക്കുക എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. അതു മാത്രമേ നിത്യജീവനിലേക്കു നയിക്കൂ.



# 22 വ്യാജ പ്രവാചകന്മാരെ സൂക്ഷിക്കുക

## മത്താ 7,15

"ആടുകളുടെ വേഷത്തിൽ വരുന്ന വ്യാജ പ്രവാചകൻമാരെ സൂക്ഷി ച്ചുകൊള്ളുവിൻ. ഉള്ളിൽ അവർ കടിച്ചു ചീന്തുന്ന ചെന്നായ്ക്കളാണ്" (മത്താ 7,15).

ശിഷ്യസമൂഹം നേരിടാൻ പോകുന്ന വലിയൊരു വിപത്തിനെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്ന ഒരു ഗുരുമൊഴിയാണിത്. പുറമേ നിന്ന് നേരിടുന്ന പീഡ നങ്ങൾ തീർച്ചയായും ശിഷ്യസമൂഹത്തിനു വലിയൊരു വിപത്തായിരിക്കും. എന്നാൽ അതിനേക്കാൾ അപകടകാരിയാണ് വ്യാജ പ്രവാചകരിലൂടെ സഭാ സമൂഹത്തിനുള്ളിൽ നിന്നു തന്നെയുണ്ടാകുന്ന വിപത്തുകൾ. കടിച്ചുചീന്തുന്ന ചെന്നായ്ക്കൾ എന്ന വിശേഷണം സൂചിപ്പിക്കുന്നത് അവർ മൂലം സംഭവിക്കാ വുന്ന വിപത്തിന്റെ ഭീകരതയാണ്.

ദൈവഹിതം ജനത്തെ അറിയിക്കാനായി ദൈവം തന്നെ തിരഞ്ഞെടു ത്തയയ്ക്കുന്ന വ്യക്തികളാണ് പ്രവാചകന്മാർ. ദൈവാത്മാവിനാൽ അഭിഷേകം ചെയ്യപ്പെട്ട അവരുടെ നാവിൽ ദൈവം തന്റെ വചനം വച്ചുകൊടുക്കുന്നു. (ഏശ 61,1-2, ജറ 1,9) അതിനാൽ പ്രവാചകന്റെ വചനം ദൈവത്തിന്റെ തന്നെ വചനം ആയിരിക്കും. അത് മാനസാന്തരത്തിനുള്ള ക്ഷണമോ, ആസന്നമായി രിക്കുന്ന ശിക്ഷയെകുറിച്ചുള്ള മുന്നറിയിപ്പോ, ദൈവം നൽകാൻ പോകുന്ന രക്ഷയുടെ വാഗ്ദാനമോ ആയിരിക്കാം. പരിക്ഷീണന് ആശ്വാസം നൽകുന്നതും വഴിതെറ്റിയവരെ നേർവഴിക്ക് നയിക്കുന്നതും പ്രവാചകവചനമാണ് (ഏശ 50,4 ജറ 3,12). പഴയനിയമത്തിലും പുതിയനിയമത്തിലും പ്രവാചകൻമാരെക്കുറിച്ച് പരമാർശിക്കുന്നുണ്ട്. എന്നാൽ പ്രവാചകൻമാർ എന്ന് അവകാശപ്പെടുന്നവ രെല്ലാം യഥാർത്ഥ പ്രവാചകൻമാരായിരിക്കണം എന്നില്ല. സ്വന്തം സ്വപ്നങ്ങ ളെയും തോന്നലുകളെയും ദൈവവചനമായി അവതരിപ്പിക്കുന്നവരുണ്ട്. അവരെ വ്യാജപ്രവാചകൻമാർ എന്നാണ് ബൈബിൾ വിശേഷിപ്പിക്കുന്നത്.

ആരാണ് യഥാർത്ഥ പ്രവാചകൻ? എങ്ങനെയാണ് അവരെ തിരിച്ചറി യുക? ബൈബിളിൽ എന്നതുപോലെ ഇന്നും പ്രസക്തമായൊരു ചോദ്യമാണി ത്. പല വ്യക്തികൾ പരസ്പര വിരുദ്ധമായ കാര്യങ്ങൾ അവതരിപ്പിക്കുകയും അത് ദൈവവചനവുമാണെന്ന് ഓരോരുത്തരും അവകാശപ്പെടുകയും ചെയ്യു മ്പോൾ ഏതാണ് ശ്രോതാക്കൾ സ്വീകരിക്കേണ്ടത്? യഥാർത്ഥ പ്രവാചകനെ തിരിച്ചറിയാൻ ബൈബിൾ തന്നെ ചില മാനദണ്ഡങ്ങൾ നൽകുന്നുണ്ട്. പ്രവാ

ചകവചനത്തിന്റെ പൂർത്തീകരണമാണ് അവയിൽ ആദ്യത്തേത്. "ഒരു പ്രവാചകൻ കർത്താവിന്റെ നാമത്തിൽ സംസാരിച്ചിട്ട് അത് സംഭവിക്കാതിരിക്കുകയോ സഫലമാകാതിരിക്കുകയോ ചെയ്താൽ ആ വാക്ക് കർത്താവ് അരുളിച്ചെയ്തിട്ടുള്ളതല്ല" (നിയ 8,22).

എന്നാൽ പൂർത്തീകരണം എന്ന മാനദണ്ഡം എപ്പോഴും സ്വീകാര്യമല്ല എന്ന് ബൈബിൾ തന്നെ പിന്നീട് പഠിപ്പിക്കുന്നുണ്ട്. അനേകം പ്രവാചകന്മാർക്കും, പുരോഹിതന്മാർക്കും, ഭരണാധികാരികൾക്കും എന്നല്ല ദേശത്തെ ജനത്തിനു മുഴുവൻ എതിരെ ഒറ്റയ്ക്കു നിന്ന് ആധികാരികമായ ദൈവവചനം പ്രഘോഷിക്കാൻ വിളിക്കപ്പെട്ട ജറെമിയായിലൂടെയാണ് പ്രവാചകത്വത്തിന്റെ മാനദണ്ഡം കൂടുതൽ വ്യക്തമായത്. മാനസാന്തരത്തിനു ക്ഷണിക്കുന്ന പ്രവാചകന്മാർ അറിയിക്കുന്ന ശിക്ഷകൾ നടപ്പിലായില്ലെങ്കിലും അവർ യഥാർത്ഥ പ്രവാചകന്മാർ ആയിരിക്കും. എന്നാൽ "സമാധാനം പ്രവചിക്കുന്ന പ്രവാചകൻ യഥാർത്ഥത്തിൽ കർത്താവിനാൽ അയ്ക്കപ്പെട്ടവനാണെന്ന് തെളിയുന്നത് അവൻ പ്രവചിച്ച കാര്യം സംഭവിക്കുമ്പോഴാണ" (ജറെ 28,90). എന്നാൽ, ഇതും പൂർണ്ണമായും തൃപ്തികരമായ ഒരു മാനദണ്ഡമല്ല എന്ന് മറ്റു ചില ബൈബിൾ വാക്യങ്ങൾ വ്യക്തമാക്കുന്നു.

"നിങ്ങളുടെ ഇടയിൽനിന്ന് ഒരു പ്രവാചകനോ, സ്വപ്ന വിശകലനക്കാരനോ വന്ന് ഒരു അടയാളമോ അത്ഭുതമോ നിങ്ങൾക്ക് വാഗ്ദാനം ചെയ്യുകയും അവൻ പറഞ്ഞ വിധം സംഭവിക്കുകയും ചെയ്താലും നിങ്ങൾക്ക് അജ്ഞാതരായ ദേവൻമാരെ നമുക്ക് പിഞ്ചെല്ലാം, അവരെ സേവിക്കാം എന്ന് അവൻ പറയുകയാണെങ്കിൽ നിങ്ങൾ ആ പ്രവാചകന്റെയോ വിശകലനക്കാരന്റെയോ വാക്കുൾ കേൾക്കരുത്" (നിയ 13,1-5). പഴയ നിയമത്തിലെ ഏറ്റം ആധികാരികമായ മാനദണ്ഡമാണിത്: ദൈവജനത്തിന് പരമ്പരാഗതമായി ലഭിച്ചിട്ടുള്ള വിശ്വാസസത്യങ്ങളോടു വിശ്വസ്തത പാലിക്കാത്ത പ്രവാചകൻ വ്യാജ പ്രവാചകനായിരിക്കും.

പ്രബോധനത്തിന്റെ ആധികാരികത എന്നതിനോട് നിർണ്ണായക പ്രാധാന്യമുള്ള മറ്റൊരു മാനദണ്ഡവും കൂടി യേശു കൂട്ടിച്ചേർക്കുന്നു. "ഫലത്തിൽ നിന്ന് വൃക്ഷത്തെ അറിയുക" (മത്താ 7,16). വാക്കും പ്രവൃത്തിയും തമ്മിലുള്ള പൊരുത്തമാണ് ഇവിടെ എടുത്തു കാട്ടുന്ന മാനദണ്ഡം. പഴയ നിയമകാലത്തെന്നതുപോലെ ആദിമ സഭയിലും വ്യാജപ്രവാചകന്മാർ വലിയൊരു ഭീഷണിയായിരുന്നു. യേശുവും അപ്പസ്തോലൻമാരും അവർക്കെതിരേ ജാഗ്രത പാലിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട് (അപ്പ 20,29; 2 കോറി 11,12-15; 1 യോഹ 2,18-22; 4:1-6).

തെറ്റായ പ്രബോധനങ്ങൾ നല്കി വിശ്വാസികളെ വഴിതെറ്റിക്കുന്നവരാണ് വ്യാജപ്രവാചകൻമാർ. "കള്ള ക്രിസ്തുമാരും വ്യാജപ്രവാചകന്മാരും പ്രത്യ





ക്ഷപ്പെടുകയും സാധ്യമെങ്കിൽ തിരഞ്ഞെടുക്കപ്പെട്ടവരെ പോലും വഴി തെറ്റിക്കത്തക്കവിധം വലിയ അടയാളങ്ങളും അത്ഭുതങ്ങളും കാണിക്കുകയും ചെയ്യും" (മത്താ 24,24). പ്രവചനങ്ങളുടെ പൂർത്തീകരണം മാത്രമല്ല, വലിയ അത്ഭുതങ്ങൾ തന്നെ പ്രവർത്തിച്ചാലും അതൊക്കെ യഥാർത്ഥ പ്രവാചകത്വത്തിന്റെ അടയാളമായി സ്വീകരിക്കുമ്പോൾ തെറ്റു സംഭവിക്കാം എന്ന താക്കീതാണ് ഗുരുനാഥൻ നൽകുന്നത്.

ആദിമ സഭയിലും വ്യാജ പ്രവാചകൻമാർ ഒരു വലിയ ഭീഷണിയായിരുന്നു. പട്ടണങ്ങളിലും ഗ്രാമങ്ങളിലും ചുറ്റി നടന്ന് സുവിശേഷം പ്രഘോഷിക്കുന്ന ശിഷ്യൻമാർ ധാരാളമുണ്ടായിരുന്നു. അവരിൽ ചിലരെങ്കിലും സഭയുടെ ഔദ്യോഗിക പഠനത്തിന് നിരക്കാത്ത സ്വന്തമായ പ്രബോധനങ്ങളാണ് നൽകിയിരുന്നത്. ഇവർ സഭാസമൂഹങ്ങളിൽ നിന്ന് പണപ്പിരിവു നടത്തുകയും അതേ സമയം വിശ്വാസികളെ ആശയക്കുഴപ്പത്തിലാക്കുകയും ചെയ്തിരുന്നു. ഇത്തരക്കാരെകുറിച്ചുള്ള മുന്നറിയിപ്പുകളും താക്കീതുകളും ലേഖനങ്ങളിൽ കാണാം. അത്യാഗ്രഹം കാരണം വ്യാജം പറഞ്ഞ് നിങ്ങളെ അവർ ചൂഷണം ചെയ്യും (2 പത്രോ. 2:1-3). ദൈവഭക്തി ധനലാഭത്തിനുള്ള മാർഗ്ഗമായി കരുതുന്നു (1 തിമോ 6:5). ഇപ്രകാരമുള്ള സുവിശേഷ പ്രഘോഷകർക്കെതിരെ ജാഗ്രത പാലിക്കാൻ അപ്പസ്തോലൻമാർ സഭാ സമൂഹങ്ങളെ ആഹ്വാനം ചെയ്തിരുന്നു.

ഒന്നാം നൂറ്റാണ്ടിന്റെ അവസാനം രചിക്കപ്പെട്ട ദിദാക്കെ എന്ന പ്രബോധനഗ്രന്ഥത്തിൽ വ്യാജപ്രവാചകന്മാരെ തിരിച്ചറിയാൻ ചില അടയാളങ്ങൾ നൽകുന്നുണ്ട്. "അവസാന നാളുകളിൽ അനേകം വ്യാജപ്രവാചകന്മാർ പ്രത്യക്ഷപ്പെട്ട് ജനത്തെ വഴി തെറ്റിക്കും.... യാത്രക്കാരനായി വരുന്ന സുവിശേഷകനെ കഴിയുന്നത്ര സഹായിക്കണം. എന്നാൽ അവൻ നിങ്ങളോടുകൂടെ ഒന്നല്ലെങ്കിൽ രണ്ടു ദിവസത്തിൽ കൂടുതൽ താമസിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്റെ ഭക്ഷണം സമ്പാദിക്കാൻ എന്തെങ്കിലും ജോലി ചെയ്യണം. അല്ലെങ്കിൽ അവൻ വ്യാജ പ്രവാചകനാണ്. അവനെതിരെ ശ്രദ്ധ വേണം" (ദിദാക്കെ 12,2-5)

വ്യാജ പ്രവാചകന്മാർ സഭാസമൂഹത്തിന് ഭീഷണിയായി തീർന്ന സാഹചര്യത്തിലാണ് വി. മത്തായി സുവിശേഷം രചിക്കുന്നത്. ഗുരുനാഥൻ നൽകിയിരുന്ന മുന്നറിയിപ്പുകളും താക്കീതും തിരഞ്ഞെടുത്ത് മലയിലെ പ്രസംഗത്തിന്റെ അവസാനത്തിൽ അവതരിപ്പിച്ചുകൊണ്ട് വിശ്വാസികളെ ഒന്നടങ്കം ജാഗ്രത പാലിക്കാൻ ആഹ്വാനം ചെയ്യുകയാണ് അദ്ദേഹം. ഈ താക്കീതുകൾ ഇന്ന് കൂടുതൽ പ്രസക്തമായിരിക്കുന്നു. സ്വന്തം തോന്നലുകളെ ദൈവവചനമായും സ്വന്തം സ്വപ്നങ്ങളെ ദൈവിക ദർശനങ്ങളായും അവതരിപ്പിച്ചുകൊണ്ട് ജനശ്രദ്ധയാകർഷിക്കുന്ന പ്രവാചകവേഷധാരികൾ ഇന്ന് നാട്ടിൽ ധാരാളമുണ്ട്. അത്ഭുത രോഗശാന്തികൾ, സാമ്പത്തികനേട്ടങ്ങൾ, ഉദ്യോഗക്കയറ്റങ്ങൾ, പരീക്ഷയിൽ

വിജയങ്ങൾ, വിദേശത്ത് ജോലികൾ, ശത്രുക്കളുടെ മേൽ വിജയം എന്ന് വേണ്ടാ അഭികാമ്യമായി തോന്നുന്ന സകല ഭൗതിക നേട്ടങ്ങളും വാഗ്ദാനം ചെയ്യുകയും അതിലൂടെ സ്വന്തം സാമ്പത്തികനിലയും ആരാധകരുടെ ഹൃദയങ്ങളിൽ ആദരവും ഉറപ്പു വരുത്തുകയും ചെയ്യുന്ന വ്യാജപ്രവാചകരെ തിരിച്ചറിയണമെങ്കിൽ യേശു വചനങ്ങളും അപ്പസ്തോല പ്രബോധനങ്ങളും ആഴത്തിൽ ഗ്രഹിക്കണം.

പ്രവാചക വേഷമിടുന്നവരുടെ പ്രബോധനങ്ങളുടെ ആധികാരികത, സഭയുടെ പരമ്പരാഗതമായ വിശ്വാസത്തോട് അവയ്ക്കുള്ള പൊരുത്തം, അവരുടെ പ്രസംഗവും ജീവിതവും തമ്മിലുള്ള ചേർച്ച മുതലായവ പ്രത്യേകം ശ്രദ്ധിക്കണം. അവർ പറയുന്നു, പക്ഷേ പ്രവർത്തിക്കുന്നില്ല (മത്താ 23,3) എന്ന താക്കീത് ഓർക്കണം. ഫലങ്ങളിൽ നിന്ന് അവരെ മനസ്സിലാക്കാം (മത്താ 7,16). പ്രവാചകന്മാരുടെ ജീവിതം തന്നെയാണ് അവരെ തിരിച്ചറിയാൻ ഏറ്റവും നല്ല ഉപാധി. ജീവിത വിശുദ്ധി, ലാളിത്യം, ആഴമേറിയ വിശ്വാസം, സഹോദരസ്നേഹം, പാവപ്പെട്ടവരോട് കരുണ, വിശുദ്ധ പൗലോസ് എടുത്തുകാട്ടുന്ന സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മസംയമനം (ഗലാ. 5:22) എന്നിങ്ങനെ ആത്മാവിന്റെ ഫലങ്ങളായിരിക്കും യഥാർത്ഥ പ്രവാചകന്റെ മുഖമുദ്ര. വചനം പ്രഘോഷിക്കുന്നവരിൽ ഈ ഫലങ്ങൾ ദൃശ്യമായിരിക്കണം. കേൾക്കുന്നവരെയും ഇത്തരം ഫലങ്ങളിലേക്ക് നയിക്കുന്നതായിരിക്കണം പ്രവാചക വചനം.

വ്യാജ പ്രവാചകന്മാർ എന്ന് വിശേഷിപ്പിക്കപ്പെടുന്നവർ മനഃപൂർവ്വം മറ്റുള്ളവരെ വഴിതെറ്റിക്കുന്നവരാകണമെന്നില്ല. ദർശനങ്ങളിൽ തെറ്റുപറ്റുകയും വീക്ഷണങ്ങൾ വികലമാവുകയും എന്നാൽ അത് ഗ്രഹിക്കാതെ സത്യമാണ് തങ്ങൾ പറയുന്നതെന്ന് ഉറച്ച് വിശ്വസിക്കുകയും ചെയ്യുന്നവരും ആ ഗണത്തിൽപ്പെടും. സമാധാനമില്ലാതിരിക്കെ സമാധാനം, സമാധാനം എന്നുപറഞ്ഞ്, യഥാർത്ഥ മാനസാന്തരത്തിലേക്കും ജീവിത നവീകരണത്തിലേക്കും നയിക്കാതെ, അശ്രദ്ധമായി മുറിവുകൾ വെച്ചുകെട്ടുന്ന വ്യാജ പ്രവാചകന്മാർ (ജറെ 6,13-14) ഗുണത്തിനുപകരം വലിയ ദോഷമാണ് ചെയ്യുക. താൽകാലികമായ നേട്ടങ്ങൾ ഉണ്ടായാൽത്തന്നെ അവരുടെ പ്രബോധനങ്ങൾ നാശത്തിലേക്കു നയിക്കുന്ന വിശാലവീഥിയാവും. ക്ലേശകരമായ കുരിശിന്റെ വഴി ഒഴിവാക്കി മറ്റ് എളുപ്പമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നവർ വ്യാജ പ്രവാചകന്മാരായിരിക്കാൻ ഏറെ സാധ്യതയുണ്ട്.



# 23 ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം

***മത്താ 11,28***

"അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം" (മത്താ 11,28).

താങ്ങാനാവാത്ത ജീവിതഭാരം ചുമന്നു തളർന്നു പോകുന്നവർ അസംഖ്യമാണ്. ആഗോളതലത്തിലും ദേശീയതലത്തിലും അത്ഭുതമാംവിധം സമ്പത്തു വർദ്ധിക്കുകയും അനേകം കമ്പനികൾ തങ്ങളുടെ വാർഷിക അറ്റാദായം സഹസ്രകോടികളിൽ അവതരിപ്പിക്കുകയും ചെയ്യുമ്പോഴും ദാരിദ്ര്യവും പട്ടിണിയും പെരുകിവരുന്നതേയുള്ളൂ. ആശയവിനിമയത്തിനുള്ള മാധ്യമങ്ങൾ അത്ഭുതാവഹമാംവിധം പെരുകുന്നു; നൂറുകണക്കിന് ടെലിവിഷൻ ചാനലുകൾ സകല വാർത്തകളും കൺമുമ്പിൽ എത്തിക്കുന്നു, മൊബൈൽ ഫോണുകൾ ലോകത്തെ മുഴുവൻ കൈപ്പിടിയിൽ ഒതുക്കുന്നു. അപ്പോഴും മനുഷ്യഹൃദയങ്ങൾ തമ്മിലുള്ള അകലം എന്നത്തേക്കാളും വർദ്ധിച്ചിരിക്കുന്നു. അകലത്തിരിക്കുന്ന സുഹൃത്തുമായി നിരന്തരം സംഭാഷിക്കുന്നവർക്ക് അടുത്തിരിക്കുന്ന ഉറ്റബന്ധുവിനെ കാണാനോ കേൾക്കാനോ കഴിയുന്നില്ല. ഏകാന്ത ദുഃഖം ഹൃദയങ്ങളെ തളർത്തുന്നു. "വലതു വശത്തേക്കുനോക്കി ഞാൻ കാത്തിരിക്കുന്നു, എന്നാൽ ആരും ശ്രദ്ധിക്കുന്നില്ല. ഒരു രക്ഷാകേന്ദ്രവും എനിക്ക് അവശേഷിക്കുന്നില്ല. ആരുമെന്നെ പരിഗണിക്കുന്നുമില്ല" (സങ്കീ 142,4) എന്ന സങ്കീർത്തകന്റെ അനുഭവത്തിലൂടെ കടന്നുപോകുന്നവർ ഇന്നു നിരവധിയാണ്.

രോഗവും ദാരിദ്ര്യവും പട്ടിണിയും കടക്കെണിയും നിരന്തരമായ പരാജയങ്ങളും മറ്റും വഴി വീർപ്പുമുട്ടുന്ന മനുഷ്യന് ആരാണ് ഒരാശ്വാസം നല്കുക? ആശ്വാസം തേടി അലയുന്നവർ പലപ്പോഴും നിരാശയിൽ മുങ്ങിത്താഴുന്നു, അവസാനം എല്ലാറ്റിനും പരിഹാരമാകും എന്നു കരുതുന്ന ആത്മഹത്യയിൽ അഭയം തേടുന്നു. ഈ സാഹചര്യത്തിലാണ് മേലുദ്ധരിച്ച ഗുരുമൊഴി ഏറ്റവും പ്രസക്തമാകുന്നത്, "ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം".

ഇത് വെറുമൊരു ഭംഗിവാക്കല്ല, വ്യർത്ഥവാഗ്ദാനവുമല്ല. യേശുവിന്റെ ജീവിതം മുഴുവനും ഈ വാഗ്ദാനത്തിന്റെ പൂർത്തീകരണമായിരുന്നു. സുവിശേഷങ്ങൾ നാലിലും നിറഞ്ഞുനില്ക്കുന്നത് ആശ്വാസദായകനായ യേശുവിന്റെ ചിത്രമാണ്. ശരീരം തളർന്നുപോയ രോഗികൾക്കു സൗഖ്യം, മനം തകർന്ന പാപികൾക്കു മോചനം, വിശക്കുന്നവർക്ക് ആഹാരം, നിരാശയിലാണ്ടുപോയ

വർക്ക് പ്രത്യാശ. അനുകമ്പാർദ്രമായ ദൈവസ്നേഹം മാംസം ധരിച്ച് ഭൂമിയിലേക്കു കടന്നുവന്നതാണ് യേശു.

പഴയ നിയമത്തിൽ തന്നെ ദൈവം അനേകം തവണ വെളിപ്പെടുത്തിയതാണ് ആർദ്രമായ ഈ സ്നേഹം. "ഈജിപ്തിലുള്ള എന്റെ ജനത്തിന്റെ ക്ലേശങ്ങൾ ഞാൻ കണ്ടു. മേല്നോട്ടക്കാരുടെ ക്രൂരത കാരണം അവരിൽ നിന്ന് ഉയർന്നുവരുന്ന രോദനം ഞാൻ കേട്ടു. അവരുടെ യാതനകൾ ഞാൻ അറിയുന്നു" (പുറ. 3:7). വേദനിക്കുന്ന മനുഷ്യന്റെ കണ്ണീരിൽ അലിയുന്ന ഹൃദയമാണ് ദൈവത്തിന്റേത്. അലിവ് പ്രവർത്തനത്തിലേക്കു നയിക്കുന്നു. വേദനയ്ക്കും നിലവിളിക്കും കാരണമായ സാഹചര്യങ്ങളിൽ മാറ്റം വരുത്തിക്കൊണ്ട് അവിടുന്ന് ഉത്തരമരുളുന്നു. വിമോചകനായ ദൈവം യാഹ്‌വേ എന്ന പേരിൽ സ്വയം വെളിപ്പെടുത്തിയപ്പോൾ ചരിത്രത്തിൽ അനാവൃതമായത് ദൈവത്തിന്റെ കരുണാർദ്ര ഹൃദയമായിരുന്നു.

പ്രവാചകന്മാർ ഈ ആർദ്രതയുടെ ആഴം വെളിപ്പെടുത്തി. പെറ്റമ്മയേക്കാൾ ആർദ്രതയുണ്ട് ദൈവത്തിന് (ഏശ 49,14-15). ഏതു പ്രതിസന്ധിയിലും അപകടത്തിലും അവിടുന്നു കൂടെയുണ്ടാവും. ആഴിയിലും അഗ്നിയിലും അവിടുന്നു കൂടെ നടക്കും (ഏശ 43,2) അമ്മയെപ്പോലെ ആശ്വസിപ്പിക്കും (ഏശ 66,13) കരങ്ങളിൽ എടുക്കുകയും (ഹോസി 11,3) പിതാവു പുത്രനെയെന്നപോലെ തോളിൽ വഹിക്കുകയും (നിയ 1,31) അമ്മയെപ്പോലെ കുനിഞ്ഞ് ആഹാരം നല്കുകയും (ഹോസി 11,4) ചെയ്യുന്ന അവിടുന്നാണ് പറയുന്നത് "ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം".

ആശ്വാസം നല്കാൻ യേശുവിനു കഴിയാത്ത ഒരു ജീവിതസാഹചര്യവുമില്ല. വർഷങ്ങളായി ബാധിച്ച കുഷ്ഠം ശരീരത്തെ മുഴുവൻ കാർന്നുതിന്നു വിരൂപനാക്കിയ മനുഷ്യൻ. അവന് സമൂഹത്തിൽ സ്ഥാനമില്ല, ശരീരത്തിൽ സ്വസ്ഥതയില്ല, ഹൃദയത്തിൽ സമാധാനവുമില്ല. ദൈവശാപമാണ് വ്രണങ്ങളായി തന്റെ മാംസത്തെ കാർന്നുതിന്ന് ദുർഗന്ധം വമിപ്പിക്കുന്നതെന്ന് കരുതിയ അവൻ, പ്രത്യാശയറ്റവന്റെ പ്രതീകമാണ്. പക്ഷേ, യേശു അവനെ വാരിപ്പുണർന്നു. "എനിക്കു മനസ്സുണ്ട്, നിനക്കു ശുദ്ധിയുണ്ടാകട്ടെ" (മർക്കോ 1,41). ഗുരുമൊഴിയുതിർന്നു, അവൻ ശുദ്ധനായി സൗഖ്യമുള്ളവനായി. രോഗശാന്തി പ്രതീക്ഷിച്ച് 38 വർഷം കിടന്ന്, അവസാനം എല്ലാ പ്രതീക്ഷയും അറ്റുപോയവന്റെ അടുക്കലേക്ക് യേശു കടന്നുചെന്നു. എനിക്കു ആരുമില്ല എന്ന് വിലപിക്കുന്നവന് അവൻ ഉറപ്പുനല്കി. നിനക്കു ഞാനുണ്ട്. "നിന്റെ കിടക്കയെടുത്ത് നടക്കുക" (യോഹ 5,8). ഏകമകന്റെ ശവമഞ്ചത്തെ അനുഗമിച്ച കണ്ണീരിൽ കുതിർന്ന ആ വിധവയോട് യേശു പറഞ്ഞു, കരയേണ്ടാ! ആർദ്രതയുടെ ഉറവു പൊട്ടിയ ഹൃദയത്തിന്റെ അഗാധതയിൽ നിന്നാണ് ആ ഗുരുമൊഴി ഉയർന്നത് (ലൂക്കാ 7,11-15). തൽക്ഷണം വിധവയ്ക്കു മകനെ ജീവനോടെ തിരിച്ചു കിട്ടി, അവളുടെ കണ്ണീർപ്രവാഹം നിലച്ചു.





പ്രത്യാശയ്ക്കു വകയില്ല എന്നു കരുതുന്നിടത്തേക്ക് ആശ്വാസവും പ്രത്യാശയുമായി തടന്നുവരുന്നവനാണ് യേശു. സഹോദരന്റെ കല്ലറയിങ്കൽ മൂന്നു ദിനരാത്രങ്ങൾ കണ്ണീരൊഴുക്കിയ സഹോദരിമാരുടെ ദുഃഖത്തിൽ അവന്റെ ഹൃദയം അസ്വസ്ഥമായി. കണ്ണുകൾ കവിഞ്ഞൊഴുകി. അവന്റെ ശബ്ദം മൃതരുടെ ലോകത്തു മുഴങ്ങി. ലാസർ മടങ്ങിവന്നു. യേശുവിന് ആശ്വസിപ്പിക്കാൻ കഴിയാത്ത ദുഃഖമില്ല, പരിഹരിക്കാനാവാത്ത പ്രശ്നവുമില്ല ആശ്വസിപ്പിക്കാം. എന്നാൽ ശാരീരികവും ഭൗതികവുമായ രോഗങ്ങളും ദുഃഖങ്ങളും മാത്രമല്ല ഈ ഗുരുമൊഴിയുടെ വ്യാപ്തിയിൽ നില്ക്കുന്നത്. മരണത്തിനും ശവകുടീരത്തിനും അപ്പുറത്തേക്കു നീളുന്നതാണ് ഈ ആശ്വാസവചനം.

"ആശ്വസിപ്പിക്കാം" എന്നു വിവർത്തനം ചെയ്യുന്ന ഗ്രീക്കു വാക്കിന്റെ വാച്യാർത്ഥം "ഞാൻ നിങ്ങൾക്കു വിശ്രമം നല്കാം" (മത്താ 11,29) എന്നത്രെ. അതേ വാക്കു തന്നെയാണ് "ആശ്വാസം ലഭിക്കും" എന്നു വിവർത്തനം ചെയ്യുന്നത്. ആശ്വാസവും വിശ്രമവും പലപ്പോഴും ഒരേയാഥാർത്ഥ്യത്തെ സൂചിപ്പിക്കാമെങ്കിലും സൂക്ഷ്മമായി പരിശോധിച്ചാൽ രണ്ടും തമ്മിൽ വ്യത്യാസമുണ്ട് എന്നു കാണാനാവും. ജോലി ചെയ്തു ക്ഷീണിക്കുകയും ഭാരം ചുമന്ന് തളരുകയും ചെയ്യുമ്പോഴാണ് വിശ്രമം ആവശ്യമായി വരുന്നത്. ജോലിയിൽനിന്ന് വിരമിക്കുക എന്നാണ്. *"അനാപവുവോ"* (Anapauo) എന്ന ഗ്രീക്കുവാക്കിന്റെ അർത്ഥം ചുമടിറക്കിവയ്ക്കാനുള്ള അത്താണി എന്നാണ്. ക്ഷീണിച്ചവന് കൂടുതൽ ശക്തി പകരുന്ന വിശ്രമം. ഇത് ആശ്വാസം മാത്രമല്ല, പുതുജീവനും നല്കുന്നു.

ഞാൻ നിങ്ങൾക്കു വിശ്രമം നല്കാം എന്ന ഗുരുമൊഴി മനുഷ്യജീവിതത്തെ മുഴുവനായി ഉൾക്കൊള്ളുന്നു. "ഇന്ന് നീ എന്നോടുകൂടെ പറുദീസായിലായിരിക്കും" (ലൂക്കാ 23,43) എന്ന തിരുമൊഴിയിൽ ഈ വാഗ്ദാനത്തിന്റെ മുഴുവൻ ആഴവും വ്യാപ്തിയും പ്രകടമാകുന്നു. എല്ലാ ദുഃഖങ്ങൾക്കും ബന്ധനങ്ങൾക്കും അറുതിവരുത്തി, നിത്യമായ വിശ്രമവും ശാശ്വതമായ സന്തോഷവും സമാധാനവും നല്കാൻ കഴിയുന്ന ഏക രക്ഷകനാണ് യേശു. "എന്റെ പിതാവിനാൽ അനുഗൃഹീതരേ, വരുവിൻ, ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി സജ്ജമാക്കിയിരിക്കുന്ന രാജ്യം അവകാശപ്പെടുത്തുവിൻ" (മത്താ 25,34) എന്ന ആഹ്വാനവും യേശു നല്കുന്ന ആശ്വാസത്തിന്റെയും വിശ്രമത്തിന്റെയും വ്യാപ്തി വ്യക്തമാക്കുന്നു.

U U U U U U

# 24 എന്റെ നുകം വഹിക്കുവിൻ

***മത്താ 11,29***

അദ്ധ്വാനത്താലും ജീവിതഭാരത്താലും തളർന്നു പോകുന്ന സകലരെയും തന്റെയടുക്കലേക്കു വിളിക്കുകയും അവർക്ക് ആശ്വാസം നല്കാമെന്ന് വാഗ്ദാനം ചെയ്യുകയും ചെയ്യുന്ന ഗുരുനാഥൻ ആശ്വാസം സ്വീകരിക്കാൻ ഒരു ഉപാധി വയ്ക്കുന്നുണ്ട്. അതാണ് ഇവിടെ പഠനവിഷയമാകുന്ന ഗുരുമൊഴി. "എന്റെ നുകം വഹിക്കുകയും എന്നിൽ നിന്നു പഠിക്കുകയും ചെയ്യുവിൻ" (മത്താ 11,29) ഭാരം വഹിച്ചു തളർന്നവർക്ക് ആശ്വാസം നല്കാമെന്നു പറയുന്നവൻ വീണ്ടും ഒരു നുകമാണോ നല്കുന്നത് എന്ന് ന്യായമായും സംശയം ഉയരാം. അതിനാൽ, എന്താണ് ഇവിടെ പരാമർശിക്കുന്ന ഭാരവും നുകവും എന്നു മനസ്സിലാക്കേണ്ടതുണ്ട്.

എല്ലാവിധ ജീവിതക്ലേശങ്ങളും അനുഭവിക്കുന്നവരെയാണ് അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും (മത്താ 11,28) എന്നു വിശേഷിപ്പിക്കുന്നത്. ആരെയും ഒഴിവാക്കുന്നില്ല. ക്ലേശിക്കുന്നവരുടെ ജാതിയോ വർണ്ണമോ ഒന്നും പരിഗണിക്കുന്നുമില്ല. ജീവിതഭാരത്തിൻ കീഴിൽ തകർന്നു പോകുന്നു എന്ന ഏക വിശേഷണമാണ് ക്ഷണിതാക്കൾക്കു നല്കിയിരിക്കുന്നത്. എന്നാലും അദ്ധ്വാനഭാരം എന്ന വാക്കുകൾക്ക് യേശുവിന്റെ സമകാലികരായ യഹൂദരുടെ ഇടയിൽ മതാത്മകമായ ഒരു പ്രത്യേക ധ്വനിയുണ്ട്.

ദൈവത്തെ പ്രസാദിപ്പിക്കുക, അവിടുത്തെ മുമ്പിൽ നീതിമാനായി കാണപ്പെടുക എന്നതായിരുന്നു ഓരോ വിശ്വാസിയുടെയും ഭക്തന്റെയും ഏറ്റം മുഖ്യമായ ആഗ്രഹം. അതിനുവേണ്ടിയുള്ള ശ്രമമായിരുന്നു സർവപ്രധാനം. പ്രവാചകവചനം ഇതു വ്യക്തമാക്കുന്നു: "കർത്താവിന്റെ മുമ്പിൽ എന്തുകാഴ്ചയാണ് ഞാൻ കൊണ്ടുവരേണ്ടത്? അത്യുന്നതനായ ദൈവത്തിന്റെ മുമ്പിൽ എങ്ങനെയാണ് കുമ്പിടേണ്ടത്? ആയിരക്കണക്കിന് മുട്ടാടുകളിലും പതിനായിക്കണക്കിന് എണ്ണപ്പുഴകളിലും അവിടുന്ന് സംപ്രീതനാകുമോ? എന്റെ അതിക്രമങ്ങൾക്കു പകരമായി എന്റെ ആദ്യജാതനെ ഞാൻ നല്കണമോ....." (മിക്കാ 6,6-8). ദൈവപ്രീതി നേടാൻ ശ്രമിക്കുന്ന ഭക്തന്റെ മുമ്പിൽ മതനേതാക്കൾ വരച്ചു കാട്ടിയ മാർഗ്ഗം നിയമാനുസരണത്തിന്റേതാണ്. ബൈബിളിൽ ഉടനീളം നിറഞ്ഞു നില്ക്കുന്നതാണ് ഈ കാഴ്ചപ്പാട്.

ബൈബിളിൽ അനേകം നിയമങ്ങളുണ്ട്. അവയിൽ ഏറ്റം പ്രധാനപ്പെട്ട





താണ് ഉടമ്പടിയുടെ കല്പനകൾ എന്നറിയപ്പെടുന്ന പത്തു പ്രമാണങ്ങൾ. അവയ്ക്കു പുറമേ മതാത്മകവും സാമൂഹികവുമായ മറ്റ് അനേകം നിയമങ്ങളുമുണ്ട്. പഴയ നിയമത്തിൽ ആകെ 613 നിയമങ്ങളുണ്ട് എന്ന് കണക്കാക്കപ്പെടുന്നു. ഈ നിയമങ്ങളിൽ മിക്കതും പൊതുവായ നിർദ്ദേശങ്ങൾ മാത്രമാണ്. അനുദിന ജീവിതത്തിൽ അവ എങ്ങനെയാണ് അനുവർത്തിക്കേണ്ടത് എന്ന ചോദ്യം ഉയരുമ്പോൾ പ്രശ്നം കൂടുതൽ സങ്കീർണ്ണമാകുന്നു. അവിടെയാണ് നിയമജ്ഞരുടെ വ്യാഖ്യാനവും ഫരിസേയരുടെ മാതൃകയും പ്രസക്തമാകുന്നത് ചില ഉദാഹരണങ്ങൾ വഴി ഇതു വ്യക്തമാക്കാം.

ഇതെല്ലാം കൃത്യമായി അറിഞ്ഞിരിക്കുക സാധാരണക്കാർക്ക് അസാധ്യമത്രേ. അതിനാൽ ദൈവകല്പന ലംഘിച്ച് ദൈവകോപത്തിനിരയാകും എന്ന നിരന്തര ഭയത്തിലാണ് ഭക്തൻ കഴിയുന്നത്. നിയമം അനുസരിക്കാനുള്ള കഠിന പരിശ്രമം അവനെ തളർത്തുന്നു, കുറ്റബോധത്തിന്റെ ഭാരം അവനെ തകർക്കുന്നു.

നിയമത്തിന്റെ ദുസ്സഹമായ ഭാരം വ്യക്തമാക്കുന്ന ഒരു കഥയുണ്ട്. ബൈബിളിലെ പല നിയമങ്ങൾ കൂട്ടിച്ചേർത്ത് ഏതോ ഒരു റബ്ബി പറഞ്ഞതാണത്രെ. രണ്ടുപെൺമക്കൾ മാത്രമുള്ള ഒരു വിധവയ്ക്ക് ചെറിയൊരു വയലുണ്ടായിരുന്നു. അവൾ വയലിൽ കൃഷി ചെയ്യാൻ തീരുമാനിച്ചപ്പോൾ മോശ (സാമൂഹ്യനിയമം) വന്നു പറഞ്ഞു: കാളയെയും കഴുതയെയും ഒരു നുകത്തിൽ കെട്ടി നിലം ഉഴരുത്. വിത്തുവിതയ്ക്കാൻ തുടങ്ങുമ്പോൾ മോശ വീണ്ടും വന്നു പറഞ്ഞു. രണ്ടു തരം വിത്തുകൾ കലർത്തി വിതയ്ക്കരുത് (നിയ 22,9). കൊയ്ത്തിനു കാലമായപ്പോൾ അഹറോൻ (മതനിയമം) വന്നു ആദ്യം കൊയ്തെടുത്ത കറ്റ എന്റേതാണ് എന്ന അവകാശവാദവുമായി (പുറ 23,19). മോശ വിട്ടില്ല. അരികുതീർത്തു കൊയ്യരുത്, കാലാപെറുക്കരുത് (ലേവ്യ 19,9-10) വഴിയിൽ വീണ കറ്റ എടുക്കാൻ തിരിച്ചുവരരുത് (നിയ 24,19) മെതിക്കുമ്പോൾ കാളയുടെ വായ് കെട്ടരുത്. മെതികഴിഞ്ഞപ്പോൾ പാവങ്ങൾക്കായി പത്തിലൊന്ന് അളന്നുമാറ്റി (നിയ 14,22). അഹറോൻ വീണ്ടും വന്ന് ശേഷിച്ചതിന്റെ പത്തിലൊന്ന് ദേവാലയത്തിനും പുരോഹിതനും അവകാശപ്പെട്ടതാണെന്നു പറഞ്ഞു (ലേവ്യ 27,30; സംഖ്യ 18,26-28). മടുത്ത വിധവ വയൽ വിറ്റ് ആടിനെ വാങ്ങി. ഉടനെയെത്തി അഹറോൻ: ആദ്യം കത്രിക്കുന്ന രോമം എനിക്ക് (നിയമ 18:4), കടിഞ്ഞൂൽ എനിക്ക്. ആടിനെ കൊന്നപ്പോൾ കൈക്കുറകും രുചികരമായ മേദസ്സുള്ള ഭാഗവും അഹറോനുവേണം (നിയ 18,3). പൊറുതിമുട്ടിയ വിധവ പറഞ്ഞു: "ഇതെല്ലാം ഞാൻ ദൈവത്തിനു നേരുന്നു". ഉടനെ വന്നു അഹറോന്റെ മറുപടി: "അങ്ങനെയെങ്കിൽ എല്ലാം എനിക്കുള്ളതു തന്നെ" (സംഖ്യ 18,24).

ഇപ്രകാരമുള്ള നിയമവ്യാഖ്യാനങ്ങൾ ആണ് 'ഭാരം" എന്ന വാക്കുകൊണ്ട് യേശു മുഖ്യമായും അർത്ഥമാക്കിയത്. യേശു തന്നെ ഒരിക്കൽ അതു വ്യക്തമാക്കുകയും ചെയ്തു: "അവർ പറയുന്നു; പ്രവർത്തിക്കുന്നില്ല. അവർ ഭാരമുള്ള ചുമടുകൾ മനുഷ്യരുടെ ചുമലിൽ വച്ചുകൊടുക്കുന്നു. സഹായിക്കാൻ ചെറുവിരൽ അനക്കാൻപോലും തയ്യാറാകുന്നുമില്ല" (മത്താ 23,4). മനുഷ്യനു സ്വാതന്ത്ര്യവും സന്തോഷവും നല്കേണ്ട ദൈവിക നിയമങ്ങളെ താങ്ങാനാവാത്ത ഭാരമാക്കിമാറ്റുന്ന മതനേതാക്കന്മാരുടെ ഹൃദയകാഠിന്യവും അന്ധതയുമാണ് ഈ ഗുരു മൊഴിയിലൂടെ വിമർശന വിധേയമാകുന്നത്. "നിയമജ്ഞന്മാരുടെ വ്യാജമായ തൂലികനിയമത്തെ വ്യാജമാക്കിയിരിക്കുന്നു" (ജറെ 8,8) എന്ന പ്രവാചക പ്രതിഷേധം ഇവിടെ പ്രതിധ്വനിക്കുന്നു. യഹൂദ നേതാക്കന്മാരുടെ വ്യാഖ്യാനത്തിലൂടെ താങ്ങാനാവാത്ത ചുമടായി മാറിയ നിയമസംഹിതകൾക്കു പകരം യേശു വച്ചു നീട്ടുന്നത് ഭാരം കുറഞ്ഞതും വഹിക്കാൻ എളുപ്പമുള്ളതുമായ നുകവും ചുമടുമാണ്.

നിയമങ്ങൾ ഇല്ലാതാക്കുകയോ വേണ്ടെന്നു പഠിപ്പിക്കുകയോ അല്ല യേശു ചെയ്യുന്നത്, മറിച്ച് നിയമത്തിന്റെ അർത്ഥവും ലക്ഷ്യവും വ്യക്തമാക്കി, അവയെ മനുഷ്യ സ്വാതന്ത്ര്യത്തിന്റെയും ജീവിത സാഫല്യത്തിന്റെയും അടിത്തറയായി അവതരിപ്പിക്കുകയാണ്. നിയമത്തിന്റെ തലനാരിഴകൾ കീറി വിശദാംശങ്ങൾ അവതരിപ്പിക്കുന്നതിനു പകരം ദൈവമക്കളുടെ സ്വാതന്ത്ര്യത്തിൽ ഊന്നി നില്ക്കുന്ന പുതിയ മനോഭാവങ്ങൾ യേശുവിന്റെ പ്രബോധനത്തിൽ ഇതൾ വിടർത്തുന്നു.

വഹിക്കാൻ എളുപ്പമുള്ള നുകം എന്ന വിശേഷണത്തിന്റെ വാച്യാർത്ഥം 'തികച്ചും അനുയോജ്യമാണ്' എന്നത്രേ. ഇത് നുകത്തിന്റെ പ്രത്യേകതയിലേക്കു ശ്രദ്ധ ക്ഷണിക്കുന്നു. ഉരുളൻ തടിതുളച്ച് മൃഗത്തിന്റെ കഴുത്തിനിരുവശവും ചേരും പാകത്തിന് വടികൾ കോർത്താണല്ലോ നമ്മുടെ നാട്ടിൽ പൊതുവേ നുകം ഉണ്ടാക്കുക. എന്നാൽ, പലസ്തീനായിൽ പൊതുവേ ഓരോ മൃഗത്തിന്റെയും കഴുത്തിനു പാകമാകുന്ന വിധത്തിൽ തടി ചെത്തി ഒരുക്കിയണ് നുകമുണ്ടാക്കുന്നത്. നുകം പാകമല്ലെങ്കിൽ അതു കഴുത്തിൽ ഉരസി വേദനിപ്പിക്കും, മുറിവുണ്ടാക്കും. പാകമാണെങ്കിൽ വഹിക്കാൻ എളുപ്പമായിരിക്കും. അനാവശ്യമായ വേദനയും മുറിവും ഉണ്ടാകുകയില്ല. ഇതാണ് യേശുവിന്റെയും നിയമജ്ഞരുടെയും നുകങ്ങൾ തമ്മിലുള്ള വ്യത്യാസം.

നിയമങ്ങൾ അക്ഷരാർത്ഥത്തിൽ അനുസരിക്കാത്തതിന് നിയമജ്ഞർ പ്രാധാന്യം കൊടുത്തു. ദൈവത്തെ പ്രീതിപ്പെടുത്തുകയാണ് അവരുടെ ലക്ഷ്യം. ദൈവത്തെ ക്രൂരനായ ഒരു വിധിയാളനായിട്ടാണ് അവർ കണ്ടത്. അക്ഷരങ്ങൾക്കു പ്രാധാന്യം നല്കിയപ്പോൾ ആത്മാവു നഷ്ടപ്പെട്ടു. നിയമം എന്തിനു





വേണ്ടിയെന്ന കാര്യം മറന്നു. യേശുവാകട്ടെ, നിയമത്തിന്റെ ഉറവിടത്തിനും ലക്ഷ്യത്തിനും ഊന്നൽ നൽകി. അപ്പോൾ പ്രാധാന്യം സ്നേഹത്തിനായി. ദൈവസ്നേഹത്തിന്റെ പ്രകടനങ്ങളായി ദൈവികനിയമങ്ങൾ; അനുസരണമാകട്ടെ പ്രതിസ്നേഹവും. സ്നേഹമുള്ളിടത്ത് ഭാരമില്ല. "ഇതു ഭാരമല്ല, എന്റെ സഹോദരനാണ്" എന്ന് പോളിയോ ബാധിച്ച അനുജനെ ചുമന്ന ബാലൻ പറഞ്ഞതു പോലെ, സ്നേഹിക്കുന്നവർക്കുവേണ്ടി സ്നേഹത്തോടെ ചെയ്യുന്ന ഏതു ജോലിയും ത്യാഗവും ഭാരവും ഉള്ളതായി അനുഭവപ്പെടില്ല.

നിയമത്തോടുണ്ടായിരിക്കേണ്ട ക്രൈസ്തവ സമീപനമാണ് ഈ ഗുരുവചനത്തിൽ വ്യക്തമാകുന്നത് - അധികാരികളും അധീനരും ഒരുപോലെ ധ്യാനവിഷയമാക്കി പ്രവൃത്തി പഥത്തിൽ കൊണ്ടുവരേണ്ട ഗുരുമൊഴി.

U U U U U U

25

# എനിക്ക് അനുകമ്പ തോന്നുന്നു

## *മർക്കോ 8,2*

"ആ ദിവസങ്ങളിൽ വീണ്ടും ഒരു വലിയ ജനാവലി ഒന്നിച്ചുകൂടി. അവർക്കു ഭക്ഷിക്കാൻ ഒന്നുമുണ്ടായിരുന്നില്ല. അവൻ ശിഷ്യന്മാരെ വിളിച്ചു പറഞ്ഞു: ഈ ജനക്കൂട്ടത്തോട് എനിക്ക് അനുകമ്പ തോന്നുന്നു. ഇവർ മൂന്നു ദിവസമായി എന്നോടുകൂടെയാണ്. അവർക്കു ഭക്ഷിക്കാൻ ഒന്നുമില്ല. അവരെ വിശപ്പോടെ വീട്ടിലേക്കു പറഞ്ഞയച്ചാൽ വഴിയിൽ തളർന്നു വീണേക്കും. ചിലർ ദൂരെനിന്നുവന്നവരാണ്" (മർക്കോ 8,1-3).

കുടുംബപ്രശ്നങ്ങളും, അത്യാഹിതങ്ങളും, മാറാരോഗങ്ങളും തകർച്ച കളും, മോചനമില്ലാത്ത ചില ദുശ്ശീലങ്ങളും ജീവിതത്തെ വേട്ടയാടുമ്പോൾ അത് പൂർവ്വികരുടെ പാപത്തിന് ദൈവം നല്കുന്ന ശിക്ഷയും ശാപവുമാണെന്ന് പഠിപ്പിക്കുന്നവർ ഏറിവരുന്നു. ആശ്വാസത്തിന്റെ തുരുത്തായി മാറേണ്ട ബന്ധു മിത്രാദികളും എന്തിനേറെ വചനപ്രഘോഷകരും ഇത്തരം ചിന്തകൾ വിശ്വാ സികളിൽ കുത്തിവയ്ക്കുമ്പോൾ ഭയപ്പെടുന്നവർ ഏറെയുണ്ട്. ബൈബിൾ ഉദ്ധ രണികളുടെ പിൻബലത്തോടെയുള്ള വ്യാഖ്യാനങ്ങൾക്കു നടുവിൽ നിരാശ യുടെ നീർക്കയത്തിൽ മുങ്ങിപ്പോകുന്നവർക്കൊക്കെ പ്രത്യാശയുടെ പുതുജീ വൻ പകരുന്നതാണ് 'എനിക്ക് അനുകമ്പ തോന്നുന്നു' എന്ന ഗുരുമൊഴി.

തന്റെ വചനം കേൾക്കാനായി അനുഗമിച്ച ജനക്കൂട്ടത്തെ നോക്കിയാണ് യേശു ഈ തിരുമൊഴി അരുളിയത്. മൂന്നു ദിവസമായി, ഏതോ ഒരു മായാ ലോകത്തിലെന്നതുപോലെ, എല്ലാം മറന്ന് തന്നെ അനുഗമിച്ച ജനക്കൂട്ടത്തെ വീടുകളിലേക്ക് തിരിച്ചയ്ക്കാറായപ്പോൾ നാഥന്റെ ഹൃദയം പിടഞ്ഞു. അവർ എല്ലാവരും ക്ഷീണിച്ചു തളർന്നിരിക്കുന്നു. എല്ലാവർക്കും വിശക്കുന്നുണ്ട്. അവർ കരുതിയിരുന്ന പൊതിച്ചോറെല്ലാം പണ്ടേ തീർന്നു. വചനം കേട്ട് ഹൃദയം ജ്വലി ച്ചെങ്കിലും വിശന്നു തളർന്ന ശരീരത്തെ വീട്ടിലെത്തിക്കാനുള്ള കെല്പ് കാലു കളിൽ അവശേഷിച്ചിട്ടില്ല. അവർ വഴിയിൽ തളർന്നു വീണേക്കും എന്നു നാഥൻ കണ്ടു. "എനിക്കു അനുകമ്പ തോന്നുന്നു".

തലമുറകളായി കുന്നുകൂടിയ കുറ്റങ്ങളുടെ പട്ടിക കണിശമായി പരി ശോധിച്ച് ശപിച്ചുതള്ളുന്ന ക്രൂരമായ വിധിയാളന്റെയല്ല, ആർദ്രതയിൽ അലി യുന്ന ഒരു മാതാവിന്റെ ചിത്രമാണ് ഇവിടെ തെളിയുന്നത്. യേശുവിന്റെ വാക്കിലും പ്രവൃത്തിയിലും എന്നല്ല, ജീവിതത്തിൽ ഉടനീളം നിറഞ്ഞു നിൽക്കു





ന്നതാണ് ഈ ആർദ്രത. ആദ്യമായി അപ്പം വർദ്ധിപ്പിച്ച സാഹചര്യം ഇതുപോലെ ഒന്നായിരുന്നു. സുവിശേഷവേലയ്ക്കുപോയി തളർന്ന് മടങ്ങിയെത്തിയ ശിഷ്യ ന്മാർക്ക് അല്പം വിശ്രമം നൽകാൻ വേണ്ടിയാണ് യേശു അവരെയും കൂട്ടി വിജനപ്രദേശത്തേക്ക് പോയത്. എന്നാൽ വഞ്ചിയിൽ നിന്നിറങ്ങുന്നതിനുമുമ്പേ ജനക്കൂട്ടം അവിടെ എത്തിയിരുന്നു. നേതാക്കന്മാർ അവർക്ക് ധാരാളമുണ്ടാ യിരുന്നു. എന്നാൽ ആടുകളെ തീറ്റുന്നതിനു പകരം അവയെ തിന്നുകൊഴു ക്കുന്ന ഇടയന്മാരായിരുന്നു അവർ (എസെ 34,1-10). യേശുവിന്റെ അനുകമ്പ ജനത്തിലേക്കൊഴുകിയത് അവരുടെ ഈ നിസ്സഹായാവസ്ഥയിലായിരുന്നു. "അവന് അവരോട് അനുകമ്പ തോന്നി. കാരണം അവർ ഇടയനില്ലാത്ത ആട്ടിൻപറ്റംപോലെ ആയിരുന്നു" (മാർക്കോ 6,34). ബൈബിളിൽ മുഴുവൻ മുഴങ്ങിക്കേൾക്കുന്നതാണ് ദൈവത്തിന്റെ അനുകമ്പയുടെ വാക്കുകൾ.

മനുഷ്യന്റെ വേദനയിലും ദുഃഖത്തിലും അലിയുന്ന ദൈവത്തിന്റെ ഹൃദ യഭാവത്തെ പ്രകടമാക്കാൻ പഴയ നിയമത്തിൽ പ്രധാനമായും രണ്ടു ഹീബ്രു വാക്കുകൾ ഉപയോഗിക്കുന്നു. "*റഹമിം*" (Rehamim) ആണ് ഒന്ന്. ജന്മം കൊള്ളുന്ന ശിശുവിന് അഭയവും സംരക്ഷണവും വളരാൻ ആവശ്യമായ സർവ്വതും പ്രദാനം ചെയ്യുന്ന മാതാവിന്റെ ഉദരം എന്നർത്ഥമുള്ള "റെഹെം" എന്ന ഹിബ്രു വാക്കിൽ നിന്നാണ് ഇതിന്റെ ഉത്ഭവം. ഗർഭസ്ഥ ശിശുവിനോട് മാതാവിനുള്ള സ്വാഭാവികമായ സ്നേഹാർദ്രതയെ സൂചിപ്പിക്കുന്ന പദമാണി ത്. ദൈവത്തിന്റെ മാതൃഭാവത്തെ പ്രകടമാക്കുന്നതോടൊപ്പം ഒരിക്കലും കൈവി ടാത്തതും, അർഹത നോക്കാതെ സൗജന്യദാനമായി നൽകുന്നതും, ദൈവ ത്തിന്റെ സ്വഭാവത്തിന്റെ ഭാഗവുമായ ആർദ്രതയാണിത്. കരുണ, ആർദ്രത, ദയ, അനുകമ്പ, വാത്സല്യം എന്നൊക്കെ ഇതിനെ വിവർത്തനം ചെയ്യാറുണ്ട്.

*"ഹെസെദ്"* (Hezed) ആണ് രണ്ടാമത്തെ വാക്ക്. ഉടമ്പടിയിലൂടെ ഉറ പ്പുനൽകിയിരുന്ന സ്നേഹത്തെയാണിത് സൂചിപ്പിക്കുന്നത്. ദൈവം തന്നെ മുൻകൈ എടുത്ത് ഇസ്രായേൽ ജനത്തെ തിരഞ്ഞെടുക്കുകയും അവരെ സ്വന്തം ജനമായി പരിഗണിച്ചു സംരക്ഷിക്കുമെന്ന് ഉറപ്പുനൽകുകയും ചെയ്ത തിനെ, സ്നേഹം, അചഞ്ചലസ്നേഹം, കരുണ, എന്നെല്ലാം വിവർത്തനം ചെയ്യു ന്നു. "മലകൾ അകന്നുപോയേക്കാം; കുന്നുകൾ മാറ്റപ്പെട്ടേക്കാം എന്നാൽ, എന്റെ അചഞ്ചലസ്നേഹം നിന്നെ പിരിയുകയില്ല; എന്റെ സമാധാന ഉടമ്പ ടിക്കു മാറ്റം വരുകയുമില്ല" (ഏശ 54,10).

ഈ രണ്ടു വാക്കുകൾക്കുംപുറമെ *"എമെത്ത്"* (Emet) = വിശ്വസ്തത; (Hanan) *ഹനാൻ* = കൃപ എന്നീ പദങ്ങളും കരുണ, അനുകമ്പ എന്നൊക്കെ വിവർത്തനം ചെയ്യാറുണ്ട്. പഴയനിയമത്തിൽ, പ്രത്യേകിച്ച് പ്രവാചക - നിയ മാവർത്തന സങ്കീർത്തനഗ്രന്ഥങ്ങളിൽ തെളിയുന്ന ദൈവചിത്രം വാത്സല്യനി

ധിയായ പിതാവിന്റേതും അനുകമ്പാർദ്രമായ മാതാവിന്റേതുമാണ്. കുറ്റങ്ങൾക്കു നേരെ ലാഘവബുദ്ധ്യാ കണ്ണടയ്ക്കുകയില്ല, ശാസിച്ചും ശിക്ഷിച്ചും നേർവഴിക്ക് തിരിക്കും. പക്ഷേ അതൊന്നും ശാപമോ, തള്ളിക്കളയലോ, അല്ല; തെറ്റുതിരുത്താനുള്ള അവസരങ്ങൾ മാത്രമാണ്. "നിമിഷ നേരത്തേക്ക് നിന്നെ ഞാനുപേക്ഷിച്ചു. മഹാകരുണയോടെ നിന്നെ ഞാൻ തിരിച്ച് വിളിക്കും. കോപാധിക്യത്താൽ ക്ഷണനേരത്തേക്കു ഞാൻ എന്റെ മുഖം നിന്നിൽ നിന്ന് മറച്ചുവച്ചു; എന്നാൽ, അനന്തമായ സ്നേഹത്തോടെ നിന്നോട് ഞാൻ കരുണ കാണിക്കും" (ഏശ 54,7-8).

ദൈവത്തിന്റെ കാരുണ്യത്തിന് അതിരുകളില്ല. യഹൂദനെന്നോ വിജാതീയനെന്നോ ഗ്രീക്കുകാരനെന്നോ പാപിയെന്നോ വ്യത്യാസമില്ല, സകല മനുഷ്യരെയും മാത്രമല്ല, സർവ്വസൃഷ്ടി ജാലങ്ങളെയും ചൂഴ്ന്നു നിൽക്കുന്നതാണ് ദൈവകാരുണ്യം (യോനാ 4,11). "കർത്താവേ ഭൂമി അങ്ങയുടെ കാരുണ്യം കൊണ്ട് നിറഞ്ഞിരിക്കുന്നു" (സങ്കീ 119,64). ആഹാരം നല്കിയും (സങ്കീ 104,27-28), രോഗങ്ങൾ സുഖമാക്കിയും കണ്ണീരൊപ്പിയും പാപങ്ങൾ ക്ഷമിച്ചും (സങ്കീ 103,3); അമ്മയെപ്പോലെ ആശ്വസിപ്പിച്ചും (ഏശ 66,13) ദൈവം തന്റെ കാരുണ്യം പ്രകടമാക്കുന്നു. പഴയനിയമത്തിൽ പലവിധത്തിൽ വെളിവാക്കപ്പെട്ട ഈ കരുണാർദ്രസ്നേഹത്തിന്റെ മനുഷ്യാവതാരമാണ് യേശു.

"എനിക്ക് അനുകമ്പ തോന്നുന്നു" എന്നത് വെറും ഒരു ഭംഗിവാക്കല്ല. താൽകാലികമായ ഒരു വികാരമല്ല അനുകമ്പ. ഇവിടെ സുവിശേഷകൻ ഉപയോഗിച്ചിരിക്കുന്ന ഗ്രീക്കുവാക്ക് പ്രത്യേകം ശ്രദ്ധേയമാണ്. *"സ്പ്ളാങ്ക് നിസ്സോമായ്"* (Seplangchnizzomai) എന്ന വാക്കിന്റെ വാച്യാർത്ഥം കുടൽ പിരിയുക എന്നത്രെ. ആന്തരിക അവയവങ്ങളിൽ പെട്ടെന്ന് അനുഭവപ്പെടുന്ന ശക്തമായ സമ്മർദ്ദവും വേദനയുമാണിത് സൂചിപ്പിക്കുന്നത്. തന്റെ മുമ്പിൽ നില്ക്കുന്ന വ്യക്തിയുടെ ദയനീയാവസ്ഥ യേശുവിനെ മുഴുവനായി പിടിച്ചുകുലുക്കി എന്നർത്ഥം. ഇവിടെ ഭംഗിവാക്കു പറഞ്ഞു ഒഴിഞ്ഞു മാറാനാവില്ല; കണ്ടിട്ടും കണ്ടില്ലെന്നുനടിച്ച് കടന്നു പോകാനാവില്ല. തന്റെ മുമ്പിൽ നില്ക്കുന്ന ഹതഭാഗ്യന്റെ ദയനീയാവസ്ഥ സ്വന്തം ശരീരത്തിലും മനസ്സിലും ഏറ്റുവാങ്ങി സ്വന്തമാക്കിയ അനുഭവമാണ് അനുകമ്പ. ഈ അവസ്ഥ പരിഹരിക്കുന്നതുവരെ മനുഷ്യന് സ്വസ്ഥതയുണ്ടാവില്ല. അപരന്റെ ദുഃഖം സ്വന്തമായി ഏറ്റെടുത്ത് പങ്കുവയ്ക്കാനും പരിഹരിക്കാനും പ്രേരിപ്പിക്കുന്നതാണ് അനുകമ്പ. മുറിവേറ്റ് രക്തം വാർന്ന്, അർദ്ധപ്രാണനായി വഴിയിൽ കിടന്നവനെ കണ്ടപ്പോൾ കഴുതപ്പുറത്തുനിന്നു താഴെയിറങ്ങി അവനെ ശുശ്രൂഷിക്കാൻ സമരിയാക്കാരനെ പ്രേരിപ്പിച്ചത് ഈ അനുകമ്പയാണ് (ലൂക്കാ 10,33). മനുഷ്യാവതാരത്തിന്റെ തന്നെ ഒരു ഉപമയുമല്ലേ ഇത്? എല്ലാം നഷ്ടപ്പെട്ട്, പട്ടിണിക്കോലമായി മടങ്ങി വരുന്ന





ധൂർത്തപുത്രനെ അകലെ നിന്നു കണ്ടപ്പോൾ അവന്റെ അടുക്കലേക്ക് ഓടിയെത്തി വാരിപ്പുണരാൻ പിതാവിനെ പ്രേരിപ്പിച്ചതും ഈ അനുകമ്പ തന്നെ (ലൂക്കാ 15,20). ഈ മനസ്സലിവാണ് തന്റെ ഏകജാതനെ ഈ ഭൂമിയിലേക്കയയക്കാൻ ദൈവത്തെ പ്രേരിപ്പിച്ചത് (യോഹ 3,16). ദൈവത്തോടുള്ള സമാനത നിലനിർത്തേണ്ട കാര്യമായി പരിഗണിക്കാതെ ദൈവപുത്രൻ സ്വയം ശൂന്യവൽക്കരിച്ച് ദാസന്റെ രൂപം സ്വീകരിച്ചതും ദാരിദ്രനായി പിറന്നതും ദൈവത്തിന്റെ അനുകമ്പയുടെയും കരുണാർദ്ര സ്നേഹത്തിന്റെയും പ്രകടനമാണ് (ഫിലി 2,6-7; 2 കോറി 8,9).

അതിനാൽ പൂർവികരുടെ പാപം, ദൈവത്തിന്റെ ശാപമെന്ന പല്ലവി ഉപേക്ഷിച്ച് ആയിരമായിരം തലമുറകളിലൂടെ അവസാനമില്ലാതെ വ്യാപിക്കുന്ന ദൈവത്തിന്റെ അനുകമ്പയിലും സ്നേഹത്തിലും വിശ്വസിക്കാനാണ് "എനിക്ക് അനുകമ്പ തോന്നുന്നു" എന്ന ഗുരുമൊഴി ആഹ്വാനം ചെയ്യുന്നത്. അതോടൊപ്പം കരുണയും അനുകമ്പയും അനുഭവിച്ചറിഞ്ഞവർ അതു സഹജീവികളുമായി പങ്കുവയ്ക്കാൻ തയ്യാറാകേണ്ടതുണ്ട്. അതാണ് യേശു ആവശ്യപ്പെടുന്നത്. "നീയും പോയി അതുപോലെ ചെയ്യുക" (ലൂക്കാ 10,37.) "സ്വർഗ്ഗസ്ഥനായ പിതാവ് കരുണയുള്ളവൻ ആയിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവർ ആയിരിക്കുവിൻ" (ലൂക്കാ 6,36).

U U U U U U

**26**

# നിങ്ങൾ തന്നെ കൊടുക്കുവിൻ

***മർക്കോ 6,37***

നാലു സുവിശേഷകന്മാരും രേഖപ്പെടുത്തിയിരിക്കുന്ന യേശു പ്രവർത്തിച്ച ഏക അത്ഭുതമാണ് മരുഭൂമിയിൽ വച്ച് വലിയൊരു ജനസമൂഹത്തെ അഞ്ചപ്പവും രണ്ടു മീനും കൊണ്ട് തീറ്റി തൃപ്തരാക്കിയത്. (മത്താ 14,13-21; മർക്കോ 6,30-44; ലൂക്കാ 9,10-17; യോഹ 6,1-15). യേശുവിന്റെ അനുകമ്പയും അതിലുപരി ജനസമൂഹത്തിന്റെ വിശപ്പടക്കിയവിധവും ശിഷ്യഗണത്തെ വളരെയേറെ സ്വാധീനിച്ചിട്ടുണ്ടാവാം. അതുകൊണ്ട് തന്നെയാവണം നാല് സുവിശേഷകന്മാരും ഈ സംഭവം കാര്യമായ വ്യത്യാസങ്ങളൊന്നുമില്ലാതെ ഒരേ രീതിയിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

യേശുവിന്റെ അനുകമ്പയും കരുണാർദ്ര സ്നേഹവും വിശക്കുന്നവന് അപ്പമായി മാറി. എന്നാൽ മരുഭൂമിയിൽവച്ച് പ്രലോഭകൻ നിർദ്ദേശിച്ചതുപോലെ കല്ലുകളെ അപ്പമാക്കി മാറ്റുകയോ, ശൂന്യതയിൽ നിന്ന് അപ്പം സൃഷ്ടിക്കുകയോ അല്ല യേശു ചെയ്തത്. തന്റെ അനുകമ്പയിൽ ശിഷ്യന്മാരെയും പങ്കുകാരാക്കി; ജനത്തിന്റെ വിശപ്പടക്കാൻ അവരെയാണ് ചുമതലപ്പെടുത്തിയത്. "നിങ്ങൾ തന്നെ അവർക്ക് ഭക്ഷിക്കാൻ കൊടുക്കുവിൻ" (മർക്കോ 6,37). സമയം സന്ധ്യയാകുന്നു, ജനങ്ങൾ വിജനപ്രദേശത്താണ്, ജനക്കൂട്ടത്തിനു വിശക്കുന്നുണ്ട്; അടുത്ത് കടകൾ ഒന്നുമില്ല. ആ സാഹചര്യങ്ങൾ മുഴുവൻ വ്യക്തമായി മനസ്സിലാക്കിക്കൊണ്ടാണ് ശിഷ്യന്മാർ യേശുവിന് ഒരു ഉപദേശം നൽകിയത്: "അവരെ പറഞ്ഞയക്കുക" (മർക്കോ 6,36). ജനക്കൂട്ടത്തിന്റെ ആവശ്യവും നിസ്സഹായതയും അവർക്കും അറിയാം. അവർ നിർദ്ദേശിക്കുന്നത് തികച്ചും സ്വാഭാവികമായ ഒരു പരിഹാരമാണ്. അതിലുപരി എന്തെങ്കിലും തങ്ങൾക്ക് ചെയ്യാനുണ്ടെന്നോ, ചെയ്യാൻ കഴിയുമെന്നോ അവർ കരുതിയിരുന്നില്ല.

കണക്കുകൂട്ടുന്ന പ്രകൃതമാണ് ശിഷ്യന്മാരുടേത്. യേശുവിന്റെ കണക്കുകൾ വേറെയാണ്. അവരെ പറഞ്ഞയച്ചാൽ വഴിയിൽ തളർന്നു വീണേക്കും. അതിനാൽ ഭക്ഷണം കൊടുത്തേ മതിയാകു. ശിഷ്യന്മാർ തന്നെ ഭക്ഷണം കൊടുക്കണം. ശിഷ്യന്മാരാകട്ടെ, തങ്ങളുടെ ഇല്ലായ്മയെക്കുറിച്ചുള്ള വല്ലായ്മയിൽ ആണ്ടുപോകുന്നു. ഇരുന്നൂറു ദനാറയ്ക്ക് ഭക്ഷണം വാങ്ങിയാലും ഇവർക്കെല്ലാം ഒരുകഷണം വീതം കൊടുക്കാൻ തികയില്ല. ഇരുന്നൂറു ദനാറ കൈവശമില്ല; ഈ അപ്പം വാങ്ങാൻ കടകളുമില്ല. എങ്ങിനെ കൂട്ടിയാലും ശരിയാവാത്ത കണക്ക്.

ഏൽപിക്കുന്ന ദൗത്യവും കൈവശമുള്ള വിഭവങ്ങളും തമ്മിൽ നികത്താനാവാത്ത വലിയൊരു വിടവ് ശിഷ്യന്മാർ കണ്ടു. അപ്പോഴാണ് ഗുരുമൊഴി വീണ്ടും മുഴങ്ങുന്നത്. "നിങ്ങളുടെ കൈവശം എത്ര അപ്പമുണ്ട്? ചെന്നുനോക്കുവിൻ" (മർക്കോ 6,38). നോട്ടത്തിന്റെ ഫലം തികച്ചും നിരാശാജനകമായിരുന്നു. അഞ്ച് അപ്പവും രണ്ടു മീനും. അഞ്ച് ബാർലിയപ്പവും രണ്ട് ചെറിയ മീനും കൈവശമുണ്ടായിരുന്ന ബാലനെക്കുറിച്ച് യോഹന്നാനാണ് പറയുന്നത് (യോഹ 6,9) എന്നാൽ തികച്ചും അപ്രതീക്ഷിതമായിരുന്നു ഗുരുവിന്റെ അടുത്ത നടപടി. ജനക്കൂട്ടത്തെ ഗണം തിരിച്ചിരുത്താൻ കല്പന, തുടർന്ന് അപ്പവും മീനും വാഴ്ത്തി, വിഭജിച്ചശേഷം വിതരണം ചെയ്യാൻ ആജ്ഞ! ആരും പ്രതീക്ഷിക്കാത്തത് അപ്പോൾ സംഭവിച്ചു. എങ്ങനെയെന്നറിയാതെ അപ്പവും മീനും പെരുകിക്കൊണ്ടേയിരുന്നു. എപ്പോഴും ഒരു കഷണം മാത്രം. അതു കൊടുക്കുമ്പോൾ വീണ്ടും ഒന്ന്. എല്ലാവർക്കും തൃപ്തിയായി. ഏറെ കഷണങ്ങൾ മിച്ചവും വന്നു.

അത്ഭുതസ്തബ്ധരായ ശിഷ്യന്മാരോട് യേശു പറഞ്ഞു. ഒന്നും നഷ്ടം വന്ന് പോകാതിരിക്കാൻ മിച്ചം വന്ന കഷണങ്ങൾ ശേഖരിക്കുവിൻ. അവർ പന്ത്രണ്ട് കുട്ട നിറയെ ശേഖരിച്ചു. ഇവിടെ കുട്ട എന്ന് വിവർത്തനം ചെയ്യുന്ന *"കോഫിനോസ്"* (Cophinos) എന്ന ഗ്രീക്കുവാക്കിന് ഭക്ഷണസഞ്ചി എന്നും അർത്ഥമുണ്ട്. സാധാരണ യാത്രയ്ക്കുപയോഗിക്കുന്ന സഞ്ചിയോ കൂടയോ ആണിത്. അഞ്ച് അപ്പം മാത്രമേ കൈവശമുള്ളു എന്ന് വിലപിച്ച ശിഷ്യന്മാർ ഓരോരുത്തർക്കും തങ്ങളുടെ കൈ നിറയെ അപ്പം കിട്ടി എന്ന സൂചന ശ്രദ്ധേയമായ പല പാഠങ്ങളും നല്കുന്നുണ്ട്. തങ്ങളുടെ കൈവശമുള്ള വിഭവങ്ങൾ ആവശ്യത്തിന് തികച്ചും അപര്യാപ്തമാണെന്ന അറിവോടെ തന്നെ, യേശുവിന്റെ കൈകളിൽ നിക്ഷേപിക്കാൻ അവർ തയ്യാറായി. അപ്പോഴാണ് അത്ഭുതം സംഭവിച്ചത്. എല്ലാം അടിയറവയ്ക്കാൻ തയ്യാറാകുന്നിടത്ത് നിന്നു തുടങ്ങുന്നു അത്ഭുതകരമായ ദൈവത്തിന്റെ പ്രവർത്തനം. ഇല്ലായ്മയേയും കഴിവു കേടിനേയും കുറിച്ചുള്ള വിലാപം നിർത്തി, ഉള്ളതു മുഴുവൻ കൊടുക്കാൻ തയ്യാറാവുക. ചെന്നുനോക്കുവിൻ എന്ന ഗുരുനാഥന്റെ കല്പന ഹൃദയത്തിന്റെ അടിത്തട്ടിൽ മുഴങ്ങണം. സഹായത്തിനായി പുറത്തേയ്ക്ക് കൈനീട്ടുന്നതിനുമുമ്പേ ഉള്ളിലേക്കു നോക്കുക. സ്വന്തം കീശയിൽ, സ്വന്തം ഹൃദയത്തിൽ ആദ്യമേ പരതുക. മുഴുവനും കൊടുത്തു കഴിഞ്ഞേ പുറമെനിന്ന് അന്വേഷിക്കാവൂ!

മധ്യാഹ്നത്തിന്റെ പ്രഭാവം കഴിഞ്ഞ് സാവകാശം എരിഞ്ഞടങ്ങുന്ന സൂര്യൻ അന്ധകാരത്തിന് ഭൂമിയെ മുഴുവൻ വിട്ടുകൊടുക്കേണ്ടി വരുന്നതിനാൽ ഏറെ ദുഃഖിതനായി എല്ലാം സൃഷ്ടികളേയും വിളിച്ചു വരുത്തി ചോദിച്ചു. ഞാൻ പോയി കഴിയുമ്പോൾ നിങ്ങളിൽ ആരുണ്ട് എന്റെ സ്ഥാനം ഏറ്റെടുത്ത് ലോകത്തെ പ്രകാശിപ്പിക്കാൻ? വിരഹദുഃഖത്തിൽ ആണ്ടുപോയ ജീവജാലങ്ങൾ മുഴുവൻ നിശ്ശബ്ദത പാലിച്ചു. അപ്പോൾ ഒരു ചെറുശബ്ദം. ഞാൻ ശ്രമിക്കാം. അത് മിന്നാമിനുങ്ങിന്റേതായിരുന്നു. തന്റെ നുറുങ്ങുവെട്ടത്തിൽ

ഭൂമിയെ പ്രശോഭിപ്പിക്കുന്ന മിന്നാമിനുങ്ങിന്റെ ദൗത്യമല്ലേ അഞ്ചപ്പം പങ്കുവച്ച ശിഷ്യന്മാരുടേത്! ആയിരം കോടി മിന്നാമിനുങ്ങുകൾ ഒന്നിച്ചു മിന്നിയാൽ പ്രകാശമുണ്ടാകും, തീർച്ച!

തങ്ങൾക്കുണ്ടായിരുന്ന മുഴുവൻ ഗുരുകരങ്ങളിൽ സമർപ്പിച്ചവർക്ക് നിരാശരാകേണ്ടി വന്നില്ല. അവിടെ കൂടിയിരുന്ന ജനസഹസ്രങ്ങൾ ഭക്ഷിച്ചു തൃപ്തരായി, ദൈവത്തെ സ്തുതിച്ചുകൊണ്ട് വീടുകളിലേക്ക് പോകുന്നത് കണ്ട് അവർ സന്തോഷത്താൽ കണ്ണീർ പൊഴിച്ചിട്ടുണ്ടാവണം. മാത്രമല്ല ശൂന്യമായ തങ്ങളുടെ ഓരോരുത്തരുടെയും സഞ്ചികൾ നിറഞ്ഞത് അവർക്ക് വിസ്മരിക്കാനാകാത്ത അനുഭവമായി മാറിയിരിക്കണം. പന്ത്രണ്ടുകുട്ട പന്ത്രണ്ടു ശിഷ്യന്മാർക്കു ലഭിച്ച വിഹിതത്തെയാകുമല്ലോ സൂചിപ്പിക്കുക? നാഥൻ നല്കിയ നൂറിരട്ടിയുടെ വാഗ്ദാനം (മർക്കോ 10,30) ഇപ്പോൾത്തന്നെ നിറവേറുകയായി.

മനുഷ്യന്റെ കണക്കു കൂട്ടലുകൾക്ക് അപ്പുറമാണ് ദൈവത്തിന്റെ പദ്ധതിയും പ്രവർത്തനങ്ങളും (ഏശ 55,8-9). ലോകം മുഴുവൻ സുവിശേഷം പ്രഘോഷിച്ച് ദൈവരാജ്യം സ്ഥാപിക്കാനായി യേശു തിരഞ്ഞെടുത്തത് പന്ത്രണ്ട് സാധാരണക്കാരെ. ലോകത്തിന്റെ രക്ഷക്കായി കുരിശ്. ഇന്നും എന്നും ഇതു തന്നെയാണ് ദൈവത്തിന്റെ പദ്ധതി. ഒരു ഗ്രാമത്തെ മുഴുവൻ ഉണർത്താൻ ഉപയോഗിച്ചത് ചീത്തപ്പേരു സമ്പാദിച്ചിരുന്ന സമരിയാക്കാരിയെ; അപ്പസ്തോലന്മാരോട് സുവിശേഷം അറിയിക്കാൻ തിരഞ്ഞെടുത്തത് പ്രേതബാധയിൽ നിന്നുമുക്തയായ മഗ്ദലേനായെ; ലോകം മുഴുവനും ദാരിദ്ര്യത്തിന്റെയും സ്നേഹത്തിന്റെയും സദ്വാർത്ത അറിയിക്കാൻ എല്ലാം നഷ്ടപ്പെടുത്തിയ ഫ്രാൻസീസ് അസ്സീസിയെ; ആഗോള സുവിശേഷവൽക്കരണത്തിനു മധ്യസ്ഥയായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത് 24-ാം വയസ്സിൽ ക്ഷയരോഗം ജീവൻ കവർന്ന കൊച്ചു ത്രേസ്യയെ. ദൈവത്തിന്റെ കരങ്ങളിൽ ഏതു നിസ്സാരമായ ഉപകരണവും ശക്തമായ ആയുധമായി മാറുന്നു.

ലോകത്തിലെ ശക്തരും ധനികരുമല്ല സമൂഹത്തിന്റെ പരിവർത്തനത്തിനും നന്മയുടെ വിജയത്തിനും ചാലകശക്തികളായി നില്ക്കുന്നത്; ദരിദ്രരും നിസ്സാരരും പാവപ്പെട്ടവരുമാണ് (1 കോറി 1,27-31). "എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ എനിക്കു സാധിക്കും" (ഫിലി 4,13) എന്ന മനോഭാവം വിശ്വാസത്തിൽ നിന്നാണ് രൂപപ്പെടുന്നത്. അതിലേക്കു നയിക്കുന്ന ഗുരുവചനമാണ് "നിങ്ങൾ തന്നെ അവർക്ക് ഭക്ഷിക്കാൻ കൊടുക്കുവിൻ". അപ്പവും വചനവും എന്നല്ല, ശരീരത്തിനും ആത്മാവിനും ആവശ്യമായ എല്ലാ ഭക്ഷണവും ഇല്ലാത്തവനുമായി പങ്കുവയ്ക്കാൻ നാം കടപ്പെട്ടിരിക്കുന്നു.



# 27 ഭയപ്പെടേണ്ടാ

## മത്താ 14,27

"കാറ്റ് പ്രതികൂലമായിരുന്നതിനാൽ തിരമാലകളിൽപ്പെട്ട് വഞ്ചി വല്ലാതെ ഉലഞ്ഞു. രാത്രിയുടെ നാലാം യാമത്തിൽ യേശു കടലിനു മീതെ നടന്ന് അവരുടെയടുത്തേക്കു ചെന്നു. അവൻ കടലിനുമീതെ നടക്കുന്നതു കണ്ട് ശിഷ്യന്മാർ പരിഭ്രാന്തരായി, ഇതാ ഭൂതം എന്നു പറഞ്ഞ് ഭയം നിമിത്തം നിലവിളിച്ചു. ഉടനെ അവൻ അവരോടു സംസാരിച്ചു: ധൈര്യമായിരിക്കുവിൻ, ഞാനാണ്. ഭയപ്പെടേണ്ടാ" (മത്താ 14,24-27).

അത്ഭുതകരമായി അപ്പം വർദ്ധിപ്പിച്ച് ആയിരങ്ങളെ തൃപ്തരാക്കിയതിനുശേഷമുണ്ടായ നാടകീയമായൊരു സംഭവമാണ് മത്തായി, മർക്കോസ്, യോഹന്നാൻ എന്നീ സുവിശേഷകന്മാർ വിവരിക്കുന്നത്. കൊടുങ്കാറ്റ് ഒളിച്ചിരുന്ന കടലിൻ നടുവിലേക്ക് യേശുതന്നെയാണ് ശിഷ്യന്മാരെ നിർബന്ധിച്ചു പറഞ്ഞയച്ചത്. വഞ്ചിയിൽ കയറി മറുകരയ്ക്കുപോകാൻ ശിഷ്യന്മാരെ നിർബന്ധിച്ചു (മത്താ 14,22) എന്ന് പ്രത്യേകം എടുത്തു പറയുന്നു.

അപ്പത്തിന്റെ അടയാളം കണ്ട ജനക്കൂട്ടം യേശുവിനെ രാജാവാക്കാൻ നടത്തിയ ഒരു ശ്രമത്തെക്കുറിച്ച് യോഹ 6,14-15ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ നിർബന്ധത്തിന്റെ കാരണം വ്യക്തമാണ്. മിശിഹായുടെ നേതൃത്വത്തിൽ റോമാക്കാർക്കെതിരേ യുദ്ധം ചെയ്ത് സ്വാതന്ത്ര്യം നേടാൻ ഒരുങ്ങിയിരുന്ന തീവ്രവാദികളുടെ നാടായിരുന്നു ഗലീലി. തങ്ങൾ പ്രതീക്ഷിച്ചിരുന്ന രക്ഷകനാണ് യേശുവെന്ന് മനസ്സിലാക്കിയാണ് ജനം അവനെ രാജാവാക്കാൻ ശ്രമിച്ചത്. ഒരു കലാപത്തിന്റെ തുടക്കം തിരിച്ചറിഞ്ഞ യേശു ആദ്യമേ ശിഷ്യന്മാരെ അതിൽ നിന്ന് ഒഴിവാക്കി; ജനക്കൂട്ടത്തെ പിരിച്ചുവിട്ടതിനുശേഷം തനിച്ച് മലയിലേക്കു പ്രാർത്ഥിക്കാൻപോയി.

കാറ്റിനെതിരേ രാത്രി മുഴുവൻ തുഴഞ്ഞ ശിഷ്യന്മാർ അവശരായി, ലക്ഷ്യത്തിലെത്താൻ കഴിയാതെ നടുക്കടലിൽ ഉലയുന്ന വഞ്ചിയിൽ തളർന്നിരുന്നു. ഗുരു തങ്ങളുടെ കൂടെയില്ല എന്ന അവബോധം അവരെ നഷ്ടധൈര്യമാക്കി. എല്ലാം അറിയുന്ന ഗുരു തങ്ങളെ നിർബന്ധിച്ച് തനിയെ ഈ കൊടുങ്കാറ്റിനു നടുവിലേക്കു തള്ളിവിട്ടത് അവരെ കൂടുതൽ തളർത്തിയിട്ടുണ്ടാവണം.

രാത്രിയുടെ നാലാം യാമത്തിലാണത് സംഭവിച്ചത്. രാത്രിയും പകലും നാലു ഭാഗങ്ങളായി തിരിച്ചാണ് യഹൂദർ കണക്കു കൂട്ടിയിരുന്നത്. സൂര്യാസ്തമയം മുതൽ സൂര്യോദയം വരെയാണ് രാത്രി. നാലാം യാമം തുടങ്ങുന്നത് നമ്മുടെ കണക്കനുസരിച്ച് വെളിപ്പിന് മൂന്നു മണിക്കും.

ആടിയുലഞ്ഞ് കടലിൽ മുങ്ങാൻ തുടങ്ങുന്ന തോണിയുടെ അടുത്തേക്കു

നടന്നുവരുന്ന രൂപം കണ്ട് അതൊരു ഭൂതമാണെന്ന് കരുതി ശിഷ്യന്മാർ ഭയന്നു നിലവിളിച്ചു. രാത്രിയിൽ, പ്രത്യേകിച്ച് വെളുപ്പാൻ കാലത്തു ചുറ്റിക്കറങ്ങുന്ന പിശാചുക്കളെക്കുറിച്ചുള്ള ഭയം അന്ന് വളരെ രൂക്ഷമായിരുന്നു.

അപ്പോഴാണ് ചീറിയടിക്കുന്ന കൊടുങ്കാറ്റിന്റെ ശീൽക്കാരത്തിനു മുകളിൽ തങ്ങൾക്ക് സുപരിചിതമായിരുന്ന ഗുരുവിന്റെ സ്വരം മുഴങ്ങിയത്. "ധൈര്യമായിരിക്കുവിൻ, ഭയപ്പെടേണ്ടാ'' എന്നീ രണ്ടു വാക്കുകൾക്കു മദ്ധ്യേ ധൈര്യംപകരുന്ന കാരണം വ്യക്തിമാക്കുന്നു: "ഞാനാണ്". ഇതു നിങ്ങൾ കരുതുന്നതുപോലെ പിശാചോ, ഭൂതമോ, ഒന്നുമല്ല. നിങ്ങളുടെ സ്നേഹിതനും ഗുരുവുമായ ഞാൻ തന്നെയാണ് എന്നതാണ് ഈ പ്രസ്താവനയുടെ അർത്ഥം. എന്നാൽ, ബൈബിളിന്റെ മൊത്തം പശ്ചാത്തലത്തിൽ പരിഗണിക്കുമ്പോൾ "ഞാനാണ്" എന്ന പ്രഖ്യാപനം കൂടുതൽ ആഴമേറിയ അർത്ഥം ഉൾക്കൊള്ളുന്നതായി മനസ്സിലാക്കാനാവും.

പുറപ്പാടു നയിക്കാൻ വിളിക്കപ്പെട്ട മോശയ്ക്കു ദൈവം സ്വയം വെളിപ്പെടുത്തിയത് ഇപകാരം ഒരു പ്രഖ്യാപനത്തിലൂടെയാണ്. പേരു ചോദിച്ച മോശയ്ക്കു ദൈവം വെളിപ്പെടുത്തിയ പേരാണിത്. "ഞാൻ ആകുന്നു". യാഹ്‌വേ (യഹോവ) എന്ന ഹീബ്രു നാമത്തിന്റെ അർത്ഥം അതാണ്. തന്നിൽത്തന്നെ അസ്തിത്വമുള്ളവൻ, എല്ലാറ്റിന്റെയും ആരംഭവും ലക്ഷ്യവുമായവൻ, എല്ലാറ്റിന്റെയും ആധാരമായവൻ, പ്രവൃത്തിയിലൂടെ സ്വയം വെളിപ്പെടുത്തുന്നവൻ എന്നൊക്കെയാണ് ഈ പ്രഖ്യാപനത്തിന്റെ അർത്ഥം. രക്ഷാചരിത്രം മുഴുവൻ വിവരിക്കുന്നത് ഈ പ്രഖ്യാപനത്തിന്റെ വിശദാംശങ്ങളാണ്. ഇസ്രായേൽ ജനത്തിന് ലഭിച്ച പ്രത്യേക ദൈവിക വെളിപാടാണിത്.

ദൈവത്തിന്റെ പേരായി ഉപയോഗിച്ചിരുന്ന "ഞാൻ ആകുന്നു" (I AM) എന്ന പ്രയോഗം ഏറ്റെടുത്തുകൊണ്ട് യേശു തന്റെ വ്യക്തിത്വത്തിന്റെ അഗാധവും നിഗൂഢവുമായ തലങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുകയാണ്. കടലിനു മീതെ നടക്കുന്നവൻ കടലിനെയും കൊടുങ്കാറ്റിനെയും ചൊല്പടിക്കു നിർത്താൻ കഴിവുള്ള ദൈവം തന്നെയാണെന്ന് ഇതിലൂടെ ശിഷ്യന്മാർക്ക് ബോധ്യമാകുന്നു. ഈ ബോധ്യമാണ് അവർക്ക് ധൈര്യം പകരുന്നത്. ഭയപ്പെടേണ്ടാ എന്നു പറയുന്നത് എല്ലാ ഭയങ്ങളും ദൂരീകരിക്കാനും ഭയത്തിന്റെ കാരണങ്ങളിൽനിന്ന് മോചനം നല്കാനും കഴിവുള്ളവനാണ്. അതു ശിഷ്യന്മാർക്ക് ഉടനെ ബോധ്യമാവുകയും ചെയ്തു. അവൻ വഞ്ചിയിൽ കയറിയപ്പോൾ കൊടുങ്കാറ്റ് ശമിച്ചു, വഞ്ചി നിമിഷ നേരം കൊണ്ട് ലക്ഷ്യസ്ഥാനത്തെത്തി (മർക്കോ 6,51, യോഹ 6,21).

അജ്ഞാതശക്തികൾക്കു മുമ്പിൽ പകച്ചു നില്ക്കുന്ന, സ്വന്തം ജീവനും അസ്തിത്വം തന്നെയും അപകടത്തിലായിരിക്കുന്നു എന്നു കരുതുന്ന മനുഷ്യന്റെ സ്വാഭാവിക പ്രതികരണമാണല്ലോ ഭയം. ദൈവിക സാന്നിദ്ധ്യത്തിലും മനുഷ്യന് ഇപ്രകാരമൊരു ഭയമുണ്ടാവുക സാധാരണമാണ് എന്ന് ബൈബിളിലെ അനേകം വിവരണങ്ങൾ വ്യക്തമാക്കുന്നുണ്ട്. ദൈവിക സാന്നിധ്യത്തിലേക്ക് കടന്നുവന്ന





മോശയും (പുറ 3,6) ജനങ്ങളും (പുറ 19,16) മറ്റും ഉദാഹരണങ്ങൾ. വിശുദ്ധനായ ദൈവത്തിനു മുമ്പിൽ നിൽക്കാൻ പാപിയായ മനുഷ്യന് അർഹതയില്ല എന്ന സത്യമാണ് ഈ ഭയത്തിലൂടെ വ്യക്തമാകുന്നത് (ഏശ 6,5) എന്നാൽ, ദൈവം തന്നെയാന് മനുഷ്യനോടു പറയുന്നത്: "ഭയപ്പെടേണ്ടാ (ഏശ 43,1-4).

പുതിയ നിയമത്തിലും അനേകം തവണ ഈ സാന്ത്വനം ഉയരുന്നുണ്ട്. ദൈവാലയത്തിലെ ദർശനം കണ്ടു ഭയന്ന സഖറിയായ്ക്കും (ലൂക്കാ 1,13) മംഗളവാർത്ത കേട്ട് അസ്വസ്തയായ മറിയത്തിനും (ലൂക്കാ 1,30) മാലാഖവൃന്ദത്തെക്കണ്ട ഇടയന്മാർക്കും (ലൂക്കാ 2,20) ദൈവദൂതന്മാർ വഴിയാണ് ഉറപ്പു ലഭിക്കുന്നത്. യേശു തന്നെ അനേകം തവണ ശിഷ്യന്മാരോട് ആവർത്തിച്ചു പറഞ്ഞിട്ടുണ്ട്. നിങ്ങൾ ഭയപ്പെടേണ്ടാ, പറവകളെ പോറ്റുകയും കാട്ടുപൂക്കളെ അണിയിച്ചൊരുക്കുകയും ചെയ്യുന്നവൻ എല്ലാവരുടെയും ജീവൻ പരിപാലിക്കും. അതിനാൽ ഭക്ഷണം, വസ്ത്രം തുടങ്ങി ജീവന് ആവശ്യമായ ഒന്നിനെക്കുറിച്ചും ഉത്കണ്ഠയും ഭയവും വേണ്ട, (ലൂക്കാ 12,23-33). മരണത്തിനപ്പുറത്തും പരിപാലിക്കുന്നവനും നിത്യജീവൻ നല്കി അനുഗ്രഹിക്കുന്നവനുമാണ് ഭയപ്പെടേണ്ടാ എന്ന് പറയുന്നത്.

സ്വരുക്കൂട്ടി വയ്ക്കുന്ന ആയുധങ്ങളിൽ ആശ്രയിക്കുകയും ആയുധങ്ങളുടെ സംഹാരശേഷി വർദ്ധിപ്പിക്കാൻ നിരന്തരം പരിശ്രമിക്കുകയും ചെയ്യുന്നവർ പ്രകടമാക്കുന്നത് ധൈര്യമല്ല, ഭയവും ഭീരുത്വവുമാണ്. ഈ ഭയം തന്നെയാണ് പരസ്പരം സംശയിക്കാനും കടന്നാക്രമിക്കാനും പ്രേരിപ്പിക്കുന്നതും. എന്നാൽ, സത്യദൈവത്തിൽ വിശ്വസിക്കുകയും ദൈവത്തിൽ മാത്രം ആശ്രയിക്കുകയും ചെയ്യുന്നവർ നിർഭയരായിരിക്കും "അവിടുത്തെ ചിറകുകളുടെ കീഴിൽ നിനക്ക് അഭയം ലഭിക്കും. അവിടുത്തെ വിശ്വസ്തത നിനക്ക് കവചവും പരിചയുമായിരിക്കും. നീ ഭയപ്പെടേണ്ട,..... നീ പേടിക്കേണ്ടാ" (സങ്കീ 91,4-6).

ദൈവത്തിന്റെ പ്രത്യേക ദാനമാണ് ധൈര്യം. ആഴമേറിയ ദൈവവിശ്വാസത്തിൽ നിന്നാണത് വരിക. വീണ്ടും വീണ്ടും ദൈവം നമ്മോടു പറയുന്നു. "ഭയപ്പെടേണ്ടാ ഞാനാണ്". മാരകമായ രോഗത്തിനു മുമ്പിൽ പകച്ചു നില്ക്കുമ്പോൾ, ആശ്രയിച്ചിരുന്ന സകല സങ്കേതങ്ങളും തകർന്നു വീഴുമ്പോൾ, മിത്രങ്ങൾ കൈവിടുകയും ഒറ്റപ്പെട്ടു പോയി എന്ന് തോന്നുകയും സഹായത്തിനായി എങ്ങോട്ടു കൈനീട്ടണം എന്നറിയാതെ ഉഴലുകയും ചെയ്യുമ്പോൾ, ചവിട്ടി നില്ക്കുന്ന മണ്ണ് കാൽക്കീഴിൽ നിന്ന് വഴുതി മാറുമ്പോൾ, നിലയില്ലാക്കയത്തിൽ താഴ്ന്നുപോകുമ്പോൾ, കേൾക്കണം, കൊടുങ്കാറ്റിനു മുകളിൽ ഉയർന്നു വരുന്ന ഗുരുമൊഴി: "ധൈര്യമായിരിക്കുവിൻ ഞാനാണ്, ഭയപ്പെടേണ്ടാ".

# 28 നിനക്കാഗ്രഹമുണ്ടോ?

## *യോഹ 5,6*

തികച്ചും അപ്രതീക്ഷിതവും അർത്ഥശൂന്യമെന്ന തോന്നാവുന്നതുമായ ഒരു ചോദ്യമാണ് ആ തളർവാതരോഗിയോട് യേശു ചോദിച്ചത്. "സുഖം പ്രാപിക്കാൻ നിനക്കാഗ്രഹമുണ്ടോ?" (യോഹ 5,6). അത്ഭുതരോഗശാന്തി നല്കുന്ന കുളത്തിൻകരയിൽ കിടന്ന രോഗിയോടാണ് ഈ ചോദ്യം എന്നത് വിസ്മയം ഉളവാക്കുന്നു. ദീർഘനാളായി അവൻ കിടപ്പിലാണെന്നറിഞ്ഞുകൊണ്ടുതന്നെയാണ് യേശു ചോദിക്കുന്നത്. അതിനാൽത്തന്നെ ചോദ്യവും തുടർന്ന് വരുന്ന സംഭാഷണവും സംഭവവും പ്രത്യേകശ്രദ്ധയർഹിക്കുന്നു.

ജറുസലെം നഗരത്തിന്റെ വടക്കു പടിഞ്ഞാറെ കോണിൽ ആടുകളെ വിലപേശി വില്ക്കുന്ന ചന്തയുടെ അടുത്തുള്ള അജകവാടത്തിനു സമീപത്താണ് സംഭവസ്ഥലമായ കുളം. കുളത്തിന്റെ പേരു തന്നെ ശ്രദ്ധേയമാണ്. ബേത്സഥാ എന്നാണ് മിക്ക വിവർത്തനങ്ങളിലും കാണുന്നത്. സൈത്തിന്റെ ഭവനം അഥവാ ഒലിവുതോട്ടം എന്നാണ് പേരിനർത്ഥം. അവിടെ ഒരു ഒലിവുതോട്ടം ഉണ്ടായിരുന്നുവെന്നും അതിൽ നിന്നാണ് കുളത്തിനു പേരു ലഭിച്ചതെന്നു യഹൂദ ചരിത്രകാരനായ ജൊസേഫുസ് സാക്ഷ്യപ്പെടുത്തുന്നു. എന്നാൽ ചില പുരാതന കയ്യെഴുത്തു പ്രതികളിൽ "ബേതെസ്ദാ" എന്നാണ് കാണുന്നത്. കൃപയുടെ ഭവനം അഥവാ കരുണാലയം എന്ന് ഇതിനെ വിവർത്തനം ചെയ്യാം. ബേത്സഥാ എന്ന ആദ്യപേര് പകർത്തിയെഴുതിയ ആൾ ഈ അർത്ഥം ലഭിക്കാൻ വേണ്ടി വാക്ക് തിരുത്തിയതാവാം എന്ന് കരുതുന്നവരുണ്ട്. എന്തുതന്നെയായാലും സൗഖ്യദായകമായ ശക്തി ആ സ്ഥലത്തിനുണ്ട് എന്നു ജനം വിശ്വസിച്ചിരുന്നു. അതിനാൽ ബേതെസ്ദാ എന്ന പേരാണ് അർത്ഥം വ്യക്തമാക്കാൻ കൂടുതൽ ഉചിതം.

ചില അവസരങ്ങളിൽ ഒരു ദൈവദൂതൻ കുളത്തിൽ ഇറങ്ങി വെള്ളം ഇളക്കുമന്നും അതിനുശേഷം ആദ്യമേ വെള്ളത്തിൽ ഇറങ്ങുന്ന ആൾക്ക് രോഗശാന്തി കിട്ടും എന്നുമായിരുന്നു പൊതു വിശ്വാസം. ഇങ്ങനെ ഇളകിയ വെള്ളത്തിലിറങ്ങി സുഖം പ്രാപിക്കാൻ ഊഴം കാത്ത് കിടന്ന വ്യക്തിയാണ് നമ്മുടെ കഥാപാത്രം. മുപ്പത്തെട്ടു വർഷമായി തളർവാതം ബാധിച്ച അയാളെ ആരെങ്കിലും കുളക്കരയിൽ എത്തിച്ചതാവാം. എത്രനാൾ കുളക്കരയിൽ കിടന്നു എന്ന് സുവിശേഷകൻ പറയുന്നില്ല. ഏതായാലും കരുണാലയത്തിന്റെ പടിവാതിലക്കൽ ദീർഘനാൾ കിടത്തിട്ടും കരുണ ലഭിക്കാത്ത ഒരു ഹതഭാഗ്യനാണയാൾ. കാലം കടന്നു പോകുന്നതനുസരിച്ച് സുഖം പ്രാപിക്കാമെന്ന അയാ





ളുടെ പ്രതീക്ഷയ്ക്കു മങ്ങലേറ്റു. പിന്നെപ്പിന്നെ സുഖം പ്രാപിക്കണ മെന്ന ആഗ്രഹവും അസ്തമിച്ചിട്ടുണ്ടാവും. തന്റെ രോഗാവസ്ഥയുമായി പൊരുത്തപ്പെട്ടു കഴിഞ്ഞു അയാൾ. ഇവിടെയാണ് യേശുവിന്റെ ചോദ്യം പ്രസക്തമാകുന്നത്. നിനക്കു സുഖം പ്രാപിക്കാൻ ആഗ്രഹമുണ്ടോ?

ചോദ്യത്തിനുള്ള ഉത്തരമല്ല അയാൾ പറയുന്നത്, മറിച്ച് തന്റെ നിസ്സഹായാവസ്ഥ വെളിവാക്കുകയാണ്. "കർത്താവേ, വെള്ളമിളകുമ്പോൾ എന്നെ കുളത്തിലിറക്കാൻ ആരുമില്ല. ഞാൻ എത്തുമ്പോഴേക്കും മറ്റൊരുവൻ വെള്ളത്തിൽ ഇറങ്ങിക്കഴിഞ്ഞിരിക്കും" (യോഹ 5,7). കരുണാലയത്തിലെ രോഗശാന്തിയും ആരെങ്കിലും തുണയായുള്ളവർക്കേ ലഭിക്കൂ എന്ന ദുഃഖസത്യം നിരാശയോടെയാണ് അയാൾ അനുസ്മരിക്കുന്നത്. തനിക്ക് ആഗ്രഹമുണ്ടെങ്കിലും സാധ്യമല്ലഎന്നാണല്ലോ അയാൾ സൂചിപ്പിക്കുന്നത്.

അസ്തമിച്ചുപോയ ആഗ്രഹവും കെട്ടുപോയ പ്രതിക്ഷയും വീണ്ടും ഉജ്ജീവിപ്പിക്കുന്നതായിരുന്നു യേശുവുന്റെ ചോദ്യം. തന്നിൽ ഇറങ്ങിക്കിടക്കുന്ന ശക്തിയെ ജ്വലിപ്പിക്കാൻ പ്രേരിപ്പിക്കുന്നതാണ് യേശുവിന്റെ അടുത്ത വാക്കുകൾ. അത് ഒരു കല്പനയായിരുന്നു: "എഴുന്നേറ്റ് കിടക്കയെടുത്ത് നടക്കുക" (യോഹ 5,8). രോഗിയുടെ ബോധമണ്ഡലത്തിലും മനസ്സിന്റെ ആഴങ്ങളിലും ഇഛാശക്തിയിലും ദൈവികശക്തി ഇറങ്ങി വരുന്നതായിരുന്നു ഈ കല്പന. വിശ്വസിക്കുന്നവർക്ക് എല്ലാം സാധ്യമാണ് (മർക്കോ 9,23) എന്ന ഗുരുമൊഴിയെ അനുസ്മരിപ്പിക്കുമാറ് തളർവാതരോഗി എണീറ്റു, കിടക്കയുമെടുത്ത് നടന്നു ദൈവത്തിന്റെ ശക്തി മനുഷ്യന്റെ ഇഛാശക്തിയിലും വിശ്വാസത്തിലും പ്രവർത്തിച്ചപ്പോൾ നടന്ന അത്ഭുതമാണിത്.

തളർവാതരോഗിയെ സുഖപ്പെടുത്തിയ മറ്റൊരു സംഭവം സമാന്തര സുവിശേഷങ്ങളിൽ വിവരിക്കുന്നുണ്ട് (മത്താ 9,1-8). അവിടെയും യേശുവിന്റെ വാക്കാണ് സൗഖ്യം നല്കുന്നത്. ശരീരത്തിനു സൗഖ്യം ലഭിക്കുന്നതിനു മുമ്പ് ആത്മാവിലും മനസിലും സൗഖ്യം പ്രാപിക്കേണ്ടിയിരുന്നു. ദൈവത്തോടും സഹജീവികളോടും പൂർണ്ണമായ ഹൃദയൈക്യം പുനഃസ്ഥാപിച്ചതിനുശേഷമാണ് ശരീരത്തിൽ സൗഖ്യം ലഭിച്ചത്. നിരാശയിലും കുറ്റബോധത്തിലും അപകർഷതാബോധത്തിലും നിന്നു വിടുതൽ നല്കികൊണ്ടാണ് യേശു സൗഖ്യം നല്കുന്നത്.

സൗഖ്യപ്രാപ്തിക്ക് അവശ്യം വേണ്ട ഒരു മനോഭാവം ഈ ഗുരുമൊഴിയിലൂടെ വ്യക്തമാകുന്നു. സുഖപ്പെടണം എന്ന് ആഗ്രഹമുണ്ടാകണം; എന്നെ സുഖപ്പെടുത്താൻ ദൈവത്തിനു കഴിയും എന്ന് വിശ്വസിക്കുകയും വേണം. ശാരീരികമായും മാനസികമായും ഏതു രോഗശാന്തിക്കു ഈ മനോഭാവം പ്രസക്തമാണ്. "രക്ഷിക്കാനാവാത്തവിധം കർത്താവിന്റെ കരം കുറുകിപ്പോയിട്ടില്ല (ഏശ 59,11)". ദൈവത്തിന് ഒന്നും അസാധ്യമല്ല" (ലൂക്കാ 1,37).

മാനസികമായി തളർന്നു പോകുന്നവർക്കും എത്ര ശ്രമിച്ചിട്ടും ചില തഴക്കദോഷങ്ങളിൽ നിന്ന് വിടുതൽ കിട്ടാതെ നിരാശയിൽപ്പെട്ടു പോകുന്നവർക്കുമെല്ലാം ഈ ഗുരുമൊഴി പ്രചോദനവും ശക്തിയും നല്കുന്നു. രോഗാവസ്ഥയുമായി രമ്യതയിലാകാതിരിക്കാൻ, എത്ര പഴകിയ തഴകങ്ങളിൽ നിന്നും മോചനം നേടാൻ കഴിയും എന്ന് വിശ്വസിക്കാൻ, ദൈവസഹായത്തോടെ സ്വന്തം കാലിൽ നില്ക്കാനുള്ള ശക്തി സംഭരിക്കാൻ ഈ തിരുവചനം പ്രേരിപ്പിക്കുന്നു. "എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ എനിക്കു സാധിക്കും" (ഫിലി 4,13) എന്ന അപ്പസ്തോലന്റെ അവബോധം ഇവിടെയും പ്രസക്തമാണ്.

തളർന്ന് കിടക്കേണ്ടവനല്ല നീ. അന്യരുടെ ഔദാര്യവും സഹതാപവും സ്വീകരിച്ച് സ്വന്തമായി ഒന്നും ചെയ്യാതെ, അലസനും അതേസമയം സ്വയം ശപിക്കുന്ന നിരാശനുമായി കഴിയേണ്ടതില്ല. നിന്റെ കിടക്കയുമെടുത്തു നടക്കാൻ നിനക്കു സാധിക്കും. നിന്നെ ഭാരപ്പെടുത്തുന്ന എന്തിൽ നിന്നും നിന്നെ മോചിപ്പിക്കുവാൻ ദൈവത്തിന്റെ ശക്തി നിനക്കു സഹായത്തിനുണ്ട്. എനിക്കാരുമില്ല എന്നു വിലപിക്കുന്നവരോട് കർത്താവായ യേശുക്രിസ്തു പറയുന്നു. നിനക്കു ഞാനുണ്ട് തുണ; എണീറ്റു നടക്കുക.

UUUU



# 29 നീയും പോയി അതുപോലെ ചെയ്യുക

## ലൂക്കാ 10,37

ഒരു തർക്കത്തിനുവേണ്ടിയാണയാൾ വന്നത്. ഔദ്യോഗിക വിദ്യാഭ്യാസമൊന്നുമില്ലാത്ത, ഒരു സ്കൂളിലും പോയിട്ടില്ലാത്ത നസ്രത്തിലെ ആ തച്ചന്റെ നിയമജ്ഞാനം പരീക്ഷണവിധേയമാക്കുകയായിരുന്നു ആ നിയമപണ്ഡിതന്റെ ലക്ഷ്യം. ചോദ്യങ്ങളിലൂടെ അറിവു പരിശോധിക്കുകയും തർക്കങ്ങളും ചർച്ചകളും വഴി അറിവിൽ വളരുകയും ചെയ്യുക യഹൂദ റബ്ബിമാരുടെ വിദ്യാഭ്യാസരീതിയായിരുന്നു. അതു തന്നെയാണ് അയാൾ യേശുവിന്റെമേൽ പ്രയോഗിച്ചത്.

"നിത്യജീവൻ അവകാശമാക്കാൻ ഞാൻ എന്തു ചെയ്യണം?" (ലൂക്കാ 10,25). ഇതിനേക്കാൾ പ്രാധാന്യമുള്ള ഒരു ചോദ്യമില്ല. ജറുസലേമിലേക്കുള്ള യാത്ര (ലൂക്കാ 9,51) എന്ന രചനാസങ്കേതത്തിന്റെ ചട്ടക്കൂടിൽ ശിഷ്യത്വത്തെ സംബന്ധിക്കുന്ന സുപ്രധാന പ്രബോധനങ്ങൾ അവതരിപ്പിക്കുന്ന ലൂക്കാ സുവിശേഷകനാണ് ചോദ്യം രേഖപ്പെടുത്തുന്നത്. യാത്രയുടെ തുടക്കത്തിലെന്നതുപോലെ അന്ത്യത്തിലും ഇതേ ചോദ്യവുമായി മറ്റൊരാളെ ലൂക്കാ അവതരിപ്പിക്കുന്നുണ്ട് (ലൂക്കാ 18,18). ശിഷ്യത്വത്തെക്കുറിച്ചുള്ള വിചിന്തനങ്ങളും പഠനങ്ങളും എല്ലാം നിത്യജീവിതത്തെ സംബന്ധിക്കുന്നതാണ്.

റബ്ബിമാരുടെ ശൈലിയിൽത്തന്നെയാണ് യേശുവിന്റെ മറുപടി. അത് ഒരു മറുചോദ്യമായിരുന്നു. ചോദ്യകർത്താവിനെക്കൊണ്ടുതന്നെ ഉത്തരം പറയിക്കുന്ന അധ്യാപനരീതി. മനഃപാഠമാക്കി അനുദിനം അനേകം തവണ ഉരുവിടുകയും തുകൽച്ചുരുളിൽ എഴുതി ചമിഴിലാക്കി കൈത്തണ്ടയിൽ കെട്ടി നടക്കുകയും ചെയ്യുന്ന സുപ്രധാന നിയമം അയാൾ നിഷ്പ്രയാസം ഉരുവിട്ടു. ഷ്മാപ്രാർത്ഥന എന്ന പേരിൽ അറിയപ്പെടുന്ന അനുദിന പ്രാർത്ഥനയുടെ ഭാഗമാണ് ഈ നിയമം (നിയ 6,4-5). (അവൻ ധരിച്ചിരുന്ന ചിമിഴിലെ ചുരുളിൽ പുറ 13,1-10; നിയ 1,4-9;11,13-20 എന്നീ ബൈബിൾ ഭാഗങ്ങളാണ് രേഖപ്പെടുത്തിയിരുന്നത്). നിയമപണ്ഡിതൻ ഈ സുപ്രധാന നിയമത്തിന്റെ കൂടെ അത്രതന്നെ പ്രധാനമായി കരുതപ്പെടാതിരുന്ന ഒരു നിയമം, ലേവ്യ 19,18ൽ നിന്നു കൂട്ടിച്ചേർത്തു. ദൈവസ്നേഹവും പരസ്നേഹവും ഉൾക്കൊള്ളുന്ന പ്രമാണങ്ങൾ ഉരുവിട്ട നിയമജ്ഞനെ യേശു അംഗീകരിച്ചു. അറിവ് ബുദ്ധിയുടെ തലത്തിൽ നിന്നാൽ പോരാ. "ഇതനുസരിച്ച് പ്രവർത്തിക്കുക, നീ ജീവിക്കും" (ലൂക്കാ 10,28).

തർക്കത്തിൽ പരാജയപ്പെട്ടെന്നു കരുതിയ നിയമജ്ഞൻ ചർച്ച കൂടുതൽ പ്രായോഗികമായൊരു വിഷയത്തിലേക്കു തിരിച്ചു. ആരാണ് എന്റെ അയൽക്കാരൻ? ജാതിയുടെയും വർഗ്ഗത്തിന്റെയും മതത്തിന്റെയും ഇടുങ്ങിയ ചട്ടക്കൂടുകൾക്കുള്ളിൽ നിന്നുകൊണ്ടാണ് ചോദ്യം. നിയമാനുസൃതം വിശുദ്ധ ജീവിതം നയിക്കുന്ന യഹൂദന് തന്റെ ജനത്തിൽപ്പെട്ട യഹൂദനാണ് അയൽക്കാരൻ, അയാൾ എത്ര വിദൂരത്താണെങ്കിലും. തൊട്ടടുത്ത വീട്ടിൽ വസിക്കുന്ന വിജാതീയൻ അയാൾക്ക് അയൽക്കാരനല്ല. ഈ സങ്കുചിതമനോഭാവത്തിന്റെ തായ് വേരറുക്കുന്നതാണ് യേശുവിന്റെ മറുപടി. ലോകം കേട്ടിട്ടുള്ളതിൽ ഏറ്റം മനോഹരമായ ഒരു കഥയായിരുന്നു അത് – നല്ല സമറായന്റെ ഉപമ.

സമുദ്രനിരപ്പിൽ നിന്നും 800 മീറ്റർ ഉയരത്തിലാണ് ജറുസലെം പട്ടണം. 39 കിലോമീറ്റർ കിഴക്കുള്ള ജെറീക്കോ പട്ടണം സമുദ്രനിരപ്പിൽ നിന്നും 400 മീറ്റർ താഴെയാണ്. ഈ രണ്ടു പട്ടണങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന വഴി യൂദാ മരുഭൂമിയിലൂടെയാണ് വളഞ്ഞുപുളഞ്ഞു കടന്നുപോകുന്നത്. കൊള്ളക്കാരും കള്ളന്മാരും പതിയിരുന്ന ഈ വഴിയിലൂടെ ആളുകൾ സംഘം ചേർന്നേ പോകാറുള്ളൂ. ഈ പശ്ചാത്തലത്തിലാണ് യേശുകഥ അവതരിപ്പിക്കുന്നത്.

കള്ളന്മാരുടെ കയ്യിൽപ്പെട്ട യാത്രക്കാരൻ തനിച്ചായിരുന്നു. എല്ലാം അപഹരിക്കപ്പെട്ട, മുറിവേറ്റ് രക്തം വാർന്നു വഴിയിൽ അർദ്ധപ്രാണനായി കിടന്ന അയാളെ ആദ്യമേ കണ്ടത് പുരോഹിതൻ; പിന്നെ കണ്ടത് ലേവായൻ. രണ്ടുപേരും ദേവാലയശുശ്രൂഷകർ, ദൈവത്തോട് ഏറ്റം അടുത്തുനിൽക്കുന്നു എന്നു കരുതപ്പെടുന്നവർ. എന്നാൽ അവർ രണ്ടുപേരും മുറിവേറ്റവനെ കണ്ടെങ്കിലും കടന്നു പോയി. “മൃതശരീരത്തെ സ്പർശിക്കുന്നവൻ ഏഴു ദിവസത്തേക്ക് അശുദ്ധനാകും” (സംഖ്യ 19,11) എന്ന നിയമത്തെ ഭയന്നാകാം; അല്ലെങ്കിൽ കവർച്ചക്കാർ തന്നെ ആക്രമിച്ചേക്കും എന്നു ഭയന്നാകാം. സ്വന്തം വിശുദ്ധിയും സുരക്ഷിതത്വവുമായിരുന്നു ആ ദൈവശുശ്രൂഷകർക്ക് പ്രധാനം. മൂന്നാമതു വന്നത് യഹൂദർ ബദ്ധശത്രുക്കളായി കരുതിയിരുന്ന സമരിയാക്കാരിൽ ഒരുവനാണ്. മതനിയമങ്ങൾ അയാൾക്കു വിലങ്ങുവച്ചിരുന്നില്ല. സ്വന്തം സൗകര്യങ്ങളും സുരക്ഷിതത്വവും അയാൾ പരിഗണിച്ചതുമില്ല. മുറിവേറ്റ് വഴിയിൽ കിടന്നവനോട് അയാൾക്ക് അനുകമ്പതോന്നി.

അവിടെയാണ് തുടക്കം. താൻ സഹായിച്ചില്ലെങ്കിൽ ഇയാൾ ഇവിടെ കിടന്നു മരിക്കും എന്ന് അയാൾക്കു തോന്നി. “അവനെ കണ്ട് മനസ്സലിഞ്ഞു”. പിന്നീട് മറ്റെല്ലാം അയാൾ മറന്നു. ഈ മനുഷ്യന്റെ ജീവൻ രക്ഷിക്കണം എന്ന ഒരേയൊരു ചിന്ത മനസ്സിൽ നിറഞ്ഞുനിന്നു. അത്യാവശ്യമായ പ്രാഥമിക ശുശ്രൂഷകൾ നല്കിയതിനുശേഷം സത്രത്തിന്റെ സുരക്ഷിതത്വത്തിൽ എത്തിച്ച്, സകല ചെലവുകളും വഹിച്ചുകൊള്ളാമെന്ന് സത്രം സൂക്ഷിപ്പുകാരന് ഉറപ്പുനല്കിയിട്ടേ അയാൾ രംഗത്തുനിന്ന് വിടവാങ്ങുന്നുള്ളൂ. ആരാണ് അയല്ക്കാരൻ എന്ന





ചോദ്യം ഇപ്പോൾ യേശുവാണാവർത്തിക്കുന്നത്. സമരിയാക്കാരൻ എന്ന് നിയമജ്ഞൻ മറുപടി പറയുന്നില്ല. തന്റെ സമുദായത്തിലെ സമുന്നതരായ ശുശ്രൂഷകരെ ഇത്ര മോശമായും ശത്രുവിനെ മാതൃകയായും ചിത്രീകരിച്ചതിലുള്ള അമർഷമാകാം കാരണം. കഥയുടെ മർമ്മം അയാൾ ഗ്രഹിച്ചു. “അവനോടു കരുണ കാണിച്ചവൻ” (ലൂക്കാ 10,36) എന്ന മറുപടി അയല്ക്കരന്റെ ഒരു നിർവ്വചനം തന്നെയാണ്.

ബൗദ്ധികമായ ഈ അറിവിൽ നിന്ന് പ്രവൃത്തിയിലേക്കു നയിക്കുന്നതാണ് യേശുവിന്റെ ആഹ്വാനം. “നീയും പോയി അതുപോലെ ചെയ്യുക” (ലൂക്കാ 10,37). നിത്യജീവനിലേക്കുള്ള വഴിയിൽ വിലങ്ങടിച്ചു കിടക്കുന്നവരാണ് മുറിവേറ്റവരും, വിശക്കുന്നവരും, അനാഥരും, രോഗികളും എല്ലാം. അവരെ മറികടന്നും അവഗണിച്ചും നിത്യജീവിതത്തിലേക്ക് പ്രവേശിക്കാൻ കഴിയുകയില്ല. കഥയിലെ മുറിവേറ്റവൻ സ്വന്തം കുറ്റം കൊണ്ടാവാം അപകടത്തിൽപ്പെട്ടത്. യാത്രാസംഘത്തിന്റെ കൂടെ പോയിരുന്നെങ്കിൽ ഇതു സംഭവിക്കുമായിരുന്നില്ല. എന്നാൽ അനുകമ്പതോന്നിയ സമറായൻ അതൊന്നും ആലോചിച്ചില്ല.

അലസമായി ജീവിച്ചും ധൂർത്തടിച്ചും മദ്യപിച്ചും എല്ലാം നശിപ്പിച്ച് ദരിദ്രനായതാണ്, താൻ എന്തിനയാളെ പരിഗണിക്കണം എന്നു കരുതുന്നവരുണ്ടാവാം. സഹായം നിഷേധിക്കാൻ പല കാരണങ്ങളും കണ്ടെത്താൻ കഴിയും. എന്റെ പാർട്ടിയിൽ, മതത്തിൽ, സമുദായത്തിൽപെട്ടവരല്ല, അവൻ ശത്രുവാണ്, ഇത് സർക്കാരുദ്യോഗസ്ഥർ ചെയ്യേണ്ട കാര്യമാണ് എന്നിങ്ങനെ നൂറുകൂട്ടം ഒഴിവുകഴിവുകൾ. അതുതന്നെയാവാം കഥയിലെ പുരോഹിതനും ലേവായനും കരുതിയത്. എന്നാൽ ഒന്നു മാത്രമേ സമരിയാക്കാരൻ ചിന്തിച്ചുള്ളൂ. ഇപ്പോൾ ഈ മനുഷ്യനെ എങ്ങനെ രക്ഷിക്കാം. അനുകമ്പയാണതിനു പ്രേരിപ്പിച്ചത്. നിത്യജീവനിലേക്കു പ്രവേശിക്കാൻ അന്തിമവിധിയിലെ ഏകമാനദണ്ഡമായി യേശു എടുത്തു കാട്ടിയതും അതു തന്നെയാണ്. താത്ത്വികമായ ചർച്ചകളും വിശകലനങ്ങളുമല്ല, അനുകമ്പയിൽ നിന്നുരുത്തിരിയുന്ന സഹോദരസ്നേഹത്തിന്റെ പ്രവൃത്തിയാണ് ദൈവം ഓരോരുത്തരിൽ നിന്നും പ്രതീക്ഷിക്കുന്നത്.

U U U U U U

# 30 അഗ്നിയും സ്നാനവും

## *ലൂക്കാ 12,49*

“ഭൂമിയിൽ തീയിടാനാണ് ഞാൻ വന്നത്. അത് ഇതിനകം കത്തിജ്വലിച്ചിരുന്നെങ്കിൽ! എനിക്ക് ഒരു സ്നാനം സ്വീകരിക്കാനുണ്ട്; അത് നിവൃത്തിയാകുവോളം ഞാൻ എത്ര ഞെരുങ്ങുന്നു! ഭൂമിയിൽ സമാധാനം നല്കാനാണ് ഞാൻ വന്നിരിക്കുന്നതെന്ന് നിങ്ങൾ വിചാരിക്കുന്നുവോ? അല്ല, ഭിന്നത എന്നു ഞാൻ നിങ്ങളോടു പറയുന്നു” (ലൂക്കാ 12,49-51).

മനസ്സിലാക്കാൻ ഏറെ വിഷമമുള്ളതും അതിനാൽത്തന്നെ പല വിധത്തിൽ വ്യാഖ്യാനിക്കപ്പെടുന്നതുമാണ് മേലുദ്ധരിച്ച ഗുരുവചനങ്ങൾ. എന്താണ് യേശു ഭൂമിയിലിടാൻ ആഗ്രഹിച്ച അഗ്നി എന്നതിനെക്കുറിച്ച് ഭിന്നാഭിപ്രായങ്ങളുണ്ട്. ജോർദ്ദാനിൽ വച്ചു സ്വീകരിച്ചതിനുപുറമേ വീണ്ടും സ്വീകരിക്കാനിരിക്കുന്ന സ്നാനം എന്തിനെ സൂചിപ്പിക്കുന്നു? സമാധാനമല്ല ഭിന്നതകളാണ് താൻ കൊണ്ടു വന്നിരിക്കുന്നത് എന്ന പ്രസ്താവന എങ്ങനെ മനസ്സിലാക്കണം? ഈ മൂന്നു ഗുരുമൊഴികളും തമ്മിലുള്ള ബന്ധം എന്താണ്?

താൻ വന്നതിന്റെ ലക്ഷ്യം ഭൂമിയിൽ തീയിടുകയാണ്, അഥവാ ഭൂമിക്കു തീ കൊളുത്തുകയാണ്, എന്നു പറയുമ്പോൾ അതിനു യേശു നല്കുന്ന പ്രാധാന്യം വ്യക്തമാണ്. എന്താണ് ഈ അഗ്നി? ബൈബിളിന്റെ പൊതുവായ വീക്ഷണത്തിൽ അഗ്നി ദൈവത്തിന്റെ ശിക്ഷാവിധിയെയാണ് സൂചിപ്പിക്കുന്നത്. ദൈവം ആകാശത്തുനിന്ന് അഗ്നി വർഷിച്ച് സോദോം-ഗൊമോറാ നഗരങ്ങൾ നശിപ്പിച്ചതും (ഉത്പ 19,24-25) തന്നെ ബന്ധിക്കാൻ വന്ന സൈന്യവ്യൂഹത്തെ അഗ്നിയിറക്കി ഏലിയാ ദഹിപ്പിച്ചതും (2 രാജാ 1,10-12) ഉദാഹരണങ്ങളാണ്. ഈ അർത്ഥത്തിലാണ് സമറിയാക്കാരുടെമേൽ അഗ്നിയിറക്കാൻ യോഹന്നാനും യാക്കോബും യേശുവിനോട് അനുവാദം ചോദിച്ചത് (ലൂക്കാ 9,54). അധർമ്മികളുടെമേൽ കർത്താവ് അഗ്നി അയയ്ക്കുമെന്ന് ആമോസിലൂടെ ആവർത്തിച്ച് മുന്നറിയിപ്പ് നല്കിയിരുന്നു (ആമോ 1,4-7,10,12,14). തനിക്കു പിന്നാലെ വരുന്നവൻ കൊണ്ടുവരുന്ന ശിക്ഷാവിധിയുടെ അഗ്നിയെക്കുറിച്ച് സ്നാപകയോഹന്നാനും പറയുകയുണ്ടായി (മത്താ 3,10-12).

ഭൂമിയിൽ ശിക്ഷാവിധി നടപ്പിലാക്കാനാണ് യേശു വന്നിരിക്കുന്നത് എന്നു പറയാനാവുമോ? ലോകരക്ഷയ്ക്കുവേണ്ടി ആത്മബലിയർപ്പിക്കാൻ വന്നവനിൽ ഇങ്ങനെയൊരു ലക്ഷ്യം ആരോപിക്കുന്നത് പുതിയ നിയമത്തിന്റെ പൊതുവായ പഠനങ്ങൾക്കു നിരക്കുന്നതല്ല. അതിനാൽ ശുദ്ധീകരിക്കുന്ന അഗ്നിയെക്കുറി





ച്ചാണ് യേശു പറഞ്ഞതെന്ന് കരുതുന്നവരുണ്ട്. ലോഹങ്ങളുടെ കറ ഉരുക്കി ശുദ്ധീകരിക്കുന്ന അഗ്നിപോലെ (1 പത്രോ 1,7) ലോകത്തെ ശുദ്ധീകരിക്കാൻ വേണ്ടിയാണ് താൻ വന്നിരിക്കുന്നത് എന്നാവും നാഥൻ വിവക്ഷിക്കുന്നത്. എന്നാൽ എന്താണ് ഈ അഗ്നി എന്ന ചോദ്യം വീണ്ടും അവശേഷിക്കുന്നു.

വചനത്തെ അഗ്നിയോട് ഉപമിക്കുന്ന ജറെമിയായുടെ ഒരു വചനമാണ് മറ്റു ചിലർ വിശദീകരണത്തിനായി എടുത്തുകാട്ടുന്നത്. “എന്റെ വചനം നിന്റെ നാവിൽ ഞാൻ അഗ്നിയാക്കും; അവരെ ഞാൻ വിറകാക്കും; അഗ്നി അവരെ വിഴുങ്ങും” (ജറെ 5,14). ദൈവവചനം സ്വീകരിക്കാൻ വിസമ്മതിക്കുന്നവരുടെ മേൽ ആ വചനം തന്നെ അഗ്നിയായി പതിച്ച് ശിക്ഷിക്കും എന്നാവാം സൂചന. അപ്പോൾ തന്റെ വചനം ഇതിനകം ലോകം മുഴുവനും വ്യാപിച്ച് ശുദ്ധീകരിക്കുകയും ശിക്ഷാവിധി നടപ്പിലാക്കുകയും ചെയ്തിരുന്നെങ്കിൽ എന്നാണോ യേശു അർത്ഥമാക്കുന്നത്? അതും പൂർണ്ണമായും തൃപ്തികരമല്ല.

ഇവയെല്ലാമായി ബന്ധപ്പെട്ടതും എന്നാൽ വ്യത്യസ്തവുമായ മറ്റൊന്നാണ് ഈ ഗുരുമൊഴി അർത്ഥമാക്കുന്നത് എന്നു കരുതാൻ ന്യായമുണ്ട്. തന്റെ പിന്നാലെ വരുന്നവൻ “പരിശുദ്ധാത്മാവിനാലും അഗ്നിയാലും നിങ്ങൾക്കു സ്നാനം നല്കും” (ലൂക്കാ 3,16) എന്ന സ്നാപകന്റെ പ്രവചനത്തിൽ അഗ്നിയെ പരിശുദ്ധാത്മാവിന്റെ പര്യായമായിട്ടാണ് അവതരിപ്പിക്കുന്നത്. ശിഷ്യൻമാർ ഉന്നതത്തിൽനിന്ന് സ്വീകരിക്കാനിരുന്ന ശക്തിയെക്കുറിച്ച് യേശുവും വാഗ്ദാനം ചെയ്തിരുന്നു (ലൂക്കാ 24,49; അപ്പ 1,8). പന്തക്കുസ്താദിവസമാണ് ഈ വാഗ്ദാനങ്ങളെല്ലാം നിറവേറിയത്. “അഗ്നിജ്വാലകൾ പോലുള്ള നാവുകൾ തങ്ങളോരോരുത്തരുടെയുംമേൽ വന്നു നില്ക്കുന്നതായി അവർ കണ്ടു. അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ നിറഞ്ഞു” (അപ്പ 2,3). യേശു ഭൂമിയിൽ ഇടാൻ വന്ന അഗ്നി പരിശുദ്ധാത്മാവാണെന്ന് ഇതിൽ നിന്ന് അനുമാനിക്കാം.

പരിശുദ്ധാത്മാവിന്റെ അഗ്നിയാൽ ഭൂമിക്കു തീ കൊളുത്താൻ വന്നവൻ ആ ആത്മാവിനാൽ ഭൂമി മുഴുവൻ കത്തി ജ്വലിക്കണം, വിശുദ്ധീകരിക്കപ്പെടണം എന്ന് തീവ്രമായി ആഗ്രഹിച്ചു. എന്നാൽ അത് അത്ര എളുപ്പമല്ല എന്നും അതിനുമുമ്പ് അവശ്യം മറ്റൊന്നു സംഭവിക്കേണ്ടതുണ്ട് എന്നുമാണ് സ്നാനത്തെക്കുറിച്ചുള്ള തിരുമൊഴി വ്യക്തമാക്കുന്നത്. യേശുവിന്റെ മഹത്ത്വീകരണത്തിലൂടെ മാത്രമേ ആത്മാവ് നല്കപ്പെടുകയുള്ളൂ (യോഹ 7,39). “ഞാൻ പോകുന്നില്ലെങ്കിൽ സഹായകൻ നിങ്ങളുടെ അടുക്കലേക്കു വരുകയില്ല” (യോഹ 16,7) എന്നു പറയുമ്പോൾ പരിശുദ്ധാത്മാവു വരുന്നതിന്റെ അവശ്യനിബന്ധനയിലേക്കാണ് യേശു വിരൽ ചൂണ്ടുന്നത്. മഹത്ത്വീകരണം കുരിശിലാണ്; യേശു ഈ ലോകം വിട്ടു പിതാവിന്റെ അടുക്കലേക്കു പോകുന്നത് കുരിശുമരണത്തിലൂടെയും. ഈ മരണത്തെയാണ് തനിക്കു സ്വീകരിക്കാനുള്ള സ്നാനം എന്നു

വിശേഷിപ്പിക്കുന്നത്. അതു നിവൃത്തിയാകുംവരെയുള്ള ഞെരുക്കവും ഈ മരണത്തിലേക്കു തന്നെ ശ്രദ്ധ ക്ഷണിക്കുന്നു.

മാമ്മോദീസാ മരണത്തിന്റെ പ്രതീകമാണ്. ജോർദ്ദാനിൽവച്ച് സ്നാനം സ്വീകരിച്ചപ്പോൾ മരണത്തിലൂടെ മനുഷ്യരക്ഷ നേടാനുള്ള വഴിയിലേക്ക് യേശു പ്രവേശിക്കുകയായിരുന്നു. അതു മനസ്സിലാക്കിയിട്ടാവണം "മരണ ജോർദ്ദാൻ" എന്ന പ്രയോഗം നിലവിൽ വന്നത്. പഴയതിനോടു പൂർണ്ണമായി വിട പറഞ്ഞ് പുതിയ ജീവനിലേക്കു പ്രവേശിക്കുകയാണ് മുങ്ങിയതിനുശേഷം പൊങ്ങി വരുന്നവർ. ക്രൈസ്തവർ സ്വീകരിക്കുന്ന മാമ്മോദീസായ്ക്കും ഇതേ അർത്ഥമാണുള്ളത്. "യേശുക്രിസ്തുവിനോട് ഐക്യപ്പെടാൻ ജ്ഞാനസ്നാനം സ്വീകരിച്ച നാമെല്ലാവരും അവന്റെ മരണത്തോട് ഐക്യപ്പെടാനാണ് ജ്ഞാനസ്നാനം സ്വീകരിച്ചതെന്ന് നിങ്ങൾക്കറിഞ്ഞുകൂടേ?" (റോമാ 6,3). ജലത്തിൽ മുങ്ങി സ്വീകരിച്ച സ്നാനം മരണത്തിലൂടെ പൂർത്തിയാകാനിരുന്ന സ്നാനത്തിന്റെ മുന്നോടിയും പ്രതീകവുമായിരുന്നു. കുരിശിൽ മരിച്ച യേശുവിന്റെ തുറക്കപ്പെട്ട ഹൃദയത്തിൽ നിന്ന് രക്തവും ജലവും ഒഴുകിയത് ആത്മാവിനെ വർഷിക്കുന്നതിന്റെ സൂചനയായിരുന്നു. അങ്ങനെ ഭൂമിയിൽ ആത്മാവിന്റെ അഗ്നി വർഷിക്കാൻ യേശു കുരിശുമരണത്തിന്റെ സ്നാനം സ്വീകരിക്കേണ്ടിയിരുന്നു. ഇതാണ് അവിടുത്തെ ആഗ്രഹത്തിന്റെ തീവ്രതയുടെയും അനുഭവിച്ച ഞെരുക്കത്തിന്റെയും കാരണം.

ഭിന്നതയെക്കുറിച്ചു പറയുന്ന ഗുരുമൊഴിയും ഇതുമായി അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നു. യേശു വന്നത് രക്ഷ നല്കാനാണ്; ആത്മാവിലൂടെ ലോകത്തെ മുഴുവൻ അഗ്നിശുദ്ധി ചെയ്യാനാണ്. ശുദ്ധിയും രക്ഷയും ലഭിക്കണമെങ്കിൽ അവിടുത്തെ വചനം ശ്രവിച്ച് മാനസാന്തരപ്പെടാനും ജീവിതം നവീകരിക്കാനും മനുഷ്യൻ തയ്യാറാകണം. എന്നാൽ എല്ലാവരും ഇപ്രകാരമൊരു പരിവർത്തനത്തിനു തയ്യാറാവുകയില്ല. ചിലർ യേശുവിനെയും അവിടുത്തെ പ്രബോധനങ്ങളെയും സ്വീകരിക്കും; മറ്റുചിലർ എതിർക്കും. യേശുവിനെ എതിർക്കുന്നവർ അവന്റെ അനുയായികളെയും എതിർക്കും. അങ്ങനെ സമൂഹത്തിൽ ഭിന്നതയുണ്ടാകും. യേശു വന്നതിന്റെ ലക്ഷ്യം സമാധാനം സ്ഥാപിക്കുകയാണെങ്കിലും മനുഷ്യർ മാനസാന്തരത്തിനു സന്നദ്ധരാകാത്തതിനാൽ ഭിന്നതയും ശത്രുതയും ഉളവാകുന്നു. "വാൾ" എന്നാണ് യേശു ഇതിനെ വിശേഷിപ്പിച്ചത് (മത്താ 10,34). അർത്ഥം വ്യക്തമാക്കാൻ വേണ്ടി ലൂക്കാ അതിനെ ഭിന്നത എന്നു വ്യാഖ്യാനിക്കുകയാണ്.

യേശുവിന്റെ സാന്നിധ്യത്തിൽ ഉണ്ടാകുന്ന ഭിന്നതയെയും എതിർപ്പിനെയും കുറിച്ച് ശിമയോന്റെ പ്രവചനത്തിൽ സൂചനയുണ്ടായിരുന്നു: "ഇവൻ ഇസ്രായേലിൽ പലരുടെയും വീഴ്ചയ്ക്കും ഉയർച്ചയ്ക്കും കാരണമാകും. ഇവൻ





വിവാദവിഷയമായ അടയാളവുമായിരിക്കും" (ലൂക്കാ 2,34). കുരിശുമരണം വഴിയുള്ള മഹത്ത്വീകരണത്തിലൂടെ യേശു വർഷിച്ച ആത്മാവിന്റെ അഗ്നി ഭൂമിയിൽ കത്തിപ്പടരുമ്പോൾ അതിനു വഴങ്ങുന്നവർക്കു രക്ഷയും എതിർക്കുന്നവർക്കു ശിക്ഷയും ഉണ്ടാകുന്നു. പരിശുദ്ധാത്മാവിനെ എതിർക്കുന്നവർ സമൂഹത്തിൽ ഭീകരത സൃഷ്ടിക്കും. അത് മനുഷ്യ സമൂഹത്തിന്റെ എല്ലാ തലങ്ങളെയും ബാധിക്കും. പാവനമായ കുടുംബബന്ധങ്ങളെപ്പോലും ഈ എതിർപ്പ് ശിഥിലമാക്കും.

രക്ഷയുടെ വചനം പ്രഘോഷിക്കപ്പെടുമ്പോൾ തീരുമാനമെടുക്കാൻ ഓരോ വ്യക്തിയും നിർബന്ധിതനാകുന്നു. രക്തബന്ധങ്ങൾക്കുപരി യേശുവിനെ വിലമതിക്കാനുള്ള ആഹ്വാനം ഈ ഗുരുമൊഴിയിൽ മുഴങ്ങുന്നുണ്ട്. തിരുവചനം അനുസരിച്ചു ജീവിക്കുന്നത് ഒരു അഗ്നിസ്നാനത്തിനു സമാനമാണ്. ക്രൂശിതൻ വർഷിച്ച ആത്മാവിന്റെ അഗ്നിയിൽ സ്വയം ദഹിച്ച്, ജ്വലിച്ച്, പ്രകാശമായി മാറാൻ ശിഷ്യരെ ക്ഷണിക്കുകയും ചെയ്യുന്നു ഈ തിരുമൊഴി.

U U U U U U

# 31 ആരാണ് എന്റെ അമ്മ

## *മർക്കോ 3,33*

ശ്രോതാക്കളെയെല്ലാം അമ്പരിപ്പിക്കുന്നതായിരുന്നു ഗുരുവിന്റെ ചോദ്യം: "ആരാണ് എന്റെ അമ്മ?" (മർക്കോ 3,33) തന്നെ കാണാൻ ആഗ്രഹിച്ച് അമ്മയും സഹോദരങ്ങളും പുറത്തു നില്ക്കുന്നു എന്നു കേട്ടപ്പോഴാണ് ഈ ചോദ്യം ഉയർന്നത്. നസ്രത്തിൽ നിന്ന് ഏകദേശം 25 കിലോമീറ്റർ നടന്ന്, ഗലീലി തടാകതീരത്തെ കഫർണാം പട്ടണത്തിലെത്തിയ അമ്മയും സഹോദരങ്ങളും ഉൽകണ്ഠാകുലരായിരുന്നു. "കാരണം അവന് സുബോധം നഷ്ടപ്പെട്ടിരിക്കുന്നുവെന്ന് അവർ കേട്ടിരുന്നു" (മർക്കോ 3,21). കേട്ടു കേൾവിയെ സ്ഥീരികരിക്കുന്നതായി തോന്നാം യേശുവിന്റെ ഈ മറുപടി. അമ്മയും സഹോദരങ്ങളും ആരെന്നു മറന്നുപോകാൻ മാത്രം ചിത്തഭ്രമം ബാധിച്ചുവോ അവന്? അതോ ഈ ചോദ്യത്തിന് മറ്റെന്തെങ്കിലും അർത്ഥമുണ്ടോ?..

ഗുരുമൊഴി അവതരിപ്പിക്കുന്ന സാഹചര്യത്തിലൂടെ സുവിശേഷകൻ തന്നെ വിശദീകരണത്തിനു വഴിയൊരുക്കുന്നുണ്ട്. യേശുവിനെയും അവന്റെ ചെയ്തികളെയും യഹൂദനേതാക്കൾ തുടക്കം മുതലേ സംശയദൃഷ്ടിയോടെയാണ് വീക്ഷിച്ചിരുന്നത്. തന്നെയുമല്ല, പടിപടിയായി അവർ അവനെതിരേ നിലപാട് ശക്തമാക്കുകയും ചെയ്തു. സിനഗോഗിൽ വച്ച് പിശാചുബാധിതനെ വചനം കൊണ്ടു സുഖപ്പെടുത്തിയത് ആശ്ചര്യമുളവാക്കി (മർക്കോ 1,27). കുഷ്ഠരോഗിയെ തൊട്ടത് ഭ്രഷ്ഠിനു കാരണമായി. അവന് പരസ്യമായി പട്ടണത്തിൽ പ്രവേശിക്കാൻ സാധിച്ചില്ല (1,45). തളർവാതരോഗിക്കു മോചനം നല്കിയ വചനം ദൈവദൂഷണമായി വ്യാഖ്യാനിക്കപ്പെട്ടു (2,7). ചുങ്കക്കാരോടൊപ്പം ഭക്ഷിച്ചത് സമൂഹത്തിന്റെ മാമൂലുകൾക്കു വിരുദ്ധമായിരുന്നു (2,16). അവന്റെ ശിഷ്യന്മാർ ഉപവസിക്കാത്തതും സാബത്തിൽ കതിരുപറിച്ചു തിന്നതും നിശിതമായി വിമർശിക്കപ്പെട്ടു (2,18-28). സിനഗോഗിൽ വച്ചു തന്നെ സാബത്തിൽ രോഗശാന്തി നല്കിയതോടെ നേതാക്കളുടെ ശത്രുത ഉച്ചകോടിയിലെത്തി; എതിർപ്പ് മാരകമായി. "ഫരിസേയർ ഉടനെ പുറത്തുപോയി യേശുവിനെ നശിപ്പിക്കാൻ വേണ്ടി ഹേറോദേസുപക്ഷക്കാരുമായി ആലോചന നടത്തി" (3,6). നശിപ്പിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായിരുന്നു അപവാദപ്രചരണം. അവനു സുബോധം നഷ്ടപ്പെട്ടിരിക്കുന്നു എന്നു പറഞ്ഞു പരത്തിയതും ഇതിന്റെ ഭാഗമായി കാണണം.





യേശുവിന്റെ മുമ്പിൽ സമൂഹം രണ്ടു ചേരിയായി തിരിയുകയും ഒരു പക്ഷംചേരൽ അനിവാര്യമായിത്തീരുകയും ചെയ്ത സാഹചര്യം ചിത്രീകരിച്ചതിനു ശേഷമാണ് സുവിശേഷകൻ അമ്മയെയും സഹോദരങ്ങളെയും അവതരിപ്പിക്കുന്നത്. യേശുവിനുചുറ്റും ഇരിക്കുന്നവർ ശിഷ്യരും പുറത്തു നില്ക്കുന്നവർ ശത്രുക്കളുമാണെന്നും അതിനാൽ അമ്മയും സഹോദരങ്ങളും ശത്രുപക്ഷത്താണെന്നും വ്യാഖ്യാനിക്കുന്നവരുണ്ട്. യേശുവിനു പുറമേ മറിയത്തിനു വേറെയും മക്കളുണ്ടായിരുന്നു എന്ന് ഈ വാക്യം ഉപയോഗിച്ചു വാദിക്കുന്നവരുമുണ്ട്. തന്നെയുമല്ല, യേശു തന്റെ അമ്മയെയും സഹോദരങ്ങളെയും തള്ളിപ്പറയുകയാണ് എന്നു വ്യാഖ്യാനിക്കുന്നവരും വിരളമല്ല. അതിനാൽ ഈ ഗുരുമൊഴി കൂടുതൽ ഗൗരവമായ പഠനം ആവശ്യപ്പെടുന്നു. "സഹോദരങ്ങൾ" എന്ന പദത്തിന് അടുത്ത ബന്ധു എന്ന വ്യാപകമായ അർത്ഥം ബൈബിളിൽ ഉള്ളതിനാൽ (ഉദാ: ഉൽപ 13,8) മറിയത്തിന് വേറെ മക്കളുണ്ടായിരുന്നു എന്നതിന് ഈ വാക്യം മാത്രം മതിയായ തെളിവല്ല.

ആരാണ് എന്റെ അമ്മയും സഹോദരങ്ങളും എന്ന ചോദ്യത്തിന് ഗുരുനാഥൻ തന്നെ ഉത്തരവും നല്കുന്നുണ്ട്. "ചുറ്റും ഇരിക്കുന്നവരെ നോക്കിക്കൊണ്ട് അവൻ പറഞ്ഞു: ഇതാ എന്റെ അമ്മയും സഹോദരങ്ങളും! ദൈവത്തിന്റെ ഹിതം നിർവ്വഹിക്കുന്നവനാരോ അവനാണ് എന്റെ സഹോദരനും സഹോദരിയും അമ്മയും" (മർക്കോ 3,34-35). രക്തബന്ധത്തിനപ്പുറത്തേക്കു ശ്രദ്ധ ക്ഷണിക്കുന്നതാണ് ഈ ഗുരുമൊഴി. സുവിശേഷകൻ രണ്ടു കാര്യങ്ങൾ എടുത്തുകാട്ടുന്നു: യേശുവിനു ചുറ്റിലും ഇരിക്കുക, ദൈവഹിതം നിർവ്വഹിക്കുക കൂടെ ആയിരിക്കാനുള്ള വിളി ശിഷ്യത്വത്തിലേക്കുള്ള വിളിയാണ്. യേശു തന്റെ പരസ്യജീവിതം തുടങ്ങുന്നതു തന്നെ ഈ വിളിയോടെയാണ്: "എന്നെ അനുഗമിക്കുവിൻ" (മർക്കോ 1,17). പന്ത്രണ്ടുപേരെ പ്രത്യേകം തിരഞ്ഞെടുത്തതിന്റെ ഒരു പ്രധാനലക്ഷ്യം കൂടെ ആയിരിക്കുക എന്നതായിരുന്നു (മർക്കോ 3,14). കൂടെ നടക്കുകയും ചുറ്റിലും ഇരിക്കുകയും ദൈവഹിതം നിർവ്വഹിക്കുകയും ചെയ്യുന്നവർ ഒരു പുതിയ സമൂഹമാകുന്നു. ഇവിടെ രക്തബന്ധത്തേക്കാൾ ഉന്നതമായ മറ്റൊരു ബന്ധരൂപം കൊള്ളുന്നു. ഇവരാണ് യേശുവിന്റെ ആളുകൾ, കുടുംബാംഗങ്ങൾ. ഈ കുടുംബത്തിൽ മറിയത്തിനു സ്ഥാനമുണ്ടോ? ഉണ്ടെങ്കിൽ എന്ത്?

ദൈവഹിതം അനുവർത്തിക്കുക എന്ന വാക്യത്തെ "ദൈവവചനം ശ്രവിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നവർ" (ലൂക്കാ 8,21) എന്ന് ലൂക്കാ വ്യാഖ്യാനിക്കുമ്പോൾ ഈ പുതിയ കുടുംബത്തിന്റെ അടിത്തറയും അതിൽ മറിയത്തിന്റെ സ്ഥാനവും കൂടുതൽ വ്യക്തമാകുന്നു. യേശുവിനെ ഉദരത്തിൽ വഹിക്കുകയും പാലൂട്ടി വളർത്തുകയും ചെയ്തതിന്റെ പേരിൽ

അമ്മയെ പുകഴ്ത്തിയവൾക്കു നല്കിയ മറുപടിയിലും ഈ പുതിയ മാനം ദൃശ്യമാകുന്നുണ്ട്: "ദൈവവചനം കേട്ട്, അതു പാലിക്കുന്നവർ കൂടുതൽ ഭാഗ്യവാന്മാർ" (ലൂക്കാ 11,28).

യേശുവിനു ശാരീരികമായി ജന്മം നല്കുകയും പോറ്റി വളർത്തുകയും ചെയ്തതിനാൽ മറിയം അവന്റെ അമ്മയാണ്, അതിനാൽത്തന്നെ അവൾ പരിഗണനയും ആദരവും അർഹിക്കുന്നു എന്നതിൽ സംശയത്തിന് പഴുതില്ല. തികച്ചും സ്വാഭാവികമായ ഈ മാതൃത്വത്തെ യേശു തള്ളിപ്പറയുന്നില്ല, ചോദ്യം ചെയ്യുന്നുമില്ല. എന്നാൽ ഇതിനേക്കാൾ ഏറെ ശ്രേഷ്ഠമായൊരു തലത്തിലേക്കു ശ്രദ്ധ ക്ഷണിക്കുകയാണ് പഠനവിഷയമായ ഗുരുമൊഴി.

ദൈവത്തിന്റെ വചനം ഹൃദയത്തിൽ സ്വീകരിക്കുക, അതു നിരന്തരം ധ്യാനവിഷയമാക്കുക, അതിൽനിന്ന് പ്രചോദനമുൾക്കൊള്ളുക, ആ വചനം ജീവിതത്തിനു മാനദണ്ഡമാക്കുക, ചുരുക്കത്തിൽ, ദൈവവചനമനുസരിച്ച് ജീവിക്കുക. ഇതാണ് ശിഷ്യത്വത്തിന്റെ കാതൽ; ഇതു തന്നെയാണ് ദൈവിക ജീവന്റെ നിദാനം. യേശുവിന്റെ ജീവിതവും ഇതുതന്നെ ആയിരുന്നു. "എന്നെ അയച്ചവന്റെ ഇഷ്ടം പ്രവർത്തിക്കുകയും അവന്റെ ജോലി പൂർത്തിയാക്കുകയുമാണ് എന്റെ ഭക്ഷണം" (യോഹ 4,34). ഇപ്രകാരമൊരു ജീവിതമാണ് തന്റെ അമ്മയുടേത് എന്ന് ഗുരുമൊഴി സാക്ഷ്യപ്പെടുത്തുന്നു.

വചനത്തിനു സ്വയം സമർപ്പിച്ച ഒരു ജീവിതമായിരുന്നു അമ്മയുടേത് എന്ന് സുവിശേഷകൻ പല തവണ എടുത്തു പറയുന്നുണ്ട്. "ഇതാ കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ" (ലൂക്ക. 1,38). "കർത്താവ് അരുളിച്ചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ചവൾ ഭാഗ്യവതി" (ലൂക്ക. 1,45). "മറിയമാകട്ടെ ഇവയെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച് ഗാഢമായി ചിന്തിച്ചുകൊണ്ടിരുന്നു" (ലൂക്ക 2,19). "അവന്റെ അമ്മ ഇക്കാര്യങ്ങളെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചു (ലൂക്കാ 2,51). ആരാണ് തന്റെ അമ്മയെന്ന് വിശദീകരിക്കുകയാണ് ഗുരുനാഥൻ ഈ തിരുമൊഴിയിലൂടെ. ഇത് മറിയത്തെ തള്ളിപ്പറയുകയല്ല, അവളുടെ യഥാർത്ഥ മഹത്വം എടുത്തുകാട്ടുകയാണ്. അതോടൊപ്പം ശിഷ്യത്വത്തെ സംബന്ധിച്ച സുപ്രധാനമായൊരു പാഠവും ഈ ഗുരുമൊഴി നല്കുന്നുണ്ട്.

തന്നെ അനുഗമിക്കാനായി ശിഷ്യരെ വിളിച്ച യേശു അവരെ ഒരു കുടുംബമായി വാർത്തെടുക്കുകയായിരുന്നു. ഗുരുശിഷ്യബന്ധം ഒരു കുടുംബകൂട്ടായ്മയായി മാറുന്നു. അവിടെ ജാതി, വർണ്ണ, വർഗ്ഗ വ്യത്യാസങ്ങളൊന്നുമില്ല. ദൈവവചനം സ്വീകരിച്ച് അനുവർത്തിക്കുന്നവരെല്ലാം യേശുവിന്റെ കുടുംബാംഗങ്ങളാണ്, അമ്മയും സഹോദരനും സഹോദരിയും പോലെ. അന്ത്യത്താഴവേളയിൽ ഈ സത്യം ഊന്നിപ്പറയുകയുണ്ടായി. "ഞാൻ നിങ്ങളെ സ്നേഹിതന്മാരെന്നു വിളിച്ചു. എന്തെന്നാൽ എന്റെ പിതാവിൽ നിന്നു കേട്ടതെല്ലാം ഞാൻ നിങ്ങളെ അറിയിച്ചു" (യോഹ 15,15). "എന്റെ സഹോദരന്മാർ" എന്നാണ് ഉത്ഥിതനായ നാഥൻ തന്റെ ശിഷ്യന്മാരെ വിളിക്കുന്നത് (യോഹ 20,17).





ഓരോ മനുഷ്യ വ്യക്തിക്കും യേശുവിന്റെ കുടുംബാംഗമാകാം - എനിക്കും നിനക്കും. ഒരേ ഒരു കാര്യമേ അതിനാവശ്യമായുള്ളൂ. അവന്റെ വചനം ശ്രവിക്കുക, അതനുസരിച്ച് ജീവിക്കുക. മനുഷ്യരെ പരസ്പരം അകറ്റുന്ന സകല മതിലുകളും തകർത്തു മാറ്റുന്നതാണ് ഈ ഗുരുമൊഴി. അത് എല്ലാ മനുഷ്യരെയും ഒറ്റ കുടുംബത്തിലെ അംഗങ്ങളും പരസ്പരം ഉത്തരവാദിത്വമുള്ള സഹോദരങ്ങളുമാക്കുന്നു.

U U U U U U

## 32

# എഴുന്നേല്ക്കൂ !

### *ലൂക്കാ 7,14*

"അവളെക്കണ്ട് മനസ്സലിഞ്ഞ കർത്താവ് അവളോടു പറഞ്ഞു: കരയേണ്ടാ! അവൻ മുന്നോട്ടു വന്ന് ശവമഞ്ചത്തിൻമേൽ തൊട്ടു. അതു വഹിച്ചിരുന്നവർ നിന്നു. അപ്പോൾ അവൻ പറഞ്ഞു: യുവാവേ, ഞാൻ നിന്നോടു പറയുന്നു, എഴുന്നേല്ക്കുക. മരിച്ചവൻ ഉടനെ എഴുന്നേറ്റിരുന്നു. അവൻ സംസാരിക്കാൻ തുടങ്ങി. യേശു അവനെ അമ്മയ്ക്ക് ഏല്പിച്ചു കൊടുത്തു" (ലൂക്കാ 7,13-15).

നസ്രത്തിൽനിന്ന് ഏകദേശം എട്ടുകിലോമീറ്റർ തെക്കുകിഴക്കായി സ്ഥിതിചെയ്യുന്ന ഒരു ഗ്രാമമാണ് നായീൻ. "പ്രസന്ന", "സന്തുഷ്ട" എന്നൊക്കെയാണ് ആ പേരിന് അർത്ഥം. എന്നാൽ പേരിനു കടകവിരുദ്ധമായിരുന്നു ആ വിധവയുടെ അവസ്ഥ. ചെറുപ്പത്തിലേ വിധവയായിത്തീർന്ന അവളുടെ എല്ലാമായിരുന്ന ഏകമകനെയും വിധി അപഹരിച്ചു. കദനം കരകവിഞ്ഞൊഴുകുന്ന കണ്ണുകളുമായി അവൾ ജീവച്ഛവത്തെപ്പോലെ മകന്റെ ശവമഞ്ചത്തെ അനുഗമിച്ചു, ശവപ്പറമ്പിലേക്ക്. മകന്റെ കൂടെ താനും സംസ്കരിക്കപ്പെട്ടിരുന്നെങ്കിൽ എന്ന് അവൾ ആശിച്ചുകാണും. പ്രതീക്ഷിക്കാൻ ഒന്നും ബാക്കി വയ്ക്കാതെയല്ലേ ഏകമകനും വിട പറഞ്ഞത്. അപ്പോഴാണ് കേൾക്കുന്നത്: "കരയേണ്ടാ!!"

കേട്ടുമടുത്ത, അർത്ഥശൂന്യമായ, ആശ്വാസവാക്കായേ ആദ്യം അതവൾക്കു തോന്നിയുള്ളൂ. ഭർത്താവു മരിച്ചപ്പോഴും, പിന്നെ ഓരോ നഷ്ടത്തിന്റെയും കഷ്ടത്തിന്റെയും അവസരങ്ങളിലും ആശ്വസിപ്പിക്കാൻ വന്നവരെല്ലാം പറഞ്ഞതാണ് ഈ വാക്ക്. മകന്റെ മരണത്തിനുശേഷം എത്ര തവണ ഇതു കേട്ടു! കണ്ണീരിന്റെ കാരണം കണ്ടുപിടിച്ചു പരിഹരിക്കാൻ കഴിയുന്നവനേ "കരയേണ്ടാ" എന്നുപറയാൻ അവകാശമുള്ളൂ. അപ്പോൾ മാത്രമേ ആ വാക്കുകൾക്ക് അർത്ഥമുള്ളൂ. അതുതന്നെയാണ് ഗുരുനാഥൻ ചെയ്തത്.

അമ്മയുടെ ദുഃഖം ഏറ്റുവാങ്ങി കലങ്ങിയ ഹൃദയത്തോടെ അവൻ ശവമഞ്ചത്തെ തൊട്ടു. ജീവദായകമായ ആ കരസ്പർശം വചനമായി മുഴങ്ങി: "യുവാവേ, എഴുന്നേല്ക്കൂ!" അമ്മയുടെ കണ്ണീർ നിലയ്ക്കണമെങ്കിൽ മകൻ എഴുന്നേല്ക്കണം. എന്നാൽ അവൻ ചേതനയറ്റ്, പ്രതീക്ഷയറ്റ്, പുഴുക്കൾക്ക് ഇരയായിത്തീരാൻ കുഴിയിലേക്ക് നീങ്ങുകയാണല്ലോ.

ശവമഞ്ചത്തിൽ കിടക്കുന്ന ആ യുവാവ് ഒരു പ്രതീകവുമാണ്. പ്രതീക്ഷയറ്റ, ലക്ഷ്യബോധം നഷ്ടപ്പെട്ട, നിരാശയിലാണ്ടുപോകുന്ന മനുഷ്യന്റെ, പ്രത്യേകിച്ചും യുവത്വത്തിന്റെ പ്രതിനിധിയും പ്രതീകവുമാണ് അവൻ. വിധവ





യായ അമ്മയുടെ ഏകമകൻ! കുടുംബത്തിന് താങ്ങും തണലുമാകേണ്ടവൻ, മാതാപിതാക്കൾക്ക് ആശ്രയം, സഹോദരങ്ങൾക്കു സംരക്ഷണം, നാടിനു പ്രത്യാശ നല്കേണ്ടവൻ ചേതനയറ്റ് ശവപ്പെട്ടിയിൽ കിടക്കുന്നു. കമ്പോള-ഉപഭോഗസംസ്കാരം ഉണർത്തിയ ആസക്തികൾക്ക് അടിമയായി, മദ്യത്തിലും മയക്കുമരുന്നിലും മുങ്ങി, പ്രത്യയശാസ്ത്രങ്ങൾ വരച്ചുകാട്ടിയ മായാലോകത്തിന്റെ വിഭ്രാന്തിയിൽപെട്ട്, മത-രാഷ്ട്രീയ-തീവ്രവാദങ്ങളുടെ വിഷം സിരകളിൽ നിറഞ്ഞ് മരവിച്ചുപോയ യൗവനം. തോരാത്ത കണ്ണീരുമായി അനുഗമിക്കുന്ന അമ്മയുടെ കണ്ണീരിന്റെ ഉറവിടം ഉണക്കാൻ അവൻ എഴുന്നേല്ക്കുമോ? ആരാണവനെ ഈ മരണനിദ്രയിൽ നിന്ന്, മരണത്തെക്കാൾ ഭീകരമായ ഈ മരവിപ്പിൽനിന്ന് വിളിച്ചുണർത്തുക!

ഗുരുമൊഴി വിഫലമാകില്ല. അവന്റെ അധരത്തിൽ നിന്നു പുറപ്പെടുന്ന ഒരു വചനം ഫലശൂന്യമായിത്തീരില്ല (ഏശ 55,11). മരിച്ചവൻ എഴുന്നേറ്റിരുന്നു. അവന്റെ ജീവൻ തിരിച്ചുവന്നു എന്നതിന്റെ വ്യക്തമായ തെളിവായിരുന്നു. അവൻ എഴുന്നേറ്റിരുന്നത്. അവൻ സംസാരിക്കാൻ തുടങ്ങി. ഇനി ആർക്കും സംശയം വേണ്ട; അവൻ പൂർണ്ണമായും ജീവൻ പ്രാപിച്ചിരിക്കുന്നു. മകനെ ജീവനുള്ളവനായി, സംസാരിക്കാൻ കഴിവുള്ളവനായി അമ്മയ്ക്കു തിരിച്ചുകൊടുക്കുമ്പോഴാണ് ഗുരുമൊഴി പൂർത്തിയാവുക.

എഴുന്നേല്ക്കുക എന്ന ആഹ്വാനം, അല്ല കല്പന, യേശു അനേകം തവണ ആവർത്തിക്കുന്നതായി സുവിശേഷങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. നാലുപേർ കൂടി കിടക്കയിലെടുത്ത്, വീടിന്റെ മേല്ക്കൂര പൊളിച്ച് താഴെയിറക്കിയ തളർവാതരോഗിയോട് "അവൻ പറഞ്ഞു: എഴുന്നേറ്റ് നിന്റെ കിടക്കയുമെടുത്ത് വീട്ടിലേക്കു പോവുക" (മർക്കോ 2,11). ബേതെസ്ദാ കുളക്കരയിലെ തളർവാതരോഗിയോടും ഇതുതന്നെയാണ് ഗുരു പറഞ്ഞത് (യോഹ 5,8). സിനഗോഗ് അധികാരിയായ ജായിറോസിന്റെ മകളോടു പറഞ്ഞത് ഗുരുവിന്റെ മാതൃഭാഷയായ അരമായയിൽത്തന്നെ മർക്കോസ് രേഖപ്പെടുത്തിയിട്ടുണ്ട്. "*തലീത്താ കും*! ബാലികേ എഴുന്നേല്ക്കൂ" (മർക്കോ 5,41).

ദൈവമക്കൾ പ്രത്യാശയറ്റു തളർന്നുകിടക്കരുത്, ലക്ഷ്യബോധം നഷ്ടപ്പെട്ട് അലയരുത്; ആസക്തികൾക്കടിപ്പെട്ട് നാശത്തിലേക്കു നീങ്ങരുത്. എഴുന്നേല്ക്കണം. "സീയോനെ ഉണർന്നെഴുന്നേല്ക്കുക, ശക്തി സംഭരിക്കുക..... ബന്ധനസ്ഥയായ ജറുസലേമേ പൊടിയിൽ നിന്ന് തട്ടിക്കുടഞ്ഞ് എഴുന്നേൽക്കുക!.....നിന്റെ കഴുത്തിലെ കെട്ടുകൾ പൊട്ടിക്കുക" (ഏശ 52,1-2). പ്രവാചക വചനങ്ങൾക്ക് കൂടുതൽ ആഴവും അർത്ഥവും നല്കുന്നതാണ് യേശുവിന്റെ തിരുമൊഴി. യുവാവേ എഴുന്നേല്ക്കുക. അലസതയും നിരാശയും വെടിയുക. നിന്നെ നിന്റെ അമ്മയ്ക്ക്, നാടിന്, ലോകത്തിന്, ദൈവത്തിന് ആവശ്യമുണ്ട്. എഴുന്നേല്ക്കുക, സംസാരിക്കുക!

എല്ലാം അവസാനിച്ചു എന്നു കരുതിയിടത്തുനിന്നാണ് യേശു തുടങ്ങു

ന്നത്. മറവുചെയ്യാനായി ശവമഞ്ചത്തിൽ കൊണ്ടുപോകുന്നവനെക്കുറിച്ച് പ്രതീക്ഷയ്ക്കു വകയില്ല. പക്ഷേ വഴിയും സത്യവും ജീവനുമായവന്റെ വചനം മരണത്തിനുമപ്പുറത്തും ശക്തമാണ്. ദുർഗന്ധം വമിക്കുമെന്ന് ഉറ്റവർതന്നെ വിധിയെഴുതിയ ലാസറും അവന്റെ വാക്കുകേട്ട് പുറത്തുവന്നു, ജീവനോടെ. അവന്റെ അധികാരത്തിനു പരിധികളില്ല; വചനം ബലഹീനതയറിയുന്നില്ല. ഒരു പുതിയ തുടക്കത്തിലേക്കാണ് യുവാവിനെ ഗുരുമൊഴി വിളിച്ചുണർത്തുന്നത്. അമ്മയ്ക്ക് ഏല്പിച്ചു കൊടുക്കുന്നതിലൂടെ ഇത് വ്യക്തമാക്കുന്നു.

ജീവനിലേക്കു വിളിക്കുന്ന ദൈവം മുന്നോട്ടുപോകാൻ ആഹ്വാനം ചെയ്യുന്നവനാണ്. നാടും വീടും ഉപേക്ഷിച്ച് വാഗ്ദത്തഭൂമിയിലേക്കു യാത്ര ചെയ്യാൻ അബ്രാഹത്തെ വിളിച്ചതുപോലെ; അടിമത്തത്തിന്റെ ഇരുമ്പുചൂളയിൽനിന്ന് സ്വാതന്ത്ര്യത്തിന്റെ ശാദ്വല ഭൂമിയിലേക്കു ജനത്തെ നയിക്കാൻ യുവാവായ മോശയെ വിളിച്ചതുപോലെ, ഗദ്സെമിനിക്കും ഗാഗുൽത്തായ്ക്കും അപ്പുറത്ത്, ഉത്ഥാനത്തിന്റെ മഹത്ത്വത്തിലേക്ക് ശിഷ്യരെ ക്ഷണിച്ചതുപോലെ (യോഹ 14,31) ഗുരുമൊഴി ഒരു ആഹ്വാനമായി ഇന്നും മുഴങ്ങുന്നു: എഴുന്നേല്ക്കുക.

സ്വാതന്ത്ര്യവും സുഖവും തേടിയിറങ്ങിയതായിരുന്നു ആ യുവാവ്. പിതൃഭവനത്തിൽ അവനു വീർപ്പുമുട്ടി. അവകാശങ്ങളെല്ലാം കണക്കുപറഞ്ഞ് പണമായി കൈപ്പറ്റിയ അവൻ വിദേശത്ത് വിലക്കുകളില്ലാത്ത സ്വാതന്ത്ര്യവും പരിധികളില്ലാത്ത സുഖവും ആസ്വദിച്ചു. എല്ലാം തീർന്ന്, വിശപ്പ് കാർന്നുതിന്നാൻ തുടങ്ങിയപ്പോഴാണ് അവനു സുബോധമുണ്ടായത്. ബോധം തെളിഞ്ഞപ്പോൾ അവൻ എടുത്ത തീരുമാനം ഇതായിരുന്നു: "ഞാൻ എഴുന്നേറ്റ് എന്റെ പിതാവിന്റെ അടുത്തേക്കു പോകും" (ലൂക്കാ 15,18). കാത്തിരിക്കുന്ന ഒരു പിതാവുണ്ട് എന്ന അവബോധം ഗുരുനാഥനാണ് നല്കുന്നത്. നിരാശയുടെ ചളിക്കുഴിയിൽ കഴിയേണ്ടവരല്ല ദൈവമക്കൾ. 'ഞാൻ എഴുന്നേറ്റ് എന്റെ പിതാവിന്റെ അടുത്തേക്കു പോകും, എന്ന തീരുമാനം എടുക്കുമ്പോൾത്തന്നെ ജീവിതത്തിൽ മാറ്റം ഉണ്ടാകുന്നു; പ്രത്യാശയുടെ പുതിയ ചക്രവാളങ്ങൾ മനസ്സിൽ തെളിയുന്നു. കിട്ടുന്ന ധർമ്മംകൊണ്ട് ഉപജീവനം കഴിച്ചിരുന്നവനാണ് ജെറീക്കോയിലെ വഴിയോരത്ത് പുറങ്കുപ്പായം വിരിച്ച് ഭിക്ഷ യാചിച്ചിരുന്ന കുരുടൻ ബർതിമേയൂസ്. അവന്റെ നിലവിളി യേശു കേട്ടു. ഗുരുവിന്റെ ക്ഷണം സഹയാത്രികർ അവനെ അറിയിച്ചു. "ധൈര്യമായിരിക്കൂ, എഴുന്നേല്ക്കുക, യേശു നിന്നെ വിളിക്കുന്നു" (മർക്കോ 10,49). ജെറീക്കോയുടെ തെരുവിലും നായീനിന്റെ കവാടത്തിലും മാറ്റൊലിക്കൊണ്ട അതേ ഗുരുമൊഴി ഇന്നു നമ്മുടെ കാതുകളിലും മുഴങ്ങുന്നു. എഴുന്നേല്ക്കൂ! ധൂർത്തപുത്രനെപ്പോലെ, എനിക്കും പറയാനാവുമോ: "ഞാൻ എഴുന്നേറ്റ് എന്റെ പിതാവിന്റെ ഭവനത്തിലേക്കു പോകും!".



# 33 "ഭോഷാ, ഈ രാത്രി.........."

## ലൂക്കാ 12,20

വളരെ ലളിതവും തികച്ചും സ്വാഭാവികവുമായിരുന്നു അയാളുടെ ആവശ്യവും അഭ്യർത്ഥനയും. "ഗുരോ, പിതൃസ്വത്ത് ഞാനുമായി പങ്കുവയ്ക്കാൻ എന്റെ സഹോദരനോട് കല്പിക്കണമേ!" (ലൂക്കാ 12,13). തനിക്ക് അവകാശപ്പെട്ട സ്വത്തുപിടിച്ചുവച്ചിരിക്കുന്ന സഹോദരനെ നീതി പ്രവർത്തിക്കാൻ പ്രേരിപ്പിക്കണം. ഇതു മാത്രമേ അയാൾ ആവശ്യപ്പെടുന്നുള്ളൂ. സമൂഹത്തിൽ അംഗീകാരവും സ്വാധീനവുമുള്ള നേതാക്കന്മാർ ചെയ്യുന്നതും ചെയ്യേണ്ടതുമായ ഒരു നല്ല കാര്യമാണിത്. "റബ്ബി" എന്ന അഭിസംബോധനാ രൂപമാണ് അയാൾ സ്വീകരിച്ചിരിക്കുന്നത്. ഈ അരമായ വാക്ക് ലൂക്കാ സ്ഥിരമായി ഗ്രീക്കിലേക്കു വിവർത്തനം ചെയ്യാറുണ്ട്. "ഗുരു" എന്നാണർത്ഥം" എന്നു നമ്മുടെ അറിവിലേക്കായി യോഹന്നാൻ എടുത്തു പറയുന്നു (യോഹ 1,38). നിയമം പഠിക്കുകയും പഠിപ്പിക്കുകയും അനുസരിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുക നിയമപണ്ഡിതരായ റബ്ബിമാരുടെ കടമയാണ്. തർക്കങ്ങളിൽ തീർപ്പുകല്പിക്കാൻ അവർക്ക് ഉത്തരവാദിത്വമുണ്ട്. ഈ പശ്ചാത്തലത്തിൽ ചോദ്യകർത്താവിന്റെ അഭ്യർത്ഥന മനസ്സിലാക്കാൻ പ്രയാസമില്ല. എന്നാൽ അതിനു ലഭിച്ച മറുപടി തികച്ചും അപ്രതീക്ഷിതമായിരുന്നു.

വിധി പ്രസ്താവിക്കാനും സ്വത്തു വിഭജിക്കാനും താൻ തയ്യാറല്ല എന്നു വ്യക്തമാക്കിയതിനുശേഷം സുപ്രധാനമായ ഒരു പാഠം ഗുരുനാഥൻ അവതരിപ്പിക്കുന്നു. "മനുഷ്യജീവിതം സമ്പത്തുകൊണ്ടല്ല ധന്യമാകുന്നത്" (ലൂക്കാ 12,15). ഈ അടിസ്ഥാന സത്യത്തിന്റെ വെളിച്ചത്തിൽ ചിന്തിക്കുമ്പോൾ സ്വത്തിന്റെ പേരിലുള്ള തർക്കം പോലും അപ്രസക്തമാകുന്നു. മനുഷ്യരെ കലഹത്തിലേക്കും ശത്രുതയിലേക്കും, അതുവഴി നാശത്തിലേക്കും നയിക്കുന്ന വലിയൊരു തിന്മയായി അത്യാഗ്രഹത്തെ എടുത്തുകാട്ടിയതിനുശേഷമാണ് ഈ മഹാവാക്യം ഉച്ചരിച്ചത്. പഠിപ്പിച്ച സത്യം വിശദീകരിക്കാനായി കാർഷികമേഖലയിൽ നിന്ന് സുപരിചിതമായ ഒരു ഉദാഹരണം ഉപമയായി അവതരിപ്പിക്കുന്നു.

അസാധാരണമാംവിധം വലിയ വിളവു ലഭിച്ച ധനികന്റെ ആകുലതകളും പദ്ധതികളും സ്വപ്നങ്ങളുമാണ് ഉപമയിൽ നിറഞ്ഞു നില്ക്കുന്നത്. അറപ്പുരകൾ പൊളിച്ച് കൂടുതൽ വലിയവ പണിത് ധാന്യമെല്ലാം ശേഖരിക്കുന്ന ധനികന്റെ ചിന്തയിൽ ഒരേ ഒരാൾമാത്രം നിറഞ്ഞുനില്ക്കുന്നു: രണ്ടു വാക്യങ്ങളിൽ ഏഴുതവണ ആവർത്തിക്കുന്ന "ഞാൻ". എന്റെ ധാന്യം, എന്റെ അറ

പ്പുര, എന്റെ ഭാവി, എന്റെ സുഖം, എന്റെ ആനന്ദം ഇതുമാത്രമേ ചിന്തയിലേക്കു കടന്നു വരുന്നുള്ളൂ. വിതയ്ക്കാനും കൊയ്യാനും ധാന്യം ശേഖരിക്കാനുമായി അധ്വാനിച്ച തൊഴിലാളികളോ തനിക്കു ചുറ്റുമുള്ള ദരിദ്രരോ ഒന്നും അയാളുടെ പരിഗണനയിലില്ല. തന്റെ സുഖസമൃദ്ധമായ ജീവിതത്തിന് ഒരറുതിയുണ്ടാകുമെന്ന ചിന്തയും കടന്നുവരുന്നില്ല. തന്റെതന്നെ നിർമ്മിതിയായ ധാന്യപ്പുരയെന്ന തടവറയിലാണയാൾ. സ്വാർത്ഥത തീർക്കുന്ന ഏകാന്തത അയാളെ അസ്വസ്ഥനാക്കുന്നില്ല. തനിക്കുള്ളതെല്ലാം, തന്റേതെന്നു കരുതുന്നതെല്ലം, ദാനമായി ലഭിച്ചതാണെന്നോ ഇവയെല്ലാം നല്കുന്ന ഒരു ദൈവമുണ്ടെന്നോ അയാൾ കരുതുന്നില്ല. തന്റെ സമ്പത്ത് അവസാനമില്ലാതെ ആസ്വദിക്കാമെന്ന് വിശ്വസിച്ചിരിക്കുന്ന ഒരു മൂഢസ്വർഗ്ഗത്തിലേക്കാണ് ഒരു വെള്ളടിപോലെ ദൈവവചനം കടന്നുവരുന്നത്.

“എന്നാൽ ദൈവം അവനോടു പറഞ്ഞു: ഭോഷാ ഈ രാത്രി നിന്റെ ആത്മാവിനെ നിന്നിൽ നിന്ന് ആവശ്യപ്പെടും. അപ്പോൾ നീ ഒരുക്കിവച്ചിരിക്കുന്നവ ആരുടേതാകും?” (ലൂക്കാ 12,20). സമ്പാദിക്കാനുള്ള വ്യഗ്രതയിൽ അയാൾ ദൈവത്തെയും മറന്നു. അഥവാ, അതുതന്നെയാണ് സ്വരുക്കൂട്ടി വയ്ക്കുന്ന സമ്പത്തിന്റെ പ്രശ്നം. ധനം ദൈവത്തെ മറക്കാൻ പ്രേരിപ്പിക്കുന്നു. ധനം ദൈവത്തിന്റെ സ്ഥാനത്തു കയറിയിരിക്കുന്നു. അതിനാൽ ധനികൻ നിരീശ്വരനായിത്തീരുന്നു. ഇത് വലിയൊരു ദുരന്തമാണ്. ദൈവത്തെ മറന്ന് ധനത്തിൽ ആശ്രയിക്കുന്നത് ഭോഷത്തമാണ്. ഭോഷൻ എന്ന പദത്തിന് ദൈവത്തെ അറിയാത്തവൻ, ദൈവമില്ലാത്തവൻ, ദൈവത്തെ നിഷേധിക്കുന്നവൻ എന്നൊക്കെയാണ് ബൈബിൾ അർത്ഥം കല്പിക്കുന്നത്. “ഭോഷൻ തന്റെ ഹൃദയത്തിൽ പറയുന്നു: ദൈവമില്ല” (സങ്കീ 14,1; 52,1). ദൈവത്തിന്റെ സ്ഥാനം അപഹരിക്കുന്ന ധനത്തെ യേശു “മാമോൻ” എന്നു വിശേഷിപ്പിച്ചു. “ദൈവത്തെയും മാമോനെയും സേവിക്കാൻ നിങ്ങൾക്കു സാധിക്കുകില്ല” (മത്താ 6,24). മാമോനുപകരം “ധനം” എന്നാണ് ലൂക്കായിൽ (ലൂക്കാ 16,13).

ധനത്തിൽ ആശ്രയിക്കുന്നത് മൗഢ്യമാണ്. കാരണം അതു നിലനില്ക്കുകയില്ല; എപ്പോഴാണ് നഷ്ടപ്പെടുക എന്നു നിശ്ചയിക്കാനുമാവില്ല. “മനുഷ്യൻ സമ്പാദിച്ചുകൂട്ടുന്നു; ആരനുഭവിക്കുമെന്ന് അവൻ അറിയുന്നില്ല” (സങ്കീ 39,6). “തന്നെത്തന്നെ വീണ്ടെടുക്കാനോ സ്വന്തം ജീവന്റെ വില ദൈവത്തിനു കൊടുക്കാനോ ആർക്കും കഴിയുകയില്ല” (സങ്കീ 49,7). “തങ്ങളുടെ സമ്പത്ത് അന്യർക്കായി ഉപേക്ഷിച്ചുപോകും.................. അവൻ മരിക്കുമ്പോൾ ഒന്നും കൂടെ കൊണ്ടുപോകുന്നില്ല” (സങ്കീ 49,12-17). സമ്പത്ത് നിലനില്ക്കുകയില്ല എന്നു മാത്രമല്ലാ, അത് മനുഷ്യനെ ദൈവത്തിൽ നിന്ന് അകറ്റുകയും ചെയ്യുന്നു. അതിനാൽ ദ്രവ്യാഗ്രഹത്തെ വിഗ്രഹാരാധന എന്നാണ് വി.പൗലോസ് വിശേഷിപ്പിക്കുന്നത്. വർജ്ജിക്കേണ്ട തിന്മകളുടെ പട്ടികയിൽ ''വിഗ്രഹാരാധന തന്നെയായ ദ്രവ്യാസക്തിയും” (കൊളോ 3,5) പെടുത്തിയിരിക്കുന്നു.





ദൈവത്തിന്റെ സ്ഥാനത്തു സ്വയം പ്രതിഷ്ഠിച്ച്, മനുഷ്യന്റെ ആരാധന ആവശ്യപ്പെടുന്ന ധനവും ധനത്തോടുള്ള ആസക്തിയുമാണ് മനുഷ്യൻ നേരിടുന്ന എല്ലാ തിന്മകളുടെയും മൂലകാരണം എന്ന് മെത്രാനായ തിമോത്തിയെ അപ്പസ്തോലൻ പ്രത്യേകം അനുസ്മരിപ്പിക്കുന്നു (1 തിമോ 4,6-10). അതുകൊണ്ട് ധനം സ്വരുക്കൂട്ടി സുഖജീവിതം ഉറപ്പാക്കാനുള്ള വ്യർത്ഥ ശ്രമത്തിനുപകരം ദൈവത്തിൽ ആശ്രയിക്കാനും സ്വത്തു പങ്കുവയ്ക്കാനും അപ്പസ്തോലൻ ഉപദേശിക്കുന്നു. “ഈ ലോകത്തിലെ ധനവാന്മാരോട് ഔദ്ധത്യം ഉപേക്ഷിക്കാനും തങ്ങളുടെ പ്രതീക്ഷകൾ അനിശ്ചിതമായ സമ്പത്തിൽ വയ്ക്കാതെ അവയെല്ലാം നമുക്കനുഭവിക്കാൻവേണ്ടി ധാരാളമായി നല്കിയിട്ടുള്ള ദൈവത്തിൽ അർപ്പിക്കാനും നീ ഉദ്ബോധിപ്പിക്കുക. അവർ നന്മ ചെയ്യണം........ഉദാരമതികളും ആയിരിക്കുകയും വേണം” (1 തിമോ 6,17-18). സർവ്വസമ്പത്തിന്റെയും അധിപനായിരുന്നിട്ടും തന്റെ ദാരിദ്ര്യത്താൽ നമ്മെ സമ്പന്നരാക്കാൻ വേണ്ടി സ്വയം ദരിദ്രനായി അവതരിച്ച യേശുവിനെയാണ് അപ്പസ്തോലൻ മാതൃകയായി എടുത്തുകാട്ടുന്നത് (2 കോറി 8,9). ആ മാതൃകയനുസരിച്ച് പങ്കുവയ്ക്കാനും സമൂഹത്തിൽ സമത്വം നിലനിർത്താനും അപ്പസ്തോലൻ ഉപദേശിക്കുന്നു (2 കോറി 8,10-15).

ഈ സന്ദേശം വ്യക്തമായി ഗ്രഹിച്ച ആദിമ ക്രൈസ്തവസമൂഹം തങ്ങളുടെ ജീവിതത്തിലൂടെ അതിനു സാക്ഷ്യം നൽകി. “വിശ്വസിച്ചവർ എല്ലാവരും ഒറ്റ സമൂഹമാവുകയും തങ്ങൾക്കുണ്ടായിരുന്നതെല്ലാം പൊതുവായി കരുതുകയും ചെയ്തു..... ആവശ്യാനുസരണം എല്ലാവർക്കുമായി വീതിച്ചു” (അപ്പ 2,44-45). “ആരും തങ്ങളുടെ വസ്തുവകകൾ സ്വന്തമെന്ന് അവകാശപ്പെട്ടില്ല. എല്ലാം പൊതുവായിരുന്നു...അവരുടെയിടയിൽ ദാരിദ്ര്യമനുഭവിക്കുന്നവർ ആരും ഉണ്ടായിരുന്നില്ല” (അപ്പ 4,32-34). ഇപ്രകാരം ഒരു പങ്കുവയ്ക്കലിലേക്കാണ് ഗുരുമൊഴി ക്ഷണിക്കുന്നത്.

സ്വരുക്കൂട്ടിവയ്ക്കുന്ന സമ്പത്ത് ആർക്കും സുരക്ഷിതത്വം നല്കുകയില്ല എന്നത് ഓരോ വ്യക്തിയും അനുദിനം അനുഭവിച്ചറിയുന്നു. കള്ളനെപ്പോലെ വരുന്ന മരണം ജീവൻ അപഹരിക്കുമ്പോൾ പിന്നെ സമ്പത്തിന് എന്തർത്ഥം, എന്തുപയോഗം എന്നാണ് ഗുരുനാഥൻ ചോദിക്കുന്നത്. ഇതോടൊപ്പം ചേർത്തു വായിക്കേണ്ടതാണ് സാമ്പത്തിക തകർച്ചയേയും വിപണികളിലുണ്ടാകുന്ന നഷ്ടത്തെയും അത് ലോകമാസകലം ഉയർത്തുന്ന ഭയാശങ്കകളെയും കുറിച്ചുള്ള വാർത്തകൾ. ഒറ്റ ദിവസംകൊണ്ട് ഒന്നരലക്ഷം കോടി ഡോളറിന്റെ നഷ്ടമുണ്ടായി എന്ന വാർത്ത സമ്പത്തിന്റെ അനിശ്ചിതത്തിലേക്കുള്ള ചൂണ്ടുപലകയല്ലേ? ഒന്നിലും വിശ്വസിക്കാനാവില്ല, ഒന്നും സുരക്ഷിതത്വം നല്കുകയില്ല എന്ന സന്ദേശമല്ലേ കൂപ്പുകുത്തുന്ന വിപണികളിൽ നിന്നു മുഴങ്ങുന്നത്? ബാങ്കുകൾ തകരുന്നു; നാണ്യത്തിന് വിലയിടിയുന്നു; നിക്ഷേപങ്ങൾക്കു മൂല്യം നഷ്ടപ്പെടുന്നു. ഭൂമിയിലും കെട്ടിടങ്ങളിലും നിക്ഷേപിച്ചവർക്കും മുതൽ പോലും

നഷ്ടമാകുമ്പോൾ പിന്നെ എവിടെയാണ് നിക്ഷേപങ്ങൾ സുരക്ഷിതമായി സൂക്ഷിക്കാൻ കഴിയുക? മൂലധനവും കാർഷികവിളയും ജീവൻപോലും ഇൻഷൂറൻസ് പദ്ധതികൾ വഴി സുരക്ഷിതമാക്കാൻ ശ്രമിക്കുമ്പോൾ ഇൻഷുറൻസ് കമ്പനി ഭീമൻമാർ തന്നെ പാപ്പരായിത്തീരുന്നതിന്റെ വാർത്തകൾ നല്കുന്ന സന്ദേശത്തിൽ സംശയത്തിനു പഴുതില്ല. സ്വരുക്കൂട്ടുന്ന സമ്പത്തിൽ ആശ്രയിക്കുന്നത് ഭോഷത്തമാണ്. പിന്നെ എവിടെയാണ് സുരക്ഷിതമായ അഭയം? ആരിലാണാശ്രയം?

ചർച്ചാവിഷയമായ ഉപമയുടെ അവസാനം ഗുരുനാഥൻ തന്നെ സൂചിപ്പിക്കുന്നുണ്ട് ഉത്തരം: "ഇതുപോലെയാണ് ദൈവസന്നിധിയിൽ സമ്പന്നനാകാതെ തനിക്കുവേണ്ടി സ്വത്തു ശേഖരിച്ചു വയ്ക്കുന്നവനും" (ലൂക്കാ 12,21). ദൈവസന്നിധിയിൽ സമ്പന്നനാകുക എന്നാൽ ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കുക എന്നർത്ഥം. ഇതു വാക്കിൽ ഒതുങ്ങിയാൽപോരാ, പ്രവൃത്തിയിലൂടെ പ്രകടമാകണം. ദൈവപരിപാലനയിൽ ആശ്രയിക്കുന്നവർ തങ്ങളുടെ സമ്പത്ത് ദൈവം ഏല്പിച്ചിരിക്കുന്ന വിഭവമായി കരുതുകയും ആവശ്യക്കാരുമായി പങ്കുവയ്ക്കാൻ തയ്യാറാവുകയും ചെയ്യും, ചെയ്യണം. അങ്ങനെ പഴകിപ്പോകാത്ത പണസഞ്ചികളും സ്വർഗ്ഗത്തിൽ നിക്ഷേപവും കരുതിവയ്ക്കാൻ കഴിയും (ലൂക്കാ 12,33). ദൈവം ജീവൻ തിരിച്ചെടുക്കുമ്പോൾ ഈ സമ്പത്ത് കൂടെയുണ്ടാകും. ധനത്തിൽ ആശ്രയിക്കുന്നത് ഭോഷത്തമാണെങ്കിൽ ദൈവത്തിൽ ആശ്രയിക്കുന്നതാണ് ജ്ഞാനം.

U U U U U U



# 34 സ്നേഹിതരെ സമ്പാദിക്കുവിൻ

***ലൂക്കാ 16,9***

"അധാർമ്മിക സമ്പത്തുകൊണ്ട് നിങ്ങൾക്കായി സ്നേഹിതരെ സമ്പാദിച്ചുകൊള്ളുവിൻ. അതു നിങ്ങളെ കൈവെടിയുമ്പോൾ അവർ നിങ്ങളെ നിത്യകൂടാരങ്ങളിൽ സ്വീകരിക്കും" (ലൂക്കാ 16:9).

അവിശ്വസ്തനായ കാര്യസ്ഥന്റെ കഥ പറഞ്ഞതിനുശേഷം (ലൂക്കാ 16,1-8) ഗുരുനാഥൻ നൽകുന്ന ഒരു പ്രായോഗിക നിർദ്ദേശമാണ് പഠന വിഷയം. കഥയുടെ കാര്യത്തിലെന്നതുപോലെ ഈ ഉപദേശത്തിലും മനസ്സിലാക്കാനും സ്വീകരിക്കാനും പ്രയാസമുള്ള ചില വശങ്ങളുണ്ട്.

യജമാനന്റെ സ്വത്ത് ധൂർത്തടിച്ചതിന്റെ പേരിൽ ജോലി നഷ്ടപ്പെടും എന്ന് തീർച്ചയാക്കിയ കാര്യസ്ഥൻ കണക്കിൽ കാട്ടിയ കൃത്രിമങ്ങളാണ് കഥയുടെ ഉള്ളടക്കം. കടപ്പത്രം തിരുത്തിയെഴുതി കടക്കാരെ സഹായിക്കുകയും അവരുടെ സൗഹൃദം സമ്പാദിക്കുന്നതിലൂടെ തന്റെ ഭാവി ഉറപ്പുവരുത്തുകയും ചെയ്ത കാര്യസ്ഥൻ പ്രശംസിക്കപ്പെടുന്നത് മനസ്സിലാക്കാൻ ഏറെ വിഷമമുണ്ട്. കള്ളക്കണക്കിനും വഞ്ചനയ്ക്കും കൂട്ടുനില്ക്കുകയും അതിനു പ്രോത്സാഹിപ്പിക്കുകയുമല്ലേ ഈ കഥയിലൂടെ ചെയ്യുന്നത്? അധാർമ്മിക സമ്പത്തുകൊണ്ട് സുഹൃത്തുക്കളെ നേടാനുള്ള ഉപദേശവും അതുപോലെ തന്നെ തെറ്റിദ്ധാരണയ്ക്കു വഴിതെളിക്കില്ലേ? എന്തുകൊണ്ടാണ് അധാർമ്മിക സമ്പത്ത് എന്ന് വിശേഷിപ്പിക്കുന്നത്? വിശദീകരണം ആവശ്യമാണ്.

സമ്പത്തിന്റെ ഉപയോഗത്തെക്കുറിച്ചാണ് ലൂക്കായുടെ സുവിശേഷം പതിനാറാം അധ്യായം മുഴുവൻ പ്രതിപാദിക്കുന്നത്. കാര്യസ്ഥന്റെ കഥ ഒരു ഉപമയാണെന്ന കാര്യം മറക്കാനാവില്ല. കേൾവിക്കാർക്ക് മനസ്സിലാക്കാവുന്ന, അനുദിനജീവിതത്തിൽ നിന്ന് അടർത്തിയെടുത്ത ഉദാഹരണങ്ങളാണ് ഉപമകൾ. ഉപമയ്ക്ക് ഒരു മുഖ്യസന്ദേശമേ ഉണ്ടാകൂ. ദൈവിക യാഥാർത്ഥ്യത്തെ വിശദീകരിക്കാൻ അഥവാ, ദൈവരാജ്യത്തിന്റെ ഏതെങ്കിലും ഒരു പ്രത്യേക മാനം വ്യക്തമാക്കാൻ വേണ്ടിയാണ് യേശു ഉപമകൾ പറഞ്ഞത്. അതിനാൽ ഉപമയിലൂടെ വിശദീകരിക്കുന്ന മുഖ്യ ആശയം എന്താണെന്ന് അന്വേഷിക്കണം. വിശദാംശങ്ങളിൽ തങ്ങി ഓരോന്നിനും പ്രത്യേകം പ്രത്യേകം അർത്ഥം തേടിയാൽ മുഖ്യസന്ദേശം നഷ്ടമാകും.

കാര്യസ്ഥന്റെ കഥയും ദൈവരാജ്യവും തമ്മിലുള്ള ബന്ധം എന്താണ്? യജമാനൻ കണക്കു ചോദിക്കുന്നതിലൂടെ നിർണ്ണായകമായൊരു പ്രതിസന്ധിയെ നേരിടുകയാണ് കാര്യസ്ഥൻ. ജോലി നഷ്ടപ്പെടാൻ പോകുന്നു; ജീവിക്കാൻ വേറെ മാർഗ്ഗമില്ല. അതീവ ജാഗ്രതയോടെയും വിവേകത്തോടെയും തീരുമാനമെടുക്കേണ്ട അവസരമാണിത്. ഇതാണ് കഥയുടെ മർമ്മം. ഇതുതന്നെയാണ് ദൈവരാജ്യവുമായുള്ള ബന്ധവും. യേശുവിന്റെ വരവോടെ ദൈവരാജ്യം ഇവിടെ വന്നു കഴിഞ്ഞു. ഓരോ വ്യക്തിയും തീരുമാനമെടുക്കാൻ നിർബ്ബന്ധിതനായിരിക്കുന്നു. യേശുവിനുമുമ്പിൽ എടുക്കുന്ന തീരുമാനം ജീവൽപ്രധാനമായിരിക്കും.

തീരുമാനമെടുക്കുന്നതിൽ കാര്യസ്ഥൻ കാട്ടിയ വിവേകമാണ് യജമാനന്റെ പ്രശംസയ്ക്ക് അർഹമാകുന്നത്. ആ വിവേകമാണ് ദൈവരാജ്യം സ്വീകരിക്കാൻ ആഗ്രഹിക്കുന്നവർ അനുകരിക്കേണ്ടത്. അയാൾ യജമാനന്റെ സ്വത്ത് വീണ്ടും ധൂർത്തടിച്ചുകൊണ്ടാണ് തന്റെ ഭാവി സുരക്ഷിതമാക്കുന്നത് എന്നു തോന്നാം. അയാളുടെ പ്രവൃത്തിയെ ധാർമ്മികമായി വിലയിരുത്തുകയല്ല, സാഹചര്യത്തിന്റെ ഗൗരവം മനസ്സിലാക്കി വിവേകപൂർവ്വം തീരുമാനമെടുത്തതിനെ പ്രശംസിക്കുകയാണ് യേശു ചെയ്യുന്നത്.

യജമാനന്റെ സ്വത്ത് വീണ്ടും ധൂർത്തടിക്കുന്നു എന്ന തോന്നൽ ശരിയാകണമെന്നില്ല. കടമായി വാങ്ങുന്ന തുകയല്ല, പലിശയടക്കം തിരിച്ചുകൊടുക്കാനുള്ള തുകയാണ് കടപ്പത്രത്തിൽ എഴുതുക, തൊണ്ണൂറു രൂപാ കടം വാങ്ങുന്നയാൾ നൂറ് രൂപ തിരിച്ചു കൊടുക്കാമെന്ന് സമ്മതിക്കുന്നതുപോലെ. ഈ പതിവനുസരിച്ച് കാര്യസ്ഥൻ കടപ്പത്രം തിരുത്തുന്നതിലൂടെ യജമാനന് നഷ്ടമാകുന്നത് പലിശ മാത്രമാണ്. മുതൽകൂടി നഷ്ടപ്പെടാൻ സാധ്യതയുണ്ടായിരുന്നിടത്ത് പലിശ മാത്രം എഴുതിത്തള്ളിയതിനാൽ കാര്യസ്ഥൻ യജമാനനും കടക്കാർക്കും ഒരുപോലെ സ്വീകാര്യനായി. ഇതായിരിക്കുകയില്ലേ പ്രശംസയുടെ പ്രധാന കാരണം?

ഈ ഉദാഹരണത്തിലൂടെ യേശു നല്കുന്ന പ്രായോഗിക നിർദ്ദേശമാണ് ചർച്ചാവിഷയം. വിധിയാളനായ ദൈവത്തിന്റെ മുമ്പിൽ ഓരോരുത്തരും കണക്കുകൊടുക്കാൻ കടപ്പെട്ടിരിക്കുന്നു. വിധിയുടെ ദിനത്തിൽ ആരാണ് സഹായത്തിനുണ്ടാവുക? സമ്പത്ത് വിവേകപൂർവ്വം ദാനം ചെയ്തു സമ്പാദിക്കുന്ന സുഹൃത്തുക്കൾ മാത്രം. ഇത് കോഴ കൊടുത്ത് ദൈവരാജ്യം കരസ്ഥമാക്കാനുള്ള ഉപദേശമല്ല. ലഭിച്ചിരിക്കുന്ന സമ്പത്ത് ഇല്ലാത്തവരുമായി പങ്കുവെക്കാനുള്ള നിർദ്ദേശമാണ്. അന്തിമവിധിയുടെ മാനദണ്ഡമായി യേശു എടുത്തുകാട്ടിയതും പങ്കുവെക്കുന്ന ഈ സ്നേഹം മാത്രമാണല്ലോ. "എനിക്കു വിശന്നു, നിങ്ങൾ എനിക്ക് ആഹാരം തന്നു'' (മത്താ 25,35). ഇപ്രകാരം





വിവേകമില്ലാതെ പോയ ഒരു ധനികന്റെ കഥയാണ് യേശു തുടർന്ന് പറയുന്നത് (ലൂക്കാ 16,19-31). പടിവാതിൽക്കൽ പട്ടിണി കിടന്നവനെ കാണാതെ വിരുന്നാസ്വദിച്ചതാണ് വിവേകശൂന്യത.

"അധാർമ്മികസമ്പത്ത്" എന്ന വിശേഷണവും ശ്രദ്ധേയമത്രേ. സമ്പത്ത് അതിൽത്തന്നെ അധാർമ്മികം എന്നു പറയാനാവില്ല. അതു സമ്പാദിക്കുന്ന വിധം അധാർമ്മികമാകാം; അർഹിക്കുന്നവർക്കു കൊടുക്കാതെ സ്വന്തമായി സൂക്ഷിക്കുന്നതും അധാർമ്മികമാകാം. അതുകൊണ്ട് യേശു നൽകുന്ന നിർദ്ദേശമിതാണ്: ആവശ്യം ഉള്ളവരുമായി സമ്പത്തു പങ്കുവെയ്ക്കുന്നതിലൂടെ മാത്രമേ ഭാവി ഭദ്രമാകൂ; നിത്യജീവിതം സാധ്യമാകൂ. സമ്പത്തുപേക്ഷിച്ചു പോകേണ്ട സമയം വരുമെന്നും നിത്യകൂടാരങ്ങളിൽ അഭയം പ്രാപിക്കാൻ ഇപ്പോൾ ചെയ്യുന്ന ദാനധർമ്മങ്ങളേ സഹായിക്കൂ എന്നും ഈ ഗുരുമൊഴി അനുസ്മരിപ്പിക്കുന്നു.

U U U U U U

# 35 മകനേ ഓർമ്മിക്കുക

## ലൂക്കാ 16,25

സമ്പത്തിനെക്കുറിച്ചുള്ള യേശുവിന്റെ പ്രബോധനം ലൂക്കായുടെ സുവിശേഷത്തിൽ മുഖ്യമായും 12,16 അധ്യായങ്ങളിലാണ് അവതരിപ്പിച്ചിരിക്കുന്നത്. ദൈവപരിപാലനയിൽ ആശ്രയിക്കേണ്ടതിന്റെ ആവശ്യകതയും അതിനുപകരം സമ്പത്തിൽ ആശ്രയിക്കുന്നതിന്റെ ഭോഷത്വവും 12-ാം അധ്യായത്തിൽ ചർച്ച ചെയ്യുമ്പോൾ, സമ്പത്ത് എപ്രകാരം ഉപയോഗിക്കണം എന്ന് 16-ാം അധ്യായത്തിൽ പഠിപ്പിക്കുന്നു. ആസന്നമായിരിക്കുന്ന പ്രതിസന്ധിയെ മുന്നിൽ കണ്ട് വിവേകപൂർവ്വം പ്രവർത്തിച്ച കാര്യസ്ഥന്റെ ഉപമയ്ക്കുപിന്നാലെ (ലൂക്കാ 16,1-13) ഇപ്രകാരമൊരു വിവേകമില്ലാതെപോയ ധനികനു സംഭവിച്ച ദുരന്തം വിവരിക്കുന്ന രണ്ടാമതൊരുപമകൂടി അവതരിപ്പിച്ചുകൊണ്ട് സമ്പത്തിന്റെ ഉപയോഗത്തെക്കുറിച്ച് വ്യക്തമായ ഒരു പ്രബോധനം നല്കുന്നു.

വിശ്വ സാഹിത്യത്തിന്റെ മുൻനിരയിൽ സ്ഥിരപ്രതിഷ്ഠ നേടിയ സൃഷ്ടിയാണ് ധനവാന്റെയും ലാസറിന്റെയും ഉപമ (ലൂക്കാ 16,19-31). ഇതൊരു ചരിത്രസംഭവമായി കരുതി, അക്ഷരാർത്ഥത്തിൽ വ്യാഖ്യാനിക്കാൻ ശ്രമിച്ചാൽ യേശു പഠിപ്പിച്ചതും സുവിശേഷകൻ ഉദ്ദേശിച്ചതുമായ ലക്ഷ്യം ഗ്രഹിക്കാൻ കഴിയാതെപോകും. അബ്രാഹത്തിന്റെ മടി, നരകം, ഇവ തമ്മിലുള്ള ബന്ധം, അകലം, ഓരോന്നിന്റെയും പ്രത്യേകതകൾ, രണ്ടു സ്ഥലത്തും വസിക്കുന്നവർ തമ്മിലുള്ള സംഭാഷണ സാധ്യത എന്നിങ്ങനെയുള്ള വിശദാംശങ്ങളൊന്നുമല്ല ഉപമയുടെ പ്രമേയം. മറ്റേത് ഉപമയുമെന്നപോലെ ഇതും കേന്ദ്രവത്തായ ഒരേയൊരു സത്യമാണ് അവതരിപ്പിക്കുന്നത്. ഭൗതികസമ്പത്ത് എപ്രകാരം ഉപയോഗിക്കണം എന്നു പഠിപ്പിക്കാൻ വേണ്ടി അനുദിന ജീവിതാനുഭവത്തിൽനിന്ന് അടർത്തിയെടുത്ത ഒരുദാഹരണം, പ്രപഞ്ചത്തെയും മരണാനന്തര ജീവിതത്തെയും സംബന്ധിച്ച് അന്നു നിലവിലിരുന്ന സങ്കല്പങ്ങളുടെ വെളിച്ചത്തിൽ, ആലങ്കാരികമായി അവതരിപ്പിക്കുന്ന ഒരു ഉപമയാണിത്. ഇവിടെ പ്രത്യക്ഷപ്പെടുന്ന കഥാപാത്രങ്ങൾ ചരിത്ര പുരുഷന്മാർ എന്നതിനേക്കാൾ, ഏതുകാലത്തും ഏതു സമൂഹത്തിലും കണ്ടുമുട്ടാവുന്ന വ്യക്തികളുടെ പ്രതിനിധികളും പ്രതീകങ്ങളുമാണ്.

യാതൊരു മുഖവുരയും കൂടാതെ അവതരിപ്പിച്ചിരിക്കുന്നതിനാൽ ഉപമ ഏതു സാഹചര്യത്തിൽ, ആരോട് പറഞ്ഞു എന്നതു പ്രസക്തമല്ല. സാർവ്വത്രിക സാധുതയുള്ള ഒരു സത്യം ഇവിടെ ആവിഷ്കരിക്കുന്നു എന്നു കരുതണം. മൂന്നു പ്രധാന കഥാപാത്രങ്ങളുണ്ട്. അതിൽ രണ്ടുപേർക്ക് പേരുണ്ട്. ഒരാൾക്കു വിശേഷണമേയുള്ളു. രണ്ടുപേർ സംസാരിക്കുന്നു. ഒരാൾ നിശ്ശബ്ദനാണ്. മരണത്തിനു മുമ്പും മരണാനന്തരവുമുള്ള ജീവിതത്തെക്കുറിച്ച് പ്രതിപാദിച്ചുകൊണ്ട് ഉചിതമായ തീരുമാനമെടുക്കാൻ ശ്രോതാക്കളെ പ്രേരിപ്പിക്കുകയാണ് ഉപമയുടെ ലക്ഷ്യം.





"ഒരു ധനവാൻ ഉണ്ടായിരുന്നു" എന്നു തുടക്കം തന്നെ കഥയുടെ കേന്ദ്രത്തിലേക്കു ശ്രദ്ധ ക്ഷണിക്കുന്നു. അയാൾക്കു പേരില്ല. "ധനികൻ" എന്ന വിശേഷണമാണ് അയാളുടെ വ്യക്തിത്വത്തിന്റെ നിർവ്വചനം. മോടിയായ വസ്ത്രവും സമൃദ്ധമായ ഭക്ഷണവും വിരാമമില്ലാത്ത ആഘോഷാനന്ദവും അയാളുടെ ജീവിതത്തിന്റെ പ്രത്യേകതകളാണ്. ഇതിൽ ഏതെങ്കിലും തെറ്റോ പാപമോ ആണെന്ന സൂചനപോലും കഥയിലില്ല സമൃദ്ധിയുടേതും സന്തോഷത്തിന്റേതുമായ ഈ ചിത്രം ബീഭത്സമാകുന്നത് അതിനെതിരേ നില്ക്കുന്ന മറ്റൊരു ചിത്രത്തിന്റെ വെളിച്ചത്തിലാണ്.

ധനവാന്റെ പടിവാതില്ക്കൽ വ്രണം നിറഞ്ഞ ശരീരവുമായി പട്ടിണി കിടക്കുന്ന ലാസർ ധനവാന്റെമേൽ പാപത്തിന്റെ കരിനിഴൽ വീഴ്ത്തുന്നു. ദരിദ്രന് പേരുണ്ട്. എല്ലാവിധത്തിലും ധനികന്റേതിനുവിരുദ്ധമാണ് അയാളുടെ ചിത്രം. "ലാസർ" എന്ന പേര് "ഏലിയേസർ" എന്ന ഹീബ്രുവിന്റെ ചുരുക്കെഴുത്താണ്. "എന്റെ ദൈവം സഹായകൻ", "ദൈവസഹായം" എന്നൊക്കെയാണ് പേരിനർത്ഥം. ദൈവം മാത്രമല്ലാതെ മറ്റാരും സഹായത്തിനില്ലാത്തവൻ, ദൈവത്തിൽ മാത്രം അഭയം കണ്ടെത്തുന്നവൻ എന്ന് ദരിദ്രനെ നിർവ്വചിക്കുന്നു. പട്ടിണിയും വ്രണങ്ങളുമാണ് അയാളുടെ സമ്പത്ത്. നായ്ക്കൾ വന്നു വ്രണങ്ങൾ നക്കുന്നത് ദൈന്യതയുടെ പാരമ്യത്തെ സൂചിപ്പിക്കുന്നു.

ധനവാന്റെ പടിവാതില്ക്കൽ അയാൾ കിടക്കുന്നത് കഥയുടെ നാടകീയത വർദ്ധിപ്പിക്കുന്നു. മേശയിൽ നിന്നു വീഴുന്ന ഉച്ഛിഷ്ടം എന്നതിന് പ്രത്യേക അർത്ഥമുണ്ട്. അനേകം വിഭവങ്ങൾ വിളമ്പുന്ന വിരുന്നിനിടയിൽ കൈവിരലുകൾ തുടച്ചുവൃത്തിയാക്കാനായി അപ്പക്കഷ്ണങ്ങൾ ഉപയോഗിക്കും. ചാറുപുരണ്ട ആ കഷ്ണങ്ങൾ പുറത്തേക്കു വലിച്ചെറിയുകയോ മേശയുടെ താഴേക്ക് ഇടുകയോ ചെയ്യും. നായ്ക്കൾ അവ ഭക്ഷിക്കും. ഇങ്ങനെ ധനികർ ഉപയോഗിച്ചു വൃത്തികേടാക്കി വലിച്ചെറിയുന്ന ഉച്ചിഷ്ടമെങ്കിലും തിന്നു വിശപ്പടക്കാം എന്നു കരുതി കാത്തു കിടക്കുന്ന ദരിദ്രനെയാണ്, തനിക്കു കിട്ടുമെന്ന പ്രതീക്ഷിച്ച അപ്പക്കഷ്ണം അകത്താക്കിയ നായ്ക്കൾ വന്നു നക്കുന്നത്.

ധനികനും ദരിദ്രനും തമ്മിലുള്ള അന്തരവും വൈരുധ്യവും ഏതാനും വാക്കുകളിൽ ഭയാനകമായ വ്യക്തതയോടെ വരച്ചു കാട്ടിയതിനുശേഷം മരണം വഴി ഈ അവസ്ഥയ്ക്കുണ്ടാകുന്ന വ്യതിയാനത്തിലേക്ക് യേശു ശ്രദ്ധ ക്ഷണിക്കുന്നു. ദരിദ്രനായ ലാസർ മരണാനന്തരം ആശ്വാസവും സമൃദ്ധിയും കണ്ടെത്തുന്നു. "അബ്രാഹത്തിന്റെ മടി" എന്നത് സ്വർഗ്ഗഭാഗ്യത്തിന്റെ ഒരു മുന്നാസ്വാദനമാണ്. വിരുന്നുശാലയിൽ ചാരിക്കിടന്നു ഭക്ഷിക്കുന്നതിന്റെ പശ്ചാത്തലത്തിൽ

വേണം ഈ ചിത്രം മനസ്സിലാക്കാൻ, അന്ത്യഅത്താഴവേളയിൽ പ്രിയശിഷ്യൻ യേശുവിന്റെ വക്ഷസിൽ ചാരിക്കിടന്നതുപോലെ (യോഹ 13,23). പിതാക്കന്മാരുടെ കല്ലറയിൽ സംസ്കരിക്കപ്പെടുന്നത് ഈ പ്രതീകത്തിനു പശ്ചാത്തലമൊരുക്കുന്നു. തലമുറകൾ ഒരുമിച്ച് പുനരുത്ഥാനം പ്രതീക്ഷിച്ച് കഴിയുന്നു എന്ന സൂചനയും ഈ ചിത്രത്തിലുണ്ട്. പട്ടിണി കിടന്നു മരിച്ചവൻ സമൃദ്ധമായ വിരുന്നിൽ പങ്കുചേരുന്നു. ദൈവരാജ്യത്തെ മഹാവിരുന്നായി ചിത്രീകരിക്കുന്ന യേശുവിന്റെ ഉപമകളുടെ കൂട്ടത്തിൽ ഇതും ഉൾപ്പെടും.

സമൃദ്ധമായി ഭക്ഷിച്ചിരുന്ന ധനികന് മരണശേഷം ലഭിക്കുന്നത് നരകാഗ്നിയാണ്. "പാതാളം" എന്നു സാധാരണ വിവർത്തനം ചെയ്യാറുള്ള "ഹാദെസ്" എന്ന ഗ്രീക്കു വാക്കാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. "ഷെയോൽ" എന്ന ഹീബ്രു വാക്കിന്റെ വിവർത്തനമാണിത്. പാതാളത്തെക്കുറിച്ച് പുതിയനിയമകാലത്തു നിലവിലിരുന്ന വിശ്വാസത്തിന്റെ വെളിച്ചത്തിൽ മരണാനന്തര ജീവിതത്തെക്കുറിച്ച് പഠിപ്പിക്കുമ്പോൾ, രണ്ടു വ്യത്യസ്ത സാധ്യതകൾ അവതരിപ്പിക്കുന്നുണ്ട്. മരിച്ചവരുടെ പുനരുത്ഥാനം ലോകാവസാനത്തിലാണ് സംഭവിക്കുക. എന്നാൽ അതുവരെ മരിച്ചവരെല്ലാം നിത്യനിദ്രയിൽ കഴിയുകയല്ല. ഒന്നുകിൽ അവർ സന്തോഷവും ആശ്വാസവും അനുഭവിക്കുന്നു. അല്ലെങ്കിൽ പീഡനത്തിനും സഹനത്തിനും ഇരയാകുന്നു. മരണത്തോടെ ഓരോ വ്യക്തിയുടെയും വിധി നിത്യമായി നിർണ്ണയിക്കപ്പെടുന്നുവെന്നും അന്തിമവിധിയെന്നത് ഈ വ്യക്തിപരമായ വിധിയുടെ പൊതുവായ സ്ഥിരീകരണം മാത്രമാണെന്നും സഭ പഠിപ്പിക്കുന്നതിന് ഈ ഉപമയും അടിസ്ഥാനമായി നില്ക്കുന്നു.

ശുദ്ധീകരണ സ്ഥലത്തെക്കുറിച്ചുള്ള പ്രബോധനം സാവധാനമാണ് വ്യക്തത കൈവരിച്ചത്. മരിച്ചവർക്കും പാപമോചനം ലഭിക്കുമെന്നും അവർക്കുവേണ്ടി പ്രാർത്ഥനകളും ബലികളും അർപ്പിക്കുന്നത് അർത്ഥവത്താണെന്നും പഠിപ്പിക്കുന്ന 2 മക്കാ 12,42-45 ൽ ഈ പഠനത്തിന്റെ തുടക്കം കാണാം. മരണശേഷം ലഭിക്കുന്ന ലഘുവായ ശിക്ഷ (ലൂക്കാ 12,47-48), വ്യർത്ഥവാക്കിനു പോലും ലഭിക്കുന്ന ശിക്ഷ (മത്താ 12,36), "അഗ്നിയിലൂടെയെന്നവണ്ണം രക്ഷ പ്രാപിക്കും' (1 കോറി 3,14-15) എന്ന പ്രബോധനം മുതലായവ ശുദ്ധീകരണ സ്ഥലവും നരകവും തമ്മിലുള്ള വ്യത്യാസത്തിലേക്കു ശ്രദ്ധ ക്ഷണിക്കുന്നു.

മറികടക്കാനാവാത്ത ഗർത്തത്തെക്കുറിച്ചുള്ള അബ്രാഹത്തിന്റെ പരാമർശം ധനികൻ അനുഭവിക്കുന്ന ശിക്ഷയ്ക്ക് അവസാനമില്ല എന്നും സൂചിപ്പിക്കുന്നു. പാതാളത്തിന്റെയും നരകത്തിന്റെയും ഘടനയല്ല, ജീവിതകാലത്ത് ദരിദ്രനെ അവഗണിച്ച് സമ്പത്തു ധൂർത്തടിക്കുന്നവർ മരണശേഷം നിത്യശിക്ഷയനുഭവിക്കേണ്ടിവരും എന്ന താക്കീതാണ് ഈ ഉപമയുടെ കേന്ദ്രം. ലാസറിനെ അയച്ച് ദാഹം ശമിപ്പിക്കണം, സഹോദരന്മാർക്കു മുന്നറിയിപ്പു നല്കണം എന്നൊക്കെ അപേക്ഷിക്കുന്ന ധനികനെ "മകനേ" എന്നു വിളിച്ചുകൊണ്ട് പിതാവായ അബ്രാഹം നല്കുന്ന ഉപദേശത്തിൽ ഈ പ്രധാനാശയം വ്യക്തമാ





കുന്നു.

"മകനേ, നീ ഓർമ്മിക്കണം" എന്ന താക്കീത് എന്നത്തേക്കാൾ കൂടുതൽ ഇന്നു പ്രസക്തമായിരിക്കുന്നു. സമ്പത്ത് ചുരുക്കം വ്യക്തികൾ കയ്യടക്കുകയും ബഹുഭൂരിഭാഗം ജനങ്ങളും ദാരിദ്ര്യത്തിലും പട്ടിണിയിലും ആഴ്ന്നുപോവുകയും ചെയ്യുമ്പോൾ ഓരോ ധൂർത്തും നിത്യശിക്ഷ വിളിച്ചുവരുത്തുന്ന മാരകപാപമാണെന്ന പഠനം കൂടുതൽ ഉച്ചത്തിൽ പ്രഘോഷിക്കേണ്ടിയിരിക്കുന്നു. എച്ചിൽ കൂനയിൽ ആഹാരത്തിനുവേണ്ടി നായ്ക്കളുമായി മല്ലടിക്കുന്നവരുടെ ചിത്രം നമ്മുടെ തെരുവുകളിൽ ഇന്നും വിരളമല്ല. അമിതാഹാരംമൂലം ശരീരഭാരം താങ്ങാനാവാതെ മെലിച്ചിൽ ചികിത്സ തേടുന്നവരുടെ എണ്ണം വർദ്ധിക്കുമ്പോൾ അതിനേക്കാൾ കൂടുതൽ പട്ടിണിമരണവും വർദ്ധിക്കുന്നു.

ധൂർത്തിനെതിരേയുള്ള യേശുനാഥന്റെ ഏറ്റം ശക്തമായ താക്കീതാണ് ഈ ഉപമ. അബ്രാഹത്തിന്റെ നാവിൽ വച്ചുകൊടുക്കുന്ന വാക്കുകൾ യേശുവിന്റേതു തന്നെ. സഭയുടെ പ്രബോധനാധികാരം എന്നും ധൂർത്തിനെതിരേ വിശ്വാസികളെ ഉദ്ബോധിപ്പിക്കുകയും പങ്കുവയ്ക്കാൻ പ്രേരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ധനവാനും ലാസറും ഒരേ മേശയ്ക്കിരുന്നു ഭക്ഷിക്കുന്ന സംവിധാനം ദൈവരാജ്യത്തിന്റെ അടയാളമായി സഭാപിതാക്കന്മാരും മാർപ്പാപ്പാമാരും എടുത്തുകാട്ടുന്നു. പെട്ടിയിലിരുന്നു പഴകിപ്പോകുന്ന വസ്ത്രവും ചട്ടിയിൽ വളിച്ചുപോകുന്ന ആഹാരവും കുട്ടയിൽ പൂത്തുപോകുന്ന അപ്പവുമെല്ലാം വിശക്കുന്നവന് അവകാശപ്പെട്ടതാണെന്ന പാഠം ഓർമ്മിക്കണം.

അയല്ക്കാർ പട്ടിണി കിടക്കുമ്പോൾ അവരെ പങ്കുചേർക്കാതെ വിരുന്നുണ്ണുന്നത് നിത്യശിക്ഷ വിളിച്ചു വരുത്തുന്ന പാപമാണെന്ന് ഇനിയും എന്നാണു നാം തിരിച്ചറിയുക! നമ്മുടെ പെരുന്നാളുകളും വിവാഹങ്ങളും അനുസ്മരണങ്ങളും, അതു "ജൂബിലി" എന്ന വിശുദ്ധനാമത്തിലായാലും, പൂർവ്വാധികം ആഡംബരപൂർവ്വം ആഘോഷിക്കുമ്പോൾ ഗുരുമൊഴിയുടെ അർത്ഥം മറന്നുപോകുന്നു. ധൂർത്തുപാടില്ല എന്നു പഠിപ്പിക്കുന്നവർ തന്നെ വലിയ ധൂർത്തിനു മാതൃകകളാകുമ്പോൾ, "മകനേ, ഓർക്കുക" എന്ന ഗുരുമൊഴി കാതിൽ മുഴങ്ങണം. ഇപ്പോൾ ഓർമ്മിച്ചില്ലെങ്കിൽ നാളെ വിലപിക്കുന്നത് കേൾക്കാൻ ആരുമുണ്ടാകില്ല; പീഡനത്തിന് അറുതിയോ ശമനമോ ഉണ്ടാവുകയുമില്ല.

U U U U U U

# 36 ഇറങ്ങിവരൂ !

## *ലൂക്കാ 19,5*

“അവിടെ എത്തിയപ്പോൾ അവൻ മുകളിലേക്ക് നോക്കി പറഞ്ഞു: സക്കേവൂസ്, വേഗം ഇറങ്ങിവരിക. ഇന്ന് എനിക്ക് നിന്റെ വീട്ടിൽ താമസിക്കേണ്ടിയിരിക്കുന്നു” (ലൂക്കാ 19,5).

ജറീക്കോ പട്ടണത്തിലെ ഒരു ധനികനായിരുന്നു സക്കേവൂസ്. റോമാക്കാർക്കുവേണ്ടി നികുതി പിരിക്കുന്നതിലൂടെയാണ് അയാൾ സ്വത്തു സമ്പാദിച്ചത്. സമ്പന്നനെങ്കിലും സമൂഹത്തിൽ അയാൾക്ക് മാന്യതയില്ലായിരുന്നു. വിദേശമേൽക്കോയ്മയായ റോമാക്കാരുടെ ഉദ്യോഗസ്ഥൻ എന്നതിനാൽത്തന്നെ നാട്ടുകാർ അയാളെ വെറുത്തു. അന്യായമായ നികുതി ഈടാക്കിയിരുന്നതിനാൽ വെറുപ്പ് കൂടുതൽ കഠിനമായി. ചെയ്തു കൂട്ടിയ അനീതിയുടെ കുറ്റബോധം അയാളുടെ മനസ്സിനെ വേട്ടയാടിയിരുന്നു. അതിനാൽത്തന്നെ മനസ്സിൽ സ്വസ്ഥത ഉണ്ടായിരുന്നില്ല. സമ്പാദിച്ച സ്വത്തൊന്നും യഥാർത്ഥ സന്തോഷമോ മനഃസമാധാനമോ നല്കിയില്ല.

സമ്പത്തിന്റെ തടവറയിൽ നീറുന്ന മനസ്സുമായി കഴിയുമ്പോഴാണ് യേശു ജറീക്കോയിലേക്ക് വരുന്നതായി സക്കേവൂസ് കേട്ടത്. പലസ്തീനായിലും അയൽരാജ്യങ്ങളിൽപ്പോലും സുപ്രസിദ്ധനായ ആ യുവപ്രവാചകനെ ഒരു നോക്കു കാണാൻ ഒരാഗ്രഹം അയാളുടെ ഉള്ളിൽ മുളപൊട്ടി. ആൾക്കൂട്ടത്തിനിടയിൽ നിന്നാൽ കാണാൻ കഴിയില്ല. പൊക്കം കുറവായിരുന്നു എന്ന വിശേഷണം ശരീരത്തിന്റെ ഉയരം മാത്രമല്ല, സമൂഹത്തിലെ സ്ഥാനവും സൂചിപ്പിക്കുന്നു. ജനം മുഴുവനും വെറുക്കുന്ന റോമൻ ഉദ്യോഗസ്ഥൻ ആൾക്കൂട്ടത്തിലേക്ക് തനിയെ ഇറങ്ങിച്ചെല്ലുന്നത് അപകടകരവുമായിരുന്നു. അപ്പോഴാണ് ആ സാഹസം മനസ്സിലുദിച്ചത്. മുമ്പേ ഓടി മരത്തിൽ കയറി ഇരിക്കുക. ഇല തൂർന്നുനിന്ന സിക്കമൂർ മരത്തിൽ കയറിയിരുന്നാൽ താഴെക്കൂടെ പോകുന്ന യേശുവിനെ കാണാം; തന്നെ ആരും കാണുകയുമില്ല.

എന്നാൽ, അപ്രതീക്ഷിതമായതാണ് സംഭവിച്ചത്. മരച്ചുവട്ടിൽ വന്ന യേശു മുകളിലേക്കു നോക്കി. സ്വർഗ്ഗത്തിൽ നിന്നു വന്ന ദൈവത്തിന്റെ പുത്രൻ താഴെ; പാപഭാരം പേറി തകർന്ന സക്കേവൂസ് മുകളിൽ! താഴ്ന്നിറങ്ങിയവന്റെ അടുക്കലേക്കു ഇറങ്ങി വരാനാണ് യേശു സക്കേവൂസിനെ ക്ഷണിക്കുന്നത്. താൻ ഇരിക്കുന്ന സ്ഥലത്തുനിന്നും അവസ്ഥയിൽ നിന്നും ഇറങ്ങി വരാനാണ്





ആഹ്വാനം. മരത്തിനു മുകളിൽ, ഭയന്ന്, ഏകാന്ത ദുഃഖം പേറികഴിയേണ്ടവനല്ല സക്കേവൂസ്. യേശുവിനെ അകലെ നിന്ന് ഒരു വഴിപോക്കനെയെന്നതു പോലെ കണ്ടാൽ പോരാ. വലിയൊരു സൗഹൃദത്തിലേക്കാണ് യേശു അവനെ ക്ഷണിക്കുന്നത്. “ഇന്ന് എനിക്ക് നിന്റെ ഭവനത്തിൽ വസിക്കേണ്ടിയിരിക്കുന്നു” . അത് ഒരു ദൈവനിശ്ചയമാണ്. ഒഴിഞ്ഞുമാറാനാകാത്ത ദൈവിക തീരുമാനം. വസിക്കേണ്ടിയിരിക്കുന്നു എന്ന തീരുമാനം അതാണു സൂചിപ്പിക്കുന്നത്.

സക്കേവൂസ് ഇറങ്ങി വരണം. ഏകാന്തതയിൽ നിന്ന്, തന്റെ സമ്പത്തിന്റെ തടവറയിൽ നിന്ന്; കുറ്റബോധത്തിന്റെ കൂരിരുട്ടിൽ നിന്ന്; അപകർഷതാ ബോധത്തിന്റെ അടിത്തട്ടിൽ നിന്ന് അവൻ ഇറങ്ങി വരണം. യേശുവാകുന്ന പ്രകാശത്തിലേക്ക്, അവൻ നല്കുന്ന സ്വാതന്ത്ര്യത്തിലേക്ക്, രക്ഷയിലേക്ക്. ഇതൊരു പുറപ്പാടിനുള്ള ആഹ്വാനമാണ് - ഹാരാനിൽ വച്ച് ആബ്രാഹത്തിനും, ഹോറെബിൽവച്ച് മോശയ്ക്കും ഈജിപ്ത്തിൽവച്ച് ഇസ്രായേലിനും ലഭിച്ചതുപോലെ ഒരു വിളി. ഇറങ്ങിവരൂ!

വിളികേട്ട സക്കേവൂസ് സന്തോഷത്തോടെ താഴെയിറങ്ങി; കർത്താവിനു വിരുന്നൊരുക്കി; ചെയ്തുപോയ അനീതികൾക്കെല്ലാം പരിഹാരം അനുഷ്ഠിച്ചു; സമ്പത്തു പങ്കുവെച്ചു; അപ്പോഴാണ് അടുത്ത ഗുരുമൊഴി: “ഇന്ന് ഈ ഭവനത്തിനു രക്ഷ കൈവന്നിരിക്കുന്നു” (ലൂക്കാ 19,9). ഇതുവരെ വാരിക്കൂട്ടിയതിലൂടെ കിട്ടാതെപോയ സന്തോഷവും സമാധാനവും അന്ന് സക്കേവൂസ് അനുഭവിച്ചു. അവനും കുടുംബവും രക്ഷ പ്രാപിച്ചു.

യേശുവിന്റെ ക്ഷണം ഇന്നും തുടരുന്നു, ആരെയും ഒഴിവാക്കാതെ. ഏതു ദുഃഖത്തിന്റെ നീർക്കയത്തിലോ നിരാശയുടെ അടിത്തട്ടിലോ, കുറ്റബോധത്തിന്റെ തടവറയിലോ ആകട്ടെ, ഇറങ്ങിവരണം. യഥാർത്ഥ മോചനം നൽകാൻ കഴിവുള്ളവനാണ് ക്ഷണിക്കുന്നത്. വേദനിപ്പിക്കുന്ന ഇന്നലെകളെ മറക്കാം; പേടിപ്പെടുത്തുന്ന നാളെകളെയും മറക്കാം. ജീവിതമാകുന്ന മരക്കൊമ്പിൽ അള്ളിപ്പിടിച്ചിരിക്കുന്നവനെ നോക്കി താഴെനിൽക്കുന്ന യേശുവാണ് പറയുന്നത്, ഇറങ്ങി വരൂ! ആരെയും ഭയപ്പെടേണ്ട; ഒന്നിനെക്കുറിച്ചും ആകുലത വേണ്ട, ഉൽകണ്ഠയും വേണ്ടാ. ഇന്ന് എനിക്ക് നിന്റെ ഭവനത്തിൽ വസിക്കേണ്ടിയിരിക്കുന്നു. സ്വർഗ്ഗസ്ഥനായ പിതാവിന്റെ തിരുഹിതമാണിത്. “ഇതാ ഞാൻ വാതിലിൽ മുട്ടുന്നു ആരെങ്കിലും എന്റെ സ്വരം കേട്ട് വാതിൽ തുറന്നുതന്നാൽ ഞാൻ അവന്റെ അടുത്തു വരും. ഞങ്ങൾ ഒരുമിച്ച് ഭക്ഷിക്കുകയും ചെയ്യും” (വെളി 20). ഇറങ്ങിവരില്ലേ? വാതിൽതുറക്കില്ലേ?

U U U U U U

# 37

# കെട്ടുകളഴിക്കുവിൻ

### *യോഹ 11,44*

തികച്ചും അസാധാരണമായിരുന്നു ഗുരുവിന്റെ അന്നത്തെ വാക്കും പ്രവൃത്തിയും. ഓടിക്കിതച്ചു വന്നതാണ് ദൂതൻ, ദൂരെ ബഥാനിയായിൽ നിന്ന്. വരവു കണ്ടപ്പോഴേ ശിഷ്യന്മാർ ഊഹിച്ചു എന്തോ പന്തികേടുണ്ടെന്ന്. "നീ സ്നേഹക്കുന്നവൻ രോഗിയായിരിക്കുന്നു" (1 യോഹ 11,13) എന്ന ടെലഗ്രാഫിക് ശൈലിയിലുള്ള രണ്ടു വാക്കിൽ ദൂതൊതുങ്ങി. മർത്താ-മറിയം സഹോദരികളാണ് ദൂതനെ അയച്ചിരിക്കുന്നത്. വല്ലപ്പോഴുമൊക്കെ ഒരു വിശ്രമത്തിനായി എത്തുന്ന ഒരു ഇടത്താവളമായിരുന്നു ഗുരുവിന് അവരുടെ ഭവനം. ഗുരു അവർ മൂവരെയും ഗാഢമായി സ്നേഹിച്ചിരുന്നു എന്നതിൽ ആർക്കും സംശയമില്ല. പക്ഷേ തന്റെ ഉറ്റ സുഹൃത്തു മരണത്തോടുമല്ലടിക്കുന്നു എന്നു കേട്ടപ്പോൾ ഗുരുവിന്റെ നിസ്സംഗത ആർക്കും മനസ്സിലാക്കാൻ കഴിഞ്ഞില്ല. "ഈ രോഗം മരണത്തിൽ അവസാനിക്കാനുള്ളതല്ല" (യോഹ 11,4) എന്ന പ്രസ്താവന മുഖവിലയ്ക്കെടുത്തെങ്കിലും ഗുരുവിന്റെ അനങ്ങാപ്പാറനയം അവർക്കു മനസ്സിലായില്ല.

ദൂതു കിട്ടിയിട്ടും മൂന്നാം ദിവസമാണ് യൂദായിലേക്കു പോകാൻ ഗുരു തീരുമാനിച്ചത്. അത് ഉറങ്ങുന്നവനെ ഉണർത്താനാണത്രെ. സ്നേഹിതന്റെ മരണസമയത്ത് താൻ അവിടെയല്ലാതിരുന്നതിൽ സന്തോഷിക്കുന്നു എന്ന ഗുരുമൊഴിയും മനസിലാക്കുക എളുപ്പമല്ല. തന്റെ തന്നെ മരണത്തെ മുന്നിൽ കണ്ടുകൊണ്ടാണ് ശിഷ്യന്മാരോടൊപ്പം ഗുരു ബഥാനിയായിൽ എത്തിയത്. എന്നിട്ടും നേരെ വീട്ടിലേക്കു ചെല്ലുന്നില്ല. ആരെയോ, എന്തിനെയോ നേരിടാൻ മടിക്കുന്നതുപോലെ. തന്നെത്തേടിയെത്തിയ മർത്താക്ക് ജീവനെയും പുനരുത്ഥാനത്തെയും സംബന്ധിച്ച് മഹാവാക്യങ്ങളിലൂടെ വെളിപ്പെടുത്തലുകൾ നല്കി അവളെ വിശ്വാസപ്രഖ്യാപനത്തിലേക്കു നയിച്ചിട്ടും ഗുരു ഗ്രാമത്തിൽ പ്രവേശിക്കാതെ നില്ക്കുകയാണ്.

അലമുറയിട്ടു പാഞ്ഞു വരുന്ന മറിയത്തിന്റെയും പിന്നാലെ വന്ന നാട്ടുകാരുടെയും കണ്ണീരിൽ അവന്റെ ഹൃദയമിളകി, തൊണ്ടയിടറി, കണ്ണുകൾ നിറഞ്ഞൊഴുകി. കണ്ണീരും നെടുവീർപ്പുമായി ശവകുടീരത്തിലെത്തിയ ഗുരുവിന്റെ അടുത്തമൊഴി ഒരു കല്പനയായിരുന്നു: "ആകല്ലെടുത്ത് മാറ്റുവിൻ" (യോഹ 11,39). മരിച്ചു മൂന്നനാൾ കവിഞ്ഞയാളിന്റെ ശവം ദുർഗന്ധം വമിക്കുമെന്ന് ആർക്കും അറിയാം. ഈ സാധാരണയറിവിനപ്പുറത്തേക്കാണ് ഗുരു ശ്രദ്ധ ക്ഷണിക്കുന്നത്. വിശ്വാസത്തിന്റെ മേഖലയിലേക്ക്, വിശ്വാസത്തിന്റെ ദൃഷ്ടികൾകൊണ്ടു മാത്രം കാണാൻ കഴിയുന്ന ദൈവ മഹത്വത്തിലേക്ക്.





തുറന്ന കല്ലറയുടെ മുമ്പിൽ നിന്ന് പിതാവിനെ വാഴിച്ചപേക്ഷിച്ചതിനു ശേഷം യേശു "ഉച്ചത്തിൽ പറഞ്ഞു. ലാസറേ പുറത്തുവരുക" (യോഹ 11,43) . മരണത്തിന്റെ മേഖലയിൽ ജീവന്റെ ശബ്ദം മുഴങ്ങി, പാതാള ലോകത്ത് ആ ശബ്ദം മാറ്റൊലിക്കൊണ്ടു. മരണത്തിൽ നിന്നു വിടുവിക്കാൻ അധികാരമുള്ളവന്റെ ശബ്ദം, ജീവനും പുനരുത്ഥാനവും ഞാനാണ് എന്നു പറഞ്ഞവന്റെ ആജ്ഞാ ശബ്ദം അതനുസരിക്കാത്ത സൃഷ്ടിയില്ല. "അപ്പോൾ മരിച്ചവൻ പുറത്തുവന്നു. അവന്റെ കൈകാലുകൾ നാടകൾ കൊണ്ട് ബന്ധിക്കപ്പെട്ടും മുഖം തുണികൊണ്ട് ആവരണം ചെയ്യപ്പെട്ടുമിരുന്നു. യേശു അവരോടു പറഞ്ഞു. അവന്റെ കെട്ടുകൾ അഴിക്കുവിൻ, അവൻ പോകട്ടെ" (യോഹ 11,44).

യേശുവിന്റെ തന്നെ പുനരുത്ഥാനത്തിന്റെ ഒരു മുന്നോടിയും പ്രതീകവുമായിരുന്നു ലാസറിന്റെ ഉയിർപ്പ്. അത് അനേകരെ വിശ്വാസത്തിലേക്കാനയിച്ചു. തന്റെ ദൗത്യം ഫലമണിയുന്നതിന്റെ മുൻസൂചനയിൽ യേശു സന്തോഷിച്ചു. ലാസറിന്റെ രോഗം മരണത്തിൽ അവസാനിക്കാനുള്ളതല്ല, ദൈവമഹത്വം വെളിപ്പെടുന്നതിനുള്ള അവസരമാണെന്ന് യേശു പറഞ്ഞതിന്റെ പൊരുൾ വെളിവായി. ഈ സംഭവപരമ്പരയിൽ ഗുരുമൊഴിയിലെ ഒരു പ്രത്യേകവശം ശ്രദ്ധേയമായ ചില ഉൾക്കാഴ്ചകൾ നല്കുന്നുണ്ട്.

കല്ലറയുടെ അടുത്തു വന്നവൻ കല്ലെടുത്തു മാറ്റാൻ ആവശ്യപ്പെടുന്നു. മരിച്ചവനെ ജീവനിലേക്ക് ഉയർത്താൻ കഴിവുള്ളന് കല്ലറയുടെ വാതിൽ അടച്ചിരിക്കുന്ന കല്ല് ഒരു പ്രതിബന്ധമോ? ശരീരം അഴുകിത്തുടങ്ങിയെന്ന് ഉറ്റവർപോലും കരുതിയിരുന്നവൻ മരണത്തിനുശേഷം നാലാം ദിവസം ജീവനിലേക്കു മടങ്ങി വന്നു. എന്നാൽ അവന്റെ കൈകാലുകൾ ബന്ധിക്കപ്പെട്ടിരുന്നു, മുഖം മൂടപ്പെട്ടിരുന്നു. മരണത്തിന്റെ കെട്ടഴിച്ച് ജീവനിലേക്കു കൊണ്ടുവന്നവന് ഈ തുണിനൂലുകൾ അഴിക്കാൻ സഹായം വേണമെന്നോ?

തനിക്ക് അസാധ്യമായതുകൊണ്ടല്ല ദൈവം സഹായം ചോദിക്കുന്നത്, തന്റെ പ്രവർത്തനങ്ങളിൽ മനുഷ്യനെ സഹകാരിയാക്കാൻ അവനോടുള്ള സ്നേഹം പ്രേരിപ്പിക്കുന്നതുകൊണ്ടാണ്. മനുഷ്യന്റെ സഹകരണം കൂടാതെ സൗജന്യദാനമായി നല്കുന്ന, മറ്റൊരുവിധത്തിൽ പറഞ്ഞാൽ നിർബന്ധമായി അടിച്ചേല്പിക്കുന്ന, ഒന്നല്ല രക്ഷ. നിന്നെക്കൂടാതെ നിന്നെ സൃഷ്ടിദൈവം നിന്നെക്കൂടാതെ നിന്നെ രക്ഷിക്കുകയില്ല എന്ന ഉൾക്കാഴ്ച വി. അഗസ്തീനോസിനു ലഭിച്ചത് ഇപ്രകാരമുള്ള ഗുരുമൊഴികളിൽ നിന്നായിരിക്കാം.

അവന്റെ കെട്ടുകളഴിക്കുവിൻ, അവൻ പോകട്ടെ! യേശു ഈ ലോകത്തിലേക്കു വന്നതിന്റെ മുഖ്യലക്ഷ്യം തന്നെ ഇതായിരുന്നു. കെട്ടുകൾ അഴിക്കുക. നസ്രത്തിലെ സിനഗോഗിൽ വച്ച് അവൻ അത് ഒരു നയപ്രഖ്യാപനം പോലെ അവതരിപ്പിച്ചു:" കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്......ബന്ധിതർക്കു മോചനവും......അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും......പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു" (ലൂക്കാ 4,18-19). നാനാവിധ ബന്ധനങ്ങളിൽപ്പെട്ടവർക്കു സമ്പൂർണ്ണ മോചനം നല്കുക എന്നതായിരുന്നു യേശു

വിന്റെ ദൗത്യം. കുരുടർക്കു കാഴ്ചയും ചെകിടർക്കു കേൾവിയും വികലാംഗർക്കു സമ്പൂർണണ സൗഖ്യവും നല്കിയപ്പോൾ യേശു ഈ ദൗത്യം പൂർത്തിയാക്കുകയായിരുന്നു. സമൂഹം ഭ്രഷ്ടു കല്പിച്ചു മാറ്റി നിർത്തിയ കുഷ്ഠരോഗികളെയും സമരായരെയും ചുങ്കക്കാരെയും വേശ്യകളെയും മുഖ്യധാരയിലേക്കു തിരിച്ചു കൊണ്ടു വന്നപ്പോഴും യേശു ചെയ്തത് കെട്ടുകൾ അഴിക്കുകയായിരുന്നു. പാപഭാരത്താൽ തകർന്നവർക്കും ജീവിത വ്യഗ്രതകളാൽ തളർന്നവർക്കും അവിടുന്നു നല്കിയതും മോചനം തന്നെ. മനുഷ്യനെ അടിമയാക്കുന്ന സകല കെട്ടുകളും അഴിച്ചവന്റെ മുമ്പിൽ അവസാനത്തെ ചങ്ങലയായ മരണത്തിന്റെ കെട്ടും അഴിഞ്ഞു. കല്ലറയിൽ നിന്നു പുറത്തു വന്ന ലാസർ അതിനു തെളിവായി നില്ക്കുന്നു. എന്നിട്ടും അവന്റെ കൈകാലുകൾ ബന്ധിതമാണ്. തന്റെ ശിഷ്യന്മാർ ഈ വിമോചന പ്രക്രിയയിൽ പങ്കുചേരണം എന്ന് ഗുരുനാഥൻ ആഗ്രഹിക്കുന്നു.

അവന്റെ കെട്ടുകൾ അഴിക്കുവിൻ! ഗുരുവിന്റെ വിമോചന ദൗത്യം യുഗാന്ത്യം വരെ തുടരാൻ, ലോകാതിർത്തികൾ വരെ എത്തിക്കാൻ അയക്കപ്പെട്ടവരാണ് ശിഷ്യർ. മനുഷ്യരെ അടിമകളാക്കുന്ന കെട്ടുകൾ ഏവയെന്ന് തിരിച്ചറിയാനും അവയെ അഴിക്കാനും ശിഷ്യർക്കു കഴിയണം. അജ്ഞതയാണ് മനുഷ്യനെ അടിമയാക്കുന്ന ഏറ്റം വലിയ ബന്ധനം. താൻ ആരെന്നും തന്റെ മഹത്വം എന്തെന്നും ലക്ഷ്യം ഏതെന്നും വ്യക്തമായി അറിയാത്തതിനാൽ എന്തിന്റെ ഒക്കെയോ പിന്നാലെ പോയി. അടിമത്തത്തിന്റെ കുരുക്കുകൾ കൂടുതൽ മുറുകുമ്പോൾ ഗുരുമൊഴി കാതിൽ മുഴങ്ങണം: “നിങ്ങൾ എന്റെ വചനത്തിൽ നിലനില്ക്കുമെങ്കിൽ നിങ്ങൾ സത്യം അറിയും; സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും” (യോഹ 8,31-32). മനുഷ്യൻ സ്വയം അറിയണമെങ്കിൽ യേശുവിനെ അറിയണം. അവന്റെ സാദൃശ്യത്തിലാണ് ഓരോ മനുഷ്യനും സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. അവനെക്കൂടാതെ ഒന്നും ഉണ്ടായിട്ടില്ല; ഉണ്ടായതിന്റെയെല്ലാം ജീവൻ അവനിലാണ് (യോഹ 1,3). അവന്റെ പക്കലാണ് ജീവന്റെ വചനമുള്ളത് (യോഹ 6,68). അവന്റെ വചനമാണ് സ്വാതന്ത്ര്യം നല്കുന്നത്. മുക്തിദായകമായ വചനം ശിഷ്യർ പ്രഘോഷിക്കണം. വചനത്തിലൂടെ എല്ലാ ബന്ധനങ്ങളിൽ നിന്നും സ്വാതന്ത്ര്യം ലഭ്യമാക്കണം.

അവന്റെ കെട്ടുകൾ അഴിക്കുവിൻ അവൻ പോകട്ടെ! മറ്റുള്ളവരെ നാം പല വിധത്തിൽ കെട്ടിയിടാറുണ്ട്. കടപ്പാടുകളുടെ കെട്ടുകളായിരിക്കാം ചിലപ്പോൾ. ചെയ്തു കൊടുത്തിട്ടുള്ള സഹായങ്ങളുടെയും സേവനങ്ങളുടെയും പേരിൽ അത് സ്വീകരിച്ചവർ എന്നും എന്നോടു കടപ്പെട്ടിരിക്കണം എന്നു ശഠിക്കുന്നവർ കെട്ടുകൾ മുറുക്കുകയാണ്, അപരന് സ്വാതന്ത്ര്യം അനുവദിക്കാതെ. മാതാപിതാക്കൾ പോലും ഇത്തരം കെട്ടുകൾ അഴിക്കണം. സ്വാതന്ത്ര്യം നല്കണം. സ്നേഹവും നന്ദിയും നിർബന്ധിച്ചുവാങ്ങേണ്ടതല്ല, സ്വതന്ത്ര്യമായി ലഭിക്കേണ്ടതാണ്. എന്നെങ്കിലും എനിക്കെതിരേ ചെയ്തു എന്നു ഞാൻ കരുതുന്ന തെറ്റുകളായിരിക്കാം അപരനെ ഞാൻ ബന്ധിച്ചു നിർത്തുന്ന കെട്ടുകൾ.





നിരുപാധികം ക്ഷമിക്കുക. ഏഴല്ല, ഏഴെഴുപതു തവണ. അതിലൂടെ ഇരുവരും, കെട്ടിയവരും കെട്ടപ്പെട്ടവരും സ്വതന്ത്രരാകും.

അകാരണമായ മുൻവിധികൾ, അടിസ്ഥാനരഹിതമായ സംശയങ്ങൾ, പരിധി വിട്ടുള്ള പ്രതീക്ഷകൾ – അപരനെ ബന്ധിക്കുന്ന എത്രയെത്ര കെട്ടുകളാണ് ഞാൻ മുറുക്കുക! വെറുപ്പും വിദ്വേഷവും മാത്രമല്ല, അസൂയയും മത്സരവും ബന്ധനങ്ങളാകാം. ജാതിയുടെ, മതത്തിന്റെ, തൊഴിലിന്റെ, പാർട്ടിയുടെ – എന്തൊക്കെ അടിസ്ഥാനത്തിലാണ് മുൻവിധികളും സംശയങ്ങളും വിദ്വേഷവും രൂപപ്പെടുക! അപരനെ ബന്ധനസ്ഥനാക്കുന്നവൻ യഥാർത്ഥത്തിൽ സ്വയം ബന്ധിക്കുകയാണ് ചെയ്യുക എന്ന് മനസ്സിലാക്കാതെ പോകുന്നു.

ടാഗോറിന്റെ ഒരു പദ്യശകലമുണ്ട്. “തടവുകാരാ, പറയൂ, ആരാണ് നിന്നെ തടവിലാക്കിയത്? ആരാണ് നിന്നെ ചങ്ങലയ്ക്കിട്ടത്? അതു ഞാൻ തന്നെയാണ്. രാപകൽ അക്ഷീണം ഞാൻ അധ്വാനിച്ചു. കഠിനാധ്വാനത്തിലൂടെ ചങ്ങലയുടെ ഓരോ കണ്ണിയും വിളക്കിച്ചേർത്തു. ലോകത്തെ മുഴുവൻ ബന്ധിച്ചു നിർത്താമെന്ന് ഞാൻ കരുതി. പക്ഷേ അവസാനത്തെ കണ്ണിയും വിളക്കിച്ചേർത്തപ്പോൾ ചങ്ങല എനിക്കു ചുറ്റുമാണ് മുറുകിയത്”.

കെട്ടുകൾ അഴിക്കുവിൻ! മറ്റുള്ളവരുടെ മാത്രമല്ല, എന്റെ തന്നെ കെട്ടുകൾ ഞാൻ അഴിക്കണം. എന്റെ സ്വാതന്ത്ര്യം നഷ്ടപ്പെടുത്തുന്ന, എന്നെ അടിമയാക്കുന്ന എത്രയെത്ര കെട്ടുകൾ! വിട്ടുമാറാത്ത കുറ്റബോധം, ചെറുപ്പം മുതലേ വേട്ടയാടുന്ന അപകർഷതാബോധം, അകാരണമായ ഭയം, മോചനമില്ല എന്നു കരുതുന്ന തഴക്കദഷങ്ങൾ, എനിക്കാരുമില്ല, ഞാൻ തനിച്ചായിപ്പോയി എന്ന ഏകാന്ത ദുഃഖം, ഇനി ഒന്നും പ്രതീക്ഷിക്കാനില്ല എന്ന് എന്റെ ഉള്ളിലിരുന്ന മന്ത്രിക്കുന്ന നിരാശ, മരണത്തിൽ മാത്രമേ ഇനി മോചനമുള്ളൂ എന്നു കാതിൽ കേൾക്കുന്ന പൈശാചിക ശബ്ദം. ഇങ്ങനെ എത്രയെത്ര കെട്ടുകൾ! അഴിക്കണം. ഇതൊന്നം ദൈവം ആഗ്രഹിക്കുന്നതോ അംഗീകരിക്കുന്നതോ അല്ല.

ശവകുടീരത്തിനു മുകളിൽ കല്ലെടുത്തു വച്ചതും കൈകാലുകൾ നാടകൊണ്ടു ബന്ധിച്ചതും ദൈവമല്ല, മരിച്ചവനുമല്ല, മറ്റുള്ളവരാണ്. അവർ തന്നെ കല്ലെടുത്തു മാറ്റണം; കെട്ടുകളഴിക്കണം. ഞാൻ കെട്ടിയവ ഞാൻ തന്നെ അഴിക്കണം, ആരെയും ഞാൻ തടവിലാക്കരുത്, അതു സ്നേഹത്തിന്റെ ചരടുകൊണ്ടാണെങ്കിൽ പോലും!

ദൈവമക്കളുടെ സ്വാതന്ത്യത്തിലേക്ക് ഓരോ വ്യക്തിയും വളരണം. ആ വളർച്ച ദൈവപുത്രന്റെ പൂർണ്ണതയോളം എത്തണം (എഫേ 4,13). ആ സ്വാതന്ത്ര്യത്തിലേക്കാണ് ഗുരുമൊഴി ക്ഷണിക്കുന്നത്: കെട്ടുകളഴിക്കുവിൻ അവൻ പോകട്ടെ!

U U U U U U

# 38

# ദേവാലയം ചന്തയാക്കരുത്

## യോഹ 2,16

"അവൻ കയറുകൊണ്ട് ഒരു ചമ്മട്ടിയുണ്ടാക്കി അവരെയെല്ലാം ആടുകളോടും കാളകളോടുംകൂടെ ദൈവാലയത്തിൽ നിന്ന് പുറത്താക്കി.....എന്റെ പിതാവിന്റെ ആലയം നിങ്ങൾ കച്ചവടസ്ഥലമാക്കരുത്" (യോഹ 2,15-16).

നാലു സുവിശേഷകന്മാരും വലിയ പ്രാധാന്യത്തോടെ എടുത്തു പറയുന്ന ഒരു സംഭവമാണ് ദേവാലയശുദ്ധീകരണം. സംഭവത്തിന്റെ വിവരണത്തിൽ സുവിശേഷങ്ങൾ തമ്മിൽ ഐകരൂപ്യമുണ്ട്. എന്നാൽ സംഭവം നടന്ന സമയത്തെക്കുറിച്ചുള്ള സൂചനയിലും സംഭവത്തിനു വ്യാഖ്യാനമായി നല്കുന്ന ഗുരുമൊഴിയിലും വ്യത്യാസങ്ങൾ കാണാം.

പരസ്യ ജീവിതത്തിന്റെ അവസാനത്തെ ആഴ്ചയിൽ, പ്രവചനങ്ങളെ അനുസ്മരിപ്പിക്കുന്ന വിധത്തിൽ, ഓശാന വിളികളുടെ മദ്ധ്യേ, കഴുതപ്പുറത്ത് ജറുസലേമിൽ പ്രവേശിച്ച ഉടനെയാണ് യേശു ദേവാലയത്തിൽ എത്തുകയും അവിടെ കണ്ട കച്ചവടക്കാരെ പുറത്താക്കുകയും ചെയ്തത് എന്ന് സമവീക്ഷണ സുവിശേഷങ്ങൾ പറയുന്നു. യേശുവിനെതിരേയുള്ള യഹൂദ നേതൃത്വത്തിന്റെ ശത്രുത ശക്തിപ്പെടാനും വധിക്കാനുള്ള തീരുമാനത്തിന് ആക്കം കൂട്ടാനും ഈ സംഭവം കാരണമായി എന്നും സമവീക്ഷണ സുവിശേഷങ്ങൾ സൂചിപ്പിക്കുന്നു. യോഹന്നാന്റെ സുവിശേഷത്തിലാകട്ടെ പരസ്യജീവിതത്തിന്റെ തുടക്കത്തിലാണ് ദേവാലയ ശുദ്ധീകരണം രേഖപ്പെടുത്തിയിരിക്കുന്നത്. സമവീക്ഷണ സുവിശേഷങ്ങൾ നല്കുന്ന വിവരണത്തിനാണ് ചരിത്രപരമായ മുൻതൂക്കം നല്കപ്പെടുന്നത്.

ദേവാലയശുദ്ധീകരണത്തിനു വിശദീകരണമായി നല്കുന്ന ഗുരുമൊഴിയിലും വ്യത്യാസമുണ്ട്. "എന്റെ ആലയം പ്രാർത്ഥനാലയം എന്നെഴുതപ്പെട്ടിരിക്കുന്നു. നിങ്ങളോ അതിനെ കവർച്ചക്കാരുടെ ഗുഹയാക്കുന്നു" (ലൂക്കാ 19,46; മർക്കോ 11,17; മത്താ 21,13). ഏശ 56,7; ജറെ 7,11 എന്നീ പ്രവചനങ്ങളുടെ ഉദ്ധരണിയാണ് സമവീക്ഷണ സുവിശേഷങ്ങളിൽ രേഖപ്പെടുത്തുന്ന ഈ തിരുമൊഴി. യോഹന്നാൻ സ്വതന്ത്രമായ ഒരു വാക്യമാണ് നല്കിയിരിക്കുന്നത്. "എന്റെ ആലയം" എന്നത് "എന്റെ പിതാവിന്റെ ആലയം" എന്നും "കവർച്ചക്കാരുടെ ഗുഹ" എന്നത് "കച്ചവടസ്ഥലം" എന്നും വ്യാഖ്യാനിച്ചിരിക്കുന്നു. പ്രധാന ആശയം ഒന്നുതന്നെയെങ്കിലും ധ്വനികളിൽ വ്യത്യാസമുണ്ട്.





വിശുദ്ധ സ്ഥലത്തുകണ്ട അനാചാരങ്ങൾക്കെതിരേ ഉയർന്ന യേശുവിന്റെ ധാർമ്മിക രോഷമായിട്ടാണ് ഈ സംഭവം പൊതുവേ വ്യാഖ്യാനിക്കാറുള്ളത്. ഗുരുമൊഴിയുടെ അർത്ഥം ഗ്രഹിക്കാൻ സംഭവത്തിന്റെ പശ്ചാത്തലത്തെക്കുറിച്ചും ദേവാലയത്തെക്കുറിച്ചും അറിഞ്ഞിരിക്കണം. ഏകദേശം 40 ഏക്കർ സ്ഥലത്തു നിറഞ്ഞുനിന്ന അതിബൃഹത്തായ ഒരു കെട്ടിട സമുച്ചമായിരുന്നു ജറുസലെം ദേവാലയം. ചുറ്റുമതിലിന് ഉള്ളിലേക്ക് കടന്നാൽ ആദ്യമേ വരുന്നത് വിശാലമായ അങ്കണത്തിലേക്കാണ്. ഇവിടെ വിജാതീയർക്കും, കുരുടർ, മുടന്തർ തുടങ്ങിയ അശുദ്ധർക്കും പ്രവേശിക്കാം. ഈ അങ്കണത്തിൽ നിന്ന് പതിനഞ്ചുപടികൾ ഉയരത്തിൽ ഉള്ള അങ്കണം സ്ത്രീകളുടെ അങ്കണം എന്ന് അറിയപ്പെടുന്നു. ഇവിടെ യഹൂദർക്കു മാത്രമേ പ്രവേശിക്കാൻ അനുവാദമുള്ളൂ. അവിടെ നിന്ന് വീണ്ടും പതിനഞ്ചുപടികൾ ഉയരത്തിൽ യഹൂദ പുരുഷന്മാർക്കു മാത്രം പ്രവേശിക്കാവുന്ന ഇസ്രായേലിന്റെ അങ്കണം. ഇതിനു മധ്യത്തിലാണ് ഭീമാകാരമായ ദഹനബലിപീഠം. ഇതിനും അപ്പുറത്തുള്ള ദേവാലയ മന്ദിരം വിശുദ്ധ സ്ഥലമെന്നും അതിവിശുദ്ധ സ്ഥലമെന്നും രണ്ടായി തിരിച്ചിരുന്നു. അതിവിശുദ്ധസ്ഥലത്ത് പ്രധാനപുരോഹിതനു മാത്രമേ, അതും ആണ്ടിലൊരിക്കൽ, പാപപ്പരിഹാരദിനത്തിൽ മാത്രം പ്രവേശിക്കാവൂ. വിശുദ്ധസ്ഥലത്ത് പുരോഹിതർക്കു മാത്രം പ്രവേശിക്കാം. അവിടെയാണ് കാഴ്ചയപ്പത്തിന്റെ മേശയും സുഗന്ധബലിപീഠവും ഏഴു ശാഖകളുള്ള ദീപപീഠവും സ്ഥാപിച്ചിരുന്നത്. ഇതിൽ വിജാതീയരുടെ അങ്കണത്തിലാണ് യേശു ശുദ്ധീകരണം നടത്തിയത്.

കച്ചവടസ്ഥലമെന്ന നാലാം സുവിശേഷത്തിന്റെയും കവർച്ചക്കാരുടെ ഗുഹയെന്ന് സമവീക്ഷണ സുവിശേഷങ്ങളുടെയും വ്യാഖ്യാനം രണ്ടു വ്യത്യസ്ത സൂചനകളാണ് നൽകുന്നത്. ജറുസലേം ദേവാലയത്തിലേക്കു വരുന്ന തീർത്ഥാടകർ അവിടെ ബലിയർപ്പിക്കുക സാധാരണയായിരുന്നു. ആടുകളെയും പ്രാവുകളെയും ബലിയർപ്പിക്കാനായി പുറമെ നിന്നു കൊണ്ടുവരുന്നതിനു വിരോധമില്ല. എന്നാൽ അവ ശുദ്ധമായിരിക്കണം എന്നു നിയമമുണ്ട്. ബലിമൃഗം നിയമാനുസൃതം ശുദ്ധമാണോ എന്നു തീരുമാനിക്കുന്നത് ലേവായരാണ്. പുറത്തുനിന്നും കൊണ്ടുവരുന്ന ബലിമൃഗങ്ങൾ പലപ്പോഴും ലേവായരുടെ നോട്ടത്തിൽ അശുദ്ധവും അതിനാൽത്തന്നെ അസ്വീകാര്യവുമായിരിക്കും. അതിനാൽ ശുദ്ധിയുള്ള മൃഗങ്ങളെ ബലിയർപ്പകർക്കു ലഭ്യമാക്കുക എന്ന നല്ല ഉദ്ദേശ്യത്തോടെയാണ് ദേവാലയത്തിൽത്തന്നെ ആട്, കാള, പശു, പ്രാവ് മുതലായവയെ വില്പനയ്ക്കു വച്ചത്. ഇത് അതിൽത്തന്നെ നല്ല ഒരു കാര്യമായി തോന്നാമെങ്കിലും ഇതിന്റെ പിന്നിൽ ചില അപാകതകൾ ഉണ്ടായിരുന്നു.

ദേവാലയാങ്കണത്തിലെ മൃഗങ്ങൾക്ക് പുറത്തുള്ളവയെക്കാൾ പത്തുമുതൽ ഇരുപതു മടങ്ങുവരെ വില കൂടുതലായിരുന്നു. സാധാരണക്കാരും ദരിദ്രരുമായ ഭക്തരെ അമിതമായി ചൂഷണം ചെയ്യുന്ന ഈ കച്ചവടം ഒരു

കവർച്ചയ്ക്കു സമാനമായിരുന്നു. കാളച്ചന്തയുടെ ഉടമസ്ഥതയും അതിൽ നിന്നു ലഭിക്കുന്ന കൊള്ളലാഭവും പ്രധാന പുരോഹിതന്റേതായിരുന്നു. അന്നാസിന്റെ ചന്ത എന്ന് അത് അറിയപ്പെട്ടിരുന്നു. അതിനാൽ ഈ കച്ചവടം വഴി പ്രധാനപുരോഹിതൻ കൊള്ളത്തലവന്റെ സ്ഥാനത്തായി. കച്ചവടക്കാർ തമ്മിലുള്ള മത്സരവും വില പേശലും തർക്കങ്ങളും, മൃഗങ്ങളുടെ കരച്ചിലും എല്ലാം കൂടി ഒരു ചന്തയുടെ അന്തരീക്ഷം. ഇതിനിടയിലാണ് നാണയമാറ്റക്കാരുടെ ഇരിപ്പിടങ്ങൾ. ഇതും നല്ല ഉദ്ദേശ്യത്തോടെ തുടങ്ങിയതാണ്.

ഓരോ യഹൂദനും ദേവാലയനികുതിയായി ആണ്ടിലൊരിക്കൽ അര ഷെക്കൽ കൊടുക്കണം. ഒരു നിശ്ചിതകാലയളവിൽ ഈ നികുതി ഗ്രാമങ്ങളിൽ സ്വീകരിക്കുന്നതാവും. അതുകഴിഞ്ഞാൽ ദേവാലയത്തിൽ മാത്രമേ നികുതിയടക്കാൻ കഴിയൂ. തീർത്ഥാടകരായി, ജറുസലേമിലേക്കു വരുന്നവർ ദേവാലയത്തിൽത്തന്നെ നികുതിയടക്കാനാണ് താത്പര്യപ്പെടുക. എന്നാൽ ദേവാലയത്തിന്റേതായ നാണയത്തിൽത്തന്നെ നികുതി അടക്കണം. തലയും എഴുത്തുമുള്ള മറ്റു നാണയങ്ങൾ സ്വീകാര്യമല്ല. വിദേശ നാണയങ്ങൾ മാറ്റി ദേവാലയ നാണയങ്ങൾ നൽകുന്ന സ്ഥലമാണ് നാണയമാറ്റക്കാരുടെ ഇരിപ്പിടങ്ങൾ. ഇവിടെയും കനത്ത അനീതിയും കവർച്ചയും വിലപേശലും നിലനിന്നു; വിലയുടെ ഇരട്ടികമ്മീഷനും ഈടാക്കിയിരുന്നു.

വലിയ ആഗ്രഹത്തോടെ വിദൂരങ്ങളിൽ നിന്നും പ്രാർത്ഥിക്കാനായി ജറുസലേം ദേവാലയത്തിലേക്കു വരുന്ന വിജാതീയർക്കുവേണ്ടി മാറ്റിവച്ചിരുന്ന സ്ഥലമാണ് കാളച്ചന്തയും വിദേശനാണയവിനിമയ ബാങ്കുകളുമായി രൂപാന്തരപ്പെട്ടത്. പ്രാർത്ഥനാലയം ചന്തയായി, അല്ല കൊള്ളക്കാരുടെ ഗുഹയായി. ഇതിനെതിരേയാണ് യേശുവിന്റെ പ്രതിഷേധം ഇരമ്പിയത്.

പിതാവിന്റെ ആലയത്തിന്റെ പവിത്രത നഷ്ടപ്പെടുന്ന സാഹചര്യങ്ങൾ ഇന്നും വിരളമല്ലല്ലോ? തീർത്ഥാടന കേന്ദ്രങ്ങളിൽ അമിതലാഭത്തിൽ ഭക്തവസ്തുക്കൾ കച്ചവടം ചെയ്യപ്പെടാറുണ്ട്. വിശ്വാസത്തെയും ഭക്തിയെയും ചൂഷണം ചെയ്യുന്ന ഇത്തരം കച്ചവടങ്ങൾ മാത്രമല്ല, ദൈവത്തിന്റെ പേരിൽ അന്യായ ലാഭമുണ്ടാക്കുന്ന എന്തും ഈ ഗുരുമൊഴിയിൽ ചോദ്യം ചെയ്യപ്പെടുന്നു. സർവ്വത്ര സ്വാധീനം ചെലുത്തുന്ന കച്ചവടസംസ്കാരമാണ് ഇവിടെ പ്രതിക്കൂട്ടിൽ. മനുഷ്യർ പടുത്തുയർത്തുന്ന കെട്ടിടങ്ങളെക്കാൾ മനുഷ്യഹൃദയവും മനുഷ്യശരീരം തന്നെയുമാണ് ഏറ്റവും പ്രധാന ദേവാലയം. ഹൃദയത്തെ അശുദ്ധമാക്കുന്ന എന്തും ഉപേക്ഷിക്കാനും തള്ളിപ്പറയാനുമാണ് ഗുരുനാഥൻ ആഹ്വാനം ചെയ്യുന്നത്. ദേവാലയം അശുദ്ധമാക്കരുത്. പിതാവിന്റെ ഭവനത്തെ ആർക്കും കയറി ഇറങ്ങി നടന്ന് വിലപേശാവുന്ന ചന്തയാക്കരുത്.

U U U U U U



# 39 ഞാൻ നിന്നെ കഴുകുന്നില്ലെങ്കിൽ

### യോഹ 13,8

ഇത്ര വലിയ പ്രത്യാഘാതമുണ്ടാകും എന്നു കരുതിയല്ല പത്രോസ് അതു പറഞ്ഞത്. അടിമയുടെ കച്ച അരയിൽ ചുറ്റി, താലത്തിൽ വെള്ളവുമായി ഗുരു തന്റെ മുമ്പിൽ മുട്ടു കുത്തിയതു ശിഷ്യസത്തമനുസഹിക്കാനായില്ല. പെസഹാത്തിരുനാളിനോടനുബന്ധിച്ചുള്ള ആഘോഷപൂർണ്ണമായ അത്താഴത്തിലാണ് അതു സംഭവിച്ചത്. അല്ലെങ്കിലും കഴിഞ്ഞ ഏതാനും ദിവസങ്ങളിലെ ഗുരുവിന്റെ പ്രവർത്തനങ്ങൾ എല്ലാം തന്നെ അസാധാരണവും അസ്വസ്ഥത ഉളവാക്കുന്നതുമായിരുന്നു. ദാരിദ്ര്യത്തിന്റെയും ലാളിത്യത്തിന്റെയും അവതാരമായ ഗുരുനാഥന്റെ പാദങ്ങളിൽ വിലയേറിയ നാർദ്ദീൻ തൈലം കുപ്പിയോടെ കമിഴ്ത്തിയത് അനാവശ്യമായ ഒരു ദുർച്ചെലവായേ ആർക്കും കാണാൻ കഴിയൂ. ഒരു ശിഷ്യൻ അതു പറഞ്ഞപ്പോൾ എന്തായിരുന്നു ഗുരുവിന്റെ പ്രതികരണം: പിന്നീട് ജറുസലെമിലേക്കുള്ള രാജകീയ പ്രവേശം, അധികാരികളുമായുള്ള ഏറ്റുമുട്ടൽ, എല്ലാറ്റിന്റെയും ഒടുവിൽ താൻ ജീവനെക്കാൾ സ്നേഹിച്ച് ആദരിക്കുന്നു. ഗുരുനാഥൻ തന്റെ പാദങ്ങൾ കഴുകാൻ തുടങ്ങുന്നു! ഇതിന്റെ അർത്ഥം പിന്നീടേ അറിയാൻ കഴിയൂ എന്നു പറഞ്ഞെങ്കിലും തനിക്കു മുമ്പിൽ ഒരടിമയെപ്പോലെ ഗുരുവിനെ കാണാൻ പത്രോസിനു കഴിഞ്ഞില്ല. “നീ ഒരിക്കലും എന്റെ പാദം കഴുകരുത്” (യോഹ. 13,8).

ഗുരുവിനോടുള്ള സ്നേഹത്തിന്റെയും ആദരവിന്റെയും പരസ്യപ്രഖ്യാപനമായിരുന്നു അത്. യഹൂദരുടെ ആചാരമനുസരിച്ച് വിജാതീയ അടിമകളേ പാദം കഴുകാൻ നിയോഗിക്കപ്പെടാറുള്ളൂ. പൊടി നിറഞ്ഞ നിരത്തിലൂടെ നടന്നുവരുന്ന വിരുന്നുകാരുടെ കാലിൽനിന്ന് ചെരുപ്പഴിച്ച്, പാദം കഴുകുന്നത് വീണ്ടും അടിമയുടെ ജോലിയാണ്. എന്നാൽ അടിമ യഹൂദനാണെങ്കിൽ ആ ജോലിക്കു നിർബന്ധിക്കരുത് എന്ന നിയമമുണ്ടായിരുന്നു. ഭാര്യ ഭർത്താവിന്റെയും, മക്കൾ പിതാവിന്റെയും, ശിഷ്യൻ ഗുരുവിന്റെയും പാദങ്ങൾ കഴുകുന്നത് അസാധാരണമല്ല. എന്നാൽ ഇവിടെ പതിവുകളെല്ലാം തകിടം മറിച്ചുകൊണ്ട് ഗുരു തന്നെ പാത്രത്തിൽ വെള്ളവുമായി ഇറങ്ങിയിരിക്കുന്നു. എന്തർത്ഥമാണ് ഇതിന് ശിഷ്യൻ കല്പിക്കേണ്ടത്? വിനയത്തിന്റെ മാതൃകയായി ഇതിനെ കാണുക എളുപ്പമാണ്. എന്നാൽ അതിനപ്പുറം കാണാൻ കഴിയാത്തുകൊണ്ടാണ് പത്രോസ് ഗുരുവിനെ വിലക്കിയത്. പക്ഷേ ഗുരുവിന്റെ പ്രതികരണം പ്രതീ

ക്ഷിക്കാൻ പറ്റാത്തത്ര കഠിനമായിരുന്നു.

"ഞാൻ നിന്നെ കഴുകുന്നില്ലെങ്കിൽ നിനക്ക് എന്നോടുക്കൂടെ പങ്കില്ല" (യോഹ 13,8). ഒരാളോടുകൂടെ പങ്കുണ്ടാവുക എന്നാൽ അയാളുമായി സ്നേഹ ബന്ധവും കൂട്ടായ്മയും ഉണ്ടായിരിക്കുക എന്നാണ് പൊതുവേ അർത്ഥമാക്കുക. യേശു പാദങ്ങൾ കഴുകുന്നത് ഇത്രമാത്രം പ്രാധാന്യമുള്ളതാണെങ്കിൽ പാദങ്ങൾ മാത്രമല്ല കയ്യും തലയുംകൂടി കഴുകണം. എത്ര കൂടുതൽ കഴുകുന്നുവോ അത്ര കൂടുതൽ പങ്കു ലഭിക്കും എന്ന ചിന്തയാവാം പത്രോസിന്റെ ഈ പ്രതികരണത്തിനു പിന്നിൽ. യേശുവിന്റെ മറുപടി പ്രത്യക്ഷത്തിൽ വളരെ ലളിതമാണ് "കുളി കഴിഞ്ഞവന്റെ കാലുകൾ മാത്രമേ കഴുകേണ്ടതുള്ളു. അവൻ മുഴുവൻ ശുചിയായിരിക്കും'' (യോഹ 13,10). വീട്ടിൽ നിന്ന് കുളി കഴിഞ്ഞ് വിരുന്നിനുവരുന്ന അതിഥിയുടെ കാലിൽ മാത്രമേ അഴുക്കുണ്ടാകൂ. കാലിൽ പറ്റിയ പൊടിയും ചളിയും കഴുകുകയാണോ ഇവിടെ യേശു ചെയ്യുന്നത്? അല്ല എന്നു വ്യക്തം. ഗുരുവിന്റെ പ്രവൃത്തിയും അതു വ്യാഖ്യാനിക്കുന്ന വാക്കുകളും കൂടുതൽ ആഴമേറിയ അർത്ഥം ഉൾക്കൊള്ളുന്നുണ്ട്.

നീ ഒരിക്കലും എന്റെ പാദം കഴുകരുത് എന്ന പത്രോസ് വിലക്കുമ്പോൾ യേശുവിന്റെ മറുപടി കഴുകലിന്റെ ആഴമേറിയ അർത്ഥത്തിലേക്കാണ് വിരൽചൂണ്ടുന്നത്. ഞാൻ നിന്റെ പാദങ്ങൾ കഴുകുന്നില്ലെങ്കിൽ എന്നല്ല, "ഞാൻ നിന്നെ കഴുകുന്നില്ലെങ്കിൽ" എന്നാണ് യേശു പറയുക. പാദം കഴുകുക എന്ന പ്രവൃത്തി ബാഹ്യമായ ഒരടയാളമാണെന്നും അതിലൂടെ സംഭവിക്കുന്നത് വ്യക്തിയെ പൂർണ്ണമായി കഴുകി ശുദ്ധീകരിക്കുകയാണെന്നും യേശു സൂചിപ്പിക്കുന്നു; അടുത്ത വാക്യങ്ങളിൽ വിശദീകരിക്കുകയും ചെയ്യുന്നു. അപ്പോൾ പാദങ്ങൾ കഴുകുന്നത് വ്യക്തിയെ സമ്പൂർണ്ണമായി വിശുദ്ധീകരിക്കുന്നതിന്റെ അടയാളവും പ്രതികവുമാണ്. ബാഹ്യമായ മാലിന്യങ്ങളിൽ നിന്നല്ല, ആതാമാവിനെ നിർജ്ജീവമാക്കുന്ന പാപത്തിൽ നിന്നാണ് കഴുകി ശുദ്ധീകരിക്കപ്പെടേണ്ടത്. ഈ ശുദ്ധികരണം നടക്കുന്നതാകട്ടെ യേശുവിന്റെ മരണം വഴിയാണ്. അപ്പോൾ ശിഷ്യന്മാരുടെ പാദം കഴുകുന്നതിലൂടെ യേശു രക്ഷണീയമായ തന്റെ കുരിശു മരണം മുൻകൂട്ടി, പ്രതീകാത്മകമായി, അവതരിപ്പിക്കുകയായിരുന്നു.

ഈ അർത്ഥമാണ് പത്രോസിനു മനസിലാകാതിരുന്നത്; പിന്നീട് മനസ്സിലാകും എന്ന് യേശു പറഞ്ഞതും. പിന്നീട് എന്നാൽ സംഭവത്തിനുശേഷം എന്നാണർത്ഥമാക്കുക. യേശുവിന്റെ വാക്കും പ്രവൃത്തികളും മനസ്സിലാകാതിരുന്ന ശിഷ്യന്മാർ അവന്റെ മരണവും ഉത്ഥാനവും കഴിഞ്ഞപ്പോൾ അവയുടെ അർത്ഥം ഗ്രഹിച്ചതായി സുവിശേഷകൻ പല തവണ രേഖപ്പെടുത്തിയിട്ടുണ്ട്. (യോഹ 2,22; 12,16). ഗുരു പാദങ്ങൾ കഴുകുന്നതിനോടുള്ള പത്രോസിന്റെ പ്രതിഷേധം ഈ പശ്ചാത്തലത്തിൽ കൂടുതൽ വ്യക്തമാകുന്നു. അത് കുരിശു മരണത്തോടുള്ള എതിർപ്പായിത്തീരുന്നു. സമാന്തര സുവിശേഷങ്ങളിൽ ഇപ്രകാരം ഒരു പ്രതിഷേധം രേഖപ്പെടുത്തിയിട്ടുണ്ട്. പീഡാനുഭവത്തെക്കുറിച്ചുള്ള മുന്നറിയിപ്പു കേട്ട പത്രോസ് "അവനെ മാറ്റി നിർത്തിക്കൊണ്ട് തടസ്സം പറയാൻ തുടങ്ങി" (മർക്കോ 8,32). "ദൈവം കനിയട്ടെ, കർത്താവേ ഇതൊരിക്കലും നിനക്കു സംഭവിക്കാതിരിക്കട്ടെ" (മത്താ 16,22). ഗുരുവിനെ മരണത്തിൽ നിന്നു രക്ഷിക്കുക എന്ന ശിഷ്യ പ്രമുഖന്റെ ആഗ്രഹം തികച്ചും മാനുഷികമാണ്; സ്നേഹത്തിന്റെ അടയാളവുമാണ്. പക്ഷേ മനുഷ്യരക്ഷ അസാധ്യമാക്കുകയാണ് അതിലൂടെ സംഭവിക്കുക. അതിനാൽ ശിഷ്യന്റെ സ്വഭാവിക പ്രതികരണത്തെ പൈശാചിക പ്രലോഭനമായി യേശു തിരിച്ചറിഞ്ഞു, തിരസ്കരിച്ചു: "സാത്താനേ, എന്റെ മുമ്പിൽ നിന്നു പോകൂ, നീ എനിക്കു പ്രതിബന്ധമാണ്. നിന്റെ ചിന്ത ദൈവികികമല്ല; മാനുഷികമാണ്" (മത്താ 16,23). ആ സംഭവം യോഹന്നാൻ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ അന്ത്യത്താഴ വേളയിലെ സംഭാഷണത്തിൽ സമാനമായൊരു താക്കീത് നല്കുന്നതാകാണം.

പാദം കഴുകൽ രക്ഷണീയ പ്രവൃത്തിയുടെ അടയാളമാണ്. കുരിശു മരണത്തിലൂടെയാണതു പൂർത്തിയാവുക. അപ്പോൾ ശരീരം വെള്ളം കൊണ്ടു കഴുകുകയല്ല, ആത്മാവിനെ തിരുരക്തത്താൽ കഴുകുകയാണ്, ആത്മബലിയിലൂടെ പാപമോചനം നേടുകയാണ് ചെയ്യുന്നത്. യേശുവിന്റെ ബലിയാണ് മനുഷ്യനു നിത്യജീവൻ പ്രദാനം ചെയ്യുക. ഈ രഹസ്യം പഠന വിഷയമായ ഗുരുമൊഴിയുടെ രണ്ടാം ഭാഗത്ത് അനാവരണം ചെയ്യപ്പെടുന്നു: "നിനക്ക് എന്നോടുകൂടെ പങ്കില്ല''.

യേശുവിനോടുകൂടെ പങ്കുണ്ടാകുക എന്ന പ്രയോഗം പലവിധത്തിൽ വ്യാഖ്യാനിക്കാറുണ്ട്. യേശുവിന്റെ ശുശ്രൂഷയിൽ പങ്കുചേരുക എന്നതാണ് ഒരു വ്യാഖ്യാന സാധ്യത. ശിഷ്യന് ആവശ്യമായ മനോഭാവത്തെയാവും അപ്പോൾ ഇവിടെ വിവക്ഷിക്കുക. യേശു ചെയ്യുന്നതുപോലെ സ്വയം എളിമപ്പെടുത്തി, വിനീതമായ സേവനത്തിനു സന്നദ്ധരാകുന്നവർക്കേ അവിടുത്തെ ശുശ്രൂഷയിൽ പങ്കുചേരാനാവൂ. ഞാൻ നിങ്ങൾക്ക് ഒരു മാതൃക നല്കിയിരിക്കുന്നു എന്നു പറഞ്ഞുകൊണ്ട് ഈ യാഥാർത്ഥ്യം ശിഷ്യന്മാരെ അനുസ്മരിപ്പിക്കുന്നുണ്ട് (യോഹ 13,14-15). എന്നാൽ പങ്കുണ്ടാക്കുക എന്നതിന് ഇതിനേക്കാൾ ആഴമേറിയ അർത്ഥമുണ്ട്.

പങ്ക് എന്നു വിവർത്തനം ചെയ്യുന്ന *"മേരോസ്"* എന്ന ഗ്രീക്കുവാക്കിന് അവകാശം എന്നാണർത്ഥം. പിതൃസ്വത്തിലുള്ള അവകാശത്തെയാണിതു സൂചിപ്പിക്കുക (ഉൽപ 31,14). പിന്നീട് ദൈവത്തിന്റെ വാഗ്ദാനങ്ങളിലുള്ള പങ്കുചേരലായി ഇതു പരിഗണിക്കപ്പെട്ടു. ദൈവം ഇസ്രായേൽ ജനത്തിനു നല്കുന്ന അവകശത്തിലുള്ള പങ്കുചേരൽ. ഇതിനെ വാഗ്ദാന ഭൂമിയിലുള്ള പങ്കുചേര

ലായും തുടർന്ന് ദൈവരാജ്യത്തെയും നിത്യജീവനെയുംക്കുറിച്ചുള്ള പ്രതീക്ഷയായും വ്യാഖ്യാനിക്കപ്പെട്ടു. ഈ അർത്ഥത്തിലാണ് യോഹന്നാൻ മേരോസ് എന്ന പദം ഉപയോഗിക്കുന്നത്. യേശുവിനോടുകൂടെ പങ്കുണ്ടാവുക എന്നാൽ അവിടുത്തോടൊപ്പം നിത്യമായി ജീവിക്കുക, നിത്യഭാഗ്യമനുഭവിക്കുക, പിതൃഭവനത്തിലായിരിക്കുക എന്നൊക്കെയാണ് അർത്ഥം. യേശുവിന്റെ മരണത്തിലൂടെ ലഭ്യമാകുന്ന നിത്യജീവനെ സംബന്ധിച്ച ഒരു പ്രബോധനമാണ് ഈ വാക്യത്തിൽ അടങ്ങിയിരിക്കുന്നത്.

യേശുവിന്റെ മരണത്തിലൂടെ മാത്രമാണ് സകലർക്കും പാപമോചനവും നിത്യജീവനും ലഭ്യമാകുന്നത്. "കഴുകൽ" ഈ ദാനത്തെ സൂചിപ്പിക്കുന്നു. അതു സ്വീകരിക്കാൻ വിസമ്മതിക്കുന്നത് നിത്യജീവനിൽ നിന്നു സ്വയം വിഛേദിക്കലായിരിക്കും.

U U U U U U



# 40 നിങ്ങളുടെ പക്കൽ മീനുണ്ടോ?

### യോഹ 21,5

വലിയൊരു തകർച്ചയുടെ അന്ത്യത്തിലാണതു സംഭവിച്ചത്. രാത്രി മുഴുവൻ കടൽ അരിച്ചുപെറുക്കിയിട്ടും ഒരു ചെറുമീൻ പോലും കിട്ടാതെ തളർന്ന ശരീരവും അതിലേറെ തകർന്ന മനസ്സുമായി പടവിലിരിക്കുമ്പോഴാണ് കരയിൽ ഒരപരിചിതൻ പ്രത്യക്ഷപ്പെട്ടത്. രാത്രി ഇനിയും അവസാനിച്ചിട്ടില്ല. പ്രഭാതസൂര്യന്റെ ചെങ്കതിരുകൾ ചക്രവാളത്തിൽ പ്രത്യക്ഷപ്പെടാൻ തുടങ്ങുന്നതേയുള്ളൂ. മൂടൽമഞ്ഞിലൂടെ കരയിൽ കണ്ട രൂപം ആരുടേതെന്ന് അവർക്കു മനസ്സിലായില്ല. അപ്പോഴാണ് ചോദ്യം: "കുഞ്ഞുങ്ങളേ, നിങ്ങളുടെ അടുക്കൽ മീൻ വല്ലതുമുണ്ടോ?" (യോഹ 21,5). ആരാണ് ഈ വെളുപ്പാൻകാലത്ത് മീൻ തേടി വന്നിരിക്കുന്നത് എന്ന ആശ്ചര്യത്തിനിടയിൽ "കുഞ്ഞുങ്ങളേ" എന്ന സുപരിചിതമായ വിളിയും കേട്ടു തഴങ്ങിയ ശബ്ദവും ആർക്കും തിരിച്ചറിയാൻ കഴിഞ്ഞില്ല. ഗുരുവിനെ തിരിച്ചറിയാൻ കഴിയാത്തവിധം അവരുടെ കണ്ണുകൾക്കു തിമിരം ബാധിച്ചു; കേൾവി മന്ദീഭവിച്ചു; ഹൃദയം മരവിച്ചു കഴിഞ്ഞിരുന്നു.

അവർ ഏഴുപേരുണ്ടായിരുന്നു പടവിൽ. വലിയ മുക്കുവനും സംഘത്തലവനുമായ ശിമയോൻ പത്രോസിന്റെ വാക്കുകേട്ടാണ് അവർ രാത്രിയിൽ തോണിയുമായി ഗലീലി തടാകത്തിലിറങ്ങിയത്: "ഞാൻ മീൻ പിടിക്കാൻ പോകുന്നു" എന്നു നേതാവു പറഞ്ഞപ്പോൾ "ഞങ്ങളും നിന്നോടുകൂടെ വരുന്നു" എന്ന് മറുപടി പറഞ്ഞ ആറുപേർ. അവരിൽ രണ്ടുപേരുടെ മാത്രം പേരു പറഞ്ഞിട്ടില്ല. പന്ത്രണ്ടുപേരെ ആയിരുന്നു ഗുരു തിരഞ്ഞെടുത്തത്. ഒറ്റുകാരനായി ഒരാൾ അകന്നു; ബാക്കി പതിനൊന്നിൽ നാലുപേർ എവിടെയെന്നറിയില്ല. പന്ത്രണ്ടുപേരുടെ കൂട്ടായ്മ തകർന്നു. ഒരുമിച്ചു നില്ക്കുന്ന ഏഴുപേരും തങ്ങൾ ഉപേക്ഷിച്ചുപോന്ന തൊഴിലിലേക്കാണ് തിരിച്ചുപോകുന്നത്. മൂന്നുവർഷം മുമ്പ് ഇതേ കടൽത്തീരത്തുവച്ച് വിളി കേട്ടിറങ്ങിയതായിരുന്നു ഗുരുവിന്റെ പിന്നാലെ. വള്ളവും വലയും ഉപേക്ഷിച്ച് മനുഷ്യരെ പിടിക്കാൻ യാത്രയായവർ ഇപ്പോൾ പഴയ തൊഴിലിലേക്കുതന്നെ തിരിച്ചെത്തിയിരിക്കുന്നു.

വലിയ പ്രതീക്ഷയോടെ അനുഗമിച്ചതായിരുന്നു ഗുരുവിനെ. അവന്റെ കൂടെയുള്ള യാത്രയും വാസവും പുതിയൊരു ലോകത്തിന്റെ പടിവാതില്ക്കൽ അവരെ എത്തിച്ചു. ദൈവപുത്രനായ ക്രിസ്തുവാണ് നീ എന്ന് ശിഷ്യസമൂഹത്തിന്റെ വക്താവെന്ന നിലയിൽ ഏറ്റുപറഞ്ഞവനാണ് ശിമയോൻ പത്രോസ്. ഗുരുവിനോടൊപ്പം മരിക്കാനും തയ്യാറാണെന്ന് ഉദ്ഘോഷിച്ചതും പത്രോസുതന്നെ. എന്നാൽ നിർണ്ണായക നിമിഷത്തിൽ ഇതെല്ലാം മറന്നു. പ്രധാനപുരോ

ഹിതന്റെ അകത്തളത്തിൽ ഗുരുവിനെ വിചാരണ ചെയ്ത് വധശിക്ഷ വിധിക്കുമ്പോൾ ശിഷ്യപ്രഥമൻ പുറത്തു തീ കായുകയായിരുന്നു. പിടിക്കപ്പെട്ടപ്പോൾ ഒന്നല്ല, മൂന്നുതവണ തള്ളിപ്പറഞ്ഞു, അതും ശപഥവും ശാപവാക്കുകളും ഉപയോഗിച്ച്. ഗുരുവിന്റെ നോട്ടത്തിൽ ഉള്ളുരുകി കരഞ്ഞു. ഉത്ഥിതനെ നേരിൽ കണ്ടു. എന്നിട്ടും ഞാൻ മീൻപിടിക്കാൻ പോകുന്നു എന്ന പ്രഖ്യാപനവുമായി കൂട്ടുകാരെയും പഴയ തൊഴിലിലേക്ക്, പഴയ വഴിയിലേക്ക് ആകർഷിക്കുകയാണയാൾ. പക്ഷേ ഫലശൂന്യമായിരുന്നു ആ യാത്രയും അധ്വാനവും. കരയിൽ നില്ക്കുന്നവന്റെ ചോദ്യം അവരുടെ പാഴ്‌വേലയുടെ പരാജയത്തിലേക്ക് ശ്രദ്ധക്ഷണിക്കുന്നു.

മനുഷ്യനെ പിടിക്കാൻ വിളി ലഭിച്ചവൻ വീണ്ടും മീൻ പിടിക്കാൻ പോകുന്നത് വിളിച്ചവനിൽ വിശ്വാസമില്ലാത്തതിന്റെ അടയാളമാണ്; വിളിയോടുള്ള അവിശ്വസ്തതയും. ഗുരുവിനെ കൂടാതെയുള്ള യാത്ര എങ്ങും എത്തിക്കുകയില്ല. ഗുരുവചനത്തിനു വിരുദ്ധമായ പ്രവൃത്തി പരാജയത്തിലേ കലാശിക്കൂ! "ഇല്ല" എന്ന ഒറ്റവാക്കുത്തരം അവരുടെ വലയുടെ മാത്രമല്ല, മനസ്സിന്റെയും അവസ്ഥ വെളിപ്പെടുത്തുന്നു. രാത്രി മുഴുവൻ അധ്വാനിച്ചു, പക്ഷേ ഫലം ശൂന്യം.

ഇപ്രകാരമൊരു ശൂന്യതയിൽ നിന്നായിരുന്നു പത്രോസിന്റെയും കൂട്ടരുടെയും തുടക്കം (ലൂക്കാ 5,5). രാത്രി മുഴുവൻ അധ്വാനിച്ചിട്ടും ഒന്നും കിട്ടിയില്ല എന്ന് ഏറ്റു പറഞ്ഞവനെയാണ് വീണ്ടും ആഴത്തിലേക്കു നീക്കി വലയിറക്കാൻ ആ അപരിചിതൻ അന്നു പ്രേരിപ്പിച്ചത്. അനുസരിച്ചപ്പോൾ രണ്ടു വള്ളം നിറയെ മീൻ കിട്ടിയ കഥ ഇപ്പോൾ പത്രോസ് ഓർക്കുന്നുണ്ടാവുമോ? "ഇല്ല" ഒന്നും കൈവശമില്ല. ജീവിതം പോലും കൈവിട്ടുപോയ ഏഴുപേർ. അവരുടെ പ്രതീക്ഷ മുഴുവൻ തകർന്നു. സ്നേഹിച്ച ഗുരുവിനെ ഒറ്റിക്കൊടുത്തും തള്ളിപ്പറഞ്ഞും സ്വന്തം ജീവൻ രക്ഷിക്കാൻ ശ്രമിച്ചവർ. ദൈവരാജ്യസ്ഥാപനമെന്ന മഹാസ്വപ്നത്തിന്റെ സാക്ഷാൽക്കാരത്തിനായി ഗുരു പ്രത്യേകം തിരഞ്ഞെടുത്ത പന്ത്രണ്ടുപേർ. മരണവും ഉത്ഥാനവും കഴിഞ്ഞ്, രണ്ടുതവണ പ്രത്യക്ഷപ്പെട്ട്, ഉണങ്ങാത്ത മുറിപ്പാടുകൾ കാട്ടിയും ആത്മാവിനെ നിവേശിപ്പിച്ചും അധികാരം നല്കിയും (യോഹ 20,19-29) അയച്ചിട്ടും വീണ്ടും പഴയ തൊഴിലിലേക്കു മടങ്ങിയത് കൂട്ടായ ഒരു വിശ്വാസത്യാഗം പോലെയാണ് തോന്നുക. എല്ലാം അവസാനിച്ചു !

ശൂന്യതാബോധമാണവശേഷിക്കുന്നത്. ജറുസലെമിൽവച്ച് രണ്ടുതവണ ഗുരു പ്രത്യക്ഷപ്പെട്ടു; പിതാവു തന്നെ അയച്ചതുപോലെ താൻ ശിഷ്യന്മാരെ അയക്കുന്നു എന്നും പറഞ്ഞു. എന്നിട്ടും എന്തേ അവർ വീണ്ടും മീൻപിടുത്തത്തിനായി ഇറങ്ങി തിരിച്ചു എന്ന ചോദ്യം ന്യായമായും ഉയരാറുണ്ട്. യോഹന്നാൻ എഴുതിയ സുവിശേഷം 21-ാം അധ്യായം ഒരനുബന്ധമായി പില്ക്കാലത്ത് യോഹന്നാൻ തന്നെയോ ശിഷ്യർ ആരെങ്കിലുമോ കൂട്ടിച്ചേർത്തതാകാം





എന്നു ബൈബിൾ പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. എന്നാലും കാനോനിക ഗ്രന്ഥമായി നമുക്കു കിട്ടിയിരിക്കുന്ന സുവിശേഷത്തിന്റെ ഭാഗമാണ് ഈ അധ്യായം. അതിൽത്തന്നെ ഈ സംഭവത്തിന് സുവിശേഷം നല്കുന്ന അർത്ഥവും പ്രാധാന്യവും സവിശേഷ ശ്രദ്ധയർഹിക്കുന്നു.

രാത്രിയുടെ അന്ത്യത്തിലാണ് യേശു കടൽക്കരയിൽ പ്രത്യക്ഷപ്പെട്ടത്. ഗുരുവിനെക്കൂടാതെ, ഗുരുമൊഴികൾക്കു വിരുദ്ധമായി, അധ്വാനിച്ച പത്രോസും കൂട്ടരും ഇരുട്ടിലാണ്; അവരുടെ അധ്വാനമത്രയും പാഴ്‌വേലയായിത്തീരുന്നു. ഈ ഒരു യാഥാർത്ഥ്യത്തെ അനുസ്മരിക്കാനാവാം സുവിശേഷകൻ ഈ സംഭവം എഴുതിച്ചേർത്തത്. വിളി മറന്ന്, ലക്ഷ്യം മറന്ന്, ഗുരുവിൽ നിന്നകന്ന് അധ്വാനിക്കുന്നത് എന്നും ഫലശൂന്യമായിരിക്കും.

നിങ്ങളുടെയടുക്കൽ മീൻവല്ലതുമുണ്ടോ എന്ന ചോദ്യം യേശു ഇന്നും ആവർത്തിക്കുന്നു, ഓരോ വ്യക്തിയോടും സമൂഹത്തോടും. എന്താണ് എന്റെ കൈവശമുള്ളത്? എന്നെ വിളിച്ചവന്റെ ഹിതം അനുസരിച്ചാണോ എന്റെ ജീവിതം? എന്റെ കുടുംബത്തിൽ, ജോലിസ്ഥലത്ത്, സഭയിൽ? നാഥൻ ആഗ്രഹിക്കുന്ന ഫലം എന്റെ ജീവിതത്തിലുണ്ടോ എന്ന് ഒരാത്മശോധനയ്ക്ക് ഈ ഗുരുമൊഴി പ്രേരിപ്പിക്കുന്നു.

ഒരുപക്ഷേ, ലഭിച്ച വിളി തിരസ്കരിച്ചവനാകാം ഞാൻ. വഴിമാറിയാവാം നടക്കുന്നത്. ഉപേക്ഷിച്ച വഴികളിലേക്കു മടങ്ങിപ്പോകുന്ന ആളാകാം. പരാജയത്തിന്റെയും കുറ്റബോധത്തിന്റെയും രാത്രിയിലാവാം ഞാൻ. മറക്കരുത്, പരാജയത്തിന്റെ കടൽത്തീരത്ത് ഗുരു നില്ക്കുന്നുണ്ട്. ശാസിക്കാനോ, കുറ്റം വിധിക്കാനോ, അല്ല, സ്നേഹത്തോടെ കൈപിടിച്ചുയർത്താൻ; പ്രത്യാശയുടെ പുതിയ പ്രഭാതത്തിലേക്കു നയിക്കാൻ. കുഞ്ഞുങ്ങളേ എന്ന അവന്റെ വിളിയിൽ കോപമില്ല, പരാതിയും കുറ്റപ്പെടുത്തലുമുല്ല; വഴിത്തൊഴുകുന്ന വാത്സല്യം മാത്രം. എന്റെ അവസ്ഥ ശരിക്കും അറിയുന്ന, അറിഞ്ഞുകൊണ്ടുതന്നെ എന്നെ സ്നേഹിക്കുന്ന ഗുരുവാണ് തീരത്തു നില്ക്കുന്നത്. അവന്റെ സ്വരം തിരിച്ചറിയുക; ആഹ്വാനം അനുസരിക്കുക. അപ്പോൾ ജീവിതം ധന്യമാകും. ഇരുളിലും പ്രഭാതം വിടരും. ഗുരുവിന്റെ വാക്കനുസരിച്ച് വഞ്ചിയുടെ വലത്തുവശത്ത് എറിഞ്ഞ വല വലിയ മത്സ്യങ്ങളാൽ നിറഞ്ഞതുപോലെ. എന്നാൽ, ഇതുമാത്രമല്ല ഈ സംഭവം രേഖപ്പെടുത്തുന്നതിന്റെ ഉദ്ദേശ്യം. ഗലീലിക്കടൽക്കരയിലെ അവസാനത്തെ കണ്ടുമുട്ടൽ ആഴമേറിയ മറ്റു പല പഠനങ്ങളും നല്കുന്നുണ്ട്.

U U U U U U

# 41 “വന്ന് പ്രാതൽ കഴിക്കുവിൻ”

## യോഹ 21,12

ഒറ്റനിമിഷംകൊണ്ട് സാഹചര്യങ്ങളൊക്കെ മാറി. ഇരുട്ടുനിറഞ്ഞിരുന്ന മനസ്സിൽ പ്രകാശം പൊട്ടി വിടർന്നു. വലിച്ചു കയറ്റാൻ പറ്റാത്തവിധം വലയിൽ മീൻ നിറഞ്ഞപ്പോൾ ശിഷ്യന്റെ കണ്ണു തെളിഞ്ഞു. “അതു കർത്താവാണ്” (യോഹ 21,7). ശബ്ദം തിരിച്ചറിയാൻ കഴിയാതിരുന്ന ശിഷ്യൻ നിറഞ്ഞ വല കണ്ടപ്പോൾ ഗുരുവിനെ തിരിച്ചറിഞ്ഞു. യേശു സ്നേഹിച്ച ശിഷ്യൻ എന്നു സുവിശേഷകൻ പ്രത്യേകം പറയുന്നു. കൂട്ടുകാരന്റെ വാക്കാണ് പത്രോസിന്റെ കണ്ണു തുറപ്പിച്ചത്. അനുഭവങ്ങളും സാക്ഷ്യങ്ങളും വിശ്വാസത്തിന്റെ ഉൾക്കണ്ണു തുറക്കാൻ സഹായകമാകുന്നു.

പിന്നെ ഒന്നും ചിന്തിച്ചില്ല. പത്രോസിന് തന്റെ ഗുരുവിന്റെ അടുത്തെത്തണം. വള്ളവും വേണ്ടാ, മീൻ നിറഞ്ഞ വലയും വേണ്ടാ. ഒരേ ഒരു ലക്ഷ്യം – ഗുരുപാദം. ആ പാദത്തിൽ വീണ് പൊട്ടിക്കരഞ്ഞ് മാപ്പിരക്കണം; അർഹമായ ശിക്ഷ ഏറ്റുവാങ്ങി വീണ്ടും രമ്യതയിലെത്തണം. നൂറുമീറ്ററിൽ താഴെ അകലമേയുള്ളു കരയിലേക്ക്. വഞ്ചി തുഴഞ്ഞു വരുന്നതിനെക്കുറിച്ച് ചിന്തിച്ചതേയില്ല. അരക്കച്ച മാത്രമുടുത്ത് വഞ്ചിയിൽ ജോലി ചെയ്തിരുന്നു പത്രോസ് ഗുരു സന്നിധിയിലേക്ക് ചാടുമ്പോൾ പുറങ്കുപ്പായം എടുത്തു ചുറ്റാൻ മറന്നില്ല.

“താൻ നഗ്നനായിരുന്നതുകൊണ്ട്” എന്നു സുവിശേഷകൻ എടുത്തു പറയുമ്പോൾ ശാരീരിക നഗ്നതയേക്കാൾ ഉപരി എന്തോ ഒന്ന് സൂചിപ്പിക്കുന്നുണ്ട്. സർപ്പത്തിന്റെ വാക്കുകേട്ട് പഴം തിന്നപ്പോൾ തുടങ്ങിയതാണ് ഈ നഗ്നതാബോധം. അരുതാത്തതു ചെയ്തതുമൂലം ഉള്ളിന്റെ ഉള്ളിൽ ഉണ്ടാകുന്ന പാപബോധമാണ് ഈ നഗ്നതാബോധത്തിന്റെയും ലജ്ജയുടെയും അടിസ്ഥാനം. അത്തിയിലകൾ കൂട്ടിത്തുന്നി അരക്കച്ചയുണ്ടാക്കിയിട്ടും മാറാത്ത നഗ്നതാബോധത്തിന് തെല്ലാരാശ്വാസം ലഭിച്ചത് ദൈവം തോൽകൊണ്ട് ഉടയാടയുണ്ടാക്കിക്കൊടുത്തപ്പോഴാണ് (ഉത്പ 3,21). പൂർണ്ണമായ മോചനവും സ്വാതന്ത്ര്യവും ലഭിക്കാൻ രക്ഷകന്റെ വരവുവരെ കാത്തിരിക്കേണ്ടിവന്നു. അവന്റെ രക്തത്തിൽ കഴുകി വെളുപ്പിച്ച വെള്ളയങ്കി (വെളി 7,14) അണിയുമ്പോഴേ നഗ്നതാബോധത്തിൽ നിന്നു മോചനം ലഭിക്കൂ ! അപ്രകാരമൊരു മോചനം പത്രോസിനും ലഭിക്കേണ്ടിയിരുന്നു. സാവകാശമാണതു ലഭിച്ചത്. വാരിച്ചുറ്റിയ മേലങ്കി മാത്രം പോരാ.





കടലിലേക്ക് എടുത്തുചാടുന്ന പത്രോസ് ഒരു പ്രതീകമാണ്, ഗുരുവിനെ മുന്നിൽ കണ്ടുകൊണ്ട് ജീവിത സാഗരത്തിലേക്ക് എടുത്തുചാടുന്ന വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും പ്രതീകം. പത്രോസ് എന്നും അങ്ങനെ ആയിരുന്നു. അലറുന്ന ആഴിയുടെയും ഉയരുന്ന തിരമാലകളുടെയും മുകളിലൂടെ കർത്താവിന്റെയടുക്കലേക്ക് ഓടിയത് സുവിശേഷകൻ രേഖപ്പെടുത്തിയിട്ടുണ്ട് (മത്താ 14,29). യേശുവിനെ അനുഗമിക്കുന്നത് അപകടങ്ങളിലേക്കുള്ള ഒരു എടുത്തുചാട്ടമാണ്. അതില്ലാതെ ആർക്കും ശിഷ്യനാകാൻ കഴിയില്ല. പക്ഷേ, ഗുരു മുമ്പിലുണ്ടാകണം. കണ്ണുമാറിയാൽ, നോട്ടം തെറ്റിയാൽ, ആഴിയിൽ താഴും. അതും പത്രോസിന്റെ അനുഭവം തന്നെ (മത്താ 14,30–31).

കരയ്ക്കെത്തിയ പത്രോസും കൂട്ടരും കാണുന്നത് കനലിൽ പൊരിയുന്ന മീനും കുട്ടയിൽ അപ്പവുമാണ്. രാത്രി മുഴുവൻ അധ്വാനിച്ചു തളർന്നു വരുന്ന മക്കൾക്കായി പ്രാതൽ ഒരുക്കി കാത്തിരിക്കുന്ന അമ്മയുടെ ചിത്രമാണ് കടൽക്കരയിൽ തെളിയുന്നത്. താൻ സൂക്ഷിച്ചുവച്ചിരിക്കുന്നതിന്റെ കൂടെ ശിഷ്യന്മാർ സമ്പാദിച്ചതും ചേർക്കാൻ ഗുരു ആവശ്യപ്പെടുന്നു “നിങ്ങൾ ഇപ്പോൾ പിടിച്ച മത്സ്യത്തിൽ നിന്ന് കുറെ കൊണ്ടുവരുവിൻ” (യോഹ 21,10). ഗുരുവിന്റെ പ്രവർത്തനശൈലിക്കു മാറ്റമില്ല. ശിഷ്യന്മാരുടെ സഹകരണം ആവശ്യപ്പെടുന്നു. നിങ്ങൾക്കുള്ളതു കൊണ്ടുവരുക! അയ്യായിരം പേർക്ക് അഞ്ചപ്പം പോലെ, അപര്യാപ്തമാണെങ്കിലും ഉള്ളതു കൊടുക്കാൻ ശിഷ്യൻ തയ്യാറാകണം.

നേതാവു പത്രോസ്തന്നെ. വഞ്ചിയിൽ നിന്നും കടലിൽ ചാടി നീന്തിയവൻ ഇപ്പോൾ വീണ്ടും വഞ്ചിയിൽ കയറി വലവലിച്ച് കരയ്ക്കു കയറ്റുന്നു. 153 വലിയ മത്സ്യങ്ങൾ കടലിലുള്ള എല്ലാ മത്സ്യങ്ങളുടെയും പ്രതീകമാണ്. 153 ഇനം മത്സ്യങ്ങൾ ഉണ്ടെന്നായിരുന്നു പുരാതനകാലത്തെ ജന്തുശാസ്ത്രജ്ഞന്മാരുടെ നിഗമനം. ലോക ജനതകളെ മുഴുവൻ രക്ഷയിലേക്കു നയിക്കാൻ വേണ്ടി സ്ഥാപിതമായിരിക്കുന്ന സഭയുടെ ഭൂമിയിലെ നേതാവ് പത്രോസാണെന്ന സത്യം വല വലിച്ചു കയറ്റുന്ന പ്രതീകത്തിലൂടെ സുവിശേഷകൻ സാക്ഷ്യപ്പെടുത്തുകയായാവാം.

ഇനിയും ശാസനയും കുറ്റപ്പെടുത്തലുമില്ല. ശിഷ്യന്മാരുടെ ഒളിച്ചോട്ടത്തെയോ അവിശ്വസ്തതയേയോകുറിച്ച് ഒരു സൂചനപോലും ഗുരു നല്കുന്നില്ല. മറിച്ച്, ഭക്ഷണം കഴിക്കാനുള്ള ക്ഷണമാണ് ഗുരുമൊഴിയായി ഉതിരുന്നത്: “വന്നു പ്രാതൽ കഴിക്കുവിൻ! ” (യോഹ 21,12). ഗുരു ഒരുക്കിയ വിരുന്നിൽ ഒരുമിച്ചു ഭക്ഷിച്ചതിന്റെ ഓർമ്മകൾ അവരുടെയെല്ലാം മനസ്സിൽ പച്ച കെടാതെ നില്ക്കുന്നുണ്ട്. ഗുരു എന്നും അങ്ങനെ ആയിരുന്നു. ആഹാരം നല്കിക്കൊണ്ടാണ് ആരെയും സ്വീകരിക്കുന്നത്. കുരുടന് ആഹാരം കാഴ്ച; ചെകിടന് ആഹാരം കേൾവി. വിശപ്പടക്കുക, സമൃദ്ധമായി ഭക്ഷിക്കാൻ നല്കി തൃപ്തിയാക്കുക – അതായിരുന്നു എന്നും ഗുരുവിന്റെ മുഖ്യമായ പ്രവൃത്തി. അവ

സാനമായി ചെയ്തതും അതുതന്നെ ആയിരുന്നു. അന്ത്യഅത്താഴവേളയിൽ സ്വയം അപ്പമായി മാറിക്കൊണ്ടാണ് ഗുരു തന്റെ സ്നേഹവും കരുതലും പ്രകടമാക്കിയത്.

അനുരഞ്ജനത്തിന്റെ അടയാളമായിരുന്നു യേശു ഒരുക്കിയ പ്രാതൽ, ഒരുമിച്ചു ഭക്ഷിക്കുന്നവർ ഒരു കുടുംബമാകുന്നു, കൂട്ടായ്മയാകുന്നു. നഷ്ടപ്പെട്ടുപോയ കൂട്ടായ്മ ഇവിടെ യേശു വീണ്ടും കൂട്ടിയിണക്കുകയാണ്, ഭക്ഷണത്തിലൂടെ. യേശു ഒരുക്കുന്ന ഓരോ വിരുന്നിലും ഇതു തന്നെയാണ് സംഭവിക്കുന്നത്, സംഭവിക്കേണ്ടത്. തളർന്ന ശരീരത്തിനു ബലവും തകർന്ന മനസ്സിനു സൗഖ്യവും നല്കുന്ന ഈ വിരുന്ന് കൂട്ടായ്മയുടെ അറ്റുപോയ കണ്ണികളെ വിളക്കിച്ചേർക്കുന്നു. ദൈവത്തോടും സഹോദരങ്ങളോടുമുള്ള ബന്ധത്തെ ഊട്ടിയുറപ്പിക്കുന്നതാണ് യേശു ഒരുക്കിയ വിരുന്ന്. എമ്മാവൂസിൽ വച്ചെന്നതുപോലെ ഗലീലിക്കടൽക്കരയിലും അപ്പം മുറിച്ചുകൊടുത്തുകൊണ്ട് യേശു തന്റെ ശിഷ്യന്മാരെ ശക്തിപ്പെടുത്തുന്നു; പുതുജീവൻ നല്കി, ദൗത്യനിർവ്വഹണത്തിനു പ്രാപ്തരാക്കുന്നു.

ഇന്നും ഇതു തന്നെയാണ് സംഭവിക്കുന്നത്. ചുട്ടെടുത്ത അപ്പവും കനലിൽ പൊരിയുന്ന മീനുമായി, പ്രാതലൊരുക്കി കാത്തിരിക്കുകയാണ് ഗുരു, പരാജിതരുടെ കടൽക്കരയിൽ. അവന്റെ അടുക്കലേക്കു വരുന്നവരുടെ വിശപ്പടക്കാൻ, കണ്ണീരൊപ്പാൻ, അവൻ കാത്തിരിക്കുന്നു. അതു ജീവിതാന്ത്യത്തിലായാലും ഏതു തകർച്ചയിലായാലും മാറ്റമില്ല. അവന്റെ സന്നിധിയിൽ എത്തുമ്പോൾ രാത്രി അവസാനിക്കും. പ്രഭാതം വിരിയും. കുറ്റബോധവും ദുഃഖവും അകലും. ആത്മാവ് ശുദ്ധമാകും. മനസ്സിൽ സന്തോഷം നിറയും. ഗുരുവാണ് ക്ഷണിക്കുന്നത്: വന്ന് പ്രാതൽ കഴിക്കുവിൻ:

ഈ ലോകത്തോട് വിട പറഞ്ഞ്, നിത്യജീവനിലേക്കു പ്രവേശിക്കുമ്പോഴും നാഥൻ ഇതുത്തന്നെ പറയും. വരുവിൻ, "എന്റെ പിതാവിനാൽ അനുഗൃഹീതരെ വരുവിൻ. നിങ്ങൾക്കായി സജ്ജമാക്കിയിരിക്കുന്ന രാജ്യം അവകാശപ്പെടുത്തുവിൻ" (മത്താ 25,34). മാതൃവാത്സല്യംവഴിഞ്ഞൊഴുകുന്ന ഗുരുമൊഴികൾക്കു കാതോർക്കാം.

കടൽത്തീരത്തൊരുക്കിയിരിക്കുന്ന പ്രാതൽ ജീവന്റെ അപ്പമായ യേശുവിന്റെ തന്നെ പ്രതീകമാണ്. യേശുവിനെ സൂചിപ്പിക്കാൻ ആദിമ ക്രൈസ്തവർ ഉപയോഗിച്ചിരുന്ന പ്രതീകങ്ങളാണ് അപ്പവും മീനും. തന്റെ അടുക്കലേക്കു വരുന്ന ശിഷ്യർക്ക് യേശു തന്നെത്തന്നെ നല്കുന്നു. മക്കൾക്ക് ആഹാരമായി ത്തീരുന്ന മാതാപിതാക്കളെപ്പോലെ, ഗുരാനാഥൻ സ്വയം നല്കാൻ കാത്തിരിക്കുന്നു, സ്നേഹത്തോടെ ക്ഷണിക്കുന്നു: വന്നു ഭക്ഷിക്കുവിൻ !

U U U U U U



# 42 "നീ എന്നെ സ്നേഹിക്കുന്നുവോ?

### യോഹ 21,15

അവസാനം അതു വന്നു - ഗുരുവിന്റെ ചോദ്യം. എന്നാൽ പത്രോസ് പ്രതീക്ഷിക്കുകയോ ഭയക്കുകയോ ചെയ്തതുപോലെയല്ല ഗുരു ചോദിച്ചത്. ഗുരുവിനുവേണ്ടി മരിക്കാൻ പോലും ഒരുക്കമാണെന്നു വീമ്പുപറഞ്ഞിട്ട്, രാത്രിയിൽ പ്രാർത്ഥിക്കുന്നതിനു പകരം ഉറങ്ങുകയും, വാളെടുത്തു ഗുരുവിനെ രക്ഷിക്കാൻ ശ്രമിക്കുകയും, പിന്നീട് ഓടിയൊളിക്കുകയും, അറിയില്ല എന്ന് ആണയിട്ട് തള്ളിപ്പറയുകയും ചെയ്ത തന്റെ കുറ്റങ്ങൾ മുഴുവൻ നിരത്തി, വിചാരണചെയ്ത് വിധി പ്രസ്താവിക്കുമെന്ന് ഭയന്ന ശിഷ്യനു തെറ്റി. വിളിച്ചിരുത്തി, നിറച്ചൂട്ടിയതിനുശേഷമാണ് ഗുരുവിന്റെ ചോദ്യം: "യോഹന്നാന്റെ പുത്രനായ ശിമയോനേ, നീ ഇവരെക്കാൾ അധികമായി എന്നെ സ്നേഹിക്കുന്നുവോ?" (യോഹ 21,15).

പ്രത്യേക ശ്രദ്ധയർഹിക്കുന്ന പല സവിശേഷതകളുമുണ്ട് ഈ ചോദ്യത്തിനും അതിനു പത്രോസ് നല്കുന്ന ഉത്തരത്തിനും "യോഹന്നാന്റെ പുത്രനായ ശിമയോൻ" എന്നാണ് ഗുരുശിഷ്യനെ വിശേഷിപ്പിക്കുന്നത്. അങ്ങനെയാണ് ഗുരു ആദ്യം കണ്ടപ്പോൾ അയാളെ വിളിച്ചത് (യോഹ 1,42). അപ്പോൾത്തന്നെ ഒരു പുതിയപേരും നല്കിയിരുന്നു "കേപ്പാ". പാറപോലെ ഉറപ്പുള്ളവനായിരിക്കണം ശിഷ്യനും അവന്റെ വിശ്വാസവും എന്നു സൂചിപ്പിക്കുന്ന ആ പേര് ഇപ്പോൾ ഗുരു ഉപയോഗിക്കുന്നില്ല എന്നതാണ് ശ്രദ്ധയിൽപ്പെടുന്ന ആദ്യത്തെ സവിശേഷത. മെഴുകുപോലെ ഉരുകുകയും ഞാങ്ങണപോലെ വളയുകയും ചെയ്ത ശിഷ്യനെ അവന്റെ യഥാർത്ഥ അവസ്ഥയെക്കുറിച്ചുള്ള അവബോധത്തിലേക്കുണർത്താൻ വേണ്ടിയാവാം യോഹന്നാന്റെ പുത്രനായ ശിമയോൻ എന്നു വിളിക്കുന്നത്. ശിഷ്യത്വത്തിന്റെ തുടക്കത്തിലേക്ക് ഗുരു ക്ഷണിക്കുകയുമാവാം. എല്ലാം വീണ്ടും തുടങ്ങുക. ആരംഭത്തിൽത്തന്നെ. ഉറവിടങ്ങളിലേക്കു മടങ്ങുക. പുതിയ ഒരു യാത്ര വീണ്ടും ആരംഭിക്കുക. അതിനാവശ്യമായ ഒരേ ഒരു കാര്യമാണ് സ്നേഹം.

നീ എന്നെ സ്നേഹിക്കുന്നുവോ എന്ന ചോദ്യത്തിൽ രണ്ടു കാര്യങ്ങൾ ശ്രദ്ധയർഹിക്കുന്നു. "ഇവരെക്കാൾ അധികമായി" എന്ന ഒരു വിശേഷണം മുൻകൂർ ചേർത്തുകൊണ്ടാണ് ചോദ്യം. ഈ വിശേഷണം തന്നെ മൂന്നു വിധത്തിൽ വ്യാഖ്യാനിക്കാൻ കഴിയും. ഗ്രീക്കുമൂലത്തിൽ ഒരവ്യക്തത നിലനില്ക്കു

ന്നുണ്ട്. "ഇവരെക്കാൾ" എന്നത് "ഇവയെക്കാൾ" എന്നും വിവർത്തനം ചെയ്യാം. വള്ളവും വലയും മീനും മറ്റെല്ലാ ഭൗതിക വസ്തുക്കളും എന്നാവും അപ്പോൾ അർത്ഥം. ഒരിക്കൽ ഗുരുവിനെ പിൻചെല്ലാൻവേണ്ടി ഉപേക്ഷിച്ച വസ്തുക്കളിലേക്കും ജീവിത ശൈലിയിലേക്കും മടങ്ങി വന്നിരിക്കുന്നതിനാൽ ഈ വ്യാഖ്യാനം പ്രസക്തമാണ്. എന്നാൽ ഭൂരിഭാഗം വ്യാഖ്യാതാക്കളും ഈ അഭിപ്രായം സ്വീകരിക്കുന്നില്ല. അതിനാൽ "ഇവരെക്കാൾ" എന്ന വിവർത്തനമാണ് പൊതുവേ അംഗീകരിക്കുന്നത്. ഇവിടെയുമുണ്ട് സംശയം: "നീ ഇവരെ സ്നേഹിക്കുന്നതിനെക്കാൾ" എന്ന വിവർത്തനവും സാധ്യമാണ്. പക്ഷേ അതും സ്വീകാര്യമായി കരുതപ്പെടുന്നില്ല. അതിനാൽ ഏറ്റവും അധികം അംഗീകരിക്കപ്പെടുന്ന മൂന്നാമത്തെ വ്യാഖ്യാനം ഇതാണ്: "ഇവർ എന്നെ സ്നേഹിക്കുന്നതിനെക്കാൾ അധികമായി നീ എന്നെ സ്നേഹിക്കുന്നുവോ?"

മറ്റെല്ലാ ശിഷ്യരെയുംകാൾ കൂടുതൽ മുൻഗണന ലഭിച്ച വ്യക്തിയാണ് പത്രോസ്. "എല്ലാവരും ഇടറിയാലും ഞാൻ ഇടറുകയില്ല" (മർക്കോ 14,29) എന്ന പ്രഖ്യാപനം യോഹന്നാൻ രേഖപ്പെടുത്തിയിട്ടില്ലെങ്കിലും സമാനമായ നിലപാട് നാലാം സുവിശേഷത്തിലും കാണാം. ഈ ഒരു നിലപാടിന്റെ വെളിച്ചത്തിലായിരിക്കാം "ഇവരെക്കാൾ അധികം" എന്ന് യേശു എടുത്തുപറയുന്നത്. അവസാന രാത്രിയിലെ പത്രോസിന്റെ വാക്കും പ്രവൃത്തിയും തമ്മിലുണ്ടായ അന്തരത്തിലേക്കു ശ്രദ്ധ ക്ഷണിക്കുന്നതാണ് ഈ വിശേഷണം.

സ്നേഹിക്കുന്നുവോ എന്ന ചോദ്യം വീണ്ടും രണ്ടുതവണ ആവർത്തിക്കുന്നുണ്ട്. ആദ്യത്തെ രണ്ടുതവണ *"അഗപ്പാവോ"* എന്ന വാക്കാണ് ഗ്രീക്കുമൂലത്തിൽ ഉപയോഗിച്ചിരിക്കുന്നത്. സ്വാർത്ഥം അന്വേഷിക്കാത്ത, പൂർണ്ണമായും അപരന്റെ നന്മ മാത്രം ആഗ്രഹിക്കുന്ന, ഉറച്ച തീരുമാനത്തെയാണ് ഈ പദം പൊതുവേ സൂചിപ്പിക്കുക. ഇതിനെ ദൈവികസ്നേഹം എന്നു വിശേഷിപ്പിക്കാറുണ്ട്. രണ്ടുതവണ യേശു ഈ പദം ഉപയോഗിക്കുമ്പോഴും പത്രോസിന്റെ മറുപടി *"ഫിലേയോ"* എന്ന മറ്റൊരു വാക്കുകൊണ്ടാണ്. ഇതു കൂടുതൽ വൈകാരികതലത്തെ സൂചിപ്പിക്കുന്ന ഒരു പദമാണ്. താൽപര്യം, ഇഷ്ടം, എന്നും ഇതിനെ വിവർത്തനം ചെയ്യാം. സ്നേഹത്തിന്റെ മാനുഷിക തലത്തിന് ഊന്നൽ നല്കുന്നതാണ് ഈ പദം. യേശു മൂന്നാംതവണ ഈ പദം ഉപയോഗിച്ചുകൊണ്ടാണ് ചോദ്യം ആവർത്തിക്കുന്നത്. ഞാൻ നിന്നെ സ്നേഹിക്കുന്നു എന്ന് പത്രോസ് പറയുന്ന മാനുഷികതലത്തിലേക്ക് ഇറങ്ങിവന്ന് അതിനെപോലും ഗുരുനാഥൻ ചോദ്യം ചെയ്തപ്പോൾ പിടിച്ചുനില്ക്കാൻ ആവാതെ ശിഷ്യൻ തകർന്നു. "പത്രോസ് ദുഃഖിതനായി". അനുതാപത്തിന്റെ ആഴം വെളിപ്പെടുത്തുന്നതാണ് ഈ ദുഃഖം.

പദപ്രയോഗത്തിൽ കാണുന്ന ഈ വ്യത്യാസം അത്ര കാര്യമാക്കേണ്ടതില്ല എന്ന നിലപാടാണ് ഭൂരിഭാഗം വ്യാഖ്യാതാക്കളും സ്വീകരിക്കുന്നത്. അതിലുപരി, ചോദ്യം മൂന്നു തവണ ആവർത്തിക്കുന്നു എന്നതത്രേ പ്രസക്തം. മൂന്നു





തവണ ഗുരുവിനെ നിഷേധിച്ചവന് പരിഹാരമായി മൂന്നു തവണ തന്റെ സ്നേഹം ഏറ്റുപറയാൻ ഗുരു അവസരം നല്കുന്നു. പൂർണ്ണമായ ഒരു ശുദ്ധീകരണവും അനുരഞ്ജനവും ഇതു വഴി സാധ്യമാക്കുന്നു.

കഴിഞ്ഞകാലത്തെ അവിശ്വസ്തതയുടെ മുറിവുണക്കുന്നത് പൂർണ്ണമായ സ്നേഹമാണ്. ഭൂതകാലസ്മരണകളിൽ ഉടക്കി നശിപ്പിക്കാനുള്ളതല്ല ശിഷ്യന്റെ ജീവിതം. സ്നേഹത്തിന്റെ ചൈതന്യം അതിനെ മുന്നോട്ടു നയിക്കണം. എല്ലാം അറിയുന്നവന്റെ മുമ്പിൽ വിതുമ്പുന്ന പത്രോസിന്റെ ഹൃദയത്തിൽനിന്ന് നിർഗ്ഗളിച്ചത് അനുതാപ വിവശവും ആർദ്രവുമായ സ്നേഹമാണ്. ഇനി സ്വന്തം കഴിവിൽ അയാൾ ആശ്രയിക്കുന്നില്ല. മറ്റാരുമായി താരതമ്യം ചെയ്യുന്നുമില്ല. ഗുരുവിന് സ്വയം അടിയറ വയ്ക്കുന്നു: "കർത്താവേ, നീ എല്ലാം അറിയുന്നു. ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്നും നീ അറിയുന്നു" (യോഹ 21,17).

സ്നേഹം ഏറുപറയുന്ന ശിഷ്യസത്തമനെ ഓരോ തവണയും ഗുരുനാഥൻ ഒരു ദൗത്യം ഏല്പിക്കുന്നുണ്ട്: "നീ എന്റെ ആടുകളെ മേയ്ക്കുക". ഇവിടെ മേയ്ക്കുക എന്നു വിവർത്തനം ചെയ്യുന്നത് രണ്ടു വ്യത്യസ്ത ഗ്രീക്കുപദങ്ങളാണ്. ഒന്നും മൂന്നും തവണ *"ബോസ്കോ"* എന്ന പദം ഉപയോഗിച്ചിരിക്കുന്നു. ആടുകൾക്ക് തീറ്റി കണ്ടെത്തുന്നതിനെയാണ് ഈ പദം മുഖ്യമായും സൂചിപ്പിക്കുന്നത്. ഭക്ഷണം കൊടുക്കുക, സംരക്ഷിക്കുക, പരിപാലിക്കുക എന്നൊക്കെ ഇതിനെ വിശേഷിപ്പിക്കാം. എന്നാൽ രണ്ടാം തവണ ഉപയോഗിക്കുന്ന *"പൊയിമയ്നോ"* എന്ന പദത്തിന് നയിക്കുക എന്നാണർത്ഥം. ആടുകളെ സൂചിപ്പിക്കാൻ മൂന്നു വ്യത്യസ്ത പദങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. ആദ്യം *ആർണിയോൺ* എന്ന പദം ഉപയോഗിച്ചിരിക്കുന്നു കുഞ്ഞാട് എന്നർത്ഥം.

രണ്ടാം തവണ *"പ്രൊബാതോൺ"* എന്ന പദവും മൂന്നാം തവണ *"പ്രൊബാതിയോൺ"* എന്ന പദവും ഉപയോഗിച്ചിരിക്കുന്നു. ആട്, കുഞ്ഞാട് എന്ന് യഥാക്രമം അർത്ഥം. എല്ലാ വാക്കുകളും ബഹുവചനത്തിലാണ്. സഭയെ അജഗണമായി കരുതുകയും പത്രോസിനെ ഇടയൻ എന്ന ദൗത്യം ഏല്പിക്കുയും ചെയ്യുകയാണ് ഈ വാക്കുകളിലൂടെ.

യോഹന്നാന്റെ പുത്രനായ ശിമയോൻ ബലഹീനനും വീണുപോകാൻ സാധ്യതയുള്ളവനുമാണെന്ന യാഥാർത്ഥ്യബോധം നല്കിയതിനുശേഷം യേശു അയാളെ തന്റെ അജഗണത്തിന്റെ മുഴുവൻ ചുമതല ഏല്പിക്കുമ്പോൾ ഒരേ ഒരു കാര്യമാണ് ആവശ്യപ്പെടുന്നത്: സ്നേഹം. സഭാ സമൂഹത്തിൽ നേതൃത്വം ശുശ്രൂഷയാണ്. അത് ഗുരുവിനോടുള്ള ആഴമായ സ്നേഹത്താൽ പ്രചോദിതമാകണം. ഈ പാഠം പത്രോസ് ശരിക്കും പഠിച്ചു. സ്വന്തം കഴിവിൽ ആശ്രയിക്കാതെ ജീവിതം പൂർണ്ണമായി ഗുരുപാദത്തിൻ സമർപ്പിക്കുമ്പോൾ ജീവൻപോലും ത്യജിക്കാനുള്ള ശക്തി ലഭിക്കും. ഗുരു തന്നെ അത് ഉറപ്പിച്ചു പറയുകയും ചെയ്തു (യോഹ 21,19). പിന്നീട് സഹശ്രേഷ്ഠന്മാരെ ഉപദേശി

ക്കുമ്പോൾ പത്രോസ് ഈ പാഠം ആവർത്തിക്കുന്നതു കാണാം: "ദൈവത്തിന്റെ അജഗണത്തെ പരിപാലിക്കുവിൻ............സന്മനസ്സോടെ............ തീക്ഷ്ണതയോടെ.......സൽമാതൃക നല്കിക്കൊണ്ടായിരിക്കണം" (1 പത്രോ 5,1-4).

പത്രോസിനോടു ചോദിച്ച ചോദ്യം ഗുരുനാഥൻ ഇന്നും ആവർത്തിക്കുന്നു. "നീ എന്നെ സ്നേഹിക്കുന്നുവോ?" ക്രിസ്തുശിഷ്യന്റെ പ്രത്യേകതയതാണ്. ഏതെങ്കിലും തത്വസംഹിതകളെയോ പ്രത്യയശാസ്ത്രങ്ങളെയോ വാരി പുണരുകയും പ്രാവർത്തികമാക്കാൻ ശ്രമിക്കുകയുമല്ല, യേശുക്രിസ്തു എന്ന വ്യക്തിയെ സ്നേഹിക്കുകയും അനുഗമിക്കുകയും ചെയ്യുകയാണ് ക്രിസ്ത്യാനിയുടെ, ക്രിസ്തുവിന്റെ അനുയായിയുടെ മുഖമുദ്ര. ഈ വ്യക്തിബന്ധമാണ് ക്രിസ്തീയ ജീവിതത്തിന്റെ കാതൽ; ഈ സ്നേഹമാണ് എല്ലാ അധികാരങ്ങളുടെയും അടിത്തറ. സ്നേഹത്താൽ പ്രേരിതമായ ശുശ്രൂഷയ്ക്കുള്ള അവകാശമാണ് ക്രിസ്തുവിന്റെ കാഴ്ചപ്പാടിൽ അധികാരം. "എന്റെ ആടുകൾ" എന്ന് ദൈവജനത്തെ വിശേഷിപ്പിച്ചുകൊണ്ട് സഭയുടെയും ശുശ്രൂഷയുടെയും യഥാർത്ഥ സ്വഭാവം ഗുരുനാഥൻ വ്യക്തമാക്കിത്തരുന്നു: ജനം ദൈവത്തിന്റേതാണ്. ആ ജനത്തിനു ശുശ്രൂഷ ചെയ്യുക എന്ന ദൗത്യമാണ് അധികാരത്തിന്റെ എല്ലാം തലങ്ങളിലും ഏല്പിക്കപ്പെട്ടിരിക്കുന്നത്. നയിക്കുന്ന ചൈതന്യം സ്നേഹമായിരിക്കണം.